www.malankaralibrary.com

Kerala Catholic Bishops' Council's
Commission for Social Harmony and Vigilance

- ഇടുക്കത്തിന്റെ ആനവാതിൽ കാലം
- മലയാള സിനിമയിലെ ട്രോജൻ കുതിരകൾ
- കോടതിവിധികളും മാധ്യമവിചാരണകളും
- വിഷയാന്തര രീതിശാസ്ത്രം സമകാലിക വിദ്യാഭ്യാസത്തിൽ

# KCBC JAGRATHA

## കെസിബിസി ജാഗ്രതന്യൂസ്

Issue 284 2022 MARCH

# സാഹിത്യം, സിനിമ: സാംസ്കാരികാധഃപതനം

FOR PRIVATE CIRCULATION

www.malankaralibrary.com

## മുഖമൊഴി

ലോകമെങ്ങും നിറയുന്ന കൊടുങ്കാറ്റിന്റെ ആരവങ്ങൾക്കിടയിൽ ഒരു നോമ്പു കാലത്തേയ്ക്കു കൂടി നാം പ്രവേശിച്ചിരിക്കുന്നു. പീഡാനുഭവത്തിന്റെയും കുരിശുമരണത്തിന്റെയും, ശേഷമുള്ള ഉയിർപ്പിന്റെയും ഓർമ്മകളിലേക്കാണ് ഈ ദിനരാത്രങ്ങൾ നമ്മെ കൂട്ടിക്കൊണ്ടുപോകുന്നത്. തകർച്ചയുടെയും വേദനകളുടെയും ദുരന്തമുഖങ്ങളിലും, അവഹേളനങ്ങളുടെ കൊടുമുടികളിലും ആയിരിക്കുന്ന അനേകായിരങ്ങൾ പീഡാനുഭവത്തിന്റെ നേർക്കാഴ്ചകളായി ഇന്ന് നമുക്ക് ചുറ്റുമുണ്ട്. ഏതൊരു തകർച്ചയുടെയും ഇരുണ്ട രാത്രികൾക്കപ്പുറം ഉത്ഥാനത്തിന്റെ മഹത്വപൂർണ്ണമായ പ്രകാശം ഉദിച്ചുയരുമെന്ന മാറ്റമില്ലാത്ത ശുഭാപ്തി വിശ്വാസമാണ് ഓരോ ക്രൈസ്തവന്റെയും മനസിലേയ്ക്ക് നോമ്പുകാലം സമ്മാനിക്കുന്നത്. വേദനകളും നഷ്ടപ്പെടലുകളും മാത്രമല്ല, അവഹേളനങ്ങളും തിരസ്കരണങ്ങളും കുരിശിന്റെ വഴിയിലുണ്ട്. ഇന്ന് ഈ പ്രാദേശിക സമൂഹത്തിൽ നാം നേരിട്ടുകൊണ്ടിരിക്കുന്ന സാമൂഹിക പ്രതിസന്ധികളും, യുദ്ധത്തിന്റെയും മഹാമാരികളുടെയും രൂപത്തിൽ ലോകം മുഴുവൻ നേരിടുന്ന വിവിധ വെല്ലുവിളികളും ഈ കാലഘട്ടമാകുന്ന നാണയത്തിന്റെ ഇരുവശങ്ങളാണ്. ഒരുമിച്ചുനിന്ന് പൊരുതാൻ തയ്യാറെങ്കിൽ എല്ലാ പ്രതിസന്ധികൾക്കും പരിഹാരം സമീപസ്ഥമാണ്. വിദ്വേഷ പ്രചരണങ്ങളും, ശത്രുതാ മനോഭാവവും, സ്വാർത്ഥ താൽപ്പര്യങ്ങളും വെടിഞ്ഞ് ഒരുമയോടെ മുന്നോട്ടു നീങ്ങാൻ എല്ലാ മനുഷ്യർക്കും കഴിയും വിധം ഈ നോമ്പുകാലം അനുഗ്രഹപ്രദമായി മാറട്ടെ.

KCBC
JAGRATHA
കെസിബിസി ജാഗ്രതന്യൂസ്

**MARCH 2022 | Issue 284**

Pastoral Orientation Centre
Palarivattom, Kochi - 25
Phone: 0484 280 6262

**PATRON**
Rt. Rev. Dr. Joseph Kariyil

**CHIEF EDITOR**
Rev. Dr. Michael Pulickal CMI

**CONSULTANT EDITOR**
Rev. Dr. Joshy Mayyattil

**EDITOR**
Vinod Nellackal

**SUB EDITOR**
Rintu John

**DESIGN & LAYOUT**
Lithin Mahew

**OFFICE & DTP**
Vimala Shaji

www.malankaralibrary.com

# ഉള്ളടക്കം













| | |
|---|---|
| കത്തോലിക്കാ സഭ ഇന്ന് നേരിടുന്ന പ്രതിസന്ധികളും പരിഹാര നിർദേശങ്ങളും | 07 |
| ആനുകാലിക മലയാള ബൗദ്ധിക സാഹിത്യത്തിന്റെ നിറമെന്താണ്? | 15 |
| മലയാള സിനിമയിലെ ട്രോജൻ കുതിരകൾ | 18 |
| സാഹിത്യ കലാരംഗങ്ങളിൽ വർദ്ധിക്കുന്ന ക്രൈസ്തവവിരുദ്ധത: ഇടപെടലുകൾ ആവശ്യം | 21 |
| കോടതിവിധികളും മാധ്യമവിചാരണകളും | 24 |
| വിവേകാനന്ദന്റെ ഭ്രാന്താലയവും കുറെ കന്യാസ്ത്രീകളും | 30 |
| മാനന്തവാടി എൽഎഫ് സ്കൂളിൽ അരങ്ങേറിയത് ആസൂത്രിതമായ നാടകം | 32 |
| ബോധപൂർവ്വമുള്ള അവഹേളന ശ്രമങ്ങളും വ്യാജപ്രചാരണങ്ങളും അതിരുകടക്കുന്നു: നിയമപരമായി നേരിടാൻ സന്യസ്തരും കെസിബിസി ഐക്യജാഗ്രതാ കമ്മീഷനും | 35 |
| മക്കൾ നിഷേധിച്ചാൽ മാതൃത്വം അസാധുവാകുമോ? | 41 |
| ഇടുക്കത്തിന്റെ ആനവാതിൽ കാലം | 48 |

**അഭിപ്രായങ്ങളും നിർദ്ദേശങ്ങളും അറിയിക്കാനും**
**കെസിബിസി ജാഗ്രതാ ന്യൂസ് കോപ്പികൾ ലഭിക്കാനും:**

Secretary, KCBC Commission for Social Harmony and Vigilance
POC, Palarivattom, Kochi - 25
Whatsapp: +917594900555, E-mail: kcbcjagrathanews@gmail.com

www.malankaralibrary.com



# സാഹിത്യം, സിനിമ: സാംസ്കാരികാധഃപതനം

ഫാ. മൈക്കിൾ പുളിക്കൽ സിഎംഐ



സമീപകാലങ്ങളിലെ വിവിധ സംഭവങ്ങളുടെയും വിവാദങ്ങളുടെയും പശ്ചാത്തലത്തിൽ, 'ഈ മലയാളികൾക്ക് ഇതെന്തുപറ്റി?', 'ഇവരെന്താണ് ഇങ്ങനെ ചിന്തിക്കുന്നത്?' എന്നിങ്ങനെയുള്ള ചോദ്യങ്ങൾ കേരളത്തിന് അകത്തും പുറത്തുമുള്ള മലയാളികളും മറ്റു ദേശക്കാരും ചോദിക്കുന്നതും ആശ്ചര്യപ്പെടുന്നതും ശ്രദ്ധയിൽ പെട്ടിട്ടുണ്ട്. ഇതുപോലുള്ള ചില വിഷയങ്ങളിൽ സജീവമായി ഇടപെടാൻ ശ്രമിക്കുന്ന ചിലർ അന്യദേശക്കാർക്കു മുന്നിൽ തലകുനിക്കേണ്ടതായ സാഹചര്യങ്ങൾ തങ്ങൾക്കുണ്ടായതായി പറയാനിടയായിട്ടുണ്ട്. മാധ്യമരംഗം സിനിമയെന്നോ, സാഹിത്യമെന്നോ, മുഖ്യധാരാ, സാമൂഹിക മാധ്യമങ്ങൾ എന്നോ വ്യത്യാസമില്ലാതെ അങ്ങേയറ്റം മലിനീകരിക്കപ്പെട്ടു കഴിഞ്ഞിരിക്കുന്ന ഒരു സാഹചര്യം ഇന്നുണ്ട്. അതിന്റെ പ്രതിഫലനങ്ങൾ സാംസ്കാരികാധപതനത്തിന്റെ രൂപത്തിൽ പരക്കെ ദൃശ്യമാകുന്നുമുണ്ട്. എന്നാൽ അത്തരം മാറ്റങ്ങൾ തിരിച്ചറിയാൻ നമുക്ക് പലപ്പോഴും കഴിയുന്നില്ല എന്നുള്ളിടത്താണ് യഥാർത്ഥ പ്രതിസന്ധിയുടെ വേരുകൾ കുടികൊള്ളുന്നത്.

### മാറുന്ന കാഴ്ചപ്പാടുകൾ, അടിച്ചേൽപ്പിക്കപ്പെടുന്ന ബദൽ സംസ്കാരം

നന്മയിലും സത്യത്തിലും നീതിനിഷ്ഠമായി ഉറച്ചുനിന്നിരുന്ന ഒരു സാംസ്കാരിക അടിത്തറയ്ക്ക് മേലുള്ള കടന്നുകയറ്റങ്ങളാണ് സമീപകാലത്തെ നിരവധി സൃഷ്ടികൾ. മുമ്പേ സഞ്ചരിക്കുന്ന മാധ്യമ നവ മാധ്യമ ആഖ്യാനങ്ങളെ പിന്തുടർന്നുകൊണ്ടുള്ള അപനിർമ്മിതികളും, ലൈംഗിക അരാജകത്വത്തിന്റെ പ്രഘോഷങ്ങളും, വിവിധ തലങ്ങളിൽനിന്നുയരുന്ന ഉത്തരാധുനിക ആശയങ്ങളുടെ ഏറ്റെടുക്കലുകളും ചലച്ചിത്ര സാഹിത്യ രംഗങ്ങളുടെ പതിവ് ശൈലികളായി മാറുമ്പോൾ അത് സംസ്കാരത്തിന് ഏൽപ്പിക്കുന്ന ആഘാതം വലുതാണ്. സാമൂഹ്യ മാധ്യമങ്ങളിലൂടെയുള്ള ചില തല്പരകക്ഷികളുടെ കടന്നുകയറ്റം ഇത്തരം മാറ്റങ്ങളുടെ പിന്നാമ്പുറങ്ങളിൽ സംശയിക്കാവുന്നതാണ്.

മുമ്പ് ഒരിക്കലുമില്ലാത്ത വിധത്തിൽ സ്വാധീനങ്ങളുടെ സങ്കീർണ്ണമായ ചങ്ങലബന്ധത്തിൽ മാധ്യമ സാഹിത്യ കലാ രംഗങ്ങൾ സാമൂഹ്യമാധ്യമങ്ങളോട് ചേർന്ന് നിൽക്കുകയും ഒരുമിച്ച് പ്രവർത്തിക്കുകയും ആശയകൈമാറ്റങ്ങൾ നടത്തുകയും ചെയ്യുന്ന പ്രവണത ഈ കാലഘട്ടത്തിന്റെ പ്രത്യേകതയാണ്. നവമാധ്യമങ്ങളുടെ സ്വാധീനശേഷി സമസ്ത മേഖലകളെയും എല്ലാ വ്യക്തികളെയും കീഴടക്കിയിരിക്കുന്നതായി കാണാം. ചിന്താശേഷിയുള്ളവർ എന്ന് പൊതുസമൂഹം കരുതുന്ന, സാംസ്കാരിക പ്രവർത്തകരും എഴുത്തുകാരും കലാകാരന്മാരുമായി അറിയപ്പെടുന്ന വലിയൊരു വിഭാഗം പോലും ഇത്തരമുള്ള സംഘടിത പ്രചാരണങ്ങളുടെ ബന്ധനത്തിൽ അകപ്പെട്ടിരിക്കുന്നു. ഈ വലിയ സ്വാധീന ശേഷിയെ രാഷ്ട്രീയ പ്രസ്ഥാനങ്ങളും കച്ചവട സ്ഥാപനങ്ങളും



www.malankaralibrary.com



ആയുധമാക്കി മാറ്റിയിരിക്കുന്നതു വഴിയായി മറ്റെല്ലാ മേഖലകളിലേയ്ക്കുമുള്ള കുറുക്കു വഴിയായി അവർക്ക് സാമൂഹ്യമാധ്യമങ്ങൾ മാറിയിരിക്കുന്നു.

തങ്ങൾക്ക് സഹായകമായ കാഴ്ച പ്പാടുകൾ സമൂഹത്തിൽ അടിച്ചേൽപ്പിക്കുക മുൻകാലങ്ങളിൽ ശ്രമകരമായ ജോലിയായി രുന്നെങ്കിൽ ഇന്നത് പിആർ ഏജൻസികൾ വഴി നിഷ്പ്രയാസം ചെയ്യാവുന്ന ഒന്നായി മാറിയിരിക്കുന്നു. പുസ്തക പ്രസാധകർ, മാ ധ്യമ സ്ഥാപനങ്ങൾ, ഫിലിം പ്രൊഡക്ഷൻ കമ്പനികൾ, പരസ്യ കമ്പനികൾ, സോഷ്യൽമീ ഡിയ ഹാൻഡിലുകൾ എന്നിങ്ങനെ തങ്ങളുടെ കൈപ്പിടിയിൽ എത്തിക്കാൻ കഴിയുന്ന ഒരു കൂട്ടം സംവിധാനങ്ങളെ ഏകോപിപ്പിക്കാൻ കഴിയുന്ന പക്ഷം തങ്ങൾ ആഗ്രഹിക്കുന്ന ഏത് ആശയവും നിഷ്പ്രയാസം മനുഷ്യ മനസ്സിൽ രേഖപ്പെടുത്താൻ കഴിയും എന്നുള്ള സാഹച ര്യം ഇന്നത്തെ കേരളത്തിലുണ്ട്. മാനവീയത യ്ക്കും സഹകരണചിന്തകൾക്കും വിരുദ്ധമായ ഒരു ബദൽ സംസ്കാരം ഇവിടെ രൂപപ്പെട്ടുക ഴിഞ്ഞിരിക്കുന്നു.


**നവീന ആശയങ്ങളുടെ പ്രചാരണം**

ചലച്ചിത്രങ്ങളിലൂടെയും സാഹിത്യ സൃഷ്ടികളിലൂടെയും മുമ്പും വേറിട്ട ആശയ പ്രകടനങ്ങൾ ഉണ്ടായിട്ടില്ലേ എന്ന ചോദ്യം ഉയർന്നേക്കാം. എന്നാൽ ഈ കാലഘട്ടത്തിലെ ആശയവിനിമയം മേൽപ്പറഞ്ഞ ചില കാരണ ങ്ങളാൽ വ്യത്യസ്തമായതിനാൽ അത്തരം ആശയ പ്രകടനങ്ങളുടെ സാമൂഹിക പ്രത്യാ ഘാതം മറ്റൊരു വിധത്തിലാണ്. വളരെ ഫലപ്ര ദമായ രീതിയിൽ വിവിധ സാധ്യതകളെ ഏകോ പിപ്പിക്കാൻ ഈ കാലഘട്ടത്തിൽ എളുപ്പമാണ് എന്നതിനാൽ അപ്രകാരമുള്ള സംഘടിതമായ പ്രവർത്തനങ്ങൾ നടന്നുവരുന്നുമുണ്ട് എന്ന് ചില സമീപകാല സംഭവവികാ സങ്ങളിൽനിന്ന് മനസിലാക്കാം. ചില പ്രത്യേക ആശയ പ്രചര ണങ്ങളുടെ കാര്യത്തിൽ ഇത്തരം നീക്കങ്ങൾ വളരെ വ്യക്തമാണ്. ക്രൈസ്തവ വിശ്വാസത്തിനും, വൈദികർക്കും, സന്യസ്തർക്കും എതിരെ വിവിധ രീതികളിൽ നടന്നുകൊണ്ടിരിക്കുന്ന പ്രചരണങ്ങൾ ഇക്കാ ര്യത്തിൽ ഉദാഹരണമാണ്.

കേരളത്തിലെ ക്രൈസ്തവ സമൂഹ ത്തെയോ കത്തോലിക്കാസഭയെയോ ലക്ഷ്യം വച്ചുള്ള നീക്കങ്ങൾ എന്നതിലുപരി, എക്കാല വും കത്തോലിക്കാ സഭ മുന്നോട്ടുവച്ചിട്ടുള്ള മാറ്റമില്ലാത്ത നിലപാടുകളെയും സഭയുടെ സാ മൂഹിക പ്രബോധനങ്ങളെയും ലക്ഷ്യം വച്ചുള്ള സംഘടിത നീക്കങ്ങൾ പലപ്പോഴായി പ്രകട മായിട്ടുണ്ട്. അത്തരം ആശയങ്ങൾ പ്രചരിപ്പി ക്കുന്ന മാധ്യമ നവമാധ്യമ ഇടപെടലുകളും അതിന്റെ തുടർച്ചയെന്നോണം സിനിമകളിലും സാഹിത്യത്തിലും അത്തരം ആശയങ്ങൾ കട ന്നുകൂടുന്നതും ജനം സ്വാധീനിക്കപ്പെടുന്ന തും പുതിയ കാഴ്ചയല്ല. ഗർഭച്ഛിദ്രം, ലൈം ഗികത തുടങ്ങിയ വിഷയങ്ങളിലും മാനവിക വിഷയങ്ങളിലും ആഗോള പ്രതിഭാസങ്ങളിലും സഭയും ക്രൈസ്തവ സമൂഹങ്ങളും സൂക്ഷി ച്ചു പോരുന്ന നിലപാടുകൾക്ക് വിരുദ്ധമായ പൊതുബോധ നിർമ്മിതി പലപ്പോഴും മാധ്യമ അജണ്ടകളിൽ പ്രകടമാണ്.

അതിന്റെ തുടർച്ചയെന്നോണം ക്രൈ സ്തവ വിശ്വാസത്തെയും, പൗരോഹിത്യത്തെ യും സന്യാസത്തെയും വികലമായി ചിത്രീ കരിക്കാനുള്ള ശ്രമങ്ങൾ ചില വർഷങ്ങളായി സജീവമാണ്. ചില വിഷയങ്ങളെ വിവാദങ്ങളാ ക്കി മാറ്റാനും, തുടർന്ന് മാസങ്ങളോളം പൊ തുസമൂഹത്തിന്റെ സജീവശ്രദ്ധയിൽ ആ വി ഷയത്തെ നിലനിർത്തി സാമാന്യവൽക്കരണം നടത്തി വലിയൊരു സമൂഹത്തിന് എതിരെ യുള്ള പൊതുബോധമാക്കി മാറ്റാനും, അതിനാ യി ചലച്ചിത്രത്തിന്റെയും സാഹിത്യത്തിന്റെയും സാധ്യതകളെ പടിപടിയായി ഉപയോഗിക്കാ നും ചിലർക്ക് കഴിയുന്നു. ആശയങ്ങൾ മാത്ര മല്ല വെറുപ്പും വിദ്വേഷവും പ്രചരിപ്പിക്കാനും ഇത്തരം സാധ്യതകളെ അവർ വിദഗ്ധമായി ഉപയോഗിച്ചുവരുന്നു.

മേൽപ്പറഞ്ഞത് ഒരു ഉദാഹരണം മാ ത്രമാണ്. ഒട്ടേറെ വിഷയങ്ങളിൽ ഈ മാതൃക ദൃശ്യമാണ്. നിഷ്പക്ഷമായും സ്ഥാപിത താൽ പ്പര്യങ്ങൾ കൂടാതെയും ഒരു വിഷയത്തെ സമീ പിക്കുന്ന ശരിയായ രീതി ഉപേ ക്ഷിക്കപ്പെട്ടിരിക്കുന്നത് വലിയ പ്രത്യാഘാതങ്ങൾക്ക് കാ



www.malankaralibrary.com


രണമായിട്ടുണ്ട്. ആഴമുള്ള പഠനത്തിന്റെയും നിരീക്ഷണങ്ങളുടെയും അഭാവം ഇതുപോലുള്ള ഒട്ടേറെ വിഷയങ്ങളിൽ തിരിച്ചറിയാനാവും. നൂറുതവണ ആവർത്തിക്കപ്പെട്ട കള്ളങ്ങൾ സത്യങ്ങളായി മാറുകയും ആ 'സത്യങ്ങളുടെ' അടിസ്ഥാനത്തിൽ സൃഷ്ടികൾ നടത്തുകയും ചെയ്യുമ്പോൾ അതൊരു കലാസൃഷ്ടി അല്ലാതായി മാറുമെന്ന് നിശ്ചയം. സമീപകാലങ്ങളിൽ പുറത്തിറങ്ങിയിട്ടുള്ള ചില ചലച്ചിത്രങ്ങളും, സാഹിത്യ കൃതികളും ഉദാഹരണങ്ങളാണ്.

### നിലവാരമില്ലാത്ത ഭാഷ, തരംതാഴ്ന്ന ജീവിത ശൈലി

മോശം പദങ്ങളുടെ ഉപയോഗം സമീപകാലങ്ങളായി മലയാള സിനിമകളിൽ പതിവായിരിക്കുന്നു. സെൻസർബോർഡിന്റെ ഇടപെടലുകൾ കൂടാതെ നേരിട്ട് ഒടിടി പ്ലാറ്റ്ഫോമുകളിൽ പ്രദർശിപ്പിക്കപ്പെട്ട ചില ചലച്ചിത്രങ്ങൾ ഇക്കാര്യത്തിൽ മുന്നിലാണ്. മുൻകാലങ്ങളിൽ സംസാരഭാഷയിൽ ഉപയോഗിക്കപ്പെട്ടിരുന്നതുപോലെ ഇന്ന് സാധാരണ മനുഷ്യരുടെ സംസാരത്തിൽ അത്തരം പദങ്ങൾ ഉൾപ്പെടുന്നില്ല എന്നിരിക്കെ ഇത്തരം ഭാഷാപ്രയോഗങ്ങളെ സ്വാഭാവികം എന്ന രീതിയിൽ അവതരിപ്പിക്കാനുള്ള പ്രവണത ആശാസ്യമല്ല. മയക്കുമരുന്ന് ഉപയോഗം, മദ്യപാന ശീലം, പുകവലി തുടങ്ങിയവയും സ്വാഭാവികം എന്ന വിധത്തിൽ ഭൂരിപക്ഷം ചലച്ചിത്രങ്ങളിലും പരക്കെ അവതരിപ്പിക്കപ്പെടുന്നു. മലയാളികൾക്ക് അപരിചിതമായ ചില ജീവിത ശൈലികളും കാഴ്ചപ്പാടുകളും തുടർച്ചയായി അവതരിപ്പിക്കപ്പെടുകയും അത്തരം ആശയങ്ങളെ സാമാന്യവൽക്കരിക്കാൻ ശ്രമിക്കുന്നതും മറ്റൊരു വസ്തുതയാണ്. കേരളത്തിന്റെ സംസ്കാരത്തെയും മലയാളികളുടെ കാഴ്ചപ്പാടുകളെയും നിഷേധാത്മകമായി സ്വാധീനിക്കാനുള്ള മനപൂർവ്വമുള്ള ശ്രമം ചില മേഖലകളിൽനിന്ന് ഉണ്ട് എന്ന് സംശയിക്കാവുന്നതാണ്.

### മലയാളം പിന്തള്ളപ്പെടുന്നു!

സാഹിത്യ സിനിമ മേഖലകളിൽ ലോകശ്രദ്ധ നേടിയിരുന്ന ഒരു കാലഘട്ടം കേരളത്തിനുണ്ടായിരുന്നു. പകരക്കാരില്ലാത്ത പ്രതിഭകൾ അരങ്ങുവാണിരുന്ന കാലം. അഭിമാനകരമായ നേട്ടങ്ങൾ ദേശീയ അന്തർദേശീയ തലങ്ങളിൽ മലയാളികളെ തേടിയെത്തിയിരുന്ന കാലം. മറ്റുള്ളവരും മലയാളികളെ മാതൃകയാക്കിയിരുന്ന കാലം. അക്കാലങ്ങളിൽ കലാ സാഹിത്യ രംഗങ്ങളിൽ പിന്നോക്കം നിന്നിരുന്ന പല ദേശങ്ങളും പിൽക്കാലത്ത് വലിയ മുന്നേറ്റം നടത്തിയെങ്കിൽ മലയാളം വളരെ പിന്നിലേക്കാണ് സഞ്ചരിച്ചിട്ടുള്ളത്. ഉദാത്തവും മികവുറ്റതുമെന്ന വിശേഷണങ്ങളോടെ അവതരിപ്പിക്കപ്പെടുന്ന സൃഷ്ടികൾ പലതും സാമാന്യ നിലവാരം പോലും പുലർത്തുന്നില്ല എന്നുള്ളതാണ് വാസ്തവം. അതേസമയം, താരതമ്യേന മികച്ച ഉദ്യമങ്ങൾ പലതും ശ്രദ്ധിക്കപ്പെടാതെ പോവുകയും ഡീഗ്രേഡ് ചെയ്യപ്പെടുകയും ചെയ്യുന്നു.

ഇത്തരത്തിൽ, മാറിക്കൊണ്ടിരിക്കുന്ന ഈ സംസ്കാരത്തെയും കലാ സാഹിത്യ മേഖലകളെയും കുറിച്ചുള്ള വിചിന്തനങ്ങൾ ഇനിയുള്ള കാലങ്ങളിലെങ്കിലും ഉണ്ടാവേണ്ടതുണ്ട്. സമൂഹത്തിന്റെ സുസ്ഥിതിക്ക് ഉപകരിക്കാത്തതും വിദ്വേഷവും വെറുപ്പും മാത്രം ജനിപ്പിക്കുന്നതുമായ സൃഷ്ടികൾക്ക് ഇടം കൊടുക്കാതിരിക്കാൻ മലയാളികൾ ശ്രദ്ധിക്കുന്ന കാലമെത്താതെ ഈ പ്രതിസന്ധിക്ക് പരിഹാരം കണ്ടെത്താനാവില്ല. സാമൂഹ്യ മാധ്യമങ്ങളിൽനിന്ന് ആരംഭിച്ച്, മുഖ്യധാരാ മാധ്യമങ്ങളിൽ മുതൽ നാട്ടിൻപുറങ്ങളിലെ ചർച്ചകളിൽ വരെ ഇടംനേടി, ക്രമേണ ചലച്ചിത്രങ്ങളിലൂടെയും സാഹിത്യത്തിലൂടെയും പ്രചരിച്ച് പൊതുബോധമായി മാറുന്ന അസത്യങ്ങളും വിദ്വേഷ പ്രചരണങ്ങളും തിരിച്ചറിഞ്ഞ് തള്ളിക്കളയുവാൻ പ്രബുദ്ധരായ മലയാളികൾ തയ്യാറാവേണ്ടതുണ്ട്. അല്ലാത്തപക്ഷം, മലയാള ഭാഷയും കേരളസംസ്കാരവും ഇനിയും പിന്നിലേയ്ക്ക് പോവുമെന്ന് തീർച്ച.

കത്തോലിക്കാ സഭയെ സംബന്ധിച്ച് ഈ രംഗത്തുള്ളത് വലിയൊരു ദൗത്യമാണ്. സാംസ്കാരിക മേഖലയിലും കലാ സാഹിത്യരംഗങ്ങളിലും സംഭവിച്ചുകൊണ്ടിരിക്കുന്ന ഈ മലിനീകരണത്തെ തുറന്നുകാണിക്കാനുള്ള ഉത്തരവാദിത്തം ഏറ്റെടുക്കാൻ സഭയ്ക്ക് കഴിയും. ഈ രംഗത്തേയ്ക്ക് അതിക്രമിച്ചു കടക്കുന്ന സ്ഥാപിത താല്പര്യങ്ങളെയും അതിരു കടന്ന കച്ചവട താല്പര്യങ്ങളെയും സമൂഹം തിരിച്ചറിയേണ്ടതുണ്ട്. ക്രൈസ്തവ വിശ്വാസത്തിനും കത്തോലിക്കാ സഭയ്ക്കും എതിരായ നീക്കങ്ങൾ എന്നതിനേക്കാൾ തലമുറകളുടെ ചിന്താശേഷിയെയും സർഗ്ഗാത്മകതയെയും വിഷലിപ്തമാക്കുന്ന നീക്കങ്ങൾ പ്രതിരോധിക്കപ്പെടേണ്ടതാണ്. ആവിഷ്കാര സ്വാതന്ത്ര്യത്തെക്കുറിച്ചും മാധ്യമങ്ങളുടെ അവകാശങ്ങളെക്കുറിച്ചും ബോധ്യമുള്ളവരായിരിക്കുമ്പോൾ തന്നെ, അത്തരം സ്വാതന്ത്ര്യങ്ങൾ അന്യരുടെ അവകാശങ്ങളിലേയ്ക്കും സ്വൈര്യ ജീവിതത്തിലേയ്ക്കുമുള്ള കടന്നുകയറ്റങ്ങളാവരുതെന്ന നിലപാടുകൾ എഴുത്തുകാരും, കലാകാരന്മാരും, മാധ്യമപ്രവർത്തകരും സ്വീകരിക്കേണ്ടത് ആവശ്യമാണ്. അത്തരമൊരു സാഹചര്യ രൂപീകരണത്തെക്കുറിച്ച് ഗൗരവതരമായി ചിന്തിക്കാനും, അതിനായി മുന്നിട്ടിറങ്ങാനും സഭാനേതൃത്വം സജ്ജമാകേണ്ടതുണ്ട്.

www.malankaralibrary.com



# കത്തോലിക്കാ സഭ ഇന്ന് നേരിടുന്ന പ്രതിസന്ധികളും പരിഹാര നിർദേശങ്ങളും

**ക**ഴിഞ്ഞ ചില ദിവസങ്ങളായി ക്രൈസ്തവ സമൂഹത്തിന്റെയും വിശ്വാസത്തിന്റെയും, കത്തോലിക്കാസഭയുടെയും സഭാനേതൃത്വത്തിന്റെയും വിവിധ തലങ്ങൾ ഒരിക്കൽക്കൂടി നിരന്തര ചർച്ചകൾക്ക് വിഷയങ്ങളായി മാറിയിരിക്കുകയാണ്. സാമൂഹ്യ മാധ്യമങ്ങളിലെ വിവിധ ചർച്ചാവിഷയങ്ങളും, മുഖ്യധാരാ മാധ്യമങ്ങൾ മുന്നോട്ടുവയ്ക്കുന്ന പ്രമുഖ വിഷയങ്ങളും പരിശോധിച്ചാൽ ടോപ്പ് റേറ്റഡ് ആയി നിൽക്കുന്നത് ഇത്തരം വിഷയങ്ങളാണ് എന്ന് കാണാം. കഴിഞ്ഞ ഏതാനും വർഷങ്ങൾക്കിടയിൽ സഭയുമായി ബന്ധപ്പെട്ട വാർത്തകളിലെല്ലാംതന്നെ ഇതേരീതിയിലുള്ള സമീപനമാണ് ഉണ്ടായിട്ടുള്ളത്. എന്നാൽ, വർഷങ്ങൾ പിന്നിടുംതോറും സാഹചര്യങ്ങൾ കൂടുതൽ സങ്കീർണമായി മാറുന്നു എന്നുള്ളതിനാൽ കൂടുതൽ ഗൗരവമായി ഇക്കാര്യം വിശകലനവിധേയമാക്കപ്പെടേണ്ടതുണ്ട്.

ബിഷപ്പ് ഫ്രാങ്കോ വിഷയത്തിലെ കോടതിവിധിയാണ് (ജനുവരി 14, 2022) ഒടുവിൽ കേരളത്തിൽ വലിയ കോളിളക്കങ്ങൾക്ക് വഴിയൊരുക്കിയത്. ഒട്ടേറെ വിവാദപരമ്പരകൾക്കൊടുവിൽ വന്ന ഒരു കോടതിവിധി പലരും മുൻകൂട്ടി കണ്ടതിന് വിപരീതമായി മാറുമ്പോൾ സ്വാഭാവികമായും അത് ചർച്ചകൾക്ക് കാരണമാകും. എന്നാൽ, ഈ സംഭവത്തോടൊപ്പം വ്യത്യസ്ത കാരണങ്ങളാൽ രൂപപ്പെട്ടതും ക്രൈസ്തവ സമൂഹവുമായി ബന്ധപ്പെട്ടതുമായ മറ്റു ചില കഴിഞ്ഞകാല സംഭവവികാസങ്ങളും പരിശോധിച്ചാൽ ഇവിടെ നടക്കുന്ന ചർച്ചകൾ ആ പ്രത്യേക സംഭവത്തിലോ വിവാദത്തിലോ ഒതുങ്ങുന്നില്ല എന്നുള്ളത് വ്യക്തമാണ്. പരീക്ഷയിൽ പശുവിനെക്കുറിച്ച് അഞ്ചുകാര്യങ്ങൾ വിശദമാക്കാൻ ആവശ്യപ്പെട്ട ചോദ്യത്തിന് ഉത്തരമായി കുട്ടി പശുവിനെ കെട്ടിയ കയറിനെക്കുറിച്ചും കയർ കെട്ടിയ തെങ്ങിനെക്കുറിച്ചും വിശദമായി എഴുതി എന്നതുപോലെയാണ് ഇത്തരം വിഷയങ്ങളിലുള്ള ചർച്ചകൾ പതിവായി പുരോഗമിക്കുന്നത്. സാമൂഹ്യമാധ്യമങ്ങളിൽ വലിയ സ്വാധീനമുള്ള തല്പരകക്ഷികളുടെയും ചില മാധ്യമ പ്രവർത്തകരുടെയും ഇടപെടലുകളും, ചില ക്രൈസ്തവേതര തീവ്രവർഗ്ഗീയ സംഘടനകൾ ഇത്തരം വിഷയങ്ങളിൽ പതിവായി അമിത താല്പര്യമെടുത്ത് പക്ഷം ചേരുന്നതും തികച്ചും സംശയാസ്പദമാണ്. ഒപ്പം, നാം സൂക്ഷ്മമായി വിലയിരുത്തേണ്ട മറ്റുചില ഘടകങ്ങളുമുണ്ട്.



### മാധ്യമങ്ങളിൽ പ്രത്യക്ഷപ്പെടുന്നവർ

ആക്ടിവിസ്റ്റുകൾ എന്ന ഭാവേന സെലക്ടീവ് ആയ വിഷയങ്ങളിൽ (പ്രധാനമായും കത്തോലിക്കാ സഭയുമായി ബന്ധപ്പെട്ട വിഷയങ്ങളിൽ) അഭിപ്രായ പ്രകടനങ്ങളുമായി മുഖ്യധാരാമാധ്യമങ്ങളിലും സാമൂഹ്യമാധ്യമങ്ങളിലും പതിവായി പ്രത്യക്ഷപ്പെടുന്നവരുണ്ട്. അവരിൽ കൂടുതൽ പേരും ചില പ്രത്യേക പ്രത്യയശാസ്ത്രങ്ങളുടെ ഭാഗമായുള്ളവരും വ്യക്തമായും സ്ഥാപിത താല്പര്യങ്ങളോടെ മുന്നിട്ടിറങ്ങിയവരുമാണ്. അത്തരക്കാരിലൂടെയാണ് കഴിഞ്ഞ കാലഘട്ടങ്ങളിൽ ഏറ്റവും കൂടുതൽ സഭാവിരുദ്ധ സന്ദേശങ്ങളും അവാസ്തവങ്ങളും കേരളസമൂഹത്തിൽ വ്യാപിച്ചിട്ടുള്ളത്.

ക്രൈസ്തവ സമൂഹങ്ങളും കത്തോലിക്കാ സഭയുമായി ബന്ധപ്പെട്ട് സമീപകാലങ്ങളിൽ ഉയർന്നുവന്നിട്ടുള്ള വിവിധ വിവാദവിഷയങ്ങളിൽ ഉടനടി പ്രതികരണ സജ്ജരായി എത്തുന്നത് മിക്കവാറും ഒരേ ആൾക്കാർ തന്നെയാണ്. ഈ വിഷയങ്ങൾ ഏതുതന്നെ എടുത്ത് പരിശോധിച്ചാലും അർഹിക്കുന്നതിന്റെ പതിന്മടങ്ങോ അതിലുമേറെയോ പ്രാധാന്യം നൽകിയും വലിയ അളവിൽ ദുർവ്യാഖ്യാനങ്ങൾ മെനഞ്ഞുമാണ് അവതരിപ്പിക്കപ്പെട്ടിട്ടുള്ളതും പ്രചരിപ്പിക്കപ്പെട്ടി

www.malankaralibrary.com



ട്ടുള്ളതും. അതിന് മുന്നിൽ നിന്നിട്ടുള്ളത് (നിർത്തിയിട്ടുള്ളത്) സഭയുമായി അടുത്ത ബന്ധമുള്ളവർ/ ഉണ്ടായിരുന്നവർ എന്ന് ഇപ്പോഴും പൊതുസമൂഹം ഉറച്ചുവിശ്വസിക്കുന്ന ചിലരാണ്.

### മുൻ സന്യാസിനിമാർ

മുൻസന്യാസിനിമാരായ ലൂസി കളപ്പുര, ടീന ജോസ്, ജെസ്മി തുടങ്ങിയവർ ഇത്തരം വിവാദ വിഷയങ്ങൾ ഉയർന്നപ്പോഴൊക്കെയും ചാനൽ ചർച്ചകളിൽ നിത്യസാന്നിധ്യം ഉറപ്പിക്കുകയും, തികച്ചും വസ്തുതാവിരുദ്ധമായ വ്യാഖ്യാനങ്ങൾ ആവർത്തിച്ചവതരിപ്പിച്ച് സഭാസംവിധാനങ്ങളെ മുഴുവനോടെ പ്രതിക്കൂട്ടിൽ നിർത്താൻ മത്സരിക്കുകയും ചെയ്യുന്നുണ്ട്. ഈ ദിവസങ്ങളിലും അത് ആവർത്തിക്കുന്നു. പീഡിപ്പിക്കപ്പെടുകയും തിരസ്കരിക്കപ്പെടുകയും അടിച്ചമർത്തപ്പെടുകയും ചെയ്യുന്ന 'ബഹുഭൂരിപക്ഷം വരുന്ന' സന്യസ്തരുടെ പ്രതിനിധികളാണ് ആ സ്ത്രീകൾ എന്ന പൊതുബോധം അവരെ ചുറ്റിപ്പറ്റി സൃഷ്ടിക്കപ്പെട്ടിരിക്കുന്നതിനാൽ വലിയൊരു ജനവിഭാഗം കടുത്ത തെറ്റിദ്ധാരണകളിൽ അകപ്പെട്ടിരിക്കുകയാണ്. കാപട്യത്തിന്റെ ആൾരൂപങ്ങളായി മാറിക്കഴിഞ്ഞ ഇവർ അറിഞ്ഞുകൊണ്ട് മറ്റുചിലരുടെ കൈകളിലെ ഉപകരണങ്ങളായി വിധേയപ്പെട്ടിരിക്കുകയാണെന്ന് കരുതുന്നതിൽ തെറ്റില്ല. അവരുടെ ചില ബന്ധങ്ങളും, അവർ ഉൾപ്പെടുന്ന ചില കൂട്ടായ്മകളുടെ സ്വഭാവവും, അവരെ പിന്തുണച്ച് പരസ്യമായി രംഗത്തുവന്നിട്ടുള്ള വ്യക്തികളും പ്രസ്ഥാനങ്ങളും ഏത് പ്രത്യയശാസ്ത്രത്തിന്റെ ഭാഗമാണെന്നുള്ളതും, അവർ ഇടപെടാറുള്ള വിഷയങ്ങൾ തമ്മിലുള്ള ബന്ധങ്ങളും തുടങ്ങിയവ ഈ വിധേയത്വസ്വഭാവത്തിന് തെളിവുകളാണ്.

### ഏകപക്ഷീയമായ മാധ്യമ ചർച്ചകൾ

ഏറ്റവും ഒടുവിൽ വിവാദമാക്കി മാറ്റിയ കോടതിവിധി സംബന്ധിച്ച ചർച്ചകൾ തികച്ചും ഏകപക്ഷീയമായിരുന്നു എന്ന് കാണാനാവും. സഭാനേതൃത്വം ഔദ്യോഗിക വക്താക്കളായി നിർദ്ദേശിച്ചിരുന്ന ആരെയും തന്നെ പ്രധാന മാധ്യമങ്ങൾ ചർച്ചയ്ക്ക് ക്ഷണിക്കുകയുണ്ടായില്ല എന്നുമാത്രമല്ല, നാലും അഞ്ചും പേർ പങ്കെടുത്ത മാധ്യമ ചർച്ചകളിൽ പലപ്പോഴും ഒരാളൊഴികെ മറ്റെല്ലാവരും വിധിയെയും കത്തോലിക്കാ സഭയെയും അന്ധമായി വിമർശിക്കാനായി വിളിച്ചുവരുത്തപ്പെട്ടവരായിരുന്നു. ഏഷ്യാനെറ്റ്, മാതൃഭൂമി, മീഡിയാവൺ തുടങ്ങിയ ചാനലുകൾ ഇക്കാര്യത്തിൽ പരസ്പരം മത്സരിച്ചു. മാതൃഭൂമിയുടെ ഒരു പ്രധാന ചർച്ചയിൽ മുഖ്യമായും സംസാരിച്ചത് അഡ്വ. ജയശങ്കറും മറ്റൊരാൾ അഡ്വ. ഇന്ദുലേഖ ജോസഫും ആയിരുന്നു. ഏഷ്യാനെറ്റിന്റെ ഒരു മുഖ്യ ചർച്ചയിൽ ഫാ. അഗസ്റ്റിൻ വട്ടോളി, ലൂസി കളപ്പുര, ജോമോൻ പുത്തൻപുര തുടങ്ങിയവർ പ്രധാനമായും സംസാരിച്ചു. തികച്ചും ഏകപക്ഷീയവും തെറ്റിദ്ധാരണാജനകവുമായ ഉപസംഹാരത്തോടെയാണ് ഈ ചർച്ചകളെല്ലാംതന്നെ അവസാനിക്കുകയുണ്ടായത്. ഇത്തരത്തിൽ വിഷയങ്ങളെ മറികടന്ന് സഭാവിമർശനത്തിന് കൂടുതൽ ഊന്നൽകൊടുത്തുകൊണ്ടുള്ള മാധ്യമ ഇടപെടലുകളാണ് ഏറെയും കാണാൻ കഴിയുക. സ്ഥാപിത താല്പര്യങ്ങളുള്ള ചിലരുടെ ശക്തമായ സ്വാധീനം ഇത്തരം ചർച്ചകളിലും മാധ്യമ ഇടപെടലുകളിലും സംശയിക്കുന്നതിൽ തെറ്റില്ല.

### ആക്ടിവിസ്റ്റുകളായ സന്യസ്തർ രംഗത്ത്

സിസ്റ്റേഴ്സ് ഇൻ സോളിഡാരിറ്റി എന്ന സന്യസ്ത കൂട്ടായ്മയും സമാനമായ രീതിയിലുള്ള പ്രതികരണകുറിപ്പ് ജനുവരി 15ന് സഭാനേതൃത്വത്തിന്റെ വിവിധ ഉത്തരവാദിത്തങ്ങളിൽ ആയിരിക്കുന്ന പലർക്കും അയയ്ക്കുകയും അതിന്റെയും കോപ്പി സോഷ്യൽമീഡിയയിൽ പ്രചരിപ്പിക്കപ്പെടുകയുമുണ്ടായിരുന്നു. ഇത്തരത്തിൽ വ്യക്തിപരമായ നിരവധി പ്രതികരണങ്ങൾ സാമൂഹ്യമാധ്യമങ്ങളിലും ഓൺലൈൻ മാധ്യമങ്ങളിലും പ്രചരിക്കുന്നുണ്ട്. രഹസ്യമായി സഭാനേതൃത്തോട് പങ്കുവയ്ക്കേണ്ടസ്വകാര്യവിവരങ്ങൾ ഉൾപ്പെടുന്നവയായിട്ടും എല്ലാ കത്തുകളും പരസ്യപ്പെടുത്തപ്പെടുന്നത് സംശയകരമാണ്. മുഖ്യമായും മലയാളികളല്ലാത്ത ആക്ടിവിസ്റ്റുകളായ സന്യസ്തരാണ് സമാനസ്വഭാവമുള്ള ഈ പ്രതികരണങ്ങൾക്ക് പലതിനും പിന്നിൽ. കേരളത്തിൽ നിന്നുള്ള ചിലർ മുൻകൈയെടുത്ത് ഇത്തരത്തിലുള്ള അനേ



www.malankaralibrary.com



കരെ തെറ്റിദ്ധരിപ്പിച്ച് രംഗത്തിറക്കാൻ ആസൂത്രിതമായ ശ്രമങ്ങൾ നടത്തുന്നുണ്ട് എന്ന് ഏറെക്കുറെ ഉറപ്പാണ്. മേൽപ്പറഞ്ഞ പ്രതികരണങ്ങൾ നടത്തിയിട്ടുള്ള ആരുംതന്നെ നിഷ്പക്ഷമായി കോടതിവിധി പഠിക്കുകയോ, ബന്ധപ്പെട്ട സംഭവവികാസങ്ങളുടെ മറ്റു വിവിധവശങ്ങൾ വിശകലനം ചെയ്യുകയോ ഉണ്ടായിട്ടുണ്ടെന്ന് കരുതാനാവില്ല. സമീപ ദിവസങ്ങളായി കേരളത്തിൽ സജീവമായി പ്രചരിക്കുന്ന, പക്ഷം പിടിച്ചുള്ളതും സ്ഥാപിത താല്പര്യങ്ങളോടു കൂടിയതുമായ ചില ആഖ്യാനങ്ങൾ മാത്രമാണ് അവർ ശ്രദ്ധിച്ചിട്ടുള്ളതായി മനസിലാക്കാൻ കഴിയുന്നത്. ദേശീയശ്രദ്ധ പിടിച്ചുപറ്റും വിധമുള്ള ഒരു വലിയ വിവാദമായി വീണ്ടും ഈ വിഷയം മാറ്റിയെടുക്കാനുള്ള ശ്രമങ്ങൾ നടക്കുന്നുണ്ട് എന്നത് വ്യക്തം.

**പ്രതികരണവും പ്രക്ഷോഭവുമായി മുന്നിട്ടിറങ്ങുന്ന സംഘടനകളും മാധ്യമങ്ങളും**

ബിഷപ്പ് ഫ്രാങ്കോ വിഷയവുമായി ബന്ധപ്പെട്ട് വഞ്ചി സ്ക്വയറിൽ സമരം നടന്നിരുന്ന കാലയളവിൽ ചില മുസ്ലിം സംഘടനകൾ സജീവമായി അതിൽ ഇടപെട്ടിരുന്നു എന്നുള്ളത് വ്യക്തമാണ്. എം.എം അക്ബർ സ്ഥാപിച്ച പീസ് സ്കൂളിലെ കുട്ടികളുടെ ഉൾപ്പെടെ മുസ്ലീം വനിതകളുടെയും മറ്റും സാന്നിധ്യം സമരവേളയിൽ ഉണ്ടായിരുന്നു. ഈ കേസിൽ വിധി വന്ന ദിവസം മുതൽ സജീവമായി പ്രക്ഷോഭ രംഗത്തുള്ള ഒരു മുസ്ലിം സംഘടനയാണ് വിമൻ ജസ്റ്റിസ് മൂവ്മെന്റ്. ജമാ അത്തെ ഇസ്ലാമിയുടെ ഈ വനിതാ സംഘടന വിധിവന്ന അതേദിവസവും പിറ്റേ ദിവസവുമായി വിവിധ ജില്ലകളിൽ മുസ്ലിം വനിതകളെ രംഗത്തിറക്കി അവർ ജാഥകൾ സംഘടിപ്പിച്ചിരുന്നു. ജമാഅത്തെ ഇസ്ലാമിയുടെ രാഷ്ട്രീയ മുഖമായ വെൽഫെയർ പാർട്ടിയുടെ മുൻ സെക്രട്ടറിയും കണ്ണൂർ ജില്ലാ പ്രസിഡണ്ടും ആയിരുന്ന ജബീന ഇർഷാദ് ആണ് ഈ സംഘടനയുടെ പ്രസിഡണ്ട്. 2021 ജനുവരി പതിനെട്ടിന് ഫേസ്ബുക്ക് ലൈവിലൂടെ വിധിക്കെതിരെയുള്ള പ്രതികരണവുമായി അവർ നേരിട്ടെത്തുകയുണ്ടായിരുന്നു. സന്യാസിനിമാർ നടത്തിയ സമരത്തിന്റെ വിവിധ ഘട്ടങ്ങളിൽ തങ്ങൾ ആദ്യന്തം പങ്കെടുത്തിരുന്നു എന്ന് ആ വീഡിയോയിൽ അവർ അവകാശപ്പെടുന്നുണ്ട്.

സ്ത്രീകൾ വലിയ അടിച്ചമർത്തലും പീഡനവും തിരസ്കരണവും നേരിടുന്ന അതേ സമുദായത്തിലെ അംഗങ്ങൾ തങ്ങൾക്കൊപ്പമുള്ളവർ നേരിട്ടുകൊണ്ടിരിക്കുന്ന വിവിധപ്രശ്നങ്ങളെക്കുറിച്ച് പൂർണ്ണ നിശബ്ദത പാലിക്കുമ്പോഴും (അഥവാ അതിന് നിർബ്ബന്ധിതരാകുമ്പോഴും) സമൂഹത്തിൽ തെറ്റിദ്ധാരണ പ്രചരിപ്പിക്കാനുതകും വിധത്തിൽ കന്യാസ്ത്രീകളുടെ പേരിൽ രംഗപ്രവേശം ചെയ്ത സാഹചര്യത്തെ പലരും പലരീതിയിൽ വിമർശിക്കുകയുണ്ടായി. അതിന് മറുപടിയെന്നോണം, "സംഘപരിവാർ അജണ്ടയാണ് വിമൻ ജസ്റ്റിസ് മൂവ്മെന്റിന് എതിരായ പ്രചാരണങ്ങൾ" എന്ന മറുവാദമുയർത്തി കലാസാംസ്കാരിക രംഗങ്ങളിൽനിന്നുള്ള അറുപതോളം പേരെ രംഗത്തിറക്കുകയുണ്ടായിരുന്നു. സച്ചിദാനന്ദൻ, ദീപ നിഷാന്ത്, എച്ച്മുക്കുട്ടി, തുളസീധരൻ പള്ളിക്കൽ തുടങ്ങിയ പ്രശസ്തർ അക്കൂട്ടത്തിൽ ഉണ്ടായിരുന്നു. വളരെ ആസൂത്രിതമായി ഇത്തരം ഘട്ടങ്ങളിൽ ജമാഅത്തെ ഇസ്ലാമി കരുക്കൾ നീക്കുന്നതിന്റെ പ്രകടമായ ഉദാഹരണമാണ് ഇത്. മുമ്പ്, അഭിവന്ദ്യ പാലാ മെത്രാൻ മാർ ജോസഫ് കല്ലറങ്ങാട്ട് പിതാവിന്റെ പ്രസംഗവുമായി ബന്ധപ്പെട്ടുണ്ടായ വിവാദ വേളയിലും ഇത്തരം ആസൂത്രിതമായ നീക്കങ്ങൾ പ്രകടമായിരുന്നു. വ്യത്യസ്ത തലങ്ങളിൽ നിന്നുകൊണ്ട് സമൂഹത്തെ സ്വാധീനിക്കാൻ എല്ലായ്പ്പോഴും ഇവർ ശ്രമിച്ചുകൊണ്ടിരിക്കുന്നു.

ഏഷ്യാനെറ്റിലൂടെ മലയാളികൾക്ക് പരിചിതയും ബാംഗ്ലൂർ സ്ഫോടനക്കേസിൽ




www.malankaralibrary.com


സാക്ഷികളുടെ മൊഴിമാറ്റാൻ ശ്രമിച്ചു എന്നാരോപിക്കപ്പെട്ട് കർണാടക പൊലീസ് കേസ് രജിസ്റ്റർ ചെയ്ത മാധ്യമ പ്രവർത്തകയുമായ കെ.കെ ഷാഹിന കോടതിവിധിക്ക് എതിരായി പൊതുജനാഭിപ്രായം സ്വരൂപിക്കുന്നതിനായി സജീവമായി രംഗത്തുണ്ട്. സോളിഡാരിറ്റി ടു സിസ്റ്റേഴ്സ് എന്ന പേരിൽ അവരും സുഹൃത്തുക്കളും ചേർന്ന് ആരംഭിച്ച ക്യാംപെയ്നിംഗിലൂടെ ഒരു ദിവസംകൊണ്ട് കുറവിലങ്ങാട് സിസ്റ്റർമാർക്ക് ഐക്യദാർഢ്യം പ്രകടിപ്പിച്ചുകൊണ്ട് ആയിരത്തിൽപരം കത്തുകൾ ഇമെയിൽ വഴി ലഭിച്ചതായി ഫേസ്ബുക്കിൽ ഷാഹിന അവകാശപ്പെടുന്നു. യഥാർത്ഥ ജനപിന്തുണ ആവശ്യമുള്ള ഒട്ടേറെ കേസുകൾ ഉയർന്നുവന്നിട്ടും ഇത്തരമൊരു ക്യാംപെയ്നിംഗ് സംഘടിപ്പിക്കാൻ മുന്നോട്ടുവരാത്ത ഇത്തരക്കാർ വലിയ ആവേശത്തോടെ ഇപ്പോൾ രംഗപ്രവേശം ചെയ്തിരിക്കുന്നത് സംശയാസ്പദമാണ്.

ഒരുപക്ഷെ മറ്റു മതങ്ങളുമായി ബന്ധപ്പെട്ട വിഷയങ്ങളിൽ പ്രത്യക്ഷമായ സമരപരിപാടികളിൽ മുസ്ളീം സംഘടനകൾ സഹകരിക്കുന്നത് അപൂർവ്വമാണെങ്കിലും ബിഷപ്പ് ഫ്രാങ്കോ വിഷയത്തിൽ ആദ്യന്തം അവർ സാന്നിധ്യം ഉറപ്പിച്ചിരുന്നു എന്നുള്ളത് ഈ വിഷയത്തെ കത്തോലിക്കാ സഭയ്ക്കെതിരായ യുദ്ധത്തിൽ മികച്ചൊരു ആയുധമായി അവർ ആരംഭം മുതൽ കണ്ടിരുന്നു എന്നുള്ളതിന്റെ സൂചനയാണ്. കത്തോലിക്കാ സഭയുമായി ബന്ധപ്പെട്ട ഒട്ടുമിക്ക വിവാദവിഷയങ്ങളിലും പ്രത്യക്ഷമായല്ലെങ്കിൽ പരോക്ഷമായി ഇത്തരക്കാർ കക്ഷി ചേരുന്നുണ്ട് എന്നുള്ളത് വ്യക്തമാണ്. അതിന്റെ തെളിവാണ് ജമാഅത്തെ ഇസ്‌ലാമിയുടെ 'മാധ്യമം' തുടങ്ങിയ പത്രമാസികകളും 'മീഡിയവൺ' പോലുള്ള ചാനലുകളും ഇത്തരം വിഷയങ്ങൾക്ക് മറ്റൊന്നിനുമില്ലാത്ത പ്രാധാന്യം നൽകി കൃത്യമായ ഫോളോഅപ്പുകൾ നൽകുകയും, സഭയ്ക്കെതിരെ തിരിയുന്ന ആർക്കും ഉപാധികളില്ലാതെ വേദിയൊരുക്കി നൽകുകയും ചെയ്യുന്നത്.

ഒന്നൊഴിയാതെ മുസ്ലിം നേതൃത്വങ്ങളുള്ള എല്ലാ മുഖ്യധാരാ മാധ്യമങ്ങളും എണ്ണമറ്റ ഓൺലൈൻ, സോഷ്യൽ മീഡിയ പ്ലാറ്റ്ഫോമുകളും ഒരേ സ്വരത്തിൽ സഭയ്ക്കെതിരായി നിലകൊള്ളുന്നതിൽ അതിശയമില്ല. എന്നാൽ, മറ്റു മാധ്യമങ്ങളും ഇത്തരം വിഷയങ്ങളിൽ ഏറെക്കുറെ സമാന നിലപാടുകളാണ് സ്വീകരിച്ചുവരുന്നത്. അതിനുപിന്നിൽ തീർച്ചയായും ചില സ്വാധീനങ്ങൾ ഉണ്ടായേക്കാം. എന്നാൽ, സഭയ്ക്കും ക്രൈസ്തവ വിശ്വാസത്തിനും സന്യസ്തർക്കും മറ്റും എതിരായ അവഹേളനപരമായ വാർത്തകൾക്ക് പൊതുസമൂഹത്തിൽ വലിയ സ്വീകാര്യതയുണ്ട് എന്ന ഇപ്പോഴത്തെ സാഹചര്യം മാധ്യമങ്ങൾക്ക് സമ്മർദ്ദം സൃഷ്ടിക്കുന്നുണ്ടാവാം എന്നുള്ളതും ചിന്തനീയമാണ്. ക്രൈസ്തവ വിരുദ്ധതയ്ക്ക് വലിയ വളക്കൂറുള്ള ഒരിടമാക്കി പൊതുമാധ്യമങ്ങളെയും സാമൂഹ്യമാധ്യമങ്ങളെയും പരിണിതപ്പെടുത്തുവാൻ ചില ശക്തികൾക്ക് കഴിഞ്ഞിട്ടുണ്ട്.

പ്രത്യക്ഷത്തിൽ മതേതര സ്വഭാവം സൂക്ഷിക്കുന്ന എണ്ണമറ്റ ഓൺലൈൻ മാധ്യമങ്ങൾ ഈ കാലഘട്ടത്തിൽ സഭയ്ക്ക് വലിയ വെല്ലുവിളി ഉയർത്തുന്നുണ്ട്. ധാരാളം വായനക്കാരുള്ള നൂറുകണക്കിന് ഓൺലൈൻ പോർട്ടലുകളും അനുബന്ധമായി പ്രവർത്തിക്കുന്ന



www.malankaralibrary.com



ആയിരക്കണക്കിന് യൂട്യൂബ് ചാനലുകളും ഇന്ന് മലയാളത്തിൽ ഉള്ളതിൽ ബഹുഭൂരിപക്ഷവും സ്ഥാപിത താൽപ്പര്യങ്ങൾ വച്ചുപുലർത്തുന്ന വിവിധ ഗ്രൂപ്പുകളുടേതാണ്. ബിസിനസ് ഗ്രൂപ്പുകൾ, രാഷ്ട്രീയ പാർട്ടികൾ, സ്വതന്ത്ര ഗ്രൂപ്പുകൾ തുടങ്ങി പലരും ഇത്തരം സംരംഭങ്ങൾക്ക് മുന്നിട്ടിറങ്ങുന്നുണ്ടെങ്കിലും തീവ്ര ഇസ്‌ലാമിക ഗ്രൂപ്പുകളാണ് ഒട്ടേറെ ഓൺലൈൻ പോർട്ടലുകളുടെ പിന്നിൽ. ഒരേ സ്വരത്തിൽ തങ്ങളുടെ ആശയങ്ങൾ പല ഇടങ്ങളിൽ പ്രചരിപ്പിക്കുന്നതിനായി വളരെ കൃത്യതയോടെ അത്തരക്കാർ ഓൺലൈൻ മാധ്യമങ്ങളും സോഷ്യൽമീഡിയ സംവിധാനങ്ങളും ഉപയോഗിച്ചുകൊണ്ടിരിക്കുന്നു. സഭയ്ക്കെതിരായുള്ള വിഷയങ്ങൾ വരുമ്പോൾ ദുഷ്പ്രചാരണങ്ങളുമായി മുന്നിട്ടിറങ്ങുന്നത് മുഖ്യമായും ഇവരാണ്. അതിനുചുവടുപിടിച്ച് മറ്റുള്ളവരും അവാസ്തവങ്ങൾ പ്രചരിപ്പിക്കുകയും സഭയ്ക്ക് എതിരായി ഒരു പൊതുജനവികാരം വളർത്തിയെടുക്കുന്നതിൽ തങ്ങളുടേതായ പങ്ക് നിർവ്വഹിക്കുകയും ചെയ്യുന്നു. അടുത്തകാലങ്ങളിലായി നാം കണ്ടുവരുന്ന വിവിധ വിഷയങ്ങളിൽ സഭാ നേതൃത്വത്തിന് എതിരായി പൊതുജന വികാരം വളർത്തിയെടുക്കുന്നത് ഇത്തരത്തിലാണ്. തികച്ചും സെക്കുലറായ പേര് കരുതിക്കൂട്ടി ഉപയോഗിക്കുന്നതോടൊപ്പം ഐഡന്റിറ്റി വെളിപ്പെടുത്തപ്പെടാത്തതും നിഷ്പക്ഷമായ റിപ്പോർട്ടിംഗ് ആണ് ഇത്തരക്കാരുടേത് എന്ന തെറ്റിദ്ധാരണ അനേകരിൽ ജനിപ്പിക്കുകയും, തത്ഫലമായി അനേകർ അത്തരക്കാർ കെട്ടിച്ചമയ്ക്കുന്ന കള്ളക്കഥകൾ കണ്ണടച്ച് വിശ്വസിച്ച് സൈബർ ഇടങ്ങളിൽ അത്തരം കഥകൾ ആവർത്തിക്കുന്നവരായി മാറുകയും ചെയ്യുന്നു.

നൂറുകണക്കിന് ഓൺലൈൻ മാധ്യമങ്ങളും ഫേസ്ബുക്ക് പേജുകളും, യൂട്യൂബ് ചാനലുകളും മതേതരത്വത്തിന്റെ മുഖംമൂടി ധരിച്ച് അവാസ്തവങ്ങൾ പ്രചരിപ്പിച്ച് സഭയുടെ പ്രതിച്ഛായ തകർത്തുകൊണ്ടിരിക്കുമ്പോൾ നാം തിരിച്ചറിയേണ്ട പ്രധാന യാഥാർഥ്യം സത്യം വ്യക്തമായി പൊതുസമൂഹത്തെ അറിയിക്കാൻ മതേതര സ്വഭാവമുള്ള ഒരു ഓൺലൈൻ പോർട്ടൽ പോലും മലയാളത്തിൽ സജീവമായില്ല എന്നതാണ്!




**ഹിന്ദു വർഗ്ഗീയ സംഘടനകളുടെ നിലപാട്**

സമീപകാല സംഭവവികാസങ്ങളും പ്രത്യേകിച്ച്, കോടതി വിധിയുമായി ബന്ധപ്പെട്ടും വ്യക്തമായ പ്രതികരണങ്ങൾ ഒന്നുംതന്നെ ഹിന്ദുത്വവാദികളുടെ ഭാഗത്തുനിന്ന് ഉണ്ടായിട്ടില്ല എന്നുള്ളത് ശ്രദ്ധേയമാണ്. മറുപക്ഷത്ത് മുസ്ളീം ഗ്രൂപ്പുകളാണ് എന്നതിനാൽ അതിൽ അസ്വാഭാവികതയില്ല. എന്നാൽ, വ്യക്തിപരമായ ചില സമ്മിശ്ര പ്രതികരണങ്ങൾ ദൃശ്യമായിരുന്നു. സഭാവിരുദ്ധത മുഴച്ചുനിൽക്കുന്ന കമന്റുകൾ സാമൂഹ്യമാധ്യമങ്ങളിൽ പരക്കെ കണ്ടിരുന്നെങ്കിലും അവയ്ക്ക് പിന്നിൽ ആസൂത്രണമോ ഏകോപനമോ ഉണ്ടായിരിക്കാനിടയില്ല. ക്രൈസ്തവ അനുകൂല നിലപാട് വച്ചുപുലർത്തുന്ന ചില ആർഎസ്എസ് അനുഭാവികളുടെ ഇടപെടലാണ് കന്യാസ്ത്രീക്കെതിരെ നടന്ന ചർച്ചകൾക്ക് പിന്നിൽ സംഘപരിവാർ ആണെന്ന് വാദം ഉയർത്താൻ ചിലർ കാരണമാക്കിയെടുത്തത്.

**വൈകാരിക പ്രതികരണങ്ങൾ സൃഷ്ടിക്കുന്ന വിന**

കോടതിവിധിയെ തുടർന്നുണ്ടായ അമിതാഹ്ലാദ പ്രകടനങ്ങളും സാമൂഹ്യമാധ്യമങ്ങളിലെ ചിലരുടെ വൈകാരികപ്രകടനങ്ങളും വലിയ ദോഷം സൃഷ്ടിച്ചിട്ടുണ്ട്. ആ വിഷയം വിവേകത്തോടെയും ബുദ്ധിപരമായും കൈകാര്യം ചെയ്യുന്നതിന് പകരം, കേവലം വാചക കസർത്തുകളും, വെല്ലുവിളികളും, പ്രകോപനപരമായ പോസ്റ്റുകളും സാമൂഹ്യമാധ്യമങ്ങളിൽ നിറഞ്ഞുനിന്നു. അത്തരം ചില ചർച്ചകൾ പൊതുവെ സന്യസ്തർക്ക് വേദന തോന്നുന്ന വിധത്തിലുള്ളവയായിരുന്നത് കുറെയേറെ പേരിൽ അസ്വസ്ഥതയ്ക്ക് കാരണമായിട്ടുണ്ട്. കോടതിവിധിയെക്കുറിച്ചുള്ള വിരുദ്ധ വികാരം വളർത്തിക്കൊണ്ടുവരാൻ ചില തൽപരകക്ഷികൾ പ്രധാനമായും ആയുധമാക്കിയത് വിവേകശൂന്യമായ ചില പ്രതികരണങ്ങളും, അമിതാവേശ പ്രകടനങ്ങളുമാണ്.

**പിന്നിൽ ആര്, എന്താണ് അവരുടെ ലക്ഷ്യം?**

1. തികച്ചും വർഗ്ഗീയവും, സാമ്പത്തികവും, മതപരവുമായ ലക്ഷ്യങ്ങളോടെ ചില ഇസ്‌ലാമിക സംഘടന

www.malankaralibrary.com



കൾ ക്രൈസ്തവ സമൂഹത്തിന്റെയും പ്രത്യേകിച്ച് കത്തോലിക്കാ സഭയുടെയും പ്രതിച്ഛായ തകർക്കാൻ ലക്ഷ്യമിടുന്നു.

2. കത്തോലിക്കാ സഭയുടെയും മറ്റ് ക്രൈസ്തവ സഭകളുടെയും വിദ്യാഭ്യാസ, ആരോഗ്യ രംഗങ്ങളിലെ ഇടപെടലുകളും അവയുടെ ഉയർന്ന ജനപ്രീതിയും ഈ രംഗങ്ങളിൽ പിടിമുറുക്കാൻ കാത്തിരിക്കുന്ന അനേകർക്ക് വെല്ലുവിളിയാണ്. സഭയുടെ ഭാഗമായ സംവിധാനങ്ങളെയും നേതൃത്വത്തെയും ഡീഗ്രേഡ് ചെയ്യേണ്ടത് അവരുടെയും ആവശ്യമാണ്.
3. സഭയുടെയും സഭാനേതൃത്വത്തിന്റെയും പ്രതിച്ഛായയും സ്വാധീനശേഷിയും തകരേണ്ടത് പലരുടെയും, പ്രത്യേകിച്ച് ചില രാഷ്ട്രീയ പാർട്ടികളുടെയും നിരീശ്വരവാദത്തിന്റെ മുഖമൂടിയുള്ള തൽപ്പരകക്ഷികളുടേയും ആവശ്യമാണ്. അത്തരക്കാരുടെ ദുഷ്ടലാക്കോടെയുള്ള ഇടപെടലുകളും പലപ്പോഴുമുള്ള നിശ്ശബ്ദതയും ഇത്തരം വിഷയങ്ങളെ സ്വാധീനിക്കുന്നു.
4. കത്തോലിക്കാ സന്യാസത്തെ തകർക്കുക എന്ന ലക്ഷ്യവുമായി നീങ്ങുന്നവർ. സന്യാസിനിമാരുടെ നിസ്വാർത്ഥ സേവനത്തെയും സന്യാസത്തിന്റെ വിശുദ്ധിയെയും ഭയപ്പെടുന്നവർ.
5. അബോർഷൻ, സ്വവർഗ്ഗ വിവാഹം തുടങ്ങിയവയുടെ പ്രചാരകരും ഉത്തരാധുനികതയുടെ വക്താക്കളുമായി ബൗദ്ധിക, കച്ചവട രംഗങ്ങളിൽ വിരാജിക്കുന്നവർ.
6. സഭയ്ക്കുള്ളിൽ ആയിരുന്നെങ്കിലും ചില പ്രത്യേക പ്രത്യയശാസ്ത്രങ്ങൾക്ക് കീഴ്പ്പെട്ടു പോവുകയോ, നിഗൂഢ ലക്ഷ്യങ്ങൾക്കായി പ്രവർത്തിക്കുകയോ, കടുത്ത തെറ്റിദ്ധാരണകളിൽ അകപ്പെട്ടിരിക്കുകയോ ആയിരിക്കുന്നവർ; മാനസികമായി സഭയിൽനിന്നും ക്രൈസ്തവ വിശ്വാസത്തിൽനിന്നും അകന്ന് ജീവിക്കുകയും സഭാസംവിധാനങ്ങളോട് ശത്രുത വച്ചുപുലർത്തുകയും ചെയ്യുന്നവർ. നിർഭാഗ്യവശാൽ ചില പ്രമുഖ വൈദികരും സമർപ്പിതരും തങ്ങളുടെ ഭാഗം ജയിക്കുന്നതിന്റെ ഭാഗമായിട്ടോ, ആസൂത്രിതമായി ചില ഇതര മത സംഘടനകളാൽ സ്വാധീനിക്കപ്പെട്ടോ സഭാവിരുദ്ധ നിലപാടുകൾ അനുവർത്തിച്ചുപോരുന്നതായി കാണുന്നു.
7. ദൈവവിശ്വാസത്തിൽ ജീവിക്കാൻ സഭയുടെ ആവശ്യമില്ല എന്ന ആശയം പ്രചരിപ്പിക്കുകയും യുവാക്കളെ തെറ്റിദ്ധരിപ്പിച്ച് സഭയിൽനിന്ന് അകറ്റാൻ അധ്വാനിക്കുകയും ചെയ്യുന്നവർ. ഇത്തരക്കാർ ഏറ്റവും നന്നായി ഉപയോഗിച്ച സംഭവം ആയിരുന്നു തൃക്കാക്കര എംഎൽഎ ആയിരുന്ന ശ്രീ. പി.ടി തോമസിന്റെ മരണവും സംസ്കാരവും.

ഇത്തരത്തിൽ ഈ കാലഘട്ടത്തിൽ സഭയ്ക്ക് ശത്രുക്കൾ ഏറെയാണ്. മുഖ്യധാരാ മാധ്യമങ്ങളെയും, സാമൂഹ്യമാധ്യമസംവിധാനങ്ങളെ തന്നെയും ഇത്തരക്കാർ തങ്ങളുടെ വരുതിയിലാക്കിക്കഴിഞ്ഞിരിക്കുന്നു. ഒരു പ്രത്യേക വിഷയം വിവാദമായി മാറുന്നത് മേൽപ്പറഞ്ഞ ആരിലൂടെയാണെങ്കിലും മറ്റേതൊരു വിഭാഗവും ആവുംവിധം ആ വിഷയം ഏറ്റെടുക്കുകയും തങ്ങളുടെ മുതലെടുപ്പിനായി ഉപയോഗിക്കുകയും അത്തരത്തിൽ വളരെ എളുപ്പത്തിൽ അതിനെ ഏറ്റവും വഷളാക്കി മാറ്റുകയും ചെയ്യുന്നു.

### അനന്തരഫലങ്ങളായി സമൂഹത്തിൽ ഇപ്പോൾ ദൃശ്യമാകുന്നത്

1. ഏറ്റവും പ്രധാനമായി കത്തോലിക്കാ യുവജനങ്ങളിൽ വലിയൊരു ശതമാനം സഭയിൽനിന്നും വിശ്വാസത്തിൽനിന്നും അകന്നുകൊണ്ടിരിക്കുന്നു. നിരീശ്വരവാദ ചിന്തകൾക്കും, അധാർമ്മികമെങ്കിലും സിവിൽ നിയമങ്ങളും ആധുനിക ലോകവും അനുവദിക്കുന്ന വിവിധ ആശയങ്ങൾക്കും, മദ്യ മയക്കുമരുന്ന് ഉപയോഗത്തിനും യുവാക്കൾക്കിടയിൽ വേരോട്ടം വല്ലാതെ വർദ്ധിക്കുന്നു. മതാന്തര വിവാഹങ്ങൾ വർദ്ധിക്കുന്നതിന് പോലും സഭയിൽനിന്നും വിശ്വാസത്തിൽനിന്നുമുള്ള അകൽച്ച കാരണമാകുന്നു.
2. പൊതുസമൂഹം വലിയ തെറ്റിദ്ധാരണകളിൽ അകപ്പെട്ടിരിക്കുന്നു. കെട്ടിച്ചമച്ചതോ, വളച്ചൊടിച്ചതോ ആയ എന്തുതന്നെ സഭയെക്കുറിച്ച് കേട്ടാലും കണ്ണടച്ച് വിശ്വസിക്കുന്ന അവസ്ഥയിലേയ്ക്ക് വലിയൊരു വിഭാഗം എത്തിച്ചേർന്നിരിക്കുന്നു.
3. ബൗദ്ധികസമൂഹത്തെപ്പോലും തെറ്റിദ്ധാ



www.malankaralibrary.com


രണകളിൽ അകപ്പെടുത്താൻ മേൽപറഞ്ഞവരുടെ കൂട്ടായ പ്രവർത്തനങ്ങൾക്ക് കഴിഞ്ഞിട്ടുണ്ട്. സമൂഹത്തിൽ വലിയ സ്വാധീനമുള്ളവരായ സാംസ്കാരിക നേതാക്കളും, എഴുത്തുകാരും, സിനിമ പ്രവർത്തകരുമായി അനേകർ സ്വതന്ത്രമായ പഠനങ്ങളും നിരീക്ഷണങ്ങളും കൂടാതെ വിവിധ അവസരങ്ങളിൽ രംഗത്തിറങ്ങുന്നത് സമൂഹത്തെ വലിയ അളവിൽ സ്വാധീനിക്കുന്നുണ്ട

4. യുക്തിഭദ്രമായ വിശദീകരണങ്ങൾപ്പോലും പലരും മുഖവിലയ്ക്കെടുക്കാത്ത പ്രത്യേക സ്ഥിതിവിശേഷമാണ് സംജാതമായിരിക്കുന്നത്. മുഖ്യധാരാ മാധ്യമങ്ങളിൽ ബഹുഭൂരിപക്ഷവും വാസ്തവവിരുദ്ധമായ കാര്യങ്ങൾ മാത്രം പ്രചരിപ്പിക്കുകയും, ബാക്കിയുള്ള ചെറിയവിഭാഗം പലവിഷയങ്ങളിലും നിശബ്ദത പാലിക്കുകയും ചെയ്യുന്ന അവസ്ഥയും ഇന്നുണ്ട്. സഭയുടെ പക്ഷം സംസാരിച്ചാൽ ആരുടെയൊക്കെയോ ശത്രുത തങ്ങൾക്കുണ്ടായേക്കാമെന്ന ഭയം ചിലർക്കുണ്ടെന്നുപോലും സംശയിക്കാം.

### പരിഹാരമെന്ത്?

1. സഭ നിശബ്ദത പുലർത്തുന്നു എന്ന ചിന്ത ഇനിയും വളരാൻ ഇടംകൊടുക്കരുത്. വിവേകപൂർവ്വം നിശബ്ദത പാലിക്കുന്ന സാഹചര്യത്തെ ദുർവ്യാഖ്യാനം ചെയ്ത് കുറ്റസമ്മതമായി പ്രചരിപ്പിക്കുന്ന പ്രവണത സഭാവിരുദ്ധവികാരത്തിന് വളമായിട്ടുണ്ട്. കഴിവതും ഉടനടിയുള്ള യുക്തമായ പ്രതികരണങ്ങൾ ഔദ്യോഗികമായി നൽകുക എന്ന നയം സ്വീകരിക്കുന്നത് യുക്തമാണ്.
2. ഓരോ ഘട്ടത്തിലും നിയമപരമായി എന്തുചെയ്യാൻ കഴിയുമെന്ന് കൃത്യമായി ചർച്ചകൾ നടക്കുകയും താമസംവിനാ നടപടികൾ സ്വീകരിക്കുകയും വേണം. ഇപ്പോൾ നടക്കുന്ന സംഭവവികാസങ്ങളുമായി ബന്ധപ്പെട്ട് കേരളത്തിന്റെ വിവിധ ഭാഗങ്ങളിലുള്ള സംഘടനാ പ്രവർത്തകരെ ഉപയോഗിച്ച് സിവിൽ, പോലീസ് കേസുകൾ രജിസ്റ്റർ ചെയ്യാൻ കഴിഞ്ഞേക്കും. അത് ചിലരുടെ വ്യാജപ്രചാരണങ്ങളാൽ അപഹാസ്യമാക്കപ്പെടുന്ന സഭയുടെ ഭാഗത്തുനിന്നുള്ള പ്രതിരോധത്തിന്റെയും പ്രതികരണത്തിന്റെയും അടയാളമായി കരുതപ്പെടുമെന്നത് തീർച്ചയാണ്.
3. സന്യാസത്തിനെതിരെയുള്ള ദുഷ്പ്രചാരണങ്ങളെ നേരിടാൻ കൂടുതൽ ശക്തമായ നീക്കങ്ങൾ ആവശ്യമാണ്. മുമ്പില്ലാത്തവിധം സന്യാസിനികൾക്ക് ഒറ്റയ്ക്ക് കേരളത്തിലൂടെ സഞ്ചരിക്കാൻ കഴിയാത്ത അവസ്ഥ പോലും സംജാതമായിക്കൊണ്ടിരിക്കുന്ന സാഹചര്യത്തെ ഗൗരവമായി കണ്ടേപറ്റൂ.
4. കത്തോലിക്കാ സഭയ്ക്കും ക്രൈസ്തവ വിശ്വാസത്തിനും വലിയ തകർച്ച സൃഷ്ടിക്കുക എന്ന ലക്ഷ്യവുമായി ചിലർ ഇറങ്ങിത്തിരിക്കുകയും അതിനായി ക്യാംപെയ്നിംഗുകൾ നടത്തുകയും ചെയ്യുന്നു എന്നുള്ളത് പകൽവെളിച്ചം പോലെ വ്യക്തമായ സ്ഥിതിക്ക്, നമ്മുടെ സംഘാടന സാധ്യതകളെ വിവേകപൂർവ്വം ഉപയോഗിച്ചുകൊണ്ട് റിവേഴ്സ് ക്യാംപെയ്നിംഗ് നടത്താനുള്ള പദ്ധതികൾ ആസൂത്രണം ചെയ്യണം.
5. വൈകാരികമായും, ശത്രുതാപരമായും, അമിതാവേശത്തോടെയും ഇത്തരം വിഷയങ്ങളിൽ പല



www.malankaralibrary.com



കോണുകളിൽനിന്ന് ഇടപെടുന്നവരുടെ പ്രവർത്തനങ്ങൾ വലിയ ദോഷങ്ങൾക്ക് ഇതിനകം വഴിയൊരുക്കിയിട്ടുണ്ട്. ചില ക്രൈസ്തവ സമുദായ സംഘടനകൾ അത്യന്തം ശത്രുതാപരവും പ്രകോപനം സൃഷ്ടിക്കുന്ന വിധത്തിലും പ്രതികരണങ്ങൾ തുടർച്ചയായി നടത്തി ശത്രുക്കളെ പ്രകോപിപ്പിച്ചുകൊണ്ടിരിക്കുന്നു. ഇത്തരം സാഹചര്യങ്ങളിൽ വിവേകത്തോടെ പ്രവർത്തിക്കേണ്ടത് ആവശ്യമായതിനാൽ സോഷ്യൽമീഡിയയിൽ നിരന്തരം ഇടപെടുന്ന ഇത്തരക്കാരുമായി ആശയവിനിമയം നടത്തുകയും, അവരെ വേണ്ട വിധത്തിൽ സ്വാധീനിക്കാനോ നിയന്ത്രിക്കാനോ ആവശ്യമായ നടപടികൾ കൈക്കൊള്ളുകയും വേണം.

6. നിയമസംവിധാനങ്ങൾ ശരിയായ അന്വേഷണങ്ങളുടെ വെളിച്ചത്തിൽ പൂർണ്ണമായും കുറ്റവിമുക്തരാക്കിയ ചിലരെ പ്രതിക്കൂട്ടിൽ നിർത്തിക്കൊണ്ടുള്ള ചർച്ചകൾ സഭയ്ക്കെതിരായ ആയുധം എന്നവണ്ണം ഈ ദിവസങ്ങളിലും നടക്കുന്നുണ്ട്. ഫാ. ബെനഡിക്ട് ഓണംകുളം പ്രതിയാക്കപ്പെട്ട കേസ്, പാവറട്ടിയിൽ നഴ്സിംഗ് വിദ്യാർത്ഥിനി ആത്മഹത്യ ചെയ്ത കേസ് തുടങ്ങിയവ ഉദാഹരണങ്ങളാണ്. ഇത്തരം കേസുകളുമായി ബന്ധപ്പെട്ട സോഷ്യൽമീഡിയയിലെയും മാധ്യമ ചർച്ചകളിലെയും പരാമർശങ്ങളിലെ കോടതിയലക്ഷ്യസ്വഭാവം മുൻനിർത്തി ബന്ധപ്പെട്ടവർ കേസുകൾ നൽകാൻ മടികാണിക്കരുത്. ഇത്തരം വിഷയങ്ങളിൽ നാം ശരിയായ രീതിയിലും നിയമപരമായും പ്രതികരിക്കാത്തപക്ഷം പൊതുസമൂഹത്തിന് വിപരീതമായ സന്ദേശമാണ് ലഭിക്കുക. അതാണ് നമ്മുടെ ശത്രുക്കളുടെ ആവശ്യവും.

7. ഇപ്പോഴുള്ള കടുത്ത പ്രതിസന്ധികളെ ആത്മീയമായി നേരിടുന്നതിനായി വിശ്വാസസമൂഹത്തെ ഉദ്ബോധിപ്പിക്കാൻ വേണ്ടത് ചെയ്യുക. ശരിയായ വിശദീകരണങ്ങൾ നൽകുന്നതോടൊപ്പം ആത്മീയമായും, തിരുസഭയാകുന്ന ആത്മീയ കൂട്ടായ്മയിലൂടെയും ഈ പ്രതിസന്ധിയെ നേരിടുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ നൽകുകയും ചെയ്യുന്നത് ഉചിതമായിരിക്കും.

ഈ വർഷാരംഭത്തിൽ പൊതുശ്രദ്ധ നേടിയ വാർത്തകളിൽ ഒന്ന് ഡൽഹിയിൽ നടന്ന ഒരു ക്ലബ് ഹൗസ് ചർച്ചയിൽ മുസ്ലീം സ്ത്രീകളെക്കുറിച്ച് മോശമായ പരാമർശങ്ങൾ ഉണ്ടാവുകയും ആ വിഷയത്തിൽ ഡൽഹി വനിതാകമ്മീഷൻ ശക്തമായ ഇടപെടലുകൾ നടത്തി പോലീസ് കർശന നടപടികൾ സ്വീകരിക്കുകയും ചെയ്തതിനെക്കുറിച്ചായിരുന്നു. വളരെ ഹീനമായ രീതിയിൽ കേരളത്തിൽ സന്യസ്തർ സോഷ്യൽമീഡിയയിലും അല്ലാതെയും അവഹേളനങ്ങൾക്ക് ഇരയാകുന്നത് നിത്യസംഭവമാകുമ്പോഴും ഏതെങ്കിലും വിധത്തിലുള്ള നടപടികൾ സ്വീകരിക്കാൻ നിയമസംവിധാനങ്ങൾ വലിയ വിമുഖതയാണ് പ്രകടിപ്പിച്ചുവരുന്നത്. കത്തോലിക്കാസഭയുമായി ബന്ധപ്പെട്ട ഏറെക്കുറെ എല്ലാ വിഷയങ്ങളിലും സ്ഥിതി അതുതന്നെയാണ്. കത്തോലിക്കാസഭയും, സന്യസ്തരും, വൈദികരും സംബന്ധിച്ച കെട്ടിച്ചമച്ചതും നിറംപിടിപ്പിച്ചതുമായ എന്തും സോഷ്യൽമീഡിയയിലും മുഖ്യധാരാ മാധ്യമങ്ങളിലും സ്വീകാര്യമായി മാറുന്നു. രാഷ്ട്രീയ പാർട്ടികളിലും മാധ്യമങ്ങളിലും മാത്രമല്ല, പൊതുസമൂഹത്തിലും വലിയ സ്വാധീനം ചെലുത്താൻ കഴിയുംവിധത്തിൽ സഭയുടെ ശത്രുക്കൾ ലക്ഷ്യത്തിലേക്ക് അടുക്കുന്നതിന്റെ സൂചനകൾ പ്രകടമാണ്. ഇത്തരം കാഴ്ചകളിൽ അസ്വസ്ഥരായ ഒട്ടേറെ വിശ്വാസികൾ സഭാനേതൃത്വം നിഷ്ക്രിയമാണെന്ന ധാരണയിൽ വിമർശനത്തിന് മുതിരുന്ന സാഹചര്യവുമുണ്ട്. ഇനിയും ഉണർന്ന് പ്രവർത്തിക്കാനും വിവേകത്തോടെയും ബുദ്ധിപൂർവ്വം മുന്നോട്ടു നീങ്ങാനും വൈകരുത് എന്ന് അഭ്യർത്ഥിക്കുന്നു.



www.malankaralibrary.com




# ആനുകാലിക മലയാള ബൗദ്ധിക സാഹിത്യത്തിന്റെ നിറമെന്താണ്?

**അ**ത്യന്തം അപകടകരമായ ഒരു സാംസ്കാരിക അപനിർമ്മിതി ഈ കാലഘട്ടത്തിൽ നടക്കുന്നുണ്ട് എന്നുള്ളതിന് ആനുകാലിക പ്രസിദ്ധീകരണങ്ങളിൽ ചിലത് തന്നെയാണ് സാക്ഷി. ആരാണ് ഇത്തരമൊരു ബൗദ്ധിക നീക്കത്തിന് പിന്നിൽ എന്ന ചോദ്യത്തിന്റെ ഉത്തരം അൽപ്പം സങ്കീർണ്ണമാണ് എങ്കിലും, ചില മാധ്യമസ്ഥാപനങ്ങളുടെ നീക്കങ്ങൾ വ്യക്തമായ സൂചനകൾ നൽകുന്നുണ്ട്.

പാടിപ്പതിഞ്ഞ ആഖ്യാനങ്ങളുടെ പുനരവതരണത്തിനും, ആഴമായ നിരീക്ഷണങ്ങളോ പഠനമോ കൂടാതെയുള്ള വിശകലനങ്ങൾക്കും പ്രാമുഖ്യം നൽകിക്കൊണ്ട് ഒരു വിഭാഗത്തെ 'ആഴമില്ലാത്തവരായി' ചിത്രീകരിക്കുമ്പോൾ, ബൗദ്ധികമായ ഇടപെടലുകൾ നടത്തി മറ്റൊരു വിഭാഗത്തെ വെള്ള പൂശാനുള്ള ശ്രമങ്ങളും പതിവായി കാണാം. ഒന്നിനെ കുറച്ചുകാണിച്ചാലേ മറ്റൊന്നിനെ മഹത്വവൽക്കരിക്കാൻ കഴിയൂ എന്ന വിലകുറഞ്ഞ ലോജിക്ക് ഇവിടെ ദൃശ്യമാകുന്നതോടൊപ്പം, വിലയുള്ളവരാകാൻ കുറുക്കുവഴികൾ തേടുന്ന പ്രത്യയ ശാസ്ത്രങ്ങൾക്ക് ഇത്തരം ഇടപെടലുകൾക്ക് പിന്നിൽ സ്ഥാനമുണ്ടാകാനുള്ള സാധ്യതയും തെളിയുന്നു.

### കത്തോലിക്കാ സഭയും ക്രൈസ്തവ സമൂഹങ്ങളും ടാർജറ്റ് ചെയ്യപ്പെടുന്നു

പച്ചക്കുതിര എന്ന ഡിസി ബുക്സിന്റെ പ്രസിദ്ധീകരണത്തിന്റെ ഈ വർഷത്തെ ഇതുവരെയുള്ള ലക്കങ്ങൾ മാത്രം നിരീക്ഷിച്ചാൽ മേൽപ്പറഞ്ഞ നീക്കങ്ങൾ ക്രൈസ്തവ സമൂഹങ്ങൾക്ക് എതിരെ നടക്കുന്നതിന്റെ വ്യക്തമായ തെളിവുകൾ ദൃശ്യമാണ്. ജനുവരി ലക്കത്തിൽ സുറിയാനി ക്രൈസ്തവർ എന്ന പേരിൽ ലത്തീൻ ഇതര ക്രൈസ്തവ സമൂഹങ്ങളെ (കത്തോലിക്കാ, അകത്തോലിക്കാ) മുഴുവൻ പ്രതിക്കൂട്ടിൽ നിർത്താനുള്ള ശക്തമായ ശ്രമങ്ങളുണ്ട്. അത്തരം ഉള്ളടക്കങ്ങളോടുകൂടിയ രണ്ട് ലേഖനങ്ങളിലും നിരവധി അവാസ്തവങ്ങൾ രേഖപ്പെടുത്തിയിരിക്കുന്നതിനൊപ്പം ഒട്ടേറെ ചരിത്രസത്യങ്ങളെയും യാഥാർഥ്യങ്ങളെയും തമസ്കരിച്ചിട്ടുമുണ്ട്.




'ബവിതാ ഈശോ' എന്ന നാമധേയത്തിൽ എഴുതിയിരിക്കുന്ന ദീർഘമായ ഒരു വിശകലനത്തിൽ, 'സുറിയാനി ക്രിസ്ത്യാനികൾ' എന്ന വിശേഷണം ആർക്കാണ് നൽകിയിരിക്കുന്നത് എന്നതുപോലും വ്യക്തമല്ല. വ്യത്യസ്ത സ്വഭാവങ്ങളും വിരുദ്ധ ആശയങ്ങളുമുള്ള പഴയ ചില ഗ്രന്ഥങ്ങളിൽനിന്ന് സ്വീകരിച്ചിരിക്കുന്നത് എന്ന് അനുമാനിക്കാവുന്ന, വിഭിന്നങ്ങളും വേറിട്ട് നിൽക്കുന്നതുമായ നിരവധി ചരിത്രങ്ങളെയും പാരമ്പര്യങ്ങളെയും ഒരേ നൂലിൽ കോർക്കാൻ ശ്രമിച്ചിരിക്കുന്നത് വായനക്കാരനെ ആശയക്കുഴപ്പത്തിലാക്കാൻ മാത്രമേ സഹായിക്കൂ.

പതിനെട്ട്, പത്തൊമ്പത് നൂറ്റാണ്ടുകളിലെ ചില ചരിത്ര സംഭവങ്ങളുടെ ഭാഗമായ ആഖ്യാനങ്ങളുടെ ചുവടുപിടിച്ച് 'പാശ്ചാത്യ യൂറോപ്യൻ ക്രൈസ്തവതയോട് എന്നും ഇന്നും കലഹിച്ചു നിൽക്കുന്ന, സുറിയാനി ക്രൈസ്തവത' എന്ന് ലേഖനകർത്താവ് പ്രസ്താവിക്കുന്നുണ്ട്. 'ഹിന്ദുത്വവൽക്കരിക്കപ്പെട്ടുകൊണ്ടിരിക്കുന്ന ഒരു ഭൂരിപക്ഷ രാഷ്ട്രത്തിൽ ചെറു ന്യൂനപക്ഷ സമുദായമായി നിലകൊള്ളുമ്പോൾ ഉണ്ടാകേണ്ട സ്വാഭാവിക പേടികളെ മുസ്ലീം ഉൾപ്പെടെയുള്ള സമുദായങ്ങൾ ആവാഹിക്കുമ്പോൾ, എന്താണ് ഇന്ത്യയിലെ ക്രൈസ്തവ രാഷ്ട്രീയത' എന്ന് ലേഖനകർത്താവ് അത്ഭുതം കൂറുന്നു. സംഘപരിവാറിനോടുള്ള യുദ്ധത്തിൽ മുസ്ലീം സമുദായത്തോട് പക്ഷം ചേരാത്തതിലുള്ള വിയോജിപ്പ് അവിടെ വ്യക്തം.

'പാടിപ്പതിഞ്ഞ അപ്പസ്തോലിക ബ്രാഹ്മണ്യ പാരമ്പര്യം വീണ്ടെടുക്കുന്നതിലൂടെ ഒറ്റ ഉറവിടം മാത്രമുള്ള ഒരു വംശമായി സുറിയാനി

www.malankaralibrary.com



ക്രൈസ്തവികതയെ അരക്കിട്ടുറപ്പിക്കുകയാണ് കേരളത്തിലെ ഇടയന്മാർ എക്കാലവും ചെയ്തുകൊണ്ടിരിക്കുന്നത്' എന്ന് പ്രസ്താവിക്കുമ്പോഴും, ആരാണ് കേരളത്തിലെ ഇടയന്മാർ എന്നും, എന്താണ് സുറിയാനി ക്രിസ്തീയത എന്നും വ്യക്തമല്ല. എന്നാൽ, തുടർന്നുവരുന്ന ഒരു ഭാഗത്ത്, 'ഒരു ഉത്ഭവം ചരിത്രവൽക്കരിച്ചതിലൂടെ ശുദ്ധ രക്തത്തിന്റെ പങ്കാളികളായ ഒരു വംശമായി സുറിയാനി ക്രൈസ്തവ സമുദായ സ്വത്വം രൂപപ്പെടുത്തിയെടുക്കുകയും, തൽഫലമായി ഈ വംശാവലിയിൽ ഉൾപ്പെടാത്ത ക്രൈസ്തവരെ ആഭ്യന്തര ശത്രുക്കളാക്കി മാറ്റുകയും ചെയ്തു' എന്ന് പറഞ്ഞു വയ്ക്കുന്നു. 'അതിന്റെ ഭാഗമായിതന്നെ, മറ്റു സമുദായങ്ങളെ, പ്രത്യേകിച്ച് ഇസ്‌ലാമിനെ ബാഹ്യ ശത്രുക്കളാക്കി അന്യവൽക്കരിക്കുന്ന സവിശേഷ സാഹചര്യം ഉരുത്തിരിഞ്ഞു' എന്നും പറയുന്നു.

'ഒരേസമയം ആണധിഷ്ഠിത ഭൂരിപക്ഷ വരേണ്യ ജാതീയ സഭാധികാര ക്രമത്തിന്റെ രക്തസാക്ഷികളും ദൃക്സാക്ഷികളും ആയ കന്യാസ്ത്രീകൾ സമുദായത്തിന്റെ വിമർശനാത്മക കർത്താക്കളായി ഇപ്പോൾ ഉയർന്നു വരുന്നു' എന്ന, ഉപരിപ്ലവമായ കാഴ്ചകളിലും പ്രചരണങ്ങളിലും ഊന്നി നിൽക്കുന്ന ഒരു പ്രസ്താവനയും ലേഖനകർത്താവ് നടത്തുന്നുണ്ട്.

തന്ത്രപരമായ ഒരു ചോദ്യംകൂടി ഈ ലേഖനത്തിൽ ഉയരുന്നു. 'ഇപ്പോൾ ഭൂരിപക്ഷ വർഗ്ഗീയത ശത്രുക്കളായി പ്രഖ്യാപിച്ചിരിക്കുന്ന മുസ്‌ലിം സമുദായത്തോടൊപ്പം നിൽക്കുന്ന രാഷ്ട്രീയതയായി ക്രൈസ്തവ സമുദായികതയെ പുനരാവിഷ്കരിക്കാൻ ക്രൈസ്തവ സമൂഹത്തിന് കെൽപ്പുണ്ടോ?' എന്ന വെല്ലുവിളിയാണ് അത്. ക്രൈസ്തവികതയുടെ ആന്തരികതയെയും ചരിത്രവഴികളെയും വികലമായും വിചിത്രമായും ചിത്രീകരിച്ചുകൊണ്ടും ആനുകാലിക യാഥാർഥ്യങ്ങളെ പൂർണ്ണമായി തമസ്കരിച്ചുകൊണ്ടും, മറ്റൊരു സമുദായത്തെ മഹത്വവൽക്കരിക്കാനും വെള്ളപൂശാനും അവർക്കുവേണ്ടി ഇരവാദം മുഴക്കാനും വേണ്ടിയാണ് പ്രസ്തുത ലേഖനം എഴുതപ്പെട്ടിരിക്കുന്നതെന്ന് വ്യക്തം.

### വിദ്യാഭ്യാസം: വാസ്തവ വിരുദ്ധ പരാമർശങ്ങൾ

ദളിത് ക്രൈസ്തവരെക്കുറിച്ച് അതേ ലക്കത്തിൽ പ്രസിദ്ധീകരിക്കപ്പെട്ട ഒരു ലേഖനത്തിലും ദുരുദ്ദേശ്യപരമായി വളച്ചൊടിക്കപ്പെട്ട ചില പ്രസ്താവനകളുണ്ട്. 'മധ്യകേരളത്തിലെ മിഷനറി പ്രസ്ഥാനവും, സുറിയാനി ക്രിസ്ത്യാനികളും വിദ്യാഭ്യാസമേഖലയിൽ ദളിത് ക്രൈസ്തവരോട് പരിപൂർണ്ണമായ അവഗണന പുലർത്തി' എന്ന ആരോപണമാണ് ഒന്ന്. തുടർന്നും, 'മധ്യകേരളത്തിലെ ദളിത് ക്രൈസ്തവർക്ക് യാതൊരു സാമൂഹ്യ സാമ്പത്തിക മൂലധനവും സ്വരൂപിക്കാൻ സുറിയാനി ക്രിസ്ത്യാനികൾ അനുവദിച്ചില്ല' എന്നും, 'സുറിയാനി ക്രിസ്ത്യാനികളും ഈഴവ ക്രിസ്ത്യാനികളും കോട്ടയത്തെ എല്ലാ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽനിന്നും ദളിതരെ അകറ്റി നിർത്തി' എന്നും ലേഖകൻ പറഞ്ഞുവയ്ക്കുന്നു.

1905ൽ ചെമ്മരപ്പള്ളിയിൽ സ്ഥാപിക്കപ്പെട്ട ഒരു ഇംഗ്ലീഷ് സ്കൂളിനെക്കുറിച്ച് എഴുതപ്പെട്ട പ്രസ്തുത ലേഖനത്തിൽ മേൽപ്പറഞ്ഞ കടുത്ത ആരോപണങ്ങൾ ഉന്നയിക്കുമ്പോഴും, 'പള്ളിക്കൊപ്പം പള്ളിക്കൂടം' എന്ന വിപ്ലവകരമായ ആശയം മുന്നോട്ടു വയ്ക്കുകയും അത് പ്രയോഗികമാക്കുകയും ചെയ്ത ബിഷപ്പ് ബച്ചിനെല്ലിയെയും, സുറിയാനി കത്തോലിക്കാ സഭാംഗവും അന്നത്തെ വികാരി ജനറാളുമായിരുന്ന ചാവറ കുര്യാക്കോസ് ഏലിയാസ് അച്ചനെയും മനപൂർവ്വം തമസ്കരിക്കുന്നു. 1859 മുതൽ 1868 വരെ മധ്യകേരളത്തിലെ വരാപ്പുഴ രൂപതാധ്യക്ഷനായിരുന്നു ആർച്ച് ബിഷപ്പ് ബർണഡിൻ ബച്ചിനെല്ലി. ചെമ്മരപ്പള്ളിയിലെ



www.malankaralibrary.com



സ്കൂളിന് ആറു പതിറ്റാണ്ടുകൾക്ക് മുമ്പ് 1846 ലാണ് മാന്നാനത്ത് തൊട്ടുകൂടാത്തവർക്കും തീണ്ടിക്കൂടാത്തവർക്കുമായി ചാവറയച്ചൻ സംസ്കൃത സ്കൂൾ ആരംഭിക്കുന്നത്. താഴ്ന്ന ജാതിക്കാർ സംസ്കൃതം കേട്ടാൽ ചെവിയിൽ ഈയം ഒരുക്കിയൊഴിക്കണമെന്ന നിയമമുണ്ടായിരുന്ന ഒരുകാലത്താണ് വരേണ്യവർഗ്ഗത്തെ വെല്ലുവിളിച്ച് ദളിതർക്കും അന്യജാതിക്കാർക്കും പ്രവേശനമുള്ള സംസ്കൃത സ്കൂൾ ചാവറയച്ചൻ ആരംഭിച്ചത്. അക്കാലത്ത് വെല്ലുവിളിയായിരുന്ന ജാതിവ്യവസ്ഥിതിയെ മറികടക്കാനായി വിദ്യാർത്ഥികൾക്ക് യൂണിഫോം സമ്പ്രദായം നടപ്പിലാക്കിയതും അദ്ദേഹമാണ്.

വിദ്യാഭ്യാസ മേഖലയിൽ പത്തൊമ്പതാം നൂറ്റാണ്ടിന്റെ മധ്യ ദശകം മുതൽ ശക്തവും നിർണ്ണായകവുമായ ഇടപെടലുകൾ നടത്തുകയും ഇക്കാലത്തും അത് തുടരുകയും ചെയ്യുന്ന കേരളത്തിലെ ക്രൈസ്തവ സമൂഹത്തെക്കുറിച്ചും ഈ മേഖലയിലെ പ്രവർത്തന ചരിത്രത്തെക്കുറിച്ചും തെറ്റിദ്ധാരണകൾ പ്രചരിപ്പിക്കുകയും, ചില പേരുകളും അധ്യായങ്ങളും ചരിത്രങ്ങളിൽനിന്ന് അടർത്തിമാറ്റുകയും ചെയ്യാനുള്ള പ്രവണത സമീപകാലങ്ങളിൽ പ്രകടമാണ്. അത്തരം സ്ഥാപിത താല്പര്യങ്ങളുടെ തുടർച്ചയാണ് ഇത്തരം ലേഖനങ്ങൾ എന്ന് കരുതുന്നതിൽ തെറ്റില്ല.

**കത്തോലിക്കാ സഭയുടെ മരണക്കളികൾ!**

പച്ചക്കുതിരയുടെ ഫെബ്രുവരി ലക്കത്തിൽ കത്തോലിക്കാ സഭയുടെ മരണക്കളികൾ എന്ന പേരിൽ ഒരു ലേഖനം പ്രസിദ്ധീകരിച്ചിരിക്കുന്നു. ആത്മകഥാംശംകൂടി ഉൾപ്പെടുത്തപ്പെട്ടിരിക്കുന്ന പ്രസ്തുത ലേഖനത്തിൽ മത അനുഷ്ഠാന രഹിത എന്ന് സ്വയം പരിചയപ്പെടുത്തുന്ന ലേഖിക വാസ്തവ വിരുദ്ധമായ പ്രസ്താവനകളും അർദ്ധ സത്യങ്ങളും ശരിയായ ധാരണയില്ലാത്ത വിഷയങ്ങളും കൂട്ടിക്കലർത്തിയിരിക്കുന്നു. പി.ടിയുടെ മരണശേഷം സഭ വളരെ വിവേകത്തോടും അനുഭാവത്തോടും മാത്രമാണ് പ്രതികരിക്കുകയോ, ഇടപെടലുകൾ നടത്തുകയോ ചെയ്തിട്ടുള്ളതെങ്കിലും, പി.ടിയുടെ അന്ത്യാഭിലാഷം എന്ന നിലയിൽ ഉന്നയിക്കപ്പെട്ട ആഗ്രഹങ്ങളോടൊന്നും നിഷേധാത്മക നിലപാട് സ്വീകരിച്ചില്ലെങ്കിലും, അനുബന്ധ വിഷയങ്ങളുമായി ബന്ധപ്പെട്ട് വിശ്വാസികൾ നേതൃത്വത്തെ കുറ്റപ്പെടുത്തുന്ന അവസരങ്ങൾ പോലും ഉടലെടുത്തിട്ടും, സഭയ്ക്കെതിരായ അടിസ്ഥാനരഹിതമായ പ്രചാരണങ്ങൾ പി.ടിയുമായി ബന്ധപ്പെട്ട് ഉണ്ടായിട്ടും അദ്ദേഹത്തിന്റെ മരണത്തിന്റെ പശ്ചാത്തലത്തിൽ വീണ്ടും സഭയ്ക്കുമേൽ പഴി ചാരാനാണ് ലേഖിക കിണഞ്ഞു പരിശ്രമിച്ചിട്ടുള്ളത്.



പി.ടി തോമസിന്റെ മരണവുമായി ബന്ധപ്പെട്ട് പ്രത്യേകിച്ചൊന്നും സംഭവിച്ചില്ലെങ്കിലും ആ പശ്ചാത്തലത്തിൽ നിന്നുകൊണ്ട് പഴയ ചില സംഭവങ്ങളെയും ആനുകാലിക സാഹചര്യങ്ങളെയും തന്റെ വിദൂര അറിവുകളുടെ വെളിച്ചത്തിൽ ഭാവനയുടെ അകമ്പടിയോടെ വിശകലനം ചെയ്യുകയാണ് എഴുത്തുകാരി. തെമ്മാടിക്കുഴി പോലുള്ള ആശയങ്ങളെ ആവർത്തിച്ച് അവതരിപ്പിച്ച് സഭാനേതൃത്വത്തിന് ആദ്യന്തം വില്ലൻ പരിവേഷം നൽകുന്നുണ്ട്. മരണാനന്തരം ഒരു ജീവിതമില്ല എന്ന തന്റെ ധാരണയിൽ ഉറച്ചുനിന്നുകൊണ്ട് മരണശേഷമുള്ള അവസ്ഥയെക്കുറിച്ചുള്ള കത്തോലിക്കാ സഭയുടെ പ്രബോധനങ്ങളെ അതിന്റെ ആഴവും അർത്ഥവും അറിയാതെ അന്ധമായി വിമർശിച്ചിരിക്കുന്നു. കൂടെ ജീവിച്ച് അടുത്ത കാലത്ത് മരിച്ച ദൈവവിശ്വാസിയായ അമ്മയുടെ മരണാനന്തര ചടങ്ങുകൾ വിശ്വാസ പ്രകാരം നടത്തണമെന്ന മറ്റു കുടുംബാംഗങ്ങളുടെ ആഗ്രഹത്തെ പരിഹസിച്ചുകൊണ്ടാണ് ലേഖിക അവസാനിപ്പിക്കുന്നത്. ഇത്തരം ചടങ്ങുകളിൽനിന്നെല്ലാം തന്നെ ഒഴിവാക്കണമെന്ന നിർദ്ദേശം കുടുംബാംഗങ്ങൾക്ക് നൽകിയിട്ടുണ്ടെന്നും അവർ അവകാശപ്പെടുന്നു.

ക്രൈസ്തവ വിശ്വാസത്തെയും, കത്തോലിക്കാ സഭയെയും, സഭാനേതൃത്വത്തെയും വിലകുറച്ചും തെറ്റിദ്ധാരണാജനകമായും ചിത്രീകരിക്കുക ഒരു അജണ്ടയായി സ്വീകരിച്ചിരിക്കുന്നതായി കാണപ്പെടുന്ന മാധ്യമങ്ങളിൽ ഒന്ന് മാത്രമാണ് പച്ചക്കുതിര. ക്രൈസ്തവ വിശ്വാസ ആചാര അനുഷ്ഠാന വിഷയങ്ങൾ വ്യക്തമായ പഠനങ്ങൾ കൂടാതെയും, ഉപരിപ്ലവവും മുൻനിശ്ചിതവുമായ ആശയ പ്രകടനങ്ങളുടെ വെളിച്ചത്തിലും കൈകാര്യം ചെയ്യുകയും, മറ്റു ചില മത വിഷയങ്ങളെ സൂക്ഷ്മമായി സമീപിച്ച് ബൗദ്ധിക വെള്ളപൂശൽ നടത്താൻ അവസരം ഒരുക്കി നൽകുകയും ചെയ്യുന്ന പ്രവണത അപകടകരവും മതേതരത്വത്തിനും സഹവർത്തിത്വത്തിനും കടുത്ത ഭീഷണിയുമാണ്.

www.malankaralibrary.com




# മലയാള സിനിമയിലെ ട്രോജൻ കുതിരകൾ

ചർച്ച ചെയ്തു പുതുമ നഷ്ടപ്പെട്ടുകൊണ്ടിരിക്കുന്ന ഒരു വിഷയമാണ് മലയാള സിനിമയിലെ ക്രൈസ്തവ വിരുദ്ധത. ക്രിയാത്മക വിമർശനങ്ങൾക്കപ്പുറം നന്മകളെയും ചരിത്രത്തെയും സത്യത്തെയും തമസ്കരിച്ചുകൊണ്ടുള്ള അന്ധമായ വിമർശനങ്ങളും പഴിചാരലുകളും, നിഷേധാത്മക ബിംബങ്ങളെ പ്രോജക്ട് ചെയ്തുകൊണ്ടുള്ള അവഹേളനങ്ങളും, വിരുദ്ധമായ ആശയങ്ങൾ അവതരിപ്പിച്ചുകൊണ്ടുള്ള ഇകഴ്ത്തിക്കാണിക്കലുകളും ഒരു വിഭാഗം ചലച്ചിത്രങ്ങളിൽ പതിവായി ദൃശ്യമായി തുടങ്ങിയപ്പോഴാണ് ക്രൈസ്തവ വിരുദ്ധത പ്രചരിപ്പിക്കുന്നതിനുള്ള ആസൂത്രിത ശ്രമങ്ങൾ ഈ മേഖലയിലുണ്ട് എന്ന് പലർക്കും വ്യക്തമായത്.

### ഒളിഞ്ഞും തെളിഞ്ഞുമുള്ള ക്രൈസ്തവ വിരുദ്ധത, അവഹേളനം


ക്രൈസ്തവ വിശ്വാസത്തെ പൊതുവിലും, പ്രത്യേകിച്ച് സന്യാസിനിമാരെയും, വൈദികരെയും, കൂദാശകളെയും അവഹേളനപരമായി ചിത്രീകരിച്ച ഒട്ടേറെ ചലച്ചിത്രങ്ങൾ കഴിഞ്ഞ ചില വർഷങ്ങൾക്കിടയിൽ നിർമ്മിക്കപ്പെട്ടിട്ടുണ്ട്. ഉപരിപ്ലവമായ ചില ആശയങ്ങളെയും അറിവുകളെയും മാത്രം ആശ്രയിച്ചുകൊണ്ടും, കൂടുതൽ അന്വേഷണങ്ങൾക്കോ നിരീക്ഷണത്തിനോ തുനിയാതെയും അവതരിപ്പിക്കപ്പെട്ടിട്ടുള്ള കഥാ സന്ദർഭങ്ങളും കഥാപാത്രങ്ങളും ഉണ്ടായിട്ടുണ്ട്. ക്രൈസ്തവ വിശ്വാസത്തെയും കത്തോലിക്കാ സഭയെയും അപകീർത്തിപ്പെടുത്തുക എന്ന ലക്ഷ്യം അവയുടെ സൃഷ്ടാക്കൾക്ക് ഉണ്ടെന്ന് അനേകർ വിശ്വസിക്കാൻ പ്രധാന കാരണം ഇത്തരം സിനിമകൾ ഒറ്റപ്പെട്ടവയല്ല എന്നുള്ളതാണ്. ഒരേ തരത്തിൽപ്പെട്ടതും വികലവുമായ വ്യത്യസ്ത ആശയങ്ങൾ ആവർത്തിച്ച് അവതരിപ്പിക്കപ്പെടുന്നതിലൂടെ വികൃതമായ ഒരു പ്രതിച്ഛായ ക്രൈസ്തവ സമൂഹത്തിൽ അടിച്ചേൽപ്പിക്കാനുള്ള നിരന്തര ശ്രമം തന്നെയാണ് ഇവിടെ നടക്കുന്നത് എന്ന് കരുതുന്നതിൽ തെറ്റില്ല.

മെത്രാന്മാരെയും വൈദികരെയും ചലച്ചിത്രങ്ങളിൽ അവതരിപ്പിച്ചിട്ടുള്ള ഒട്ടേറെ അവസരങ്ങൾ ഉണ്ടായിട്ടുണ്ട്. എന്നാൽ വിരലിലെണ്ണാവുന്ന നല്ല കഥാപാത്രങ്ങൾ മാത്രമാണ് അവയിൽ ഉൾപ്പെട്ടിട്ടുള്ളത്. സന്യാസിനിമാരെ അവതരിപ്പിച്ചിട്ടുള്ളതിൽ ഏറിയപങ്കും യഥാർത്ഥ സന്യസ്തരുടെ പ്രതിച്ഛായ ഉള്ളവരായിരുന്നില്ല. ക്രൈസ്തവ ദേവാലയങ്ങളും



www.malankaralibrary.com


ആരാധനയും കൗദാശിക കർമ്മങ്ങളും സിനിമകളിൽ അവതരിപ്പിച്ചിട്ടുള്ളതിൽ ഏറിയ പങ്കും ക്രൈസ്തവ വിശ്വാസത്തെ വികലമായി ചിത്രീകരിക്കും വിധത്തിലാണ്. കത്തോലിക്കാ ദേവാലയങ്ങൾ സിനിമകളുടെ ചിത്രീകരണത്തിന് വിട്ടുകൊടുക്കേണ്ടതില്ല എന്ന നിലപാടിലേക്ക് കേരളസഭാ നേതൃത്വം എത്തിച്ചേരാനുള്ള ഒരു പ്രധാനകാരണം അതാണ്. ഗൗരവമായ ഒരു വിഷയം അവതരിപ്പിക്കാൻ എന്നുള്ളതിനേക്കാൾ, വിലകുറഞ്ഞ തമാശകൾ സൃഷ്ടിക്കാനോ മനപൂർവ്വം അവഹേളിക്കാനോ ആണ് ക്രൈസ്തവ ബിംബങ്ങളെയും അത്തരം വേഷവിധാനങ്ങളെയും മലയാള ചലച്ചിത്രങ്ങളിൽ ഏറിയപങ്കും അവതരിപ്പിച്ചുകാണാറുള്ളത്. ഇത്തരം അവതരണങ്ങൾ പതിവായതുനിമിത്തം ക്രൈസ്തവ വിശ്വാസത്തെയും, ജീവിത ആരാധനാ ശൈലികളെയും അടുത്തറിയാത്ത അനേകർക്കിടയിൽ വലിയ തെറ്റിദ്ധാരണകൾ കടന്നുകൂടുകയും തൽഫലമായി, മോശമായ കണ്ണിലൂടെയും തെറ്റിദ്ധാരണകളോടെയും അത്തരം കാര്യങ്ങളെ നോക്കിക്കാണാൻ ഇടയാവുകയും ചെയ്തിട്ടുണ്ട്.



### ട്രോജൻ കുതിരകൾ

വിലകുറഞ്ഞ തമാശകൾ സൃഷ്ടിക്കാനുള്ള എളുപ്പവഴി എന്ന നിലയിൽ ക്രൈസ്തവ ബിംബങ്ങളെ അവഹേളിക്കുന്ന ശൈലിയിൽനിന്ന് വ്യത്യസ്തമായി, കഥയുടെ ഭാഗമായിത്തന്നെ അത്തരം ആശയങ്ങളെ കൊണ്ടുവരികയും നിഷേധാത്മകമായ പരിവേഷം നൽകി ക്രൈസ്ത വിശ്വാസത്തിനും ക്രൈസ്തവ സമൂഹത്തിന്റെ അഭിമാനത്തിനും വലിയ ക്ഷതം വരുത്തുകയും ചെയ്യുന്ന ചലച്ചിത്രങ്ങളും അപൂർവമല്ല. അതിന് കാരണമാകുന്ന വിധത്തിലുള്ള നീക്കങ്ങളെ ഒരിക്കലും നിഷ്കളങ്കമോ യാദൃശ്ചികമോ ആയി കാണാൻ കഴിയുകയുമില്ല. അത്തരം അവതരണങ്ങൾക്ക് മികച്ചൊരു ഉദാഹരണമാണ് സമീപകാലത്ത് റിലീസ് ചെയ്ത 'ഭീഷ്മപർവ്വം' എന്ന സിനിമ. വളരെ വ്യാപ്തിയുള്ള ഒരു ക്രൈസ്തവ പ്രാതിനിധ്യം ആദ്യന്തം അവതരിപ്പിക്കപ്പെടുന്ന ഈ ചലച്ചിത്രത്തിൽ എല്ലാത്തരത്തിലുള്ള തിന്മകളുടെയും പ്രതിരൂപങ്ങളും അവർ തന്നെയാണ്. കേവലം, ചില കഥാപാത്രങ്ങൾ മാത്രമല്ല, സന്ദർഭങ്ങളും ആശയങ്ങളും ചരിത്രാംശങ്ങളുമെല്ലാം വിരൽചൂണ്ടുന്നത് ക്രൈസ്തവ സമൂഹത്തിന്റെയും ബന്ധപ്പെട്ട ആനുകാലിക സംഭവവികാസങ്ങളുടെയും വിവിധ തലങ്ങളിലേക്കാണ്. ഈ ചലച്ചിത്രത്തിൽ ലത്തീൻ കത്തോലിക്കാ പശ്ചാത്തലമുള്ള അഞ്ഞൂറ്റി കുടുംബത്തിലെ കാരണവർ സ്ഥാനത്തുള്ള മൈക്കിൾ എന്ന നായക കഥാപാത്രത്തെ അവതരിപ്പിക്കുന്നത് മമ്മൂട്ടിയാണ്.

ചരിത്രാംശം അടങ്ങിയിരിക്കുന്ന ഒരു വംശം കഥയുടെ ഭാഗമായുണ്ട്; ഒരു പരമ്പരാഗത ക്രൈസ്തവ കുടുംബത്തിന്റെ തികഞ്ഞ പശ്ചാത്തലമുണ്ട്; കുടുംബത്തിൽ അംഗമായ വൈദികനുണ്ട്, ദേവാലയമുണ്ട്, ആരാധനാമുഹൂർത്തങ്ങളുണ്ട്; ഷെവലിയാർ പദവിയുമായി ബന്ധപ്പെട്ട ചർച്ചകളും, ഘടനാപരമായി കത്തോലിക്കാ സഭയുമായി ബന്ധപ്പെട്ട പലതിനെക്കുറിച്ചുമുള്ള പരാമർശങ്ങളുണ്ട്. അവതരിപ്പിക്കപ്പെടുന്ന ക്രൈസ്തവരായ കഥാപാത്രങ്ങൾ ഭൂരിപക്ഷവും തെറ്റുകാരും ക്രിമിനലുകളും തികഞ്ഞ അധാർമ്മികരും ആയിരിക്കുകയും, ഏറെക്കുറെ തികഞ്ഞ ഒരു ക്രൈസ്തവ പശ്ചാത്തലം എല്ലാവിധ കുറ്റകൃത്യങ്ങൾക്കും നൽകുകയും, അതോടൊപ്പം മറ്റൊരു സമുദായത്തെ തികഞ്ഞ നന്മയുടെ പ്രതീകമായി ആദ്യന്തം നിലനിർത്തുകയും ചെയ്തിരിക്കുന്നത് യാതൊരു ലക്ഷ്യവും കൂടാതെയാവാൻ തരമില്ല.

നീനു കെവിൻ കേസും, കൊട്ടിയൂർ പീഡന കേസും തുടങ്ങി ചിലവയെ സാന്ദർഭികമായി കഥയുടെ ഭാഗമാക്കി മാറ്റിയിരിക്കുന്നു. മയക്കുമരുന്നിന്റെ ഉപയോഗം, അതിരുവിട്ട മദ്യപാനവും പുകവലിയും, സ്വവർഗ്ഗ പ്രണയം, പരസ്ത്രീബന്ധം, കുടുംബാംഗങ്ങൾ തമ്മിലുള്ള പകയും മറ്റ് കുടുംബപ്രശ്നങ്ങളും തുടങ്ങിയവ ക്രൈസ്തവ കഥാപാത്രങ്ങളുടെ സ്വഭാവസവിശേഷതകളാണെങ്കിൽ, ദൈവവിശ്വാസം മുതൽ മാതൃകാപരമായ ജീവിതരീതിയും സഹായസന്നദ്ധതയും പരസ്

www.malankaralibrary.com


പരസ്നേഹവും മതേതരത്വ നിലപാടുകളും വരെയുള്ള എല്ലാവിധ സത്ഗുണങ്ങളുമാണ് മുസ്ളീം കഥാപാത്രങ്ങളുടെ സവിശേഷതകളായി അവതരിപ്പിക്കപ്പെട്ടിട്ടുള്ളത്. ക്രൈസ്തവ യുവതിയുടെയും മുസ്ളീം യുവാവിന്റെയും പ്രണയം കുടുംബത്തിൽ ചർച്ചാവിഷയമാവുമ്പോൾ പൂർണ്ണസമ്മതത്തോടെ അതിന് തയ്യാറാവുന്ന പെൺകുട്ടിയുടെ അമ്മയും, അമ്മയുടെ സഹോദരനും കുടുംബത്തിലെ കാരണവരുമായ നായകനും ഈ കാലഘട്ടത്തിലെ മറ്റൊരു വിവാദവിഷയത്തിനുള്ള പരോക്ഷ പ്രതികരണമായിരിക്കാം.

മധ്യകേരളത്തിലെ ഒരു പുരാതന ലത്തീൻ കത്തോലിക്കാ കുടുംബത്തെയാണ് ചലച്ചിത്രം അവതരിപ്പിക്കുന്നതെന്നുള്ളതിന് പല സൂചനകളുണ്ട്. ഫോർട്ട് കൊച്ചി, മട്ടാഞ്ചേരി തുടങ്ങിയ പ്രാദേശിക പശ്ചാത്തലങ്ങളാണ് പ്രധാനം. ലത്തീൻ കത്തോലിക്കർക്കിടയിൽ നിലനിന്നിരുന്ന എഴുനൂറ്റിക്കാർ, അഞ്ഞൂറ്റിക്കാർ, ഇരുനൂറ്റിക്കാർ എന്നിങ്ങനെയുള്ള വംശപ്പേരുകൾ ഓർമ്മിപ്പിക്കും വിധത്തിലുള്ള അഞ്ഞൂറ്റി കുടുംബത്തിന്റെ കഥയാണ് ഭീഷ്മപർവ്വം. വലിയ പാരമ്പര്യത്തിൽനിന്ന് വിവിധ വഴിത്തിരിവുകളിലൂടെ കടന്നുവന്ന് അന്തഛിദ്രം മൂലം പലരും മരിച്ചൊടുങ്ങി ഒടുവിൽ, മുസ്ളീം സ്ത്രീയെ വിവാഹം ചെയ്തതും വർഷങ്ങൾക്ക് മുമ്പ് കൊല്ലപ്പെട്ടതുമായ ഒരു കുടുംബാംഗത്തിന്റെ, മുസ്ലീമായി ജീവിക്കുന്ന മകൻ അഞ്ഞൂറ്റി കുടുംബത്തിലെ കാരണവരുടെ പിന്തുടർച്ചാവകാശവും കുടുംബത്തിന്റെ പ്രതാപവും ഏറ്റെടുക്കുന്നിടത്താണ് കഥ അവസാനിക്കുന്നത്.

കഥാപാത്രങ്ങൾക്കും കഥാസന്ദർഭങ്ങൾക്കും പുറമെ, ക്രൈസ്തവ വിരുദ്ധത നിറഞ്ഞുനിൽക്കുന്നതും അവഹേളനപരവുമായ സംഭാഷണങ്ങളും സിനിമയിൽ ഉടനീളമുണ്ട്. ചില ആനുകാലിക സംഭവവികാസങ്ങളുടെ പശ്ചാത്തലത്തിൽ ഇസ്ലാമിക നീക്കങ്ങൾക്കെതിരായി ഉയർന്നിട്ടുള്ള ശബ്ദങ്ങൾക്ക് മറുപടി എന്നവണ്ണം ചില ഡയലോഗുകൾ ഇടയ്ക്കുണ്ട്. കഥാഗതിയും, അതിന്റെ ഭാഗമായി സൃഷ്ടിക്കപ്പെട്ടിട്ടുള്ള സന്ദർഭങ്ങളും കഥാപാത്രങ്ങളും, എഴുതപ്പെട്ടിട്ടുള്ള ഡയലോഗുകളും അതിന്റെ ശൈലിയും നിരീക്ഷിച്ചാൽ ക്രൈസ്തവ വിരുദ്ധത സിനിമയുടെ ഒരു പ്രധാന അജണ്ട തന്നെയാണെന്ന് കാണാവുന്നതാണ്. സമഗ്രമായ രീതിയിൽ വിലയിരുത്തിയാൽ, ഇസ്ലാമിക ക്രൈസ്തവ വിവാദ വിഷയങ്ങളെ തുടർന്ന് ഈ സമൂഹത്തിൽ ഇന്ന് സംഭവിച്ചുകൊണ്ടിരിക്കുന്ന സാമൂഹിക ധ്രുവീകരണത്തിന്റെ ഉപോല്പന്നമാണ് ഈ സിനിമ എന്ന് കരുതുന്നതിൽ തെറ്റില്ല. സമീപകാലങ്ങളിൽ പലപ്പോഴായി ഉയർത്തിക്കാണിക്കപ്പെട്ടിട്ടുള്ള വിവിധ ആശങ്കകളുമായി ബന്ധപ്പെട്ട് വിപരീത ആശയം ഒളിച്ചുകടത്തുന്ന ട്രോജൻ കുതിരയാണ് ഈ ചലച്ചിത്രം.

അടുത്തകാലത്ത് പുറത്തിറങ്ങിയ കാവൽ എന്ന ചലച്ചിത്രത്തിലും ഒരു വൈദികനെ വില്ലനായി അവതരിപ്പിക്കുകയും ക്രൈസ്തവർ പരിപാവനമായി കരുതുന്ന ദേവാലയം കൊലപാതകത്തിന് വേദിയാക്കി ചിത്രീകരിക്കുകയും, ഒപ്പം, വാസ്തവവിരുദ്ധവും അവഹേളനപരവുമായ ചില പരാമർശങ്ങൾ നടത്തുകയും ചെയ്തിട്ടുണ്ട്. ഇതുവരെ എന്നതിനേക്കാൾ, ചലച്ചിത്ര രംഗത്തുനിന്ന് ഇനിയും ഇത്തരം നീക്കങ്ങൾ പ്രതീക്ഷിക്കാവുന്നതാണ്. കാലം കഴിയുംതോറും കൂടുതൽ വ്യക്തമായിക്കൊണ്ടിരിക്കുന്ന ദുഷ്പ്രചരണങ്ങളും, അവഹേളനങ്ങളും ഇനിയും രൂക്ഷമായി തുടരും എന്നുള്ളതാണ് കൂടുതൽ തെളിവാർന്ന ഇത്തരം നീക്കങ്ങൾ നൽകുന്ന സൂചന. അതിന്റെ ഭാഗമായി ക്രൈസ്തവ സമൂഹത്തിന്റെ ഭാഗത്തുനിന്നും രൂക്ഷമായ പ്രതികരണങ്ങൾ വന്നുതുടങ്ങിയിരിക്കുന്നു എന്നുള്ളത് ഈ മേഖലകളിൽ പ്രവർത്തിക്കുന്നവർ ഗൗരവമായി ചിന്തിക്കേണ്ടതുണ്ട്. ഇത്തരത്തിൽ ചലച്ചിത്രമേഖലയിലെ അരാജകത്വം തുടരുന്നപക്ഷം വലിയ സാമൂഹിക പ്രശ്നങ്ങൾക്കും പ്രത്യാഘാതങ്ങൾക്കും അത് കാരണമായേക്കാം. സാമൂഹ്യ വ്യവസ്ഥിതിക്കും, സംസ്കാരത്തിനും, കേവല ധാർമ്മികതയ്ക്കും വിരുദ്ധമായി തങ്ങളുടെ ആശയപ്രചാരണത്തിനായി എന്തും ചെയ്യാൻ മടിയില്ലാത്ത ഒരു വർഗ്ഗം ഇവിടെ ശക്തിപ്രാപിക്കുന്നത് തിരിച്ചറിയുകയും പ്രതിരോധിക്കുകയും ചെയ്യേണ്ടത് കാലഘട്ടത്തിന്റെയും മതേതരത്വത്തിന്റെയും ആവശ്യമാണ്. ഇത്തരം ഗൂഢ ശ്രമങ്ങളെയും മാറ്റങ്ങളെയും തിരിച്ചറിഞ്ഞ് ഇടപെടലുകൾ നടത്താൻ സർക്കാരുകളും, നിയമ നീതിന്യായ വ്യവസ്ഥിതികളും തയ്യാറാകണം.



www.malankaralibrary.com



# സാഹിത്യ - കലാരംഗങ്ങളിൽ വർദ്ധിക്കുന്ന ക്രൈസ്തവവിരുദ്ധത: ഇടപെടലുകൾ ആവശ്യം

സമീപകാലങ്ങളിൽ പലപ്പോഴായി കലാരംഗത്തെ ക്രൈസ്തവ- സഭാവിരുദ്ധ നീക്കങ്ങളെക്കുറിച്ച് ചർച്ച ചെയ്യേണ്ട സാഹചര്യങ്ങൾ ഉടലെടുത്തിട്ടുണ്ട്. അവ പലപ്പോഴും ചില പ്രത്യേക സംഭവങ്ങൾ, സിനിമകൾ, സാഹിത്യ സൃഷ്ടികൾ എന്നിവയുമായി ബന്ധപ്പെട്ടായിരുന്നു. ചില അവസരങ്ങളിൽ നിയമപരമായും നയപരമായുമുള്ള ഇടപെടലുകൾ ഉണ്ടാവുകയും ഒരു പരിധിവരെ ചില വിഷയങ്ങൾ പരിഹരിക്കപ്പെടുകയും ഉണ്ടായിട്ടുണ്ട്. പ്രത്യേകിച്ച് സന്യസ്തർക്കെതിരെയുള്ള നീക്കങ്ങളും, അവഹേളനശ്രമങ്ങളും, വ്യാജപ്രചാരണങ്ങളും ചെറുക്കാനുള്ള ശ്രമങ്ങൾ അടുത്ത കാലങ്ങളിലായി നാം നടത്തിവരുന്നു.

യാതൊരുവിധ കലാമൂല്യങ്ങളും സാഹിത്യമൂല്യങ്ങളും ഇല്ലെങ്കിൽ പോലും ക്രൈസ്തവ വിരുദ്ധത, ക്രൈസ്തവ അവഹേളനം എന്നീ ഉള്ളടക്ക ങ്ങൾ കൊണ്ടുമാത്രം ഉയർത്തിക്കാണിക്കപ്പെടുകയും വിൽപ്പന പ്രോത്സാഹിപ്പിക്കപ്പെടുകയും ചെയ്യുന്ന പ്രവണത സാഹിത്യമേഖലയിൽ പതിവാകുന്ന ഇന്നത്തെ സാഹചര്യത്തെ ഏതുരീതിയിൽ നേരിടണം എന്നുള്ള വിചിന്തനം ആവശ്യമുണ്ട്. അന്വേഷണങ്ങളോ നിരീക്ഷണമോ കൂടാതെ വിഷയങ്ങൾ തെരഞ്ഞെടുക്കുകയും ഏകപക്ഷീയമായി അവതരിപ്പിക്കുകയും, അത്തരം സൃഷ്ടികൾ പ്രസിദ്ധീകരണ യോഗ്യമെന്ന് നിശ്ചയിക്കപ്പെടുകയും ചെയ്യുന്ന പതിവുകൾ ഒരുപോലെ ചോദ്യം ചെയ്യപ്പെടേണ്ടതുണ്ട്.



### പ്രസിദ്ധീകരണങ്ങൾ - സാഹിത്യ രംഗം

കഴിഞ്ഞ ചിലവർഷങ്ങളായി സഭയ്ക്കും സന്യസ്ത സമൂഹത്തിനും വലിയ പരിക്കേൽപ്പിച്ചിട്ടുള്ള നിരവധി ഗ്രന്ഥങ്ങളും ലേഖനങ്ങളും പ്രസിദ്ധീകരിക്കപ്പെട്ടിട്ടുണ്ട്. ചെറു പ്രസാധകർ ഇത്തരം ഗ്രന്ഥങ്ങൾ പ്രസിദ്ധീകരിച്ചിട്ടുണ്ടെങ്കിലും ഡിസി ബുക്സ് ഈ രംഗത്ത് നടത്തുന്ന ഇടപെടലുകൾ അവഗണിക്കാനാവാത്തതാണ്.

1. വലിയ പ്രചാരം നേടിയിട്ടുള്ള പുസ്തകങ്ങളായ 'ആമേൻ' (വിവിധ ഭാഷകളിൽ നിരവധി എഡിഷനുകൾ ഈ പുസ്തകം പ്രസിദ്ധീകരിക്കപ്പെട്ടുകഴിഞ്ഞു; മലയാളത്തിൽ മാത്രം 28 എഡിഷൻ), 'കർത്താവിന്റെ നാമത്തിൽ' (മലയാളത്തിൽ 9 എഡിഷൻ), 'അറ്റുപോകാത്ത ഓർമ്മകൾ' (മലയാളത്തിൽ 8 എഡിഷൻ) തുടങ്ങിയവയെല്ലാം ഡിസി ബുക്സ് പ്രസിദ്ധീകരിച്ചവയാണ്. സഭയ്ക്കും ക്രൈസ്തവ വിശ്വാസത്തിനും സന്യസ്തർക്കും എതിരെ ഏകപക്ഷീയമായ ആരോപണങ്ങൾ ഉയർത്തുകയും, വാസ്തവ വിരുദ്ധമായ പ്രചാരണങ്ങൾ വഴി ക്രൈസ്തവ വിരുദ്ധ നിലപാടുകൾ കേരളസമൂഹത്തിൽ ആഴപ്പെടുത്തുകയും ചെയ്ത പുസ്തകങ്ങളാണ് അവ.
2. കഴിഞ്ഞ ദിവസം ഡിസിബുക്സ് പുറത്തിറക്കിയ, കന്യാ - മരിയ (ഒരാഴ്ചക്കുള്ളിൽ രണ്ട് എഡിഷൻ) എന്ന ഒരു നോവലും പ്രത്യേകമായ പരാമർശം അർഹിക്കുന്നുണ്ട്. യാതൊരുവിധ നിലവാരവും പുലർത്താത്ത ആ ഗ്രന്ഥം കത്തോലിക്കാ സന്യസ്തരുടെ ജീവിതശൈലിയുമായി ബന്ധപ്പെട്ട് അത്യന്തം വികലമായ ഒരു ചിത്രം വര

www.malankaralibrary.com



ച്ചുവയ്ക്കാൻ ആദ്യന്തം ശ്രമിക്കുന്നുണ്ട്. നാം നിയമനടപടികൾ സ്വീകരിച്ച അക്വേറിയം എന്ന ചലച്ചിത്രത്തിന്റെ തിരക്കഥയെക്കാൾ തരംതാണ ഉള്ളടക്കമാണ് അതിനുള്ളത്. ക്രൈസ്തവനായ അതിന്റെ രചയിതാവ്, താനൊരു അൾത്താരബാലനായിരുന്നു എന്നുള്ള അവകാശവാദവും ഉയർത്തുന്നുണ്ട്.

3. കാപട്യം കലർത്തി രചിച്ച ആത്മകഥകളെപ്പോലെയോ അതിലും ഏറെയോ കന്യാ-മരിയ എന്ന ഗ്രന്ഥം വായനക്കാരനെ സ്വാധീനിക്കും. അതിന് കാരണമുണ്ട്. ഗ്രന്ഥത്തിന്റെ ഒടുവിൽ തന്റെ ഒരു 'അനുഭവക്കുറിപ്പ്' കൂടി രചയിതാവ് എഴുതിയിരിക്കുന്നു. അഭയ കേസ്, ബിഷപ്പ് ഫ്രാങ്കോ കേസ്, മുൻസന്യാസിനിമാരായ ലൂസി കളപ്പുര, ജെസ്മി തുടങ്ങിയവരുടെ അനുഭവ വിവരങ്ങൾ തുടങ്ങിയവയുമായി ബന്ധപ്പെട്ട ആശയങ്ങൾ ഇവിടെ അയാൾ ആവർത്തിക്കുന്നുണ്ട്. 'അഭയകേസിനായി കോട്ടയം രൂപത കോടികൾ മുടക്കിയത് നമുക്ക് അറിവുള്ളതാണല്ലോ' എന്നിങ്ങനെയുള്ള ചില സാമാന്യവത്കൃത പ്രസ്താവനകൾ പ്രസ്തുത കുറിപ്പിലും, നോവലുമായി ബന്ധപ്പെട്ട ഇന്റർവ്യൂവിലും രചയിതാവ് നടത്തുന്നുണ്ട്. ഇത്തരം പ്രസ്താവനകളും, വ്യാജപ്രചാരണങ്ങളുടെ ആവർത്തനങ്ങളും പൊതുസമൂഹത്തിന്റെ തെറ്റിദ്ധാരണകൾ നീക്കാനുള്ള ശ്രമങ്ങളെ ഗുരുതരമായ രീതിയിൽ ബാധിക്കുകയും ഒട്ടേറെപ്പേർ കൂടുതൽ സഭാവിരുദ്ധ നിലപാടുകളിലേയ്ക്ക് കടക്കാൻ കാരണമാവുകയും ചെയ്യും. ക്രൈസ്തവ വിരുദ്ധമായ ഉള്ളടക്കങ്ങളോടെ നിരവധി മാഗസിനുകൾ കേരളത്തിൽ പ്രസിദ്ധീകരിക്കപ്പെടുന്നുവെങ്കിലും ഡിസിബുക്സിന്റെ ഉടമസ്ഥതയിലുള്ള പച്ച കുതിര എന്ന പ്രസിദ്ധീകരണം ക്രൈസ്തവ വിരുദ്ധ ലേഖനങ്ങൾക്ക് കുപ്രസിദ്ധമാണ് എന്നുള്ള വസ്തുതയും ഈ ഘട്ടത്തിൽ ചിന്തിക്കേണ്ടതുണ്ട്. കേരളത്തിന്റെ മതേതര- ബൗദ്ധിക മേഖലകളിൽ അവർക്കുള്ള വലിയ സ്വാധീനംകൂടി പരിഗണിച്ചാൽ അതിന്റെ ദൂഷ്യം നമുക്ക് തിരിച്ചറിയാൻ കഴിയും. ഇത്തരം രചനകൾ പ്രസിദ്ധീകരിക്കുന്നതോടൊപ്പം അത്തരം എഴുത്തുകാർക്ക് വലിയ പ്രമോഷനും അവർ നൽകിവരുന്നു.

**പ്രതികരണങ്ങൾ എങ്ങനെ?**

1. വൈകാരിക പ്രതികരണങ്ങൾ ഗുണത്തേക്കാളേറെ ദോഷം സൃഷ്ടിച്ചിട്ടുള്ള മുന്നനുഭവങ്ങളുണ്ട്. പ്രതികരണം വിവേകപൂർവ്വമല്ലാതായാൽ ക്രൈസ്തവവിരുദ്ധ ഉള്ളടക്കങ്ങളുള്ള ചലച്ചിത്രങ്ങൾക്കും ഗ്രന്ഥങ്ങൾക്കും കൂടുതൽ പ്രേക്ഷകരെയും വായനക്കാരെയും സംഭാവനചെയ്യാൻ പിന്നീടുണ്ടായേക്കാവുന്ന വിവാദങ്ങൾ കാരണമായേക്കും. അതേസമയം, നിശബ്ദത അപകടകരമാണ് താനും.
2. പ്രത്യേകമായ വിഷയങ്ങളുമായി ബന്ധപ്പെട്ട പ്രതിരോധങ്ങളേക്കാൾ, ഇത്തരം ശ്രമങ്ങളെ സമഗ്രമായി പ്രതിരോധിക്കുന്നതോടൊപ്പം, സ്ഥാപിത താല്പര്യക്കാരുടെയും കച്ചവടക്കാരുടെയും ഇത്തരം പ്രവർത്തനങ്ങൾ മൂലം സംഭവിക്കുന്ന മൂല്യച്യുതിയും സാംസ്കാരികാധഃപതനവും ചൂണ്ടിക്കാണിക്കാൻ



www.malankaralibrary.com


നമ്മുടെ സംഘടനകൾക്കും, നേതൃത്വങ്ങ ൾക്കും കഴിയണം.

3. മലയാള സിനിമയ്ക്കും, മലയാള സാഹിത്യ ത്തിനും ലോകോത്തര നിലവാരവും മൂല്യ വും ഉണ്ടായിരുന്ന ഒരു കാലമുണ്ടായിരുന്നു. ലോകം ആദരിച്ച ചലച്ചിത്രകാരന്മാരും കലാ സാഹിത്യരംഗങ്ങളിലെ പ്രമുഖരും ജീവി ച്ചിരുന്ന ഒരു മണ്ണാണ് ഇത്. എന്നാൽ, ഇന്ന് കലാ സാംസ്കാരിക സാഹിത്യ രംഗങ്ങ ളിൽ ദേശീയ അന്തർദേശീയ തലങ്ങളിൽ അവഗണിക്കപ്പെടുന്ന രീതിയിലേയ്ക്ക് മല യാളവും മലയാളികളും മാറിയിരിക്കുന്നു.
4. ചലച്ചിത്ര രംഗത്ത് ദക്ഷിണേന്ത്യയിൽ ഏറ്റ വും പിന്നിലെ സ്ഥാനമാണ് മലയാള ഇന്ന് സിനിമ മേഖലയ്ക്ക് ഉള്ളത്. നിലവാര ത്തകർച്ചയുടെ ഒരു ഘടകം മാത്രമാണ് ക്രൈസ്തവ വിരുദ്ധതയുടെ ആധിക്യവും, അവഹേളന ശ്രമങ്ങളും, നിരീക്ഷണങ്ങ ളുടെയും പഠനത്തിന്റെയും അഭാവവും. ഇത്തരം ആശയങ്ങളെ സംഘടിതമായി മുന്നോട്ടുവയ്ക്കാൻ ക്രൈസ്തവ മാധ്യമ ങ്ങൾക്ക് കഴിഞ്ഞാൽ അത് മാറ്റങ്ങൾക്ക് കാരണമാകും.
5. സന്യസ്ത ജീവിതചര്യയും, അവരുടെ പ്രവർത്തനങ്ങളും സംഭാവനകളും ഇപ്പോഴും പൊതുസമൂഹത്തിൽ ചർച്ച ചെയ്യപ്പെടാതെ മാറ്റിനിർത്തപ്പെടുകയാണ്. നല്ല സാക്ഷ്യങ്ങൾ കഴിയുംവിധം ഉയർ ത്തിക്കൊണ്ടുവരാനും ശ്രദ്ധിക്കപ്പെടുന്ന രീതിയിൽ അവതരിപ്പിക്കാനും അംഗീകാ രങ്ങൾ നേടിയെടുക്കാനും അവസരമൊരു ക്കണം.
6. അന്തർദേശീയ ശ്രദ്ധ ആവശ്യമുള്ള വി ഷയങ്ങളിൽ അത് നേടിയെടുക്കാനുത കുന്ന മാർഗ്ഗങ്ങൾ അവലംബിക്കണം. കത്തോലിക്കാ സന്യസ്തരുടെ യഥാർത്ഥ ജീവിതാനുഭവങ്ങൾ പൊതുസമൂഹം മന സിലാക്കാനുതകുന്ന വിവിധ പദ്ധതികൾ ആസൂത്രണം ചെയ്യുകയും അവരുടെ സേവന മാതൃകകൾ അംഗീകരിക്കപ്പെടു കയും വേണം.
7. സഭാവിരുദ്ധ നിലപാടുകൾ പതിവാ യി സ്വീകരിക്കുന്ന പ്രസാധകർ, മാധ്യ മങ്ങൾ തുടങ്ങിയവരുമായി ഡയലോഗ് ഉണ്ടാവണം. എന്തുകൊണ്ടാണ് അത്തരം നിലപാടുകൾ അവർ സ്വീകരിക്കുന്നതെന്ന് മനസിലാക്കാനും കഴിയുമെങ്കിൽ തിരു ത്താനും ആവശ്യമായ തുടർനടപടികൾ സ്വീകരിക്കാനും അത് ഉപകരിക്കും.
8. കത്തോലിക്കാ യുവജന സംഘടനകൾ, വനിതാ സംഘടനകൾ, സഭയ്ക്കുള്ളിലെ സംഘടനകൾ, കത്തോലിക്കാ അനു ഭവമുള്ള ക്രൈസ്തവ സംഘടന കൾ തുടങ്ങിയവരുടെ ഇടപെടലു കൾ ഉറപ്പുവരുത്തുകയും, അതാത് സമയങ്ങളിൽ പ്രതിഷേധങ്ങളും പ്രതിക രണങ്ങളും അത്തരക്കാരെ അറിയിക്കുക യും വേണം.
9. ചില ഘട്ടങ്ങളിൽ പ്രത്യക്ഷമായ പ്രതിരോധവും പ്രതികരണങ്ങളും ആവശ്യമായി വരുന്നുണ്ട്. സഭയ് ക്കെതിരായ വ്യാജപ്രചാരണങ്ങളിലൂടെ കാലാ കാലങ്ങളായി ആവർത്തിച്ചുറപ്പി ച്ചുവന്ന പൊതുബോധനിർമ്മിതിയെ തച്ചു ടക്കേണ്ടതുള്ളതിനാൽ പ്രത്യക്ഷമായിത്തന്നെ നാം പ്രതികരിച്ചു തുടങ്ങേണ്ടത് അതിനാ ൽത്തന്നെ അനിവാര്യമാണ്.

**ഉപസംഹാരം**

ഒത്തൊരുമിച്ചുള്ള പ്രവർത്തനങ്ങളി ലൂടെ മുന്നോട്ടു പോകാനും, പ്രതികരണങ്ങൾ ക്കുള്ള ദിശാബോധം പ്രതികരണ സന്നദ്ധരായ വർക്ക് നൽകാനും, അത്തരം പ്രവർത്തനങ്ങളുടെ ഫലസിദ്ധി ഉറപ്പുവരുത്താനും കഴിയണം. വളരെ മോശമായ ഒരു അവസ്ഥയിലേക്കാണ് കേരളം നീങ്ങുന്നത് എന്നതിനാൽ, കേരളസമൂ ഹത്തിന്റെ മികച്ച ഭാവിക്കായി ഇത്തരം വിഷ യങ്ങളിൽ കൂടിയ ശ്രദ്ധ നൽകേണ്ട അടിയ ന്തിര സാഹചര്യമാണ് ഇപ്പോഴുള്ളത്.



www.malankaralibrary.com

# കോടതിവിധികളും മാധ്യമവിചാരണകളും



*വിനോദ് നെല്ലയ്ക്കൽ*

**മാ**ധ്യമ സ്വാതന്ത്ര്യത്തെക്കുറിച്ചും അഭിപ്രായ സ്വതന്ത്ര്യത്തെക്കുറിച്ചും അനേകർ വാചാലരാകുന്ന, അതിനായി വാദിക്കുന്ന ഈ കാലഘട്ടത്തിൽത്തന്നെ അതിരുകടന്ന മാധ്യമവിചാരണകളെക്കുറിച്ചും, തെറ്റിദ്ധരിപ്പിക്കുന്നതും വഴിതെറ്റിക്കുന്നതുമായ മാധ്യമ ഇടപെടലുകളെക്കുറിച്ചും ചർച്ച ചെയ്യേണ്ടതായി വരുന്നത് വൈരുദ്ധ്യമാണ്. ഭരണകൂട ഭീകരത, ന്യൂനപക്ഷ പീഡനങ്ങൾ മറ്റ് ജനാധിപത്യവിരുദ്ധ നീക്കങ്ങൾ തുടങ്ങിയവ വേണ്ടത്ര വാർത്താ പ്രാധാന്യം ലഭിക്കാത്ത വിധത്തിൽ പതിവാകുമ്പോൾ മാധ്യമങ്ങൾക്ക് ക്രിയാത്മകമായ ഒരു ധർമ്മം ഇവിടെയുണ്ട് എന്നുള്ളത് നിസ്തർക്കമാണ്. അതേസമയം, വിവിധ സ്ഥാപിത താൽപ്പര്യങ്ങൾക്ക് മുൻതൂക്കം നൽകുന്ന മാധ്യമ സംവിധാനങ്ങൾ ശരിയായ രീതിയിൽ വിഷയങ്ങളെ സമീപിക്കാത്ത ശൈലി അവലംബിച്ചിരിക്കുന്നത് വലിയ വെല്ലുവിളി സൃഷ്ടിച്ചിട്ടുണ്ട്. വാസ്തവത്തിൽ മാധ്യമ സ്വതന്ത്ര്യത്തേക്കാളേറെ, അനാരോഗ്യകരമായ മാധ്യമ വിചാരണകളെക്കുറിച്ച് ഗൗരവമായി ചിന്തിക്കേണ്ട കാലമാണ് ഇത്.

സ്വതന്ത്രവും മതേതരവുമായ മാധ്യമസ്ഥാപനങ്ങൾ എന്നതുപോലെതന്നെ വിവിധ പ്രത്യയശാസ്ത്രങ്ങൾക്ക് പ്രാമുഖ്യമുള്ളതും മത രാഷ്ട്രീയ സംഘടനകൾ നേതൃത്വം നൽകുന്നതുമായ മാധ്യമങ്ങളും എക്കാലവും ഇവിടെയുണ്ട്. തങ്ങൾ പ്രതിനിധീകരിക്കുന്നതും പിന്താങ്ങുന്നതുമായ ആശയങ്ങളുടെ പക്ഷം നിന്ന് വിശകലനങ്ങൾ നടത്താനും വിശദീകരണങ്ങൾ നൽകാനുമുള്ള അവരുടെ സ്വാതന്ത്ര്യവും ആർക്കും ചോദ്യം ചെയ്യാനാവില്ല. പക്ഷപാതരഹിതവും സ്വതന്ത്രവുമായ മാധ്യമപ്രവർത്തനത്തിന്റെ തുല്യപ്രാധാന്യം തങ്ങളുടെ പക്ഷം പറഞ്ഞുകൊണ്ടുള്ള മാധ്യമപ്രവർത്തനത്തിന് ഒരു ജനാധിപത്യ രാജ്യത്തിലുണ്ട്. അഭിപ്രായ സ്വാതന്ത്ര്യം എന്ന അടിസ്ഥാന അവകാശവും അതിന്റെ തുടർച്ചയായ മാധ്യമ സ്വാതന്ത്ര്യവും അർത്ഥവത്താകുന്നത് അവിടെയാണ്.

എന്നാൽ, കഴിഞ്ഞ ചില വർഷങ്ങളായി, പ്രത്യേകിച്ച് അടുത്ത ചില മാസങ്ങളിൽ നാം കണ്ടുകൊണ്ടിരിക്കുന്നത് വ്യത്യസ്തമായ ചില കാഴ്ചകളാണ്. സത്യത്തെയും നീതിയെയും മുതൽ കോടതിവിധികളെയും നീതിപീഠത്തെയും വരെ വെല്ലുവിളിക്കാനും അസത്യം പ്രചരിപ്പിക്കാനും, വാസ്തവവിരുദ്ധമായ പൊതുബോധ നിർമ്മിതികൾ നടത്താനും മടികാണിക്കാത്ത ശൈലിയിലേക്ക് ചിലമാധ്യമങ്ങൾ ചുവടുമാറ്റം നടത്തിയിരിക്കുന്നു. പലപ്പോഴായി കേരളഹൈക്കോടതി ഈ പ്രവണതയ്ക്കെതിരെ രൂക്ഷ വിമ



www.malankaralibrary.com

ർശനം നടത്തിയിട്ടുണ്ടെങ്കിലും തങ്ങളുടെ രീതികളിൽ മാറ്റംവരുത്താൻ ചില വാർത്താ അവതാരകരും മാധ്യമങ്ങളും തയ്യാറായിട്ടില്ല.

കഴിഞ്ഞയിടെ നടൻ ദിലീപുമായി ബന്ധപ്പെട്ട കേസിന്റെ ഇടക്കാല വിധി പറഞ്ഞ വേളയിൽ “പാതി വെന്ത വസ്തുതകൾ വച്ച് കോടതിവിധിയെ ചോദ്യം ചെയ്യരുത്” എന്ന പ്രതികരണം ഹൈക്കോടതി നടത്തുകയുണ്ടായിരുന്നു. പ്രസ്തുത വിഷയത്തിലും സമീപകാലത്തെ മറ്റ് ചില വിഷയങ്ങളിലും നടന്നുവരുന്ന മാധ്യമ വിചാരണകളാണ് കോടതി സൂചിപ്പിക്കുകയുണ്ടായതെന്ന് വ്യക്തം. ആദ്യഘട്ടം മുതൽ അനിതരസാധാരണമായ മാധ്യമശ്രദ്ധ ലഭിക്കുകയും, വിവിധ മാധ്യമങ്ങളും സോഷ്യൽമീഡിയയും മത്സരിച്ച് ചർച്ചകൾ നടത്തുകയും ചെയ്യുന്ന വിഷയങ്ങളിൽ മേൽക്കൈ ലഭിക്കുന്നതിനായി ചില മാധ്യമങ്ങൾ ഉപയോഗിക്കുന്ന കുതന്ത്രങ്ങളാണ് പലപ്പോഴും കേസിനെ തന്നെ ദോഷകരമായി ബാധിക്കുന്ന രീതിയിലുള്ള മാധ്യമ വിചാരണകളായി രൂപാന്തരപ്പെടാറുള്ളത്. ബിഷപ്പ് ഫ്രാങ്കോ മുളക്കൽ പ്രതിയായ കേസിലെ വിധിപ്രഖ്യാപനവുമായി ബന്ധപ്പെട്ട വിവാദങ്ങൾ മറ്റൊരു സമീപകാല ഉദാഹരണമാണ്.

രണ്ട് വിധത്തിലാണ് മാധ്യമ വിചാരണകൾ സമൂഹത്തിൽ പ്രതിസന്ധികൾ സൃഷ്ടിക്കാറുള്ളത്. ഒന്നാമതായി, പൊലിപ്പിക്കപ്പെട്ട അർദ്ധ സത്യങ്ങളും വ്യാജപ്രചാരണങ്ങളും നിറഞ്ഞുനിൽക്കുന്ന നിരന്തരമായ ചർച്ചകളും റിപ്പോർട്ടുകളും വിചാരണ വേളയിൽത്തന്നെ പൊതുസമൂഹത്തെ ശക്തമായി സ്വാധീനിക്കുകയും കോടതിയെ തന്നെയും സമ്മർദ്ദത്തിൽ അകപ്പെടുത്തുകയും ചെയ്യുന്നത്. രണ്ടാമതായി, തെറ്റായി സൃഷ്ടിക്കപ്പെട്ട പൊതുധാരണകൾ വഴി കോടതി വിധിക്കെതിരായ ജനവികാരം രൂപപ്പെടുന്നത്. അതിന് അനുബന്ധമായി ഇക്കാല ഘട്ടത്തിലെ കോടതിവിധികൾ സത്യത്തിനും നീതിക്കും വിരുദ്ധമാണെന്ന ധാരണയ്ക്കും സമൂഹത്തിൽ ശക്തമായ വേരോട്ടമുണ്ട്. അനാവശ്യമായ അരക്ഷിതബോധം സമൂഹത്തിൽ രൂപപ്പെടാനും വിമത മനോഭാവം വളരാനും ധ്രുവീകരണങ്ങൾ വർദ്ധിക്കാനും ഇത്തരത്തിലുള്ള മാധ്യമ ഇടപെടലുകൾ കാരണമാകുന്നുണ്ട്.



കോടതികളുടെ അന്തിമ വിധിതീർപ്പിന് മുമ്പുള്ള ഘട്ടങ്ങളിൽ പലപ്പോഴും വളരെ പരിമിതമായ അളവിൽ മാത്രമേ വസ്തുതകൾ മാധ്യമങ്ങൾക്ക് മുന്നിൽ പോലും എത്തുകയുള്ളൂ എന്നതിനാൽ, അവ്യക്തമായ ആശയങ്ങളെയും അനുമാനങ്ങളെയും ആധാരമാക്കിയുള്ള വിശകലനങ്ങളാണ് പലപ്പോഴും മണിക്കൂറുകൾ നീണ്ട അവതരണങ്ങളിലൂടെ കാഴ്ചക്കാരിലേയ്ക്ക് എത്തുന്നത്. നിഷേധാത്മകമായ നിലപാടുകൾ സ്വീകരിച്ചുകൊണ്ടും സോഷ്യൽമീഡിയയിലെ ആൾക്കൂട്ടത്തെ തൃപ്തിപ്പെടുത്തുന്ന വിധത്തിൽ പക്ഷപാതപൂർണ്ണമായും മസാല ചേർത്തും സൃഷ്ടിച്ചെടുക്കുന്ന റിപ്പോർട്ടുകളും ഏകപക്ഷീയമായ ചർച്ചകളും കുറ്റാരോപിതർ പ്രഥമ ദൃഷ്ട്യാ തെറ്റുകാരെന്ന് തോന്നിയേക്കാമെന്ന ഒറ്റക്കാരണത്താൽ കുറ്റക്കാർ എന്ന ഉറച്ച ബോധ്യത്തിലേയ്ക്ക് കാഴ്ചക്കാരെ എത്തിക്കുന്നു. അന്വേഷണ സംഘത്തിനും നീതിപീഠത്തിനും മുമ്പേ സഞ്ചരിച്ച് വിധിതീർപ്പിലെത്തുന്ന ഈ പ്രവണത തീർത്തും അനാരോഗ്യകരമാണ്.


സാമൂഹ്യമാധ്യമങ്ങളുടെ സാധ്യതകളും അത് നൽകുന്ന അമിത സ്വാതന്ത്ര്യവും മുതലെടുത്ത് ഉയർന്നുവന്നിട്ടുള്ള ചിലരുടെ ഏകപക്ഷീയ രീതികളും അവർക്ക് ലഭിക്കുന്ന സ്വീകാര്യതയും മുഖ്യധാരാ മാധ്യമപ്രവർത്തകരിൽ ചിലരും മാതൃകയായെടുത്തിട്ടുണ്ട് എന്ന് കാണാം. പലപ്പോഴും സാമൂഹ്യമാധ്യമങ്ങളിലെ ചർച്ചകളുടെ തുടർച്ചയാണ് ചാനൽ ചർച്ചകളായി സ്വീകരണ മുറികളിലെത്തുന്നത് എന്നതാണ് വാസ്തവം. സാമൂഹ്യമാധ്യമങ്ങളിലെ അനാരോഗ്യകരമായ നിഗമനങ്ങൾ സാധാരണക്കാരിലേക്ക് അടിച്ചേൽപ്പിക്കപ്പെടാൻ മുഖ്യകാരണമായി മാറുന്നത് അത്തരം ചാനൽ ചർച്ചകളും അനാവശ്യമാം വിധം വലിച്ചുനീട്ടിയ റിപ്പോർട്ടുകളും മറ്റുമാണ്. അർഹിക്കുന്നതിനപ്പുറം പ്രാധാ

www.malankaralibrary.com

ന്യം നൽകി ചർച്ച ചെയ്യപ്പെടുന്നതും അതിപ്രധാന വിഷയമെന്ന പ്രതീതി സമൂഹത്തിൽ സൃഷ്ടിക്കപ്പെടുന്നതും യഥാർത്ഥത്തിൽ പ്രാധാന്യമർഹിക്കുന്ന വിഷയങ്ങളെ മറച്ചുവച്ച് ഇത്തരം വിഷയങ്ങൾ ചർച്ച ചെയ്യപ്പെടാൻ വഴിയൊരുക്കുന്നു.

സമൂഹത്തിന് ശരിയായ ധാരണകൾ നൽകുക, വിഷയങ്ങൾക്ക് വ്യക്തതയും കൃത്യതയും നൽകുക, ശരിയായ രീതിയിൽ ചിന്തിക്കാൻ കാഴ്ചക്കാരെ പ്രേരിപ്പിക്കുകയും അതിനുള്ള അവസരം ഒരുക്കുകയും ചെയ്യുക എന്നിങ്ങനെയുള്ള യഥാർത്ഥ മാധ്യമ ധർമ്മങ്ങൾ മറന്നുകൊണ്ട് ആൾക്കൂട്ടം ആഗ്രഹിക്കുന്ന രീതിയിലും അവരെ തൃപ്തിപ്പെടുത്താനായും വിഷയങ്ങളെ വളച്ചൊടിച്ചും തങ്ങളുടെ സ്ഥാപിത താൽപ്പര്യങ്ങൾക്കനുസരിച്ച് സത്യത്തെയും നീതിയെയും തമസ്കരിച്ചുകൊണ്ടും, ശത്രുക്കൾക്കെതിരെ ആയുധമായും വിവിധ വിഷയങ്ങളെ സമീപിക്കുന്ന രീതി ഒഴിവാക്കപ്പെടേണ്ടത് തന്നെയാണ്. കൃത്രിമമായി ചില വിവാദവിഷയങ്ങൾ ഉയർത്തിക്കൊണ്ടുവരുന്നതിന് പിന്നിൽ മറ്റു ചില വിഷയങ്ങളെ പൊതുജന ശ്രദ്ധയിൽനിന്ന് അകറ്റി നിർത്തുന്നതിനുള്ള ബോധപൂർവ്വമായ ശ്രമത്തിന്റെ ഭാഗമായും വിലയിരുത്താം. രാഷ്ട്രീയവും വർഗ്ഗീയവുമായ വഴിവിട്ട കിടമത്സരങ്ങൾക്കിടയിൽ ആയുധങ്ങളായും മാധ്യമങ്ങൾ ദുരുപയോഗിക്കപ്പെടുന്നു. വിവിധ വിഷയങ്ങളുടെ പശ്ചാത്തലത്തിൽ കത്തോലിക്കാ സഭയുടെ സംവിധാനങ്ങൾക്കും സന്യാസ സമൂഹങ്ങൾക്കും സന്യസ്തർക്കും എതിരെ പതിവായി ചർച്ചകൾ നടക്കുന്ന പ്രവണതയും ഇത്തരത്തിൽ വിലയിരുത്താവുന്നതാണ്.

വർദ്ധിച്ചുവരുന്ന സാമൂഹികവും സാമുദായികവും രാഷ്ട്രീയവുമായ പ്രതിസന്ധികൾ നിരീക്ഷിച്ചാൽ അവയുടെ ഉപോൽപ്പന്നങ്ങളാണ് മുഖ്യധാരാ മാധ്യമങ്ങളിലും സാമൂഹ്യമാധ്യമങ്ങളിലും കണ്ടുവരുന്ന ഇത്തരം പ്രവണതകൾ എന്ന് വ്യക്തമാകും. ചില നിയന്ത്രണങ്ങൾ സമൂഹത്തിന്റെയും രാജ്യത്തിന്റെയും സുസ്ഥിതിക്ക് എല്ലായ്പ്പോഴും അനിവാര്യമാണ്. എന്നാൽ, സാമൂഹ്യമാധ്യമങ്ങൾ കഴിഞ്ഞ ചില



വർഷങ്ങൾക്കിടയിൽ കടന്നുവന്ന വഴികളിൽ യാതൊരുവിധ നിയമ ഭരണ ഇടപെടലുകളും ഉണ്ടായിട്ടില്ല എന്നുള്ളത് അനാരോഗ്യകരമായ പ്രവണതകൾക്ക് കാരണമായിട്ടുണ്ട്. അച്ചടി, ദൃശ്യ മാധ്യമങ്ങൾ വിവിധ നിയമ സംവിധാനങ്ങളുടെ കീഴിൽ കർശനമായി ഉൾപ്പെടുകയും നിയന്ത്രിക്കപ്പെടുകയും ചെയ്തുവന്നിരുന്നപ്പോൾ അവയേക്കാൾ പതിന്മടങ്ങ് സ്വാധീനശേഷിയും പ്രചരണവേഗതയുമുള്ള ഓൺലൈൻ, സോഷ്യൽ മീഡിയ സംവിധാനങ്ങൾക്ക് ഒരുവിധത്തിൽപ്പെട്ട നിയന്ത്രണങ്ങളും പ്രായോഗികതലത്തിൽ ഇന്നോളവും ഇല്ല എന്നുള്ളത് തന്നെയാണ് നമ്മുടെ മാധ്യമ സംസ്കാരത്തെത്തന്നെ അട്ടിമറിച്ച പ്രധാന വസ്തുത.

കേരളാപോലീസ് ആക്ടിൽ ഭേദഗതി വരുത്താനുള്ള ആശയം ഉയർന്നപ്പോഴും കേന്ദ്ര സർക്കാർ ഐടി റൂൾസ് 2021 ന് രൂപം നല്കിയപ്പോഴും പ്രധാനമായി ഉയർന്ന ആക്ഷേപം ആ നിയമങ്ങൾ മാധ്യമ സ്വാതന്ത്ര്യത്തെ ഇല്ലാതാക്കുന്നവയാണ് എന്നുള്ളതായിരുന്നു. ഐടി റൂൾസ് 2021 കഴിഞ്ഞവർഷം ഏപ്രിൽമാസം മുതൽ പ്രാബല്യത്തിലുണ്ട് എങ്കിലും, അതിനെതിരായ നിരവധി പെറ്റിഷനുകൾ വിവിധ കോടതികളിൽ പരിഗണയിലുണ്ട് എന്നാണ് റിപ്പോർട്ടുകൾ. വിവിധ വിഷയങ്ങളുമായി ബന്ധപ്പെട്ട് ആശയക്കുഴപ്പങ്ങളും തെറ്റിദ്ധാരണകളും വളർത്തുന്ന വിധത്തിൽ ഇന്നുകണ്ടുവരുന്ന മാധ്യമ ഇടപെടലുകൾ നിയമപരമായി നിയന്ത്രിക്കപ്പെട്ടേ മതിയാവൂ. ഒരു രാജ്യത്തിന്റെ നിയമ സംവിധാനങ്ങൾക്കുള്ളിൽ നിന്ന് പ്രവർത്തിക്കാൻ തങ്ങൾക്ക് മനസ്സില്ല എന്ന നിലപാട് ജനാധിപത്യ വിരുദ്ധവും ഭരണഘടനാ വിരുദ്ധവും ഇന്ത്യയുടെ പരമോന്നത നീതിപീഠം ഉൾപ്പെടെ വിവിധ കോടതികൾ പലപ്പോഴും ചോദ്യം ചെയ്തിട്ടുള്ളതുമാണ്. ഈ വിഷയത്തിൽ സർക്കാരുകളുടെ ഗൗരവമായ ശ്രദ്ധ ഏറ്റവും ആവശ്യമായിരിക്കുന്ന സമയമാണ് ഇത്. വ്യക്തമായ നടപടികൾ ഇനിയും സ്വീകരിക്കാത്തപക്ഷം കടുത്ത പ്രത്യാഘാതങ്ങൾക്ക് നാം സാക്ഷ്യം വഹിക്കുമെന്ന് തീർച്ച.

www.malankaralibrary.com

# വളരുന്ന അസമത്വവും തളരുന്ന സമൂഹവും

*മാർ തോമസ് തറയിൽ*



**2022** കേന്ദ്രബജറ്റിനു തൊട്ടുമുൻ പ്പാണ് ഓക്സ്ഫാമിന്റെ ലോക അസമത്വ റിപ്പോർട്ട് പുറത്തുവന്നത്. ജനുവരി 17നു പ്രസിദ്ധീകരിച്ച റിപ്പോർട്ട് പ്രകാരം പൗരന്മാർക്കിടയിലുള്ള അസമത്വം ഏറ്റവുമധികം നിലനിൽക്കുന്ന രാജ്യങ്ങളിലൊന്നായി ഇന്ത്യ മാറിക്കഴിഞ്ഞു. കഴിഞ്ഞ പത്തുവർഷങ്ങളിലായി ഈ അസമത്വം വർദ്ധിച്ചു എന്നതും നമ്മുടെ കണ്ണ് തുറപ്പിക്കേണ്ടതാണ്.

## അതിസമ്പന്നരും പരമദരിദ്രരും

കോവിഡ് കാലത്ത് ഇന്ത്യയിലെ 84% കുടുംബങ്ങൾക്കും വരുമാനക്കുറവുണ്ടാകുകയും 4.6 കോടി തൊഴിലാളികൾ പരമദരിദ്രരാവുകയും ചെയ്തപ്പോഴാണ് ഏറ്റവും സമ്പന്നരായ 142 വ്യക്തികളുടെ വരുമാനം 53 ലക്ഷം കോടിയായി ഉയർന്നത്. ഏറ്റവും കൂടുതൽ ശതകോടീശ്വരന്മാരുള്ള മൂന്നാമത്തെ രാജ്യമായി ഇന്ത്യമാറിക്കഴിഞ്ഞു. 2021ൽ അവരുടെ സംഖ്യ 19 ശതമാനമാണ് വർധിച്ചത്. രാജ്യവരുമാനത്തിൻറെ 57% കൈയാളുന്നത്. അതിസമ്പന്നരായ 10% ആളുകളാണെങ്കിൽ അവരിലെ ഏറ്റവും സമ്പന്നരായ ആറു ശതമാനം ആളുകളുടെ കൈയ്യിലാണ് 22% സമ്പത്തും. സാധാരണക്കാരയ 50% ജനങ്ങൾ രാഷ്ട്രവരുമാനത്തിന്റെ 13% മാത്രമാണു പങ്കുവയ്ക്കുന്നത്. എത്രമാത്രം രൂക്ഷമാണ് ജനങ്ങൾ തമ്മിലുള്ള അസന്തുലിതാവസ്ഥ എന്നത് രാജ്യത്തെ ഒന്നാകെ ചിന്തിപ്പിക്കേണ്ടതാണ്.

ഇന്ത്യ ഗവൺമെൻറിന്റെ മൊത്ത വരുമാനം 40ലക്ഷം കോടി രൂപയാണെങ്കിൽ ഇന്ത്യയിലെ 142 അതിസമ്പന്നരുടെ വരുമാനം 53 ലക്ഷം കോടി രൂപയാണ്. രാജ്യം ദരിദ്രമാവുകയും വ്യക്തികൾ അതിസമ്പന്നരാവുകയും ചെയ്യുന്ന ഈ പ്രവണത കോവിഡുകാലത്താണ് വർദ്ധിച്ചത് എന്ന് തിരിച്ചറിയേണ്ടതുണ്ട്.

## കാരണങ്ങൾ

അതിസമ്പന്നരെ പ്രോത്സാഹിപ്പിക്കുന്ന സർക്കാർ നയങ്ങൾ അസമത്വം വർധിക്കാൻ കാരണമാകുന്നുണ്ട്. കോർപറേറ്റ് ഭീമന്മാർക്കു പ്രോത്സാഹനങ്ങൾ നൽകുന്നതോടൊപ്പം രാജ്യത്തോടുള്ള അവരുടെ ഉത്തരവാദിത്വബോധം വർധിപ്പിക്കാനും സർക്കാരുകൾക്കു സാധിക്കണം. പല രാജ്യങ്ങളും ഇതു ചെയ്യുന്നത് അതിസമ്പന്നർക്ക് ഉയർന്ന നികുതി ഏർപ്പെടുത്തിക്കൊണ്ടാണ്. നമ്മുടെ രാജ്യത്ത് ദൗർഭാഗ്യവശാൽ ഇത്തരംസംവിധാനമില്ല. ഇടത്തരക്കാരനും അതിസമ്പന്നനും ഒരേ രീതിയിൽ നികുതി എന്ന രീതി ഒരിക്കലും ന്യായീകരിക്കാനാവില്ല. ഇന്ധനവിലവർധനവിലൂടെ സാധാരണക്കാരനിൽ നിന്നും പാവപ്പെട്ടവനിൽനിന്നും കൂടുതൽ നികുതി ഈടാക്കുന്ന രീതിയും നിർബാധം തുടരുന്നു. ഫലമോ ദരിദ്രർ കൂടുതൽ ദരിദ്രരാകുന്നു. കോടിക്കണക്കിന് രൂപ കടമെടുത്തിട്ട് തിരിച്ചടയ്ക്കാതെ രാജ്യം വിടുന്ന അതിസമ്പന്നരുടെ എണ്ണവും ഇക്കഴിഞ്ഞ വർഷങ്ങളിൽ കൂടിവന്നതും ഇതോടു ചേർത്തു വായിക്കേണ്ടതുണ്ട്.



ഉയർന്ന നികുതി ഈടാക്കുന്ന ചില യൂറോപ്യൻ രാജ്യങ്ങളിൽ

വിദ്യാഭ്യാസം, ആരോഗ്യപരിരക്ഷ, പൊതുഗതാഗതം തുടങ്ങിയവയ്ക്ക് കൂടുതൽ സൗജന്യങ്ങൾ നൽകി പൊതുജനജീവിതം ആയാസരഹിതമാക്കുന്നുണ്ട്. ഇന്ത്യയിലെ തന്നെ ഡൽഹി സംസ്ഥാനത്ത് ഇത്തരം കാര്യങ്ങളിൽ നൽകുന്ന സൗജന്യങ്ങൾ ശ്രദ്ധേയങ്ങളാണ്. വെള്ളം, വൈദ്യുതി, ഗതാഗതമേഖലകളിൽ പരമാവധി സൗജന്യങ്ങൾ നൽകിയിട്ടും മിച്ച ബജറ്റ് അവതരിപ്പിക്കാൻ കഴിയുന്നു എന്നത് ആ സംസ്ഥാനത്തിന്റെ മികവും ഭരണഫലമായി വേണം മനസിലാക്കാൻ.

വേതനത്തിന്റെ കാര്യത്തിൽ നിലനിൽക്കുന്ന അസമത്വങ്ങൾ ഇല്ലാതാക്കാൻ സർക്കാരുകൾക്കു സാധിക്കുന്നില്ല. കേരളത്തിൽ മിനിമം വേതനം ഒരു ദിവസത്തേക്ക് 700800രൂപ യാണെങ്കിൽ പല ഉത്തരേന്ത്യൻ സംസ്ഥാനങ്ങളിലും അത് 250 രൂപയാണ്. ഭക്ഷണത്തിനുവേണ്ടി ഒരു ദിവസം ജോലി ചെയ്യുന്ന അടിമത്തവ്യവസ്ഥിതി ചിലയിടങ്ങളിലെങ്കിലും ഇന്നും നിലനിൽക്കുന്നുണ്ട്. ശക്തമായ ഭരണനടപടികളിലൂടെ വേതനവ്യവസ്ഥയുടെ അസമത്വം അവസാനിപ്പിക്കാനുള്ള നടപടികൾ ഉണ്ടാകണം.

സാമൂഹ്യസുരിക്ഷാപദ്ധതികളിലൂടെ സൗജന്യവിദ്യാഭ്യാസവും ആരോഗ്യപരിരക്ഷയും ഇൻഷ്വറൻസ് പരിരക്ഷയും വാർധക്യകാലപെൻഷനുമൊക്കെ കൂടുതലായി നൽകാൻ സാധിക്കാത്തപ്പോഴും സമൂഹത്തിൽ അസമത്വം വർധിക്കുന്നു. കോവിഡുകാലത്ത് പൊതുമേഖലയ്ക്ക് കൂടുതൽ വിഹിതം അനുവദിച്ച് ജനങ്ങളെ സഹായിക്കാനുള്ള സമയമായിരുന്നു. എന്നാൽ ഇക്കാലത്ത് വിദ്യാഭ്യാസ ആതുരശുശ്രൂഷാമേഖലകൾക്കുള്ള കേന്ദ്രവിഹിതം കുത്തനെ കുറഞ്ഞു എന്നാണ് ഓക്സ്ഫാം റിപ്പോർട്ട് സൂചിപ്പിക്കുന്നത്. ഈ കാലഘട്ടത്തിൽ പൊതുവിദ്യാഭ്യാസത്തിൽ ആറുശതമാനവും കഴിഞ്ഞ വർഷത്തെ ആരോഗ്യബജറ്റിൽ 10 ശതമാനവും കുറഞ്ഞതായി റിപ്പോർട്ടു വെളിപ്പെടുത്തുന്നു. സാമൂഹ്യ സുരക്ഷയ്ക്കായുള്ള വിഹിതത്തിലും ഗണ്യമായ കുറവ് വന്നു. ഇതെല്ലാം ഇന്ത്യയുടെ ഭാവിയെ സംബന്ധിച്ചിടത്തോളം ആശങ്കാജനകമാണ്.

### കേരളത്തിന്റെ സാഹചര്യം

സമൂഹ്യവളർച്ചയുടെ പല സൂചനകളിലും കേരളം ഒന്നാം സ്ഥാനത്തു നിൽക്കുമ്പോഴും മെച്ചപ്പെട്ട ജീവിതം തേടി വിദേശത്തേയ്ക്ക് ഒഴുകുന്ന മിടുക്കരായ മലയാളി യുവജനങ്ങളുടെ സാഹചര്യങ്ങളെ നാം യാഥാർഥ്യബോധത്തോടെ വിലയിരുത്തേണ്ടതുണ്ട് വിദേശപണം നമ്മുടെ നാടിന്റെ അഭിവൃദ്ധിക്ക് പ്രധാനകാരണമാണെന്ന് അംഗീകരിക്കുമ്പോഴും അതിലൂടെ സംഭവിക്കുന്ന പ്രതിഭാനഷ്ടം നമ്മുടെ നാടിനെ ദോഷകരമായി ബാധിക്കും എന്നത് ഒരു വസ്തുതയാണ്. അതിസമർത്ഥരായ ചെറുപ്പക്കാർക്ക് അഭിമാനബോധത്തോടെ ജീവിക്കാനും മാന്യമായ വേതനം ലഭിക്കാനുമുള്ള സാഹചര്യം ഇല്ലാതെ പോകുമ്പോൾ അവർ നമ്മുടെ നാടിന് എന്നന്നേക്കുമായി നഷ്ടപ്പെടുകയാണ്.

ഓരോദിവസവും വാർത്തകളിൽ നിറയുന്ന അക്രമപരമ്പരകൾക്കു ഗുണ്ടാസംഘങ്ങൾക്കും പിന്നിൽ സാമ്പത്തിക അസമത്വവും അതിജീവനവും പ്രധാന പ്രേരകങ്ങളാണെന്നു കാണാൻ കഴിയും. വർധിക്കുന്ന മദ്യപാനം സർക്കാരിനു വമ്പിച്ച നികുതി വരുമാനം നൽകുന്നുണ്ടെങ്കിലും അതു സാധാരണക്കാരുടെ മാനസികവും ശാരീരികവും സാമ്പത്തികവുമായ ആരോഗ്യത്തെ ദോഷകരമായി ബാധിക്കുന്നു. ഏറ്റവും ഉയർന്ന കൂലി കിട്ടുന്ന സംസ്ഥാനമായ കേരളത്തിലെ കുടുംബങ്ങളിൽ ഇപ്പോഴും ദാരിദ്ര്യം നിലനിൽക്കുന്നുണ്ടെങ്കിൽ അതിനു പ്രധാനമായ ഒരു കാരണം മദ്യപാനമാണ്. സമൂഹത്തിന്റെ ആരോഗ്യം വർധിപ്പിക്കേണ്ടതെങ്ങനെയെന്നു ചിന്തിക്കുമ്പോൾ മദ്യപാനത്തിലേക്കു വ്യക്തികളെ തള്ളിവിടുന്ന കാരണങ്ങളെ നാം ഗൗരവമായി വിലയിരുത്തണം. ജീവിതത്തോടുള്ള അസംതൃപ്തിയും ഭാവിയെക്കുറിച്ചുള്ള അരക്ഷിതാവസ്ഥയും ആശങ്കകളും ഒരു പരിധിവരെ ഇതിനു കാരണമാകുന്നുണ്ട്. ഇത്തരം അടിസ്ഥാനപ്രശ്നങ്ങളെ പരിഹരിക്കാൻ സമൂഹമൊന്നാകെ പരിശ്രമിക്കുമ്പോഴാണ് ക്ഷേമരാഷ്ട്രം കെട്ടിപ്പെടുക്കാൻ നമുക്ക് സാധിക്കുന്നത്.



www.malankaralibrary.com

### അസമത്വവും സാമൂഹികതിന്മകളും

തിന്മകളിൽ ഏറ്റവും വലുതും അക്രമങ്ങളിൽ ഏറ്റവും നീചവും ദാരിദ്ര്യമാണെന്നു പറഞ്ഞുവച്ചത് ബെർണാർഡ്ഷായാണ്. വരുമാനത്തിന്റെ കുറവ് എന്നതിനെക്കാൾ മാന്യമായി മനുഷ്യജീവിതം നയിക്കാനാവാത്ത അവസ്ഥയാണു ദാരിദ്ര്യമെന്ന് അമർത്യാസെന്നിനെപ്പോലെയുള്ളവർ പ്രസ്താവിക്കുന്നു. സ്വാതന്ത്ര്യത്തോടെയും സന്തോഷത്തോടെയും ജീവിക്കാനാവാത്ത അവസ്ഥകൾ ഇതിൽ ഉൾച്ചേർന്നിരിക്കുന്നു.

അസമത്വം മൂലമുണ്ടാകുന്ന ദാരിദ്യം ഒരുവനെ കോപാക്രാന്തനും നിരാശനുമാക്കിത്തീർക്കും. പ്രത്യേകിച്ചും അസമത്വങ്ങളടങ്ങിയിരിക്കുന്ന അനീതി എതിർപ്പിലേക്കും അക്രമങ്ങളിലേക്കും നയിക്കുമെന്നതിന് ചരിത്രം തന്നെയാണ് സാക്ഷി. ദാരിദ്ര്യം എപ്പോഴും അക്രമത്തിലേക്ക് നയിക്കും എന്ന് പറയാനാവില്ലെങ്കിലും അസമത്വം വ്യക്തികളിൽ അസംതൃപ്തിയും വെറുപ്പും അക്രമവാസനകളും വളർത്തും എന്നത് കാണാതിരുന്നുകൂടാ.

### സാമൂഹികതിന്മകളുടെ വേര് അസമത്വത്തിൽ

സാമൂഹിക തിന്മകളുടെ വേര് അസമത്വത്തിലാണെന്ന് പരിശുദ്ധ ഫ്രാൻസിസ് പാപ്പ ഒരിക്കൽ ട്വിറ്ററിൽ കുറിച്ചു. സുവിശേഷത്തിന്റെ ആനന്ദം എന്ന അപ്പസ്തോലിക ആഹ്വാനത്തിൽ അദ്ദേഹം പറയുന്നു: 'ഒഴിവാക്കലിന്റെയും അസമത്വത്തിന്റെയും ഒരു സമ്പദ് വ്യവസ്ഥയോട് നമുക്കും അരുത് എന്ന് പറയേണ്ടിയിരിക്കുന്നു. അത്തരമൊരു സമ്പദ് വ്യവസ്ഥ മാരകമാണ്. പാർപ്പിടമില്ലാത്ത പ്രായധിക്യമുള്ള ഒരാൾ അനാവൃതനായതുകൊണ്ടു മരിക്കുമ്പോൾ, അത് വാർത്തയാകാതിരിക്കുകയും സ്റ്റോക്ക്മാർക്കറ്റിൽ രണ്ടു പോയിന്റുകൾ നഷ്ടപ്പെടുമ്പോൾ അത് വാർത്തയാകുകയും ചെയ്യുന്നതെങ്ങനെയാണ്? ഇത് ഒഴിവാക്കലിന്റെ ഒരു കാര്യമാണ്. ആളുകൾ പട്ടിണി കിടക്കുന്ന സമയത്ത് ഭക്ഷണം പാഴാക്കിക്കളയുന്നതിനെ തുടർന്നും നമുക്കാനുകൂലിക്കാൻ കഴിയുമോ? ഇത് അസമത്വത്തിന്റെ ഒരു വിഷയമാണ് (നം. 53).

രാജ്യം സാമ്പത്തിക വളർച്ച നേടുമ്പോൾ സ്വാഭാവികമായിത്തന്നെ ദരിദ്രർ ഇല്ലാതായിക്കൊള്ളും എന്ന സിദ്ധാന്തത്തെയും ഫ്രാൻസിസ് പാപ്പ തള്ളിക്കളഞ്ഞു. അതിസമ്പന്നരുടെ കൈയിൽ സമ്പത്ത് കുമിഞ്ഞ് കൂടുന്നതിലൂടെ ദരിദ്രർക്കു പ്രയോജനമുണ്ടാകുന്നില്ലന്നതു മനസിലാക്കാൻ ഇന്ത്യയുടെ ഉദാഹരണം മാത്രം മതി.



### പരിഹാരങ്ങൾ

അസമത്വം ഇല്ലാതാക്കാൻ അഭിമാനബോധം വർധിക്കണം. സമ്പത്തുണ്ടായതുകൊണ്ടുമാത്രം അസമത്വം ഇല്ലാതാകുന്നില്ല. തുല്യതയോടെ ജീവിക്കാനും പാർശ്വവൽക്കരിക്കപ്പെടുന്നവരും ചൂഷിതരും പൊതുധാരയിലേയ്ക്ക് കടന്നുവരാനുള്ള സാഹചര്യങ്ങൾ ഉണ്ടാകണം. പൊതുമേഖലയുടെ ശാക്തീകരണത്തോടൊപ്പം ധാർമ്മീകമായ പരിശീലനവും പൗരധർമ്മത്തെക്കുറിച്ചുള്ള കാഴ്ചപ്പാടുകളും വിദ്യാഭ്യാസത്തിന്റെ ഭാഗമാകണം.

അതിസമ്പരുടെ കടമിളച്ചുകൊടുക്കാൻ മടിയില്ലാത്ത സർക്കാർ കർഷകരുടെയും ദരിദ്രരുടെയും കടമിളച്ചുകൊടുക്കേണ്ടതാണ്. തൊഴിലിന് മാന്യമായ വേതനവും തൊഴിൽ ചെയ്യാനാവശ്യമായ മനോനിലയും സൃഷ്ടിക്കാൻ സാധിക്കണം.

സ്വകാര്യമേഖലയെ നിയമാനുസൃതമായി പിന്തുണച്ചുകൊണ്ട് കൂടുതൽ മെച്ചപ്പെട്ട തൊഴിലവസരങ്ങൾ സൃഷ്ടിച്ച് കൂടുതൽ ചെറുപ്പക്കാർക്ക് മാന്യമായ വേതനത്തിനുള്ള അവസരമനൊരുക്കാൻ കഴിയും.

അതിസമ്പന്നരെ പ്രോത്സാഹിപ്പിക്കുന്ന നയങ്ങളാണ് പിൻവലിക്കപ്പെട്ട കർഷകനിയമങ്ങളിലൊക്കെ നിഴലിച്ചത്. ഇന്ത്യയുടെ ഭൂരിഭാഗംവരുന്ന മധ്യവർഗ, ദരിദ്ര ജനവിഭാഗങ്ങളെ ലക്ഷ്യം വച്ച് പദ്ധതികൾ രൂപീകരിക്കാൻ സാധിക്കണം.

എല്ലാവർക്കും മിനിമം വരുമാനം ലഭിക്കുന്നതരത്തിലുള്ള പദ്ധതികളും എല്ലാ മുതിർന്ന പൗരന്മാർക്കും ജീവിക്കാനാവശ്യമായ പെൻഷനും തൊഴിലില്ലാത്തവർക്കുവേണ്ടിയുള്ള ക്രിയാത്മകപദ്ധതികളും കൂടുതലായി ഉണ്ടാകണം.

www.malankaralibrary.com



# വിവേകാനന്ദന്റെ ഭ്രാന്താലയവും കുറെ കന്യാസ്ത്രീകളും

*സി. സോണിയ തെരേസ് ഡിഎസ്ജെ*
*കോഓർഡിനേറ്റർ, വോയ്സ് ഓഫ് നൺസ്*



**ജാ**തിയുടെയും മതത്തിന്റെയും പേര് പറഞ്ഞ് തൊട്ടുകൂടായ്മയും തീണ്ടിക്കൂടായ്മയും ഒക്കെ കൊടുമ്പിരി കൊണ്ടിരുന്ന 1892ൽ ആണ് സ്വാമി വിവേകാനന്ദൻ കേരളം സന്ദർശിച്ചത്. വേർതിരിവുകളുടെ മതിൽ കെട്ടിനുള്ളിൽ ശ്വാസം മുട്ടി ജീവിക്കുന്ന കേരളീയരെയും കേരളത്തെയും ഭ്രാന്താലയം എന്ന് വിശേഷിപ്പിച്ച് അദ്ദേഹം ഈ ദേശത്തു നിന്ന് കടന്നു പോയി. സ്വാമി വിവേകാനന്ദൻ കണ്ട കേരളം എന്ന ഭ്രാന്താലയം ദൈവത്തിന്റെ സ്വന്തം നാടാക്കാൻ അഹോരാത്രം കഠിനാധ്വാനം ചെയ്തവരിൽ ക്രൈസ്തവ സന്യസ്തരും ഉണ്ടായിരുന്നു എന്ന ചരിത്രസത്യം ആരും മറന്ന് പോകരുത്...

ഇന്ന് നിങ്ങൾ കാണുന്ന ഈ മനോഹരമായ കേരളത്തെ പടുത്തുയർത്തിയിതിന് പിന്നിലുള്ള ഒരു രഹസ്യം കേരളത്തിന്റെ ഓരോ കോണിലും അനേകായിരം ക്രൈസ്തവ സന്യസ്തരുടെ വിയർപ്പുതുള്ളികൾ ഇറ്റുവീണതാണ്. പകലന്തിയോളം കഠിനാധ്വാനം ചെയ്ത് രാത്രിയുടെയും പ്രഭാതത്തിന്റെയും യാമങ്ങളിൽ ദൈവതിരുമുമ്പിൽ തങ്ങളായിരിക്കുന്ന ദേശത്തിനും അവിടെ വസിക്കുന്ന ഓരോ മനുഷ്യ ജന്മങ്ങൾക്കും വേണ്ടി മനസുരുകി പ്രാർത്ഥിക്കുന്ന ഈ ചെറിയ സമൂഹത്തിനെയാണ് ഇന്ന് നിങ്ങൾ അടിമകൾ, അബലകൾ, വേശ്യകൾ, ലെസ്ബിയൻസ് എന്നീ വിശേഷണങ്ങൾ നൽകാൻ മത്സരിക്കുന്നത്.



ഈ ലോകത്തിലുള്ള മലയാളികളിൽ 90 % ആൾക്കാർക്കും വിദ്യ പകർന്ന് നൽകിയോ, രോഗാവസ്ഥയിൽ ശുശ്രൂഷിച്ചോ, ജീവിത നൊമ്പരങ്ങളിൽ സാന്ത്വനം നൽകിയോ, അനാഥത്വത്തിൽ അമ്മയുടെ സ്നേഹം നൽകിയോ, വാർദ്ധക്യത്തിന്റെ ഏകാന്തതയിൽ മകളുടെ കരുതൽ നൽകിയോ ഒക്കെ ഒരു ജനതയുടെ കൂടെ നടന്നവരും നടക്കുന്നവരുമാണ് ഈ ക്രൈസ്തവ സന്യസ്തർ. ഉള്ളിൽ നന്മയുള്ളവർ തിരിച്ചറിയുന്ന അല്ലെങ്കിൽ സ്നേഹത്തോടെ വിളിക്കുന്ന പേരാണ് കന്യാസ്ത്രീ അമ്മമാർ എന്നത്.

ഓരോ കാലഘട്ടത്തിന്റെയും അതാത് ദേശത്തിന്റെയും ആവശ്യങ്ങൾക്ക് അനുസരിച്ച് ഹൃദയത്തിന്റെയും ഭവനത്തിന്റെയും വാതിലുകൾ തുറന്ന് കേരള സമൂഹത്തിന്റെ ഒരു മൂലക്കല്ലായി മാറിയ ക്രൈസ്തവ സന്യാസത്തെ ഒളിഞ്ഞും തെളിഞ്ഞും ചെളിവാരി എറിയുവാൻ മത്സരിക്കുന്നവർ പോലും തങ്ങളുടെ ആവശ്യങ്ങളിൽ ക്രൈസ്തവ സന്യസ്തരുടെ സ്ഥാപനങ്ങൾ തേടി പോകുന്നതിന് പിന്നിലെ കാരണം തങ്ങൾ മുഖത്ത് എറിഞ്ഞ് പിടിപ്പിച്ച ചെളി ഒരു കൈകൊണ്ട് തുടച്ചു കളഞ്ഞിട്ട് ചെറുപുഞ്ചിരിയോടെ “ദേ... നിങ്ങളുടെ കൈകൾ നിറയെ ചെളി ആണല്ലേ! വേഗം അത് അങ്ങ് കഴുകികളയൂ” എന്ന് പറഞ്ഞ് തങ്ങൾ നിന്ദിച്ചവർ തന്നെ വെള്ളം ഒഴിച്ച് തരും എന്ന ഉറപ്പുള്ളതിനാലാണ്.

“എന്റെ ഈ ഉടുപ്പ് ആണ് എനിക്ക് സമൂഹത്തിൽ ഒരു സ്റ്റാറ്റസ് നൽകുന്നത്, എന്റെ ഈ ശിരോവസ്ത്രം എനിക്ക് ഒരു കിരീടം ആണ്. എനിക്ക് സമൂഹത്തിൽ ഒരു സെറ്റപ്പും ഗെറ്റപ്പും ഒക്കെ നൽകുന്നത് ഈ വസ്ത്രമാണ്” എന്ന് വിളിച്ച് പറയുന്ന ചില സഹോദരിമാരെ നിങ്ങൾ കണ്ടിട്ടുണ്ടാകാം. എന്നാൽ ഞങ്ങളുടെ ഈ വസ്ത്രം ആത്മ സമർപ്പണത്തിന്റെ, വിശുദ്ധിയുടെ, ലാളിത്യത്തിന്റെ, നിസ്വാർത്ഥ സേവനത്തിന്റെ പ്രതീകമാണ്. ഫാഷൻ പരേഡിനോ, ഫോട്ടോഷൂട്ടിനോ, വേണ്ടി വേഷം കെട്ടാനുള്ള വസ്ത്രമല്ലിത്. ഇത് ഒരു ജീവിത സമർപ്പണത്തിന്റെ അടയാളമാണ് എന്ന് ആവർത്തിച്ച് പറയാൻ ഞാൻ ആഗ്രഹിക്കുന്നു...

**പിന്നിട്ട വഴികളിലേക്ക് ഒരു പിന്തിരിഞ്ഞുനോട്ടം:**

19 ആം നൂറ്റാണ്ടിന്റെ അവസാനത്തോടെ ക്രൈസ്തവ ദേവാലയങ്ങളോട് ചേർന്ന്

www.malankaralibrary.com



പള്ളിക്കൂടങ്ങൾ സ്ഥാപിതമാവുകയും ജാതിമതവർണ്ണ വ്യത്യാസങ്ങൾ നോക്കാതെ ആ പള്ളിക്കൂടങ്ങളുടെ വാതിലുകൾ മലർക്കെ തുറന്നിടുകയും ചെയ്തു. സവർണ്ണർ, അവർണ്ണർ എന്നുള്ള വേർതിരിവുകൾ ഇല്ലാതെ പള്ളിക്കൂടങ്ങളിൽ വിദ്യ പകർന്ന് നൽകുവാൻ ചില സ്ത്രീകളും മുന്നോട്ട് വന്നിരുന്നു. ഒരു പക്ഷെ അന്നുവരെ അധികമാരും കണ്ട് ശീലിക്കാത്ത വസ്ത്രധാരണം ആയിരുന്നു ആ സ്ത്രീകളെ മറ്റുള്ളവരിൽ നിന്ന് അല്പം വ്യത്യസ്തരാക്കിയത്. കൈകളും പാദങ്ങളും വരെ നീണ്ട അങ്കി, തലയിൽ ശിരോവസ്ത്രം കഴുത്തിൽ ഒരു കുരിശോ അല്ലെങ്കിൽ ക്രിസ്തുവിന്റെ മുഖം പതിഞ്ഞ ഒരു കാശുരൂപമോ ചരടിൽ കെട്ടി തൂക്കിയിരിക്കുന്നു. കൈകളിൽ ഒരു കൊന്തയും.

ഒരു പക്ഷേ നേരിട്ട് ചോദിക്കാനുള്ള ധൈര്യം ഇല്ലാത്തതിനാൽ അല്പം ആശങ്കയോടെ പലരും പരസ്പരം ചോദിക്കുന്നു "ഇവർ എന്തേ ഇങ്ങനെ വസ്ത്രം ധരിച്ചിരിക്കുന്നത്?" ആരൊക്കെയോ ശബ്ദം താഴ്ത്തി പറയുകയാണ്: "ഇവരാണ് കന്യാസ്ത്രീമാർ. ക്രിസ്തുവിനെ സ്നേഹിക്കുന്ന ഇവർ വിവാഹം കഴിക്കാതെ തങ്ങളുടെ ജീവിതം ക്രിസ്തുവിനായി സമർപ്പിക്കുന്നു. തങ്ങളുടെ ചുറ്റും ഉള്ള ആൾക്കാരിൽ ക്രിസ്തുവിന്റെ മുഖം കണ്ട് അവരുടെ ആവശ്യങ്ങളിൽ ആവരെ സഹായിക്കുന്നു. സന്യാസിനികൾ, കന്യാസ്ത്രീകൾ എന്നൊക്കെയാണ് ഇവർ വിളിക്കപ്പെടുന്നത്..." 1865 മുതൽ ക്രൈസ്തവ സന്യാസിനികൾ നടത്തിയ ഒരു നിശബ്ദ ജൈത്രയാത്രയുടെ ഫലം കൂടിയാണ് ഇന്ന് നിങ്ങൾ കാണുന്ന കേരളമെന്ന ഈ മനോഹര തീരം...



**ജീർണ്ണിച്ച ജേർണലിസവും**
**മരവിച്ച നിയമ സംവിധാനങ്ങളും:**

ലൈംഗിക വിദ്യാഭ്യാസത്തിന്റെ ദാരിദ്ര്യം ആവോളം ഉള്ളതിനാൽ ധാരാളം പ്രേഷകരെ കിട്ടും എന്ന ഉറപ്പുള്ളതിനാൽ സ്ത്രീപീഢന കേസുകൾ ചർച്ച ചെയ്യാൻ കേരളത്തിലെ മാധ്യമങ്ങൾക്ക് വല്ലാത്ത ആർത്തിയാണ്. പക്ഷെ സ്ത്രീയെ പീഡിപ്പിക്കാതിരിക്കുന്ന ഒരു സമൂഹത്തെ വാർത്തെടുക്കാൻ മാധ്യമപ്രവർത്തകർക്കോ, ഭരണാധികാരികൾക്കോ, നിയമ പാലകർക്കോ, വനിതാ കമ്മീഷനോ, മറ്റ് സംഘടനകൾക്കോ ഒരു താല്പര്യവും ഇല്ല എന്നത് പച്ചയായ യാഥാർത്ഥ്യം ആണ്. ഒരുവശത്ത് സ്ത്രീക്ക് നീതി മേടിച്ച് കൊടുക്കാൻ എന്ന വ്യാജേന നടത്തുന്ന ചർച്ചകളും മറുവശത്ത് സ്ത്രീകളെയും സ്ത്രീത്വത്തെയും എങ്ങനെ പിച്ചിചീന്താം എന്ന് ഗവേഷണം നടത്തുകയും ചെയ്യുന്ന വികലമായ മാധ്യമധർമ്മത്തെ ആവിഷ്ക്കാര സ്വാതന്ത്ര്യം എന്ന് വിശേഷിപ്പിക്കുന്നതിനെ വിരോധാഭാസം എന്നല്ലാതെ എന്ത് പറയാൻ. കഴിഞ്ഞ ഏതാനും വർഷങ്ങളായി സ്ത്രീകളെ, പ്രത്യേകിച്ച് കന്യാസ്ത്രീകളെ, സിനിമകളിൽ കൂടിയും സോഷ്യൽ മീഡിയ വഴിയും ഓൺലൈൻ വാർത്താ ചാനലുകൾ വഴിയും യൂറ്റ്യൂബ് ചാനലുകൾ വഴിയും ഇതാ ഇപ്പോൾ ഫോട്ടോഷൂട്ട് വഴിയും ഒക്കെ നിന്ദിക്കുകയും വികലമായ കാഴ്ച്ചപ്പാടോടെ അന്തിചർച്ചകൾ നടത്തുകയും ചെയ്യുമ്പോഴും അറിയാതെ ആഗ്രഹിക്കുന്ന ഒരു കാര്യമാണ് താഴെക്കുറിക്കുന്നത്:

2022 ജനുവരി 24 ന് ഇറ്റലിയിലെ ലിവോർണോയിൽ പാർക്കിൽ കളിച്ചുകൊണ്ടിരുന്ന യഹൂദവംശജനായ 12 വയസുകാരനായ ഒരു ബാലനെ "നീ യഹൂദൻ ആണല്ലേ" എന്ന് ചോദിച്ച് ഒരാൾ വളരെ ക്രൂരമായി ആക്രമിക്കുവാനിടയായി. അന്ന് വൈകിട്ടുള്ള ന്യൂസുകളിൽ എല്ലാം ഈ ആക്രമണം പ്രധാന വാർത്തയായി. ഉടൻ ഗവൺമെന്റ് ഇടപെടുകയും കോടതി നിർദ്ദേശപ്രകാരം വിശദമായ ഒരു അന്വേഷണം ആരംഭിക്കുകയും ചെയ്തു. രാജ്യത്ത് വംശീയ വിദ്വേഷമോ, വർഗ്ഗീയ വിദ്വേഷമോ പടർത്തുന്ന പ്രവർത്തികളോ, ആശയങ്ങളോ അനുവദിക്കാതിരിക്കാൻ ഭരണാധികാരികളും നിയമപാലകരും ജേർണലിസ്റ്റുകളും കൈകോർക്കുന്ന ഒരു കാഴ്ചയാണ് പിന്നീടങ്ങോട്ട് കണ്ടത്.

രണ്ടാം ലോകമഹായുദ്ധ കാലത്ത് യഹൂദ സമൂഹവും യൂറോപ്പും അനുഭവിച്ച യാതനകളും വേദനകളും വിവരിക്കുന്ന സിനിമ പ്രക്ഷേപണം ചെയ്തും നാസികളുടെ ക്രൂരതകൾക്ക് ഇരകളായിട്ടും ഇന്നും ജീവിച്ചിരിക്കുന്നവരെ ഇന്റർവ്യൂ ചെയ്തും ഒരു ജനതയെ ബോധവത്ക്കരിക്കാൻ ഇറ്റാലിയൻ മാധ്യമ പ്രവർത്തകർ നടത്തിയ കഠിന പ്രയത്നങ്ങളെ എത്ര വർണ്ണിച്ചാലും മതിവരില്ല. ഈ സംഭവകഥ ഇവിടെ കുറിക്കാൻ കാരണം ഓരോ രാജ്യത്തിന്റെയും ദേശത്തിന്റെയും ഭൂതകാലം ഇരുൾ നിറഞ്ഞതായിരുന്നു. പതിറ്റാണ്ടുകൾക്ക് ശേഷം ഇന്ന് നാം കാണുന്ന നന്മയും വെളിച്ചവും പൂത്തുലയുന്നതിന് കാരണം ചെറിയവരും വലിയവരുമായ അനേകായിരങ്ങളുടെ ത്യാഗങ്ങളുടെയും വിയർപ്പുതുള്ളികളുടെയും ഫലമാണ്. പിന്നിട്ട വഴികൾ ഒരിക്കലും മറന്ന് പോകരുത്. അഥവാ ആരെങ്കിലും അവ മറന്ന് ഭൂതകാലത്തെ തിരികെ കൊണ്ടുവരാൻ പരിശ്രമിക്കുമ്പോൾ അവ മുളയിലെ നുള്ളാൻ പരിശ്രമിച്ചില്ലെങ്കിൽ വരാൻ പോകുന്ന ദുരന്തം ഭയാനകമായിരിക്കും...

www.malankaralibrary.com



# മാനന്തവാടി എൽഎഫ് സ്കൂളിൽ അരങ്ങേറിയത് ആസൂത്രിതമായ നാടകം

സമീപകാലങ്ങളിലായി നാം കേരളത്തിലും മറ്റു ചില സംസ്ഥാനങ്ങളിലും കണ്ടുകൊണ്ടിരിക്കുന്ന ചില വർഗ്ഗീയ പ്രതിഭാസങ്ങളുടെ തുടർച്ചയായേ മാനന്തവാടിയിൽ ലിറ്റിൽ ഫ്ളവർ സ്കൂളുമായി ബന്ധപ്പെട്ട് സൃഷ്ടിച്ച വിവാദത്തെ കാണാൻ കഴിയൂ. കർണ്ണാടകയിൽ ഹിജാബ് വിവാദത്തെ തുടർന്ന് പ്രതിഷേധ സ്വരവുമായി ബുർഖധാരികളായി നിരത്തിലിറങ്ങുന്ന നൂറുകണക്കിന് മുസ്ളീം സ്ത്രീകളും ആയിരക്കണക്കിന് മുസ്ളീം സംഘടനാ പ്രവർത്തകരും അവർ മുന്നോട്ടു വയ്ക്കുന്ന ആശയങ്ങളും, അതിന് പിന്തുണനൽകാൻ കേരളത്തിൽ നടന്നുവരുന്ന തീവ്ര പ്രയത്നങ്ങളും പശ്ചാത്തലമായി കാണേണ്ടതുണ്ട്. ഒപ്പം, ഇസ്‌ലാമിക രീതികൾ പൊതുസമൂഹത്തെക്കൊണ്ട് അംഗീകരിപ്പിക്കാൻ കഴിഞ്ഞ ചില വർഷങ്ങളായി നടക്കുന്ന ആസൂത്രിത ശ്രമങ്ങളും, ക്രൈസ്തവ സ്ഥാപനങ്ങളെയും കത്തോലിക്കാസഭയെയും മോശമായി ചിത്രീകരിക്കാനുള്ള ശ്രമങ്ങളും കണക്കിലെടുക്കേണ്ടതുണ്ട്. ഒരേ സമയം വിവിധ ലക്ഷ്യങ്ങളോടെ ആസൂത്രണം ചെയ്ത ഒരു പദ്ധതിയുടെ സാന്നിധ്യം സംശയിക്കാൻ വിവിധ കാരണങ്ങളുണ്ട്.

1. സ്കൂൾ വിദ്യാർത്ഥിയായ പെൺകുട്ടിയുടെ പിതാവായ ഒരു വ്യക്തിയാണ് കുട്ടിക്ക് യൂണിഫോമിനൊപ്പം കൈനീളമുള്ള ഇന്നർ ധരിക്കാനും, ഷാൾ ധരിക്കാനുമുള്ള അനുമതി ആവശ്യപ്പെട്ട് പ്രിൻസിപ്പലിന് മുന്നിലെത്തുന്നത്. എന്നാൽ, ഈ വിഷയം സംബന്ധിച്ച യാദൃശ്ചികമായി പരാമർശങ്ങൾ പ്രധാനാധ്യാപിക കുട്ടികൾക്ക് മുന്നിൽ നടത്തിയ ദിവസവും പിന്നീടുള്ള ദിവസങ്ങളിലും പ്രസ്തുത പെൺകുട്ടി സ്കൂളിൽ എത്തിയിരുന്നില്ല. അന്വേഷണത്തിൽ നിന്ന് കുട്ടിക്ക് ജലദോഷമാണെന്നാണ് അറിഞ്ഞതെന്ന് പ്രിൻസിപ്പൽ ആരംഭത്തിൽ തന്നെ വ്യക്തമാക്കിയിരുന്നു. ഇക്കാരണത്താൽ, മകൾ പറഞ്ഞല്ല ഇക്കാര്യം അയാൾ അറിഞ്ഞതെന്ന് വ്യക്തം. ഏതോ ഗ്രൂപ്പിനുള്ളിൽ നടന്ന ചർച്ചയിൽനിന്ന് ഉരുത്തിരിഞ്ഞ ആശയപ്രകാരം ആ വ്യക്തി ഈ ദൗത്യത്തിന് നിയോഗിക്കപ്പെടുകയായിരുന്നു.
2. ആദ്യ പദ്ധതി പ്രകാരം തലേദിവസം തന്നെ ഫോണിൽ വിളിച്ച് സംസാരിച്ച ആ വ്യക്തി വളരെ പ്രകോപനപരമായി തട്ടിക്കയറുകയാണുണ്ടായതെന്ന് പ്രിൻസിപ്പൽ പറയുന്നു. അത്തരത്തിൽ സംസാരിച്ചും, പ്രകോപിപ്പിച്ചും വോയ്സ് റെക്കോർഡ് ചെയ്യുകയായിരിക്കണം ലക്ഷ്യം എന്ന് അനുമാനിക്കാം. എന്നാൽ ഫോണിൽ സംസാരിക്കാൻ തയ്യാറാകാതിരുന്ന സിസ്റ്റർ അയാളോട് നേരിട്ട് സ്കൂളിൽ എത്താൻ





www.malankaralibrary.com



ആവശ്യപ്പെടുകയായിരുന്നു.


3. സ്കൂളിൽ പ്രവേശിച്ച ആ വ്യക്തി ആരുടെയെങ്കിലും കണ്ണിൽ പെടുന്നതിന് മുമ്പ് തന്നെ മൊബൈൽഫോണിൽ ക്യാമറ ഓൺ ചെയ്ത് ലെൻസ് പുറത്തു വരുന്ന രീതിയിൽ ഷർട്ടിന്റെ പോക്കറ്റിൽ വയ്ക്കുകയാണ് ഉണ്ടായിട്ടുള്ളത്. വീഡിയോ റെക്കോർഡ് ചെയ്യുന്നുണ്ടെന്ന് ആർക്കും മനസിലാകാതിരിക്കാൻ അയാൾ പ്രത്യേകം ശ്രദ്ധിക്കുന്നുണ്ട്. ഇക്കാരണങ്ങളാൽ അയാളുടെ പ്രധാന ആഗമന ഉദ്ദേശ്യം വീഡിയോ റെക്കോർഡ് ചെയ്യുക തന്നെയാണെന്ന് ഉറപ്പിക്കാം. തുടർന്നുള്ള അയാളുടെ ചോദ്യങ്ങളിൽ നിന്നും അത് വ്യക്തമാണ്. വളരെ സംയമനത്തോടെയും കാര്യമാത്രപ്രസക്തമായും സംസാരിക്കുന്ന പ്രധാനാധ്യാപികയെ ശാന്തമായി സംസാരിച്ചുകൊണ്ടുതന്നെ പ്രകോപിപ്പിക്കാൻ അയാൾ പരമാവധി ശ്രമിക്കുന്നുണ്ട്. ചില വിവാദ പരാമർശങ്ങൾ സിസ്റ്ററുടെ നാവിൽനിന്ന് വീണുകിട്ടുകയായിരുന്നു അയാളുടെ ആവശ്യം.

4. അയാൾ റെക്കോർഡ് ചെയ്ത വീഡിയോയുടെ ആദ്യഭാഗം ഒഴിവാക്കിയാണ് മാധ്യമങ്ങൾക്ക് നൽകിയിട്ടുള്ളത്; അഥവാ, ആരംഭഘട്ടത്തിൽ ഇടപെട്ട ഇസ്ലാമിക മാധ്യമങ്ങൾ മനഃപൂർവ്വം ആദ്യഭാഗം ഒഴിവാക്കി. ആരംഭത്തിൽ തന്റെ നിലപാടുകൾ വ്യക്തതയോടെ പ്രധാനാധ്യാപിക പറയുന്നുണ്ട്. തുടർന്നുപറയുന്നതിലും കാര്യങ്ങൾ വ്യക്തമാണെങ്കിലും ചില വാചകങ്ങൾ മാത്രം എഡിറ്റ് ചെയ്താണ് അത്തരം മാധ്യമങ്ങൾ ന്യൂസ് പ്രസിദ്ധീകരിച്ചിട്ടുള്ളത്.

5. ഹിജാബ് എന്ന് വീഡിയോയിൽ ഒരിടത്തും ആരും പറയുന്നില്ലെങ്കിലും 'ഹിജാബ് വിവാദം' എന്നാണ് അത്തരം മാധ്യമങ്ങൾ ഈ സംഭവത്തെ വിശേഷിപ്പിച്ചിട്ടുള്ളത്. കർണാടകയിൽ നടന്നുകൊണ്ടിരിക്കുന്ന ഹിജാബ് വിവാദത്തെയും, ഈ സംഭവത്തെയും, ക്രൈസ്തവ സ്ഥാപനങ്ങളെയും, കത്തോലിക്കാ സഭയെയും തമ്മിൽ ബന്ധിപ്പിക്കുന്നതിനുള്ള മനഃപൂർവ്വമുള്ള ശ്രമങ്ങൾ വാർത്തകളിലും സോഷ്യൽമീഡിയയിലെ പുനരാഖ്യാനങ്ങളിലും പ്രകടമാണ്. അതിനാൽത്തന്നെ ഈ വിവാദം സൃഷ്ടിച്ചെടുത്തതാണെന്ന് മനസിലാക്കാം.

6. പ്രിൻസിപ്പലുമായി സംസാരിച്ച് വീഡിയോ റെക്കോർഡ് ചെയ്ത വ്യക്തി താൻ മദ്രസയുമായി അടുത്ത ബന്ധമുള്ള ആളാണെന്ന് പറയുന്നുണ്ട്. മകൾ ആ സ്കൂളിൽ വിദ്യാർത്ഥിനിയാണെങ്കിലും ആ ദിവസങ്ങളിൽ സ്കൂളിൽ വന്നിട്ടില്ലാത്ത സാഹചര്യത്തിലും, ഈ വിഷയവുമായി ബന്ധപ്പെട്ട ചർച്ചകളിൽ അയാൾക്ക് മുഖ്യസ്ഥാനം ഉണ്ടായിരുന്നതായി അനുമാനിക്കാം. ഇസ്ലാമിക വസ്ത്രധാരണത്തെക്കുറിച്ചുള്ള തന്റെ നിർബ്ബന്ധബുദ്ധി വെളിപ്പെടുത്തുന്നതിൽനിന്ന് അയാളുടെ തീവ്ര ഇസ്ലാമിക നിലപാടുകൾ വ്യക്തമാകുന്നുണ്ട്. അത്തരം ഗ്രൂപ്പുകളിൽനിന്ന് സഭയും സഭാസ്ഥാപനങ്ങളും നേരിട്ടുകൊണ്ടിരിക്കുന്ന വെല്ലുവിളികൾ കൂടി പരിഗണിച്ചാൽ, ആസൂത്രണത്തിന്റെ സാദ്ധ്യതകൾ കൂടുതൽ വ്യക്തമാണ്.

7. നൂറുകണക്കിന് സോഷ്യൽമീഡിയ അക്കൗണ്ടുകളാണ് ഒരേസമയം ഈ വിഷയത്തിൽ സ്കൂളിനെയും, ക്രൈസ്തവ സമൂഹത്തെയും, സന്യാസിനിമാരെയും കുറ്റപ്പെടുത്താനും അവഹേളിക്കാനും സജീവമായി നിലകൊണ്ടിരുന്നത്. അതിൽ ഒട്ടേറെ



Burka
Full body, covers entire face, a mesh screen covers the eyes



Niqab
Veil for the face, eyes remain visible



Hijab
Square scarf covers head and neck

www.malankaralibrary.com



ഫെയ്ക്ക് അക്കൗണ്ടുകളും ഉണ്ടായിരുന്നു. ഈ സംഭവത്തിന്റെ മറവിൽ പഴയ പല ദുരാരോപണങ്ങളും അനാവശ്യമായി ഉയർത്തിക്കൊണ്ടുവന്ന് ക്രൈസ്തവരെയും സഭയെയും സന്യസ്തരെയും അവഹേളിക്കാനുള്ള ബോധപൂർവ്വമായ ശ്രമങ്ങളും ഉണ്ടായിരുന്നു.

8. പ്രധാനാധ്യാപികയായ സന്യാസിനിയുടെയും സ്കൂളിന്റെയും ഭാഗത്താണ് തെറ്റ് എന്നുള്ള ഉപസംഹാരത്തിൽ എത്തിക്കുന്ന വിധത്തിലുള്ള റിപ്പോർട്ടുകളാണ് ബഹുഭൂരിപക്ഷവും. ചില സമ്മർദ്ദങ്ങളും സ്വാധീനങ്ങളും ഇതിൽ സംശയിക്കാവുന്നതാണ്. സ്കൂളിന്റെ ഭാഗത്ത് തെറ്റുപറ്റി എന്നുള്ള പൊതുബോധം സൃഷ്ടിക്കുന്നതിൽ അക്കൂട്ടർ ഏറെക്കുറെ വിജയിച്ചിരിക്കുന്നു.

ആൾക്കൂട്ടത്തിന്റെ കോലാഹലവും സമ്മർദ്ദതന്ത്രവും ഉപയോഗിച്ച് 'ആടിനെ പട്ടിയാക്കുന്ന' പ്രവൃത്തിയാണ് ഒരിക്കൽക്കൂടി നടന്നിരിക്കുന്നത്. നാം കൂടുതൽ ജാഗ്രതയും വിവേകവും വിവാദ വിഷയങ്ങളിൽ കൂടുതൽ ആർജ്ജവത്തോടെയും സമയബന്ധിതമായും ഇടപെടാനുള്ള സന്നദ്ധതയും പ്രകടിപ്പിക്കേണ്ടിയിരിക്കുന്നു. അതത് കോൺഗ്രിഗേഷനുകൾ, രൂപതകൾ, സ്ഥാപനങ്ങൾ തുടങ്ങിയവരുടെ പരിമിതമായ ഇടപെടലുകളിലും പ്രതികരണങ്ങളിലും മാത്രം ഒതുക്കാതെ, കെസിബിസിയുടെ വിവിധ കമ്മീഷനുകൾ, ജാഗ്രത കമ്മീഷൻ എന്നിങ്ങനെ കെസിബിസിയുടെ പൊതുസംവിധാനങ്ങളുടെ ഇടപെടലുകൾ ഇത്തരം വിഷയങ്ങളെ എളുപ്പത്തിൽ കൈകാര്യം ചെയ്യാൻ സഹായിക്കും. സഭാസംവിധാനങ്ങളുടെ ചുവപ്പുനാടയിൽ കുരുങ്ങി പ്രതികരണം വൈകുന്ന സാഹചര്യം വളരെ ദോഷകരമാണ്. മുമ്പ് പല വിഷയങ്ങളിലും എന്നതുപോലെ ഈ സംഭവത്തിലും അതുണ്ടായി. ഈ പശ്ചാത്തലത്തിൽ ശ്രദ്ധിക്കേണ്ട മറ്റുചില വസ്തുതകൾ:

1. ക്രൈസ്തവ, ഹൈന്ദവ കുടുംബങ്ങൾ തങ്ങളുടെ കുട്ടികളെ അവരവരുടെ സംസ്കാരത്തിന് യോജിച്ച സ്കൂളുകൾ കണ്ടെത്തി അവിടെ ചേർത്ത് പഠിപ്പിക്കാൻ ശ്രമിക്കുമ്പോൾ മുസ്ളീം കുടുംബങ്ങൾ വിപരീത സാഹചര്യത്തിൽ കുട്ടികളെ എത്തിച്ച് തങ്ങളുടെ സംസ്കാരം അവിടെ വളർത്തിയെടുക്കാനാണ് ശ്രമം നടത്തുന്നത് എന്ന വസ്തുത നിരവധി സമീപകാല സംഭവങ്ങളിൽനിന്ന് വ്യക്തമാണ്. അത്തരം ആസൂത്രിത ശ്രമങ്ങൾ സഭയ്ക്കും സ്ഥാപനങ്ങൾക്കും ഇതുപോലുള്ള വെല്ലുവിളികൾ സൃഷ്ടിക്കാതിരിക്കാനുള്ള മുൻകരുതലുകൾ സ്വീകരിക്കേണ്ടതുണ്ട്.
2. രണ്ടുവർഷത്തെ വലിയ ഇടവേളയ്ക്ക് ശേഷം വിദ്യാഭ്യാസസ്ഥാപനങ്ങൾ വീണ്ടും പഴയതുപോലെയാകുമ്പോൾ നാം മനസിലാക്കേണ്ട ഒരു പ്രധാന വസ്തുത, രണ്ടുവർഷം മുമ്പത്തെ സാമൂഹിക സാഹചര്യങ്ങളിൽനിന്നും കേരളം ഒരുപാട് മാറിയിരിക്കുന്നു എന്നുള്ളതാണ്. സഭയ്ക്കും സഭാസ്ഥാപനങ്ങൾക്കും മറ്റും എതിരായുള്ള ദുഷ്പ്രചാരണങ്ങൾ ഈ സമൂഹത്തെയും സോഷ്യൽമീഡിയയെയും വളരെയേറെ സ്വാധീനിച്ചിരിക്കുന്നു.

വിദ്യാഭ്യാസ സ്ഥാപനങ്ങളും അധികാരികളും വളരെയേറെ ജാഗ്രത പുലർത്തേണ്ട സാഹചര്യമാണ് ഇന്നുള്ളത്. വളരെ നിസ്സാരമായ വിഷയങ്ങളെ പോലും സഭയ്ക്കെതിരെയുള്ള വലിയ വിവാദങ്ങളാക്കി മാറ്റാൻ തങ്ങൾക്ക് കഴിയുമെന്ന് ചിലർ പലപ്പോഴായി തെളിയിച്ചുകഴിഞ്ഞിരിക്കുന്നു. ഇത്തരം സംഭവങ്ങൾ ആവർത്തിക്കാതിരിക്കാനുള്ള മുൻകരുതലുകളും, ആവശ്യമെങ്കിൽ നിയമ നടപടികളും സ്വീകരിക്കാൻ പ്രത്യേകമായി ശ്രദ്ധിക്കേണ്ടിയിരിക്കുന്നു.



Chador Shayla Al-Amira Khimar

www.malankaralibrary.com


# ഹിജാബ് വിവാദങ്ങൾ തുടർക്കഥയാകുന്നു: ഭരണകൂടങ്ങൾക്ക് നിസംഗത

കഴിഞ്ഞ ഒരു മാസത്തിനിടെ മൂന്ന് വ്യത്യസ്ത ഇടങ്ങളിലെ സ്കൂളുകളിലാണ് വസ്ത്രധാരണ വിഷയം കലാപത്തോളമെത്തുന്ന വിവാദമായി മാറിയത്. ചർച്ചയാവേണ്ടതില്ലാത്ത നിസ്സാരമായ വിഷയങ്ങളാണ് ആഴ്ചകൾ നീണ്ട കോലാഹലങ്ങളും ഉണങ്ങാത്ത മുറിവുകളുമായി മാറുന്നത് എന്നുള്ളതാണ് വാസ്തവം. പല വിഷയങ്ങളും തൽപരകക്ഷികൾ സൃഷ്ടിച്ചെടുക്കുന്നതും പിന്നിൽ ചില ഗൂഢാലോചനകൾ ഉള്ളവയുമാണെന്ന് സംശയിക്കാം. അത്തരത്തിൽ കെട്ടിച്ചമച്ച ആരോപണമായിരുന്നു മാനന്തവാടി ലിറ്റിൽ ഫ്ളവർ സ്കൂൾ വിവാദത്തിന് പിന്നിലുണ്ടായിരുന്നത്. ചില ദിവസങ്ങൾക്ക് ശേഷം തിരുവനന്തപുരത്ത് സെന്റ് റോച്ച്സ് കോൺവെന്റ് സ്കൂളിലും സമാനമായ മറ്റൊരു വിവാദം ഉയരുകയുണ്ടായി. പിന്നീട് മാർച്ച് നാലിന് കാസർഗോഡ് ജില്ലയിലെ പള്ളിക്കരയിൽ പ്രവർത്തിക്കുന്ന സെന്റ് മേരീസ് ഇംഗ്ലീഷ് മീഡിയം സ്കൂളിലും ഇതേ രീതിയിൽ ഒരു വിവാദം സൃഷ്ടിക്കപ്പെടുകയുണ്ടായി. വളരെ മാതൃകാപരമായ രീതിയിൽ കത്തോലിക്കാ സന്യാസിനിമാർ നടത്തിവരുന്ന സ്കൂളുകളിലാണ് പ്രശ്നങ്ങൾ സൃഷ്ടിക്കപ്പെടുന്നത് എന്നുള്ളത് ശ്രദ്ധേയമാണ്.

**പള്ളിക്കരയിലെ വിവാദം വിചിത്രം**

രണ്ടു പതിറ്റാണ്ടിലേറെയായി ഡോട്ടേഴ്സ് ഓഫ് മേരി ഇമ്മാക്കുലേറ്റ് സന്യാസ സമൂഹത്തിന്റെ നേതൃത്വത്തിൽ മാതൃകാപരമായി പള്ളിക്കരയിൽ പ്രവർത്തിച്ചുവരുന്ന വിദ്യാലയമാണ് സെന്റ് മേരീസ് ഇംഗ്ലീഷ് മീഡിയം സ്കൂൾ. ഒരു മുസ്ളീം ഭൂരിപക്ഷ മേഖലയിലാണ് സ്കൂൾ പ്രവർത്തിക്കുന്നത് എന്നതിനാൽ, വിദ്യാർത്ഥികളും അധ്യാപകരും പിടിഎ പ്രതിനിധികളും ബഹുഭൂരിപക്ഷവും ഇസ്ലാം മതത്തിൽ പെട്ടവരാണ്. വിദ്യാർത്ഥികൾ ഇസ്ലാം മതവിശ്വാസമനുസരിച്ച് തുടർന്നുപോകുന്നതിൽ യാതൊരുവിധ ഉപാധികളും ഇന്നോളം സ്കൂൾ അധികൃതർ വയ്ക്കുകയുണ്ടായിട്ടില്ല. ആരംഭം മുതൽ ഇതുവരെയും പെൺകുട്ടികൾക്ക് തട്ടം ധരിച്ച് സ്കൂളിൽ വരുന്നതിനോ മതാചാരമനുസരിച്ചുള്ള മറ്റെന്തെങ്കിലും കാര്യങ്ങൾക്കോ തടസ്സങ്ങളുണ്ടായിട്ടില്ല. വെള്ളിയാഴ്ച ദിവസങ്ങളിൽ നമസ്കരിക്കുന്നതിനായി കുട്ടികൾക്ക് സുരക്ഷിതമായി മോസ്കിൽ പോയി വരാനുള്ള വാഹനവും അനുബന്ധ സൗകര്യങ്ങളും സ്കൂളിൽനിന്ന് ഒരുക്കി നൽകിവരുന്നത് ഇക്കാര്യങ്ങളിൽ സ്കൂൾ മാനേജ്മെന്റ് പുലർത്തിവരുന്ന സവിശേഷ ശ്രദ്ധയ്ക്ക് ഉദാഹരണമാണ്.

ഇത്തരത്തിൽ പരിസരവാസികളും രക്ഷിതാക്കളുമായി വളരെ സൗഹാർദത്തിൽ പ്രവർത്തിക്കുന്ന ഈ സ്കൂളിൽ ഇത്തരമൊരു വിവാദമുണ്ടായത് വിചിത്രമാണ്. എൽപി സ്കൂൾ വിദ്യാർത്ഥിനികൾ സാധാരണ ഗതിയിൽ തട്ടം ധരിക്കാറില്ല എന്നിരിക്കെ, നാലാം ക്ളാസിലെ ചില കുട്ടികൾ സ്കൂളിൽ നിന്നുള്ള നിർദ്ദേശത്തിന് വിരുദ്ധമായി തലയിൽ തട്ടത്തിന് പകരം ഷാൾ ചുറ്റിവന്നത് കണ്ട പ്രിൻസിപ്പാൾ അത് ചോദ്യം ചെയ്തത് മാത്രമാണ് അന്നേ ദിവസം അവിടെ സംഭവിച്ചത്. വാസ്തവമെന്തെന്ന് കുട്ടികളുടെ മാതാപിതാക്കളോട് പിന്നീട് പ്രിൻസിപ്പാൾ തന്നെ വിശദീകരിക്കുകയുണ്ടായിട്ടും, അതേ ദിവസം തന്നെ വൈകിട്ട് കുറേ ആളുകൾ സംഘം ചേർന്ന് സ്കൂൾ പരിസരത്തെത്തുകയും വലിയ ബഹളമുണ്ടാക്കി ഭീകരാന്തരീക്ഷം സൃഷ്ടിക്കുകയും വീഡിയോ റെക്കോർഡ് ചെയ്ത് വാസ്തവവിരുദ്ധമായ ആരോപണങ്ങളോടെ സോഷ്യൽമീഡിയയിൽ പ്രചരിപ്പിക്കുകയും ചെയ്തു.

അവാസ്തവങ്ങൾ പ്രചരിപ്പിച്ച് തെറ്റിദ്ധാരണ പടർത്തിയതിന് ശേഷം, പ്രിൻസിപ്പാൾ മാപ്പ് പറയണമെന്നും അല്ലാത്തപക്ഷം പ്രിൻസിപ്പാൾ മാറിയതിന് ശേഷമേ സ്കൂൾ തുറന്ന് പ്രവർത്തിക്കാൻ അനുവദിക്കൂ എന്നുമുള്ള ഭീഷണി സന്ദേശങ്ങൾ ചിലർ സ്കൂൾ അധികൃതരെ അറിയിക്കുകയുണ്ടായി. പോലീസ് അധികാരികളും പഞ്ചായത്ത് അധികൃതരും വിഷയത്തിൽ ഇടപെടുകയുണ്ടായെങ്കിലും പൂർണ്ണമായ പരിഹാരം കണ്ടെത്താൻ കഴിഞ്ഞിട്ടില്ല.

വളരെ നിസ്സാരമായ സംഭവങ്ങൾ കലാപത്തോളമെത്തിക്കാനുള്ള ഇത്തരം നീക്കങ്ങൾ രാജ്യസുരക്ഷയുടെയും പൗരസ്വാതന്ത്ര്യത്തിന്റെയും വിഷയമാണ്. അതീവ ഗൗരവമുള്ളതും അടിയന്തിര പ്രാധാന്യമുള്ളതുമായ ഈ വിഷയത്തെ സർക്കാർ നിസ്സാരവൽക്കരിക്കുന്നതും ശക്തമായ ഇടപെടലുകൾ നടത്താൻ മടിക്കുന്നതും ഖേദകരമാണ്. കാരണങ്ങളും വിവാദങ്ങളും മനഃപൂർവം ചിലർ സൃഷ്ടിക്കുന്നതായിരിക്കാനുള്ള വലിയ സാധ്യത വിരൽചൂണ്ടുന്നത് ദേശവിരുദ്ധ ശക്തികളുടെ ഇടപെടലുകളിലേയ്ക്കും താൽപ്പര്യങ്ങളിലേയ്ക്കുമാണ്. മുഖ്യധാരാ മാധ്യമങ്ങളുടെ നിശബ്ദതയും അത് ശരിവയ്ക്കുന്നു. അതിരൂക്ഷമായ ചില പ്രതിസന്ധികളുടെ വക്കിലാണ് കേരളസമൂഹം എത്തിനിൽക്കുന്നത് എന്നുള്ള യാഥാർത്ഥ്യത്തെ അംഗീകരിച്ച് അതിനുള്ള പരിഹാരം കണ്ടെത്താനുള്ള ശ്രമങ്ങൾ ഇനിയെങ്കിലും ആരംഭിക്കേണ്ടിയിരിക്കുന്നു.

www.malankaralibrary.com



# ബോധപൂർവ്വമുള്ള അവഹേളന ശ്രമങ്ങളും വ്യാജപ്രചാരണങ്ങളും അതിരുകടക്കുന്നു:

## നിയമപരമായി നേരിടാൻ സന്യസ്തരും കെസിബിസി ഐക്യജാഗ്രതാ കമ്മീഷനും

സമാനതകളില്ലാത്തതും, അവഗണിക്കാനാവാത്തതുമായ നിരന്തര അവഹേളന ശ്രമങ്ങളും വ്യാജപ്രചാരണങ്ങളുടെ കുത്തൊഴുക്കുമാണ് കേരളത്തിലെ സമർപ്പിതർക്കും സന്ന്യാസ ജീവിതത്തിനും എതിരായി നടന്നുകൊണ്ടിരിക്കുന്നത്. സന്ന്യാസജീവിതത്തെക്കുറിച്ചുള്ള അടിസ്ഥാന ധാരണകളോ, പറയുന്ന വിഷയങ്ങളെക്കുറിച്ചുള്ള ശരിയായ ബോധ്യങ്ങളോ ഇല്ലെങ്കിൽപ്പോലും കുരുടൻ ആനയെ കണ്ടതുപോലെ സന്ന്യാസത്തെക്കുറിച്ചുള്ള തങ്ങളുടെ വികലധാരണകൾ സാമൂഹ്യമാധ്യമങ്ങളിലും മുഖ്യധാരാ മാധ്യമ ചർച്ചകളിലും അവതരിപ്പിക്കുകയും, സംരക്ഷണാർത്ഥം എന്ന വ്യാജേന സന്യസ്തരുടെ അഭിമാനത്തിനും ജീവിതത്തിനും വിലപറയുകയും ചെയ്യുന്നവരുടെ രീതികൾ ഇനിയും അനുവദിക്കാനാവില്ലെന്ന ഉറച്ച നിലപാടിലാണ് കേരളത്തിലെ സന്യസ്തർ.

ചൂഷണങ്ങളുടെയും ദുരിതങ്ങളുടെയും ആഴക്കയങ്ങളിലാണ് പതിനായിരക്കണക്കിന് സന്യാസിനിമാർ എന്ന ചിലരുടെ അടിസ്ഥാന രഹിതമായ വാദം നാളുകൾ നീണ്ട ആവർത്തനസ്വഭാവം ഒന്നുകൊണ്ടുമാത്രം കുറേപ്പേർ വിശ്വസിക്കാൻ തയ്യാറായിരിക്കുന്നു. വിരലിലെണ്ണാവുന്ന ചില മുൻ സന്യസ്തരല്ലാതെ സന്യാസജീവിതത്തെ അടുത്തറിയുന്ന മറ്റാരുംതന്നെ അത്തരക്കാരുടെ ആഖ്യാനങ്ങൾ ശരിയെന്ന് ഇന്നുവരെയും പറയാനിടയായിട്ടില്ല. അതേസമയം നൂറുകണക്കിന് പേർ സന്യാസജീവിതത്തിലെ തങ്ങളുടെ ആനന്ദവും സംതൃപ്തിയും വെളിപ്പെടുത്തി എല്ലായ്പ്പോഴും രംഗത്തുവന്നിട്ടുമുണ്ട്. സന്യാസജീവിതത്തെയും അതിന്റെ മഹത്വത്തെയും നിരാകരിക്കാൻ ഇനിയൊരു സന്യാസ വേഷധാരികൂടി രംഗത്ത് വരാനിടയില്ലെങ്കിലും സന്യാസത്തെ ജീവിതത്തേക്കാൾ വിലമതിക്കുന്ന ആയിരക്കണക്കിന് പേർ തങ്ങളുടെ അനുഭവങ്ങൾ വെളിപ്പെടുത്താൻ തയ്യാറായുണ്ട്. ഇത്രമാത്രംപേർക്ക് ക്യാമറയ്ക്ക് മുന്നിൽ അണിനിരക്കാൻ പ്രായോഗികമായ തടസങ്ങളുണ്ടെങ്കിലും, തങ്ങളായിരിക്കുന്ന ജീവിതമേഖലകളിൽ സന്യാസത്തിന്റെ സൗന്ദര്യം അവരിലൂടെ മിഴിവാർജ്ജിക്കുന്നുണ്ട്. അത്തരം ഓരോരുത്തരും ആയിരിക്കുന്ന ഇടങ്ങൾ സന്യാസത്തിന്റെ മഹത്വത്തെ വിളംബരം ചെയ്യുന്നെങ്കിലും, കണ്മുന്നിൽ കാണുന്നതിനേക്കാൾ ഇല്ലാക്കഥകൾ പ്രചരിപ്പിക്കുന്നവരുടെ ആഖ്യാനങ്ങളാണ് ചിലർക്ക് കൂടുതൽ വിശ്വസനീയം!

നേരിട്ട് കണ്ടും അന്വേഷിച്ചും കാര്യങ്ങൾ ബോധ്യപ്പെടാൻ തടസങ്ങളൊന്നുമില്ലാതിരിക്കെ സന്യാസത്തെക്കുറിച്ചുള്ള നിറംപിടിപ്പിച്ച കെട്ടുകഥകൾ മാത്രം ആധാരമാക്കി



www.malankaralibrary.com



ചർച്ചകൾക്കും അവതരണത്തിനും രംഗപ്രവേശംചെയ്യുന്ന പ്രബുദ്ധരായ മാധ്യമപ്രവർത്തകരുടെ ലക്ഷ്യം കേവലം വ്യക്തിപരമോ, സഹജീവി സ്നേഹത്തെ അടിസ്ഥാനപ്പെടുത്തിയോ ആണെന്ന് കരുതാനാവില്ല. കേരളത്തിലുള്ള ആയിരക്കണക്കിന് സന്യാസഭവങ്ങളിൽ ഒന്നുപോലും മാധ്യമപ്രവർത്തകർക്കുമുന്നിൽ വാതിലുകൾ പൂട്ടിയിട്ടിട്ടില്ല എന്നിരിക്കിലും ഇന്ന് പ്രചരിക്കുന്നതുപോലെ പതിനായിരക്കണക്കിന് സന്യസ്തരുടെ ജീവിതത്തിൽ ഏതെങ്കിലും വിധത്തിലുള്ള അതൃപ്തിയുണ്ടോ അഥവാ, മറ്റെന്തെങ്കിലും പ്രശ്നങ്ങളെ അവർ നേരിടുന്നുണ്ടോ എന്ന നിഷ്പക്ഷ അന്വേഷണവുമായി ഒരു മാധ്യമപ്രവർത്തകൻ പോലും ഇതുവരെയും അത്തരം ഇടങ്ങളിൽ ചെന്നിട്ടുള്ളതായി അറിവില്ല. അത്തരത്തിലുള്ള അന്വേഷണ റിപ്പോർട്ടുകളൊന്നും ഇന്നോളം ഒരു മാധ്യമവും പ്രസിദ്ധീകരിച്ചിട്ടില്ല. വിമർശകരായ നൂറുകണക്കിന് മാധ്യമ പ്രവർത്തകർക്കും പ്രബുദ്ധ ചിന്തകർക്കും മനുഷ്യാവകാശപ്രവർത്തകർക്കും ഈ മേഖലയിൽ നിഷ്പക്ഷമായ ഒരന്വേഷണം ആവശ്യമുണ്ടെന്ന് ഇതുവരെ തോന്നാത്തത് വിചിത്രമല്ലേ?

അനാഥാലയങ്ങൾ, വൃദ്ധസദനങ്ങൾ, മാറാരോഗികൾക്കായുള്ള പരിചരണ കേന്ദ്രങ്ങൾ, മാനസിക രോഗികൾക്കും ഭിന്നശേഷിക്കാർക്കുമുള്ള ഭവനങ്ങൾ എന്നിങ്ങനെ ആരും തെരഞ്ഞെടുക്കാൻ മടിയ്ക്കുന്ന സേവനമേഖലകളിൽ കേരളത്തിൽ ഏറ്റവുമധികം സേവനം ചെയ്തുകൊണ്ടിരിക്കുന്നത് കത്തോലിക്കാ സന്യസ്തരാണെന്നുള്ളത് ആർക്കും നിരാകരിക്കാൻ കഴിയാത്ത യാഥാർഥ്യമാണ്. സമാന മേഖലകളിലുള്ള സർക്കാർ സ്ഥാപനങ്ങളിൽ വലിയ ശമ്പളം വാങ്ങി ജോലിചെയ്യുന്നവരുടെ നൂറിരട്ടി, ഒരു രൂപ പോലും പ്രതിഫലം വാങ്ങാതെ സേവനം ചെയ്യുന്ന സന്യസ്തരുണ്ട്. കാസർഗോഡ് മുതൽ തിരുവനന്തപുരം വരെയുള്ള ജില്ലകളിൽ എവിടെയും ഇത്തരം സ്ഥാപനങ്ങളിലേയ്ക്ക് മുൻകൂർ അറിയിപ്പ് കൂടാതെ ആർക്കും സന്ദർശനത്തിന് കടന്നുചെല്ലാം. പുഞ്ചിരിയോടെയല്ലാതെ ശുശ്രൂഷകളിലായിരിക്കുന്ന ഒരു സന്യാസിനിയെപ്പോലും ഒരാൾക്കും കാണാൻകഴിയില്ല. മുഖ്യമായും ഇത്തരം മേഖലകളിൽ പ്രവർത്തിച്ചുകൊണ്ടിരിക്കുന്നവരായ ആയിരക്കണക്കിന് സന്യസ്തരിൽ പത്തുപേരെയെങ്കിലും നേരിട്ടുകണ്ട് അവരുടെ കാഴ്ചപ്പാടുകളും ചിന്തകളും എന്തെന്ന് തിരിച്ചറിഞ്ഞ് ചാനൽ ചർച്ചയിലും സോഷ്യൽമീഡിയയിലും സന്യാസത്തെക്കുറിച്ചും സന്യാസിനികളെക്കുറിച്ചും സംസാരിക്കാൻ കടന്നുവന്നിട്ടുള്ള ഒരു പ്രബുദ്ധ ചിന്തകനെയും ഇതുവരെ കാണാനിടയായിട്ടില്ല.

ഇന്ന് ഈ നാട്ടിൽ ജീവിച്ചിരിക്കുന്ന ഏതൊരു വ്യക്തിയുടെയും ജീവിതത്തിന്റെ ഏതെങ്കിലുമൊരു നിർണ്ണായക ഘട്ടത്തിൽ ഒരു സന്യാസിനിയുടെ വിരലടയാളം പതിഞ്ഞിട്ടുണ്ടാകുമെന്നിരിക്കെ, അത്രമാത്രം ഇന്നും പ്രസക്തമായ കത്തോലിക്കാ സന്യാസത്തെ കടുത്ത നിർബ്ബന്ധ ബുദ്ധിയോടെ നിരാകരിക്കാൻ, സന്യാസം നിർത്തലാക്കണമെന്നും സന്യാസിനിമാർ ഇനി ഉണ്ടാകരുതെന്നും ഒരു കുടുംബവും സന്യാസ ജീവിതത്തിലേയ്ക്ക് മക്കളെ പറഞ്ഞയക്കരുതെന്നും വാദിക്കാൻ, സന്യസ്തർ പീഡിപ്പിക്കപ്പെടുന്നവരും ദുരുപയോഗിക്കപ്പെടുന്നവരുമാണെന്ന പച്ചക്കള്ളം പ്രചരിപ്പിക്കാൻ ചിലർ കച്ചകെട്ടി ഇറങ്ങിയിട്ടുണ്ടെങ്കിൽ എന്താണ് അവരുടെ ലക്ഷ്യമെന്ന് തിരിച്ചറിയേണ്ടതുണ്ട്. വലിയ ഫണ്ട് ചെലവഴിച്ച് മാധ്യമസംവിധാനങ്ങളെ വിലയ്ക്കെടുത്തും സ്വന്തമായുണ്ടാക്കിയും ഈ ലക്ഷ്യത്തിനുവേണ്ടി പ്രയത്നിക്കുന്നവരുടെ പിന്നിൽ ആരാണെന്ന് കണ്ടെത്തേണ്ടതുണ്ട്. വേറൊരു ജോലിയുമില്ലാതെ മുഴുവൻ സമയവും ഈ ലക്ഷ്യത്തിനുവേണ്ടി നാടുനീളെ സഞ്ചരിച്ച് അനേകരിൽ തെറ്റിദ്ധാരണ പടർത്തുന്ന ചിലർക്ക് പിന്തുണയും പണവും നൽകി പ്രോത്സാഹിപ്പിക്കുന്ന ശക്തി ഏതെന്ന് തിരിച്ചറിഞ്ഞേ മതിയാവൂ.

ഒരേസമയം വ്യാജവാർത്തകളും അവാസ്തവങ്ങളും പ്രചരിപ്പിച്ചും, ഒപ്പം സന്യാസത്തിന്റെ ശോഭകെടുത്താനുള്ള പദ്ധതികൾ ആസൂത്രണം ചെയ്തും ഈ സമൂഹത്തിൽ പ്രവർത്തന നിരതരായിരിക്കുന്ന ചിലരെ തുറന്നുകാണിക്കുകയും, അവരുടെ നിഗൂഢ ശ്രമങ്ങൾക്കെതിരെ നടപടികൾ സ്വീകരിക്കുകയും ചെയ്യുക ഈ കാലഘട്ടത്തിന്റെ ആവശ്യമാണ്. അത് അനിവാര്യമാണെന്ന വ്യക്തമായ ബോധ്യം ഇന്ന് കേരളത്തിൽ ജീവിക്കുന്ന ഓരോ സന്യസ്തർക്കുമുണ്ട്. ആ ബോധ്യം സഭാ നേതൃത്വത്തിനും വിശ്വാസിസമൂഹത്തിനുമുണ്ട്. യാഥാർഥ്യം തിരിച്ചറിഞ്ഞ് ആ ഗൂഢശക്തികളെ ഒറ്റപ്പെടുത്താനും തള്ളിപ്പറയാനും പൊതുസമൂഹവും തയ്യാറാകുമെന്ന് തീർച്ച. ക്രൈസ്തവ സന്യസ്തരുടെ സേവനങ്ങൾ കേരളത്തിലേതുപോലെ അടുത്തറിയുകയും സ്വീകരിക്കുകയും ചെയ്തിട്ടുള്ള വേറെ ഏതു സമൂഹമുണ്ട്? ഇന്ന് അവർ അനാവശ്യ അവഹേളനങ്ങളും അതിക്രമങ്ങളും നേരിടുമ്പോൾ കേരളത്തിലെ മതേതരസമൂഹം ശക്തമായി കൂടെനിൽക്കുമെന്ന് സന്യസ്തർക്ക് ഉറപ്പാണ്.

www.malankaralibrary.com


# കന്യാസ്ത്രീകൾ കേരളം കത്തിക്കുന്നത് കാണാൻ കാത്തിരിക്കുന്നവരോട്

*സി. അഡ്വ. ജോസിയ എസ്ഡി*



**കൊ**ച്ചിയിൽ ചിലർ കത്തോലിക്കാ സന്യസ്തരുടെ തിരുവസ്ത്രത്തെ അനുകരിച്ചുള്ള വേഷവിധാനങ്ങളുമായി ലെസ്ബിയൻ പ്രണയ ഫോട്ടോ ഷൂട്ട് നടത്തി ആവിഷ്കാര സ്വാതന്ത്ര്യത്തിന്റെ പേരുപറഞ്ഞ് ചിത്രങ്ങൾ പ്രസിദ്ധീകരിച്ചപ്പോൾ അതിനെക്കുറിച്ച് ഒരു ഓൺലൈൻ മഞ്ഞ മാധ്യമം വാർത്തകൊടുത്തതിന്റെ തലക്കെട്ട് “ഇന്ന് കേരളം കത്തും” എന്നായിരുന്നു. കന്യാസ്ത്രീകളെ മോശക്കാരായി ചിത്രീകരിക്കുന്ന വിധത്തിൽ ഇത്തരം പ്രവൃത്തികൾ ചെയ്യുമ്പോൾ പലർക്കും നോവും എന്ന് ആ തലക്കെട്ട് കൊടുത്ത വ്യക്തി മനസിലാക്കിയിട്ടുണ്ടെന്ന് വ്യക്തം.

സന്യസ്തർക്കെതിരെയുള്ള ഇത്തരം അവഹേളനങ്ങൾ പതിവാകുമ്പോൾ ഒന്നുകൂടി വ്യക്തമാകുന്നു, ആവിഷ്കാര സ്വാതന്ത്ര്യത്തിന്റെ പേരിലുള്ള ഇത്തരം തരംതാണ കോപ്രായങ്ങൾ നടത്തുന്നവരുടെ ഉദ്ദേശ്യം ആരെയൊക്കെയോ മുറിപ്പെടുത്തുക തന്നെയാണ്.

കത്തോലിക്കാ സന്യസ്തർ ഏറ്റവും മഹത്തായി കരുതുന്നതും, അവർ അത്യന്തം വിലമതിച്ച് വ്രതം ചെയ്യുന്നതുമായ ലൈംഗിക വിശുദ്ധിയെ തള്ളിപ്പറഞ്ഞ് ഫോട്ടോ ഷൂട്ടിന് മുതിർന്ന ഫോട്ടോഗ്രാഫറോട് ചിലത് പറയാതെ വയ്യ!!

ഒരു സ്ത്രീകൂടിയായ ആ ഫോട്ടോഗ്രാഫറുടെ വിഷയ ദാരിദ്ര്യം തീർക്കാൻ ഇതായിരുന്നില്ല മാർഗ്ഗം. മനോനില തെറ്റിയ ചിലരുടെ വിഭ്രമങ്ങളും, മറ്റുള്ള ചിലർ കൽപ്പിച്ചുകൂട്ടിയ കെട്ടുകഥകളും, കരുതിക്കൂട്ടി അവഹേളിക്കാൻ കുറേപ്പേർ സൃഷ്ടിച്ചെടുത്ത കള്ളക്കഥകളും സന്യാസിനിമാർക്ക് എതിരെയുള്ള പ്രചാരണായുധങ്ങളാക്കി മഞ്ഞപ്പത്രങ്ങൾ ലൈക്കും ഷെയറും വാരിക്കൂട്ടുമ്പോൾ ലൈംഗികതയെയും സന്യസ്തരെയും കൂട്ടിക്കെട്ടി ഒരു ഫോട്ടോഷൂട്ട് പ്ലാൻ ചെയ്യുന്നതിന് മുമ്പ് സ്ത്രീത്വത്തെയെങ്കിലും വിലയോടെ കാണാൻ ഫോട്ടോഗ്രാഫർ ശ്രമിക്കേണ്ടിയിരുന്നു.

ആവിഷ്കാര സ്വാതന്ത്ര്യം എന്ന ഒരു വാക്കിന്റെ ബലത്തിലാണ് ഇത്തരമൊരു വികലമായ സൃഷ്ടിക്ക് അവർ മുതിർന്നതെങ്കിൽ, ആവിഷ്കാര സ്വാതന്ത്ര്യത്തെ മാന്യവും മനോഹരവുമായി ഉപയോഗിച്ച മറ്റൊരാളെക്കുറിച്ച് അറിയണം. ഏതോ കാലത്ത് മറ്റേതോ രാജ്യത്തല്ല, നിരപരാ



www.malankaralibrary.com


ധികളായ അനേകരെയും, ധാർമ്മികവും ആത്മീയവുമായ മൂല്യങ്ങളെയും ചവിട്ടി യരയ്ക്കാൻ പേനയും ക്യാമറയും ഉപ യോഗിക്കാൻ മത്സരിക്കുന്ന ചിലർ ജീവിക്കുന്ന ഇതേ കേരളത്തിൽത്തന്നെ. കേരളത്തിന്റെ സ്വന്തം യുവ കലാകാരൻ വിനീത് ശ്രീനിവാ സനാണ് അത്. വിനീത് സംവിധാനം ചെയ്ത ഹൃദയം എന്ന ചലച്ചിത്രം ഈ ജനുവരി 21 നാണ് റിലീസായത്. ആവിഷ്കാര സ്വാത ന്ത്ര്യം ഉപയോഗിച്ച് അവതരിപ്പിക്കപ്പെട്ട ഒരു മനോഹര കലാസൃഷ്ടിയായിരുന്നു ആ ചലച്ചി ത്രമെന്ന് സകല കാഴ്ചക്കാരും മനസ്സുനിറഞ്ഞ് ഒരേസ്വരത്തിൽ പറയുന്നു.

ആ കലാസൃഷ്ടിയിലൂടെ ഒരാളുടെയും മനസ്സോ, വികാരമോ വ്രണപ്പെട്ടില്ല. അയാൾ ഉപയോഗിച്ച ആവിഷ്കാര സ്വാതന്ത്ര്യം കണ്ടു മനസ്സ് നിറഞ്ഞ അയാളുടെ അമ്മ അയാളെ കെട്ടിപിടിച്ചു അനുഗ്രഹിക്കുന്ന വീഡിയോ കേരളം കാണുകയുണ്ടായി. കന്യാസ്ത്രീവ സ്ത്രം വാടകയ്ക്കെടു ത്ത് ആവിഷ്കാര സ്വാതന്ത്ര്യം ദു രുപയോഗിച്ച് "കേരളം കത്തി ക്കാൻ" നോക്കിയ ആളുടെ അമ്മ തന്റെ പുത്രിയുടെ സൃഷ്ടി മാഹാത്മ്യം കണ്ടു കെട്ടി പിടി ച്ച് അഭിനന്ദിച്ചു കാ ണുമോ? അറിയില്ല..

ഇവിടെയാണ് "ഒന്നു കിൽ വൃക്ഷം നല്ലത്, ഫലവും നല്ലത്.. അല്ലെങ്കിൽ വൃക്ഷം ചീ ത്ത, ഫലവും ചീത്ത"(മത്താ. 12:33) എന്ന ബൈബിൾ വചനം അന്വർത്ഥമാകുന്ന ത്.. തുടർന്ന് വായിച്ചാൽ ഒരു വചനം കൂടി കാ ണാം, "ഹൃദയത്തിന്റെ നിറവിൽ നിന്നാണല്ലോ അധരം സംസാരിക്കുന്നത്"( മത്താ.12:34)

ഒരു പ്രസംഗകന്റെ അധരം സംസാരി ക്കുന്നത് അയാളുടെ മികവുറ്റ പ്രസംഗങ്ങളി ലൂടെയാണ്, ഒരു ചിത്രകാരൻ സംസാരിക്കുന്നത് അയാളുടെ ജീവൻ തുടിക്കുന്ന ചിത്രരചന കളിലൂടെ, മികച്ച ഗായകൻ സമൂഹത്തോട് സംവദിക്കുന്നത് അയാളുടെ ഹൃദയത്തിൽ തൊടുന്ന പാട്ടുകളിലൂടെ, നർത്തകൻ/നർത്ത കി ആസ്വാദകരെ പിടിച്ചിരുത്തുന്ന നൃത്തത്തി ലൂടെ... ഇങ്ങനെ ഏതൊരു കലാകാരനും/ കലാകാരിയും തങ്ങളുടെ ആശയങ്ങൾ പങ്കു വയ്ക്കാൻ ഉപാധിയാക്കുന്നത് അവർക്ക് ദൈവം ദാനമായി നൽകിയ കലാപരമായ കഴി വുകളാണ്. അത് പ്രേക്ഷകരെ ജീവിക്കാൻ, സ് നേഹിക്കാൻ, മാനസാന്തരപ്പെടാൻ, കുറച്ചു കൂടി നല്ല മനുഷ്യനാകാൻ പ്രേരിപ്പിക്കുന്നതാകാം... മറിച്ചും ആകാം.. അവിടെയാണ് കലാകാരന്റെ ഹൃദയം വെളിപ്പെടുന്നത്...

ഈ ദിവസങ്ങളിൽ നമ്മുടെ സാക്ഷര കേരളത്തിൽ ഒരു കലാകാരന്റെയും കലാകാരി യുടെയും ഹൃദയം വെളിപ്പെട്ട സൃഷ്ടികളാണ് "ഹൃദയം" എന്ന ഹൃദയം കുളിർപ്പിച്ച സിനിമ യും "വാടക കന്യാസ്ത്രീകളെ" വച്ച് നടത്തിയ അനേക ഹൃദയങ്ങളെ വല്ലാതെ മുറിപ്പെടു ത്തിയ 'ഫോട്ടോ ഷൂട്ടും.'



*സീൻ 1*

സെൻസർ ബോർഡിന് മുറിച്ചുനീ ക്കാൻ ഒരു സീൻ പോലും ഇല്ല എന്ന് ഹൃ ദയത്തിൽ തൊട്ട് പറഞ്ഞ ഒരു മനുഷ്യൻ! കുടുംബ സമേതം കേരളം ഒന്നിച്ച് തിയേറ്റ റിൽ പോയി 'ഹൃദയം' കാണണം എന്ന് ആഗ്രഹിച്ച ഒരു മനുഷ്യൻ! എനിക്ക് അച്ഛ നും അമ്മയും ഭാര്യയും മക്കളും ഉണ്ട്, അവരെ കൂടി ഓർത്താണ് ഞാ ൻ പടം ചെയ്യുന്നത് എന്ന് അഭിമാന ത്തോടെ പറഞ്ഞ മനുഷ്യൻ!

*സീൻ 2*

അൽപ്പം തിരിച്ചറിവുള്ള കൊച്ചുകുട്ടികൾ പോലും "അയ്യേ ഇതെന്നാ ഇങ്ങനെ" എന്ന് ചോദിച്ചു പോകുന്ന ഒരു ഫോട്ടോ ഷൂട്ട്!

ധാർമികത, മൂല്യ ബോധം ഇവ അല്പ മെങ്കിലും ഉള്ള ആരുടെയും മനസാക്ഷി ക്ക് തെല്ലും നിരക്കാത്ത വിചിത്രമായ ഫോ ട്ടോഷൂട്ട്! മാന്യമായി ജീവിക്കുന്ന, ആർക്കും ഒരു ഉപദ്രവത്തിനും പോകാതെ, പ്രാർത്ഥ നയോടെ, പരസ്നേഹ പ്രവർത്തനങ്ങളിൽ വ്യാപൃതരായി കഴിയുന്ന കേരളത്തിലെ ഏകദേശം നാൽപ്പത്തിനായിരത്തോളം വരുന്ന സന്യാസിനികൾക്ക് മുഴുവൻ അപമാനവും, ആത്മാഭിമാനത്തിന് ക്ഷതവും വരുത്തണം എന്ന ഉദ്ദേശത്തോടെ അറിഞ്ഞുകൊണ്ട് നടത്തിയ ഫോട്ടോ ഷൂട്ട്.. അഥവാ വ്യക്തി ഹത്യ...

രണ്ടുപേരും ഉപയോഗിച്ചത് കഴിവാ ണ്, ആവിഷ്കാര സ്വാതന്ത്ര്യമാണ്, ക്യാമറയാ ണ്. പക്ഷെ രണ്ടുപേരുടെയും ഹൃദയത്തിന്റെ നിറവിൽ നിന്ന് വന്നത് രണ്ടു ശക്തികൾ ആണ്: ഒന്ന് മനുഷ്യ ഹൃദയത്തെ കൂടുതൽ സുന്ദരമാക്കുന്നതും മറ്റൊന്ന് മനുഷ്യനെ മൃ ഗങ്ങളെക്കാൾ വിലകുറച്ചു കാണിക്കുന്നതും.

www.malankaralibrary.com


(മൃഗതുല്യം എന്നു പറഞ്ഞു കൂടാ.. മൃഗങ്ങൾക്ക് പ്രകൃതി നിയമങ്ങൾ അറിയാം)
ഒന്നോർക്കണം,
ആർക്കും ആരെയും എന്തും പറഞ്ഞു നോവിക്കാം എന്ന് വിചാരിക്കരുത്! മുകളിൽ ഒരു ദൈവമുണ്ട്.

ചില വ്യക്തികൾക്ക് സംഭവിച്ച വീഴ്ചകളെ സാമാന്യവൽക്കരിച്ചു കാണിച്ച് ആ സമൂഹത്തെ ഒന്നടങ്കം ജീവനോടെ കുരുതികൊടുക്കാനും ചവിട്ടി അരയ്ക്കാനും ശ്രമിക്കുന്നത് കഴിവോ മികവോ പുതുമ തേടലോ അല്ല.. കഴിവുകേടും നെറിവുകേടും സംസ്കാരശൂന്യതയും പിതൃശൂന്യതയും ആണ്.
യൂട്യൂബിലും ഇൻസ്റ്റഗ്രാമിലും ഉള്ള ഫോളോവേഴ്സിന്റെ എണ്ണമോ, വിലകുറഞ്ഞ കാര്യങ്ങൾ ചെയ്ത് ശ്രദ്ധ നേടാൻ വേണ്ടി ആത്മാഭിമാനത്തെ വിൽക്കുന്ന കറന്റ് ട്രെൻഡോ, അറിഞ്ഞു കൊണ്ട് ഒരാളെ/ ഒരു പ്രത്യേക വിഭാഗത്തെ അപമാനിക്കുന്നതിലെ സന്തോഷമോ അല്ല ഒരാളെ മികച്ച വ്യക്തിയാക്കുന്നത്, സ്വഭാവത്തിന്റെ സംശുദ്ധതയാണ്.

എല്ലാം കാണുന്നുണ്ടെങ്കിലും ആ വേദനയിലും മൗനമായി പ്രാർത്ഥിക്കുകയും അവഹേളിക്കുന്നവരെയും അനുഗ്രഹിക്കാൻ കരങ്ങൾ ഉയർത്തുകയും ചെയ്യുന്ന അർപ്പണ ബോധമുള്ള, ദൈവം തുണയായുള്ള പതിനായിരക്കണക്കിന് കന്യാസ്ത്രീമാർ ഇപ്പോഴും നിങ്ങൾക്കിടയിൽ ജീവിച്ചിരിക്കുന്നു.

അവരെ ഇല്ലാതാക്കാൻ നിങ്ങൾക്കാവില്ല, കാരണം ശരീരത്തെ കൊല്ലുന്നവരെയും, അവഹേളിക്കാൻ പ്രച്ഛന്നവേഷം ധരിക്കുന്നവരെയും, പാതി ഊരിയ സന്യാസവസ്ത്രത്തിൽ നിന്ന് കോപ്രായം കാണിക്കുന്നവരെയും, മത്സരിച്ചു തങ്ങളുടെ മേൽ ചെളി വാരി എറിയുന്ന ചാനൽ ജഡ്ജിമാരെയും ഒറ്റ കോടതി വിധി മഴയ്ക്ക് പൊട്ടിമുളച്ച വനിതാ സംരക്ഷക തകരകളെയും ഒന്നും അവർക്ക് ഭയമില്ല....

*അവരെ നയിക്കുന്നത് അവനാണ് 'ലോകത്തെ പണ്ടേ ജയിച്ച' ക്രിസ്തു!*

ഇനിയും അവരെ വേദനിപ്പിക്കാനും അവഹേളിക്കാനും പേനകളും, ക്യാമറകളും ചലിക്കുമെന്നറിയാം, എങ്കിലും ആരും ഭയക്കേണ്ടതില്ല, അതിനായി കാത്തിരിക്കേണ്ടതില്ല, കന്യാസ്ത്രീകൾ കേരളം കത്തിക്കില്ല.



www.malankaralibrary.com



# നീതിന്യായവ്യവസ്ഥിതിയെ പോലും പരസ്യമായി വെല്ലുവിളിക്കുകയും അപകീർത്തിപ്പെടുത്തുകയും ചെയ്യുന്ന മാധ്യമ സാംസ്കാരിക ഇടപെടലുകൾ പ്രതിഷേധാർഹം: കെസിബിസി ഐക്യജാഗ്രതാ കമ്മീഷൻ

ഈ അടുത്ത നാളിലെ ഒരു കോടതിവിധിയുടെ പശ്ചാത്തലത്തിൽ, പരാതി നൽകിയവർക്ക് നീതി വാങ്ങിക്കൊടുക്കാൻ എന്ന വ്യാജേന സാമൂഹിക സാംസ്കാരിക മേഖലകളിൽ കത്തോലിക്കാസഭയെക്കുറിച്ചും, സഭ അനുശാസിക്കുന്ന ജീവിതക്രമങ്ങളെകുറിച്ചും വിശിഷ്യാ, സന്ന്യാസ സമർപ്പണജീവിതത്തെകുറിച്ചും വാസ്തവ വിരുദ്ധവും തെറ്റിദ്ധാരണാജനകവുമായ രീതിയിൽ സംഘടിതമായ പ്രചാരണങ്ങളും ക്യാംപെയ്നിങ്ങുകളും നടക്കുന്നതിന് പിന്നിൽ രാഷ്ട്രീയവും മതപരവുമായ നിക്ഷിപ്ത താല്പര്യങ്ങളുള്ളവരുടെ ആസൂത്രിതമായ ശ്രമങ്ങൾ ഉണ്ടെന്നുള്ളത് വ്യക്തമാണ്. ഈ ഒരു വിഷയത്തിൽ മാത്രമല്ല കത്തോലിക്കാസഭയുമായി ബന്ധപ്പെട്ട് അടുത്തകാലങ്ങളിലായി ഉയർന്നുവന്ന എല്ലാ വിവാദങ്ങളിലും ഇത്തരക്കാരുടെ അധാർമികവും നിയമവിരുദ്ധവുമായ ഇടപെടൽ സംശയിക്കാവുന്നതാണ്. ഈ നാട്ടിലെ മുഖ്യധാരാ മാധ്യമങ്ങളെയും ചില സാംസ്കാരിക, സാമൂഹിക പ്രവർത്തകരെയും സ്വാധീനിച്ചും, സാമൂഹ്യമാധ്യമങ്ങൾ ദുരുപയോഗിച്ചും കത്തോലിക്കാസഭാവിരുദ്ധ പൊതുവികാരം സൃഷ്ടിക്കാൻ രാജ്യത്തിലെ വ്യവസ്ഥാപിത നീതിന്യായ കോടതികളെ പോലും പരസ്യമായി വെല്ലുവിളിക്കുന്ന മാധ്യമസാംസ്കാരിക ഇടപെടലുകൾ സഗൗരവം തുറന്നു കാണിക്കപ്പെടേണ്ടതും, നിയമ നടപടികൾക്ക് വിധേയമാക്കപ്പെടേണ്ടതുമാണ്. വിവിധ രീതികളിൽ കേരളസമൂഹത്തിന്റെ സഹൈര്യ ജീവിതത്തിന് വിഘാതം സൃഷ്ടിച്ചുകൊണ്ടിരിക്കുന്നവരും സമസ്ത മേഖലകളിലും ദുഷ്ടലാക്കോടെ ഇടപെട്ട് വെല്ലുവിളികൾ ഉയർത്തുന്നവരുമായ ചിലരുടെ കരങ്ങൾ ഇത്തരം സംഭവവികാസങ്ങൾക്ക് പിന്നിലുണ്ടെന്നുള്ളതിന് സൂചനകളുണ്ട്.

വർഗ്ഗീയ ധ്രുവീകരണത്തിനും ഇതര സമുദായ മത സംഘർഷങ്ങൾക്കും വഴിയൊരുക്കി കേരളത്തെ കലാപഭൂമിയാക്കാനും, മയക്കുമരുന്ന് സ്വർണ്ണ കടത്തുകളും ഹവാല ഇടപാടുകളും നടത്തി കേരളത്തിന്റെ സാമ്പത്തികവും സാമൂഹികവുമായ സുസ്ഥിതി തകർക്കാനും, സുപ്രധാന സർക്കാർ വകുപ്പുകളിലെ നിയമനങ്ങൾ പോലും നിയമവിരുദ്ധമായി കൈപ്പിടിയിലാക്കി ഭരണ സംവിധാനങ്ങളെ അട്ടിമറിക്കാനും നിരന്തരം ശ്രമിച്ചുകൊണ്ടിരിക്കുന്നവരുടെ ഗൂഢ ശ്രമങ്ങളെ ചെറുത്തുതോൽപ്പിക്കാൻ ബഹുമാനപ്പെട്ട സർക്കാരും ക്രമസമാധാന നീതി ന്യായ വകുപ്പുകളും ആത്മാർത്ഥമായി ഇടപെടേണ്ടിയിരിക്കുന്നു.

രാജ്യത്തിന്റെ നിയമങ്ങൾക്കനുസരിച്ച് കുറ്റക്കാർ ശിക്ഷിക്കപ്പെടുകയും നീതി നടപ്പിലാക്കപ്പെടുകയും വേണം എന്ന നിലപാട് ഒരു ജനാധിപത്യ രാജ്യത്ത് അഭംഗുരം കാത്തുസൂക്ഷിക്കപ്പെടേണ്ട ഒന്നാണ്. നിയമത്തിന്റെ വഴിയിൽനിന്ന് വ്യതിചലിച്ച് ആൾകൂട്ടത്തെ ഇളക്കിവിട്ടുള്ള മാധ്യമവിചാരണയും, സ്ഥാപിതതാത്പര്യങ്ങൾക്കനുസരിച്ചുള്ള വിധിതീർപ്പുകളും, കോടതിയെയും നീതിന്യായ സംവിധാനങ്ങളെയും പരസ്യമായി അവഹേളിക്കുകയും വെല്ലുവിളിക്കുകയും ചെയ്യുന്ന ശൈലിയും അരാജകത്വത്തിന്റെ ലക്ഷണങ്ങളാണ്. നിയമം അനുശാസിക്കുന്ന രീതിയിൽ നീതിക്കും ന്യായത്തിനും വേണ്ടി മുന്നോട്ടുപോകുവാൻ ആർക്കും സാധ്യമായ ഈ രാജ്യത്ത് കോടതിവിധികളെ തെല്ലും മാനിക്കാത്ത സമീപനം തിരുത്തപ്പെടേണ്ടതുണ്ട്.

ദൈവവിശ്വാസത്തിൽ അധിഷ്ഠിതമായ മത സംവിധാനങ്ങളെയും കത്തോലിക്കാ സഭയെയും സഭയുടെ ഭാഗമായ സന്ന്യാസ ജീവിത ശൈലിയെയും ഈ ജനാധിപത്യ രാജ്യത്തിന്റെ വ്യവസ്ഥാപിത സംവിധാനങ്ങളെയും സമാധാനാന്തരീക്ഷത്തെയും തകർക്കാൻ ശ്രമിക്കുകയും തെറ്റിദ്ധാരണകൾ പടർത്തുകയും ചെയ്യുന്ന ഗൂഢശക്തികളെ പൊതുസമൂഹം തിരിച്ചറിഞ്ഞ് ഒറ്റപ്പെടുത്തുന്നതോടൊപ്പം, ഇന്നത്തെ സാഹചര്യത്തിൽ നീതിന്യായ വ്യവസ്ഥിതിക്കും ജനാധിപത്യ മൂല്യങ്ങൾക്കും വിരുദ്ധമായ നീക്കങ്ങൾക്കെതിരെ ശക്തമായ നടപടികൾ സ്വീകരിക്കാൻ കേന്ദ്ര സംസ്ഥാന സർക്കാരുകൾ തയ്യാറാവുകയും വേണം.

**_ഫാ. മൈക്കിൾ പുളിക്കൽ_**
**_സെക്രട്ടറി, കെസിബിസി ഐക്യജാഗ്രതാ കമ്മീഷൻ_**

www.malankaralibrary.com


# മക്കൾ നിഷേധിച്ചാൽ മാതൃത്വം അസാധുവാകുമോ?

*ഡോ. സി. വന്ദന ഡെയ്സി എംഎസ്എംഐ*



മനുഷ്യന്റെ സഹജവാസനകളെ ആത്മബലംകൊണ്ട് അടക്കിനിറുത്തുകയും സർഗാത്മകമായി അവതരിപ്പിക്കുകയും ചെയ്യുക എന്നത് സാധ്യമാണ്. ഈ സാധ്യതയുടെ സാക്ഷാത്ക്കാരമാണ് കത്തോലിക്കാ സഭയിലെ സന്യാസം.

### അസംസ്കൃത മനസുകൾ അരങ്ങു വാഴുന്നുണ്ടോ?

മാധ്യമ വ്യവസായം നിയന്ത്രിക്കുന്ന വർത്തമാനകാലത്തിൽ ഇന്ന് വിപണനമൂല്യമുള്ളത് നിഷേധാത്മകമായ അവതരണങ്ങൾക്കും പ്രകടനങ്ങൾക്കുമാണ്. ഒരുതരം തെരുവുസംസ്കാരം ജീവിതശൈലിയായി സ്വീകരിക്കുന്നവരാണ് ഈ മേഖലയിൽ ചിലർ. അയൽക്കാരന്റെ സ്വകാര്യതകളിലേക്ക് ഒളിഞ്ഞുനോക്കി അതുവിളിച്ചു പറഞ്ഞുകൊണ്ട് അപവാദഘോഷയാത്ര നടത്തുക എന്നത് ഈ സംസ്കാരത്തിന്റെ സ്വഭാവമാണ്.

തങ്ങൾക്ക് അസാധ്യമാണ് എന്നു തോന്നുന്ന ഒരു ജീവിതശൈലി അനുവർത്തിക്കുന്നവരെ പരാജിതരെന്ന് ചിത്രീകരിക്കാൻ അത്തരക്കാർ ഉത്സുകരാണ്. സംസ്കാരസമ്പന്നമായ സാക്ഷരകേരളത്തിലും ഈ അപരിഷ്കൃത മനോഭാവം പുലർത്തുന്നവർ കുറവല്ല. അസംസ്കൃതമായ അധമകാമനകളുടെ അടിമകൾക്ക്, ഉത്തമമായ കർമങ്ങൾ ചെയ്തു സമൂഹബോധമനസിന്റെ നിലവാരം ഉയർത്തി നിർത്തുന്നവരെ ഉൾക്കൊള്ളാൻ കഴിയില്ലെന്നതു സത്യമാണ്.

അടുത്തകാലത്ത് കത്തോലിക്കാ പൗരോഹിതത്തെയും സമർപ്പിത ജിവിതത്തെയും ആക്ഷേപിക്കാൻ വേണ്ടി ചില മാധ്യമ കച്ചവടക്കാർ നടത്തിയ വികൃതാഭ്യാസങ്ങൾ വിരളമല്ല. വിശുദ്ധ കൂദാശയായ കുമ്പസാരത്തെ അവഹേളിക്കുന്ന ആഹാരക്കച്ചവട പരസ്യം, സമർപ്പിതസമൂഹം അവരുടെ വ്യക്തിത്തിന്റെ അടയാളമായി അണിയുന്ന തിരുവസ്ത്രത്തെ വികൃതവികാരങ്ങളുടെ വിപണനമാക്കിയ ഫോട്ടോഷൂട്ട്, സന്യാസ ദൈവവിളിയെ ആക്ഷേപിച്ചുകൊണ്ടും വ്യക്തിസ്വാതന്ത്ര്യത്തെ തമസ്കരിച്ചുകൊണ്ടുള്ള വിദ്വേഷപ്രസംഗങ്ങൾ, ഉപജീവനത്തിനായി ദീർഘകാലം സന്യാസഭവനങ്ങളിൽ ജീവിച്ചശേഷം പുറത്തിറങ്ങി സന്യാസജീവിതത്തെ താറടിച്ചുകൊണ്ട് അവഹേളനത്തൊഴിലാളികളുടെ അടിമപ്പണിചെയ്യുന്നവർ, തികച്ചും അപ്രസക്തമായ ആക്ഷേപങ്ങൾപോലും അന്തിച്ചർച്ചകളുടെ വിതരണമേശയിൽഎത്തിച്ച് ആഹാരമാക്കാൻ കൊതിച്ച് കൊത്തിപ്പറക്കുന്ന ചാനൽ പരുന്തുകൾ. ഇത്തരം സാമൂഹ്യവിരുദ്ധ പ്രവർത്തനങ്ങൾക്കെതരേ സമർപ്പിതരായ ഞങ്ങൾ ശക്തമായി പ്രതിഷേധിക്കുന്നു. വിലകുറഞ്ഞ ഈ അവഹേളനങ്ങൾക്ക് മറുപടി പറയുന്നില്ലെങ്കിൽ ആരോപിതർക്ക് പറയാൻ ഒന്നുമില്ലാത്തതുകൊണ്ടാണ് എന്ന് വിശ്വസിക്കാൻ പൊതുസമൂഹബോധത്തിന് ഒരു പ്രലോഭനമുണ്ട് എന്നുള്ളത് ശ്രദ്ധയിൽപെട്ടിട്ടുണ്ട്.

### സന്യാസം

ക്രിസ്തീയജീവിതം ക്രിസ്തു നൽകിയ ഒരു ജീവതിശൈലിയാണ്. ദൈവം ഏക സ്നേഹപിതാവാണെന്നും എല്ലാ മനുഷ്യരും സഹഹോദരങ്ങളും തുല്യരുമാണെന്നും പഠിപ്പിക്കുന്ന സ്നേഹത്തിന്റെ, സാഹോദര്യത്തിന്റെ കരുണയുടെ ശൈലിയാണത്. ഈ പ്രപഞ്ചത്തെ ആശ്ലേഷിക്കുന്ന സവിശേഷമായ ഒരു ജീവിതശൈലിയാണ് കത്തോലിക്കാസഭയിലെ സന്യാസം. ലോകത്തിൽ എത്രയോ വിധത്തിലുള്ള ജീവിത ശൈലികളുണ്ട്. ഓരോരുത്തരും അവർക്ക് ഇഷ്ടമുള്ളതും അനുവർത്തിക്കാൻ



www.malankaralibrary.com


കഴിയുന്നതുമാണ് തിരഞ്ഞെടുക്കുന്നതും തിരഞ്ഞെടുക്കേണ്ടതും. ക്രിസ്തു പഠിപ്പിച്ച ഈ ജീവിതശൈലി അർഥപൂർണമാണ് എന്നു തിരിച്ചറിയുന്നവർ ആ വിളി സ്വീകരിക്കുന്നതിൽ എന്താണ് തെറ്റ് എന്നു മനസിലാകുന്നില്ല. മറ്റാരുടെയും പ്രേരണയാലോ നിർബന്ധത്താലോ സാധ്യമല്ല ക്രൈസ്തവ സന്യാസജീവിതം. ഈ വിളി ലഭിക്കുന്നവർക്കല്ലേ ഇതിന്റെ വില ഗ്രഹിക്കാനാവൂ.

ക്രിസ്തുവിന്റെ സർവാശ്ലേഷിയായ സ്നേഹം തിരിച്ചറിയുന്നവർ അതിനുവേണ്ടി മറ്റെല്ലാം ഉപേക്ഷിക്കുന്നുണ്ടെങ്കിൽ അതനുകരിക്കാൻ പറ്റാത്തവർ ഉയർത്തുന്ന ആക്ഷേപങ്ങളും അവഹേളനങ്ങളും എങ്ങനെയാണ് സത്യമാകുന്നത്? സാധാരണ മനുഷ്യജീവിതത്തിന് സ്വാഭാവികമായി തോന്നാത്ത, ക്രിസ്തുവിനോടുള്ള സ്നേഹത്തെപ്രതി ഒരു വ്യക്തി ബോധപൂർവം സ്വീകരിക്കുന്ന അനുസരണം ബ്രഹ്മചര്യം, ദാരിദ്ര്യം എന്നീ വ്രതങ്ങൾ അനുഷ്ഠിച്ചുകൊണ്ട് ജീവിക്കുന്ന കത്തോലിക്കാ സന്യാസജീവിതം ഒരു തലതിരിഞ്ഞ ജീവിതശൈലിയല്ല. നന്മയിൽ നിന്ന് തിരിഞ്ഞു നടക്കുന്നവരെയും ബന്ധങ്ങൾ മറന്ന് പിരിഞ്ഞ് പോകുന്നവരെയും ദൈവപിതാവിന്റെ സ്നേഹത്തിൽ ചേർത്തണയ്ക്കുന്ന സാർഥകമായ ജീവിതസപര്യയാണിത്.

കുപ്പത്തൊട്ടിയിൽ കിടക്കുന്നവരെ കോരിയെടുക്കുന്ന കൈകൾ ചുക്കിചുളിഞ്ഞതെന്നാലും അതു ദൈവത്തിൻറെ കൈയാണ് എന്ന് ആ വാത്സല്യചൂട് അനുഭവിക്കുന്നവർക്കല്ലേ മനസിലാകൂ. കാപട്യമുള്ള കാഴ്ചക്കാരന് കാരുണ്യകർമം ഒരിക്കലും ഹൃദയസ്പർശകമല്ല. അതുകൊണ്ടുതന്നെ ഈ കാലഘട്ടത്തിൽ ഞങ്ങൾക്ക് ചുറ്റുമുയരുന്ന പരിഹാസങ്ങൾ അതെന്തുതന്നെയാലും ഞങ്ങളുടെ സന്യാസ ജീവിത ശൈലിയുടെ പകിട്ട് കുറയ്ക്കുന്നില്ല. മറിച്ച്, അത് കൂടുതൽ ശ്രദ്ധിക്കപ്പെടുവാനാണ് ഇടയാകുന്നത്. അതിനാൽ ഇത്തരത്തിലുള്ള ആക്ഷേപങ്ങളെ ഞങ്ങൾ നിറഞ്ഞമനസോടെ സ്വാഗതം ചെയ്യുന്നു. കാരണം, മക്കൾ നിഷേധിച്ചാലും മാതൃത്വം അസാധുവാകുന്നില്ല.

തള്ളിപ്പറയുന്ന മക്കളെയും ഉള്ളിൽ ചേർത്തുപിടിക്കുന്ന അമ്മയുടെ അരുമവാത്സല്യത്തിൻറെ ആൾരൂപങ്ങളാകാൻ ക്രിസ്തു ഞങ്ങളെ വിളിക്കുന്നുണ്ടെങ്കിൽ ആ വിളി കിട്ടാത്തവർ, കിട്ടിയിട്ടും ജീവിക്കാൻ കഴിയാത്തവർ അസൂയപ്പെടുകയോ ആക്ഷേപിക്കുകയോ ചെയ്യുന്നതിൽ അർഥമില്ലെന്ന് തിരിച്ചറിയണം.

### ആരോപണങ്ങളും നേർജീവിതങ്ങളും

നീളൻ ഉടുപ്പിലെ ഉടലുകളുടെ ഹനിക്കപ്പെടുന്ന സ്വാതന്ത്ര്യത്തെയോർത്തു വല്ലാതെ വ്യഥയനുഭവിക്കുന്ന ആകുലമനസുകളോട് ഒരു വാക്ക്. നമുക്കു ചുറ്റുമുള്ള ഇത്തിരിയിടങ്ങളിൽതന്നെ ഒരുപാടു ജീവിതങ്ങൾക്ക് പ്രകാശവും തണലുമായ ആയിരക്കണക്കിന് സമർപ്പിത ജീവിതങ്ങളുണ്ടിവിടെ. ഒന്നുവിളിച്ചാൽ വിളിപ്പുറത്തുള്ള സന്യാസത്തിന്റെ സജീവസാക്ഷ്യങ്ങളെ കാണാമായിരുന്നിട്ടും നോക്കാതെ, അറിയാമായിരുന്നിട്ടും പറയാതെ, വഴിമാറി നടന്ന് അപവാദവിതരണം നടത്തുന്നവരോട് എന്തുപറയാൻ?

ചിട്ടയായ പരിശീലനങ്ങളും മൂല്യാധിഷ്ഠിത ജീവിതവും വഴി യഥാർഥ മതേതരത്വത്തിലൂടെ രാഷ്ട്രനിർമിതി സാധ്യമാക്കുന്ന സാങ്കേതങ്ങളാണ് ക്രൈസ്തവ വിദ്യാലയങ്ങളെന്നത് കാലം തെളിയിച്ച സത്യമാണ്. തങ്ങളുടെ കുഞ്ഞുങ്ങളുടെ വ്യക്തിത്വം ശരിയായി രൂപപ്പെടുത്താൻ സമർപ്പിതരുടെ സമൂഹത്തിന്റെ തിരിച്ചറിവിലല്ലേ കോൺവെന്റ് സ്കൂളുകളിലേക്ക് തങ്ങളുടെ മക്കളെ പഠനത്തിനയയ്ക്കാൻ ജാതിമത വ്യത്യാസമില്ലാതെ മാതാപിതാക്കൾ ശ്രദ്ധ പുലർത്തുന്നത്? സ്ത്രീയുടെ ഉടലിന്റെ ആന്തലുകളെ മാത്രം വാ



www.malankaralibrary.com


യിക്കുന്നവർക്ക് ഒരു സംസ്കാരത്തിന്റെ തനിമപേറുന്ന സന്യാസവസ്ത്രത്തിന്റെ മഹത്വം മനസിലാവില്ല. അതിന് ആന്തരികവിശുദ്ധിയും അറിവും മാത്രം പോരാ. സംസ്കാരമുള്ള കുടുംബങ്ങളിൽ പിറക്കുകയും വേണം.

### വേറിട്ട വേഷങ്ങളിൽ തെളിയുന്ന വെളിച്ചങ്ങൾ

വിശുദ്ധ ചാവറ പിതാവ് മുതൽ പ്രവാചകമനസുള്ള വിശുദ്ധ ജന്മങ്ങളിൽ ഓരോ കാലത്തിന്റെ നിയോഗങ്ങൾക്കനുസരിച്ച് ദൈവം നിക്ഷേപിക്കുന്ന ആന്തരിക പ്രചോദനങ്ങൾ വിവിധ സന്യാസമൂഹങ്ങളുടെ രൂപീകരണത്തിന് കാരണമായിട്ടുണ്ട്. ഒരു സന്യാസിനിയെയും നിർബന്ധിച്ച് സന്യാസസഭയിൽ ജീവിപ്പിക്കാനും ആർക്കും സാധ്യമല്ല. അപ്പോൾ പിന്നെ എങ്ങനെയാണ് അപഭ്രംശം സംഭവിക്കുന്നത്? സന്യാസജീവിതത്തോട് ആഭിമുഖ്യം തോന്നുകയും അതിൽ പ്രവേശനം ലഭിച്ച പരിശീലനം നേടുകയും ആ സഭയുടെ വസ്ത്രം ധരിക്കുകയും ചെയ്താലും സന്യാസജീവിതം പൂർണമാകുന്നില്ല. കാരണം നിരന്തരമായ തുടർപരിശീലനത്തിലൂടെയുള്ള രൂപപ്പെടലാണ് സന്യാസം. ഈയൊരു ആത്മനിഷ്ഠയുടെ സ്വയം പരിശീലനത്തിൽനിന്ന് ആരൊക്കെ പുറത്തിറങ്ങുന്നുവോ അവരറിഞ്ഞോ അറിയാതെയോ ആ സമൂഹത്തിന്റെ മുഖ്യധാരയിൽനിന്നും സ്വയം അകന്നുമാറുകയാണ്. മരണദിവസംവരെ നീളുന്ന സന്യാസജീവിതം തന്നെയാണ് തുടർപരിശീലനം. ഇത്തരം പരിശീലനത്തിൽ പരാജയപ്പെട്ടിട്ടും അയോഗ്യത മറച്ചുവച്ച് തൊഴിൽ ചെയ്യുന്നവരെയാണ് സമൂഹം വ്യാജന്മാർ എന്നു വിളിക്കുന്നത്. നിശ്ചയമായും സന്യാസജീവിതത്തിലും ഇപ്രകാരം വ്യതിചലനം സംഭവിച്ചവരുണ്ടാകാം. നിയമലംഘനങ്ങൾ നടത്തിയിട്ടും ഈ സമൂഹത്തിൽ തന്നെ ജീവിക്കണമെന്നവാശി കരുണയുടെ വിതരണക്കാരും ക്ഷമയുടെ കാവൽക്കാരുമായ ക്രൈസ്തവ സന്യാസികളുടെ സമൂഹത്തിൽ മാത്രമേ നടക്കുകയുള്ളൂ എന്നതാണ് സത്യം.

ഈ സത്യം അറിഞ്ഞിട്ടും ഇവരെ പിന്തുണയ്ക്കുന്നവർ ആരാണെന്നും ഞങ്ങൾക്കറിയാം. കുടുംബജീവിതത്തിൽ ഒരു പിഴവുപോലും വരുത്തിയാൽ കൂടെ പങ്കാളിയുണ്ടാകില്ലെന്ന് ഉറപ്പുള്ളവർ തന്നെയാണ്, നിയമലംഘനം നടത്തിയാൽ ഉദ്യോഗം നഷ്ടപ്പെടും എന്നുറപ്പുള്ളവർ തന്നെയാണ്, ഒരു ജീവിതശൈലിയുടെ നിയമലംഘനം നടത്തിയവരെ വാഴ്ത്തുകയും പൊതുസമൂഹത്തിനു മുമ്പിൽ മഹത്വപ്പെടുത്തുകയും ചെയ്യുന്നത് എന്നു മനസിലാക്കാൻ അതിബുദ്ധിയുടെ ആവശ്യമില്ല. സമർപ്പിതസമൂഹത്തിൻറെ നിസ്വാർഥമായ സേവനമേഖലകളെ നിർവീര്യമാക്കുകയെന്നതല്ലേ ഇതിൻറെയൊക്കെ പിന്നിലുള്ള നിഗൂഢ ലക്ഷ്യം?

### ആക്ഷേപം ഉന്നയിക്കുന്നവരോട്

നിരന്തരം ചാനലുകളിൽ അന്തിച്ചർച്ചകളായും സോഷ്യൽ മീഡിയകളിൽ അപഹാസ്യങ്ങളായും ആക്ഷേപം ഉന്നയിക്കുന്നവരോട് ഞങ്ങൾക്കൊരു ചോദ്യമുണ്ട്. സത്യസന്ധമായി ക്രൈസ്തവ സന്യാസം ജീവിക്കുന്നവരുമായി ഒരു സംവാദം നടത്തുവാൻ നിങ്ങൾക്ക് ധൈര്യമുണ്ടോ? ക്രൈസ്തവസഭയുടെ വിഷയങ്ങൾ ചർച്ചയ്ക്കെടുക്കുമ്പോൾ കത്തോലിക്കാസഭയും വിവിധ സന്യാസസമൂഹങ്ങളും ഒദ്യോഗികമായി നിയമിച്ചിരിക്കുന്ന വക്താക്കളെ ചർച്ചയ്ക്ക് ക്ഷണിക്കാനുള്ള മര്യാദ നിങ്ങൾ പ്രകടിപ്പിക്കുമോ? കേരളത്തിലും ഭാരതത്തിലും സഭയുടെയും സമർപ്പിതസമൂഹങ്ങളുടെയും പ്രവർത്തനങ്ങളിലൂടെ സംഭവിക്കുന്ന പൊതുസമൂഹനിർമിതിയെപ്പറ്റിയും രാഷ്ട്രരൂപീകരണത്തെപ്പറ്റിയും ചർച്ചയ്ക്ക് നിങ്ങൾ തയാറാണോ? അതിനു നിങ്ങൾ ആരോപണങ്ങളുടെ ആകാശങ്ങളിൽ നിന്ന് യഥാർഥ ജീവിതത്തിൻറെ പച്ചമണ്ണിലേക്ക് ഇറങ്ങിവന്നു നിൽക്കണം. ഊതിവീർപ്പിച്ച അസത്യങ്ങളുടെയും കൃത്രിമമായ അപവാദങ്ങളുടെയും പുകമറയ്ക്കുള്ളിൽനിന്നും സത്യത്തിന്റെ വെളിച്ചത്തിലേക്ക് നിങ്ങൾ ഇറങ്ങിവരണം.

ആരൊക്കെ ആക്ഷേപിച്ചാലും എത്രയേറെ അവഹേളിച്ചാലും ഞങ്ങളുടെ യാത്ര ഞങ്ങൾ തുടരുകതന്നെ ചെയ്യും. കുരിശിൽ തറച്ചു കൊന്നിട്ടും കല്ലറയിൽ അടക്കപ്പെട്ടിട്ടും ഉയർത്തെഴുന്നേറ്റ് ഇന്നും ജീവിക്കുന്ന യേശുക്രിസ്തുവിലാണ് ഞങ്ങൾ വിശ്വസിക്കുന്നതെങ്കിൽ ആ വിശ്വാസം ഞങ്ങൾ ജീവിക്കും. അവന്റെ കരുണയിലാണ് ഞങ്ങൾ ആശ്രയിക്കുന്നതെങ്കിൽ ആ കാരുണ്യം ഞങ്ങൾ വിതരണം ചെയ്യും. സഹോദരങ്ങൾക്കായി ജീവനർപ്പിക്കുന്ന അവന്റെ സ്നേഹമാണ് ഞങ്ങളെ ജീവിപ്പിക്കുന്നതെങ്കിൽ ഞങ്ങളുടെ ജീവൻ ദൈവമഹത്വത്തിനായി ഞങ്ങൾ ബലിയർപ്പിക്കുക തന്നെചെയ്യും.



www.malankaralibrary.com



# പരിശുദ്ധ പിതാവ് ഫ്രാൻസിസ് പാപ്പായുടെ 2022ലെ നോമ്പുകാലസന്ദേശം

**പ്രിയപ്പെട്ട സഹോദരീസഹോദരന്മാരേ,**

യേശുക്രിസ്തുവിന്റെ മരണത്തിന്റെയും ഉയിർപ്പിന്റെയും പെസഹാ രഹസ്യത്തിലേക്കു നമ്മെ നയിക്കുന്ന നോമ്പുകാലം വ്യക്തിപരവും സാമൂഹ്യവുമായ നവീകരണത്തിനു അനുയോജ്യമായ സമയമാണ്. 2022ലെ നമ്മുടെ നോമ്പുകാലയാത്രയ്ക്ക് ഉപകരിക്കുംവിധം വിശുദ്ധ പൗലോസ് ഗലാത്തിയാക്കാർക്കു നല്കിയ ആഹ്വാനം വിചിന്തനവിഷയമാക്കാം:"നന്മ ചെയ്യുന്നതിൽ മടുപ്പുതോന്നാതിരിക്കട്ടെ. കാരണം, തളരാതിരുന്നാൽ നമുക്ക് യഥാകാലം വിളവെടുക്കാം. ആകയാൽ നമുക്ക് അവസരം (കയിറോസ്) ലഭിച്ചിരിക്കുന്നതുകൊണ്ട് സകല മനുഷ്യർക്കും നന്മ ചെയ്യാം" (ഗലാ 6:910).

**1. വിതയ്ക്കുന്നതും കൊയ്യുന്നതും**

യേശുവിനു പ്രിയങ്കരമായിരുന്ന വിതയ്ക്കലും കൊയ്യലും എന്ന ചിത്രം (മത്താ 13 കാണുക) അപ്പസ്തോലൻ ഈ വാക്കുകളിൽ ഉപയോഗപ്പെടുത്തുന്നു. വിശുദ്ധ പൗലോസ് ഒരു അവസരത്തെക്കുറിച്ച് (കയിറോസ്) നമ്മോടു പറയുന്നു, അതായത്, ഭാവിയിലുണ്ടാകാനിരിക്കുന്ന ഒരു കൊയ്ത്തിനുവേണ്ടി തക്കസമയത്ത് നടത്തുന്ന ഒരു വിതയ്ക്കലിനെകുറിച്ച്. ഏതാണ് നമ്മുടെ അവസരം? നോമ്പുകാലം തീർച്ചയായും അപ്രകാരമൊരു അവസരമാണ്; എന്നാൽ അതുപോലെതന്നെയാണ് നമ്മുടെ മുഴുവൻ അസ്തിത്വവും; നോമ്പുകാലം അതിന്റെ ഒരുതരത്തിലുള്ള ഒരു പ്രതിരൂപമാണ്. പലപ്പോഴും നമ്മുടെ ജീവിതത്തിൽ, അതിമോഹം, അഹങ്കാരം, സ്വന്തമാക്കാനും കുന്നുകൂട്ടാനും ഉപയോഗപ്പെടുത്താനുമുള്ള താത്പര്യം എന്നിവ മേൽക്കൈ നേടാറുണ്ട്; സുവിശേഷത്തിലെ ഭോഷനായ മനുഷ്യന്റെ കഥപോലെയാണിത്; തന്റെ അറപ്പുരകളിൽ ശേഖരിച്ചുവച്ചിരുന്ന സമൃദ്ധകാലധാന്യവും വസ്തുക്കളുംവഴി തന്റെ ജീവിതം സ്വസ്ഥവും സുരക്ഷിതവുമാണെന്നു അയാൾ കരുതി (ലൂക്കാ 12:1621 കാണുക). മാനസാന്തരത്തിലേക്ക്, അഥവാ മനോഭാവവ്യത്യാസത്തിലേക്ക്, നോമ്പുകാലം നമ്മെ ക്ഷണിക്കുന്നു; അങ്ങനെ ജീവിതത്തിന്റെ സത്യവും സൗന്ദര്യവും എന്നത് സ്വന്തമാക്കുന്നതിലുപരി നല്കുന്നതിലാണെന്നും, കുന്നുകൂട്ടുന്നതിലുപരി വിതയ്ക്കുന്നതിലും നന്മ പങ്കുവയ്ക്കുന്നതിലും ആണെന്നു നാം കണ്ടെത്തുന്നു.

ആദ്യം വിതയ്ക്കുന്നത് ദൈവം തന്നെയാണ്; അവിടന്ന് ഏറെ ഔദാര്യപൂർവം "മാനവകുടുംബത്തിൽ നന്മയുടെ വിത്തുകൾ സമൃദ്ധമായ തോതിൽ വിതച്ചുകൊണ്ടേയിരിക്കുന്നു"



www.malankaralibrary.com



(Fratelli Tutti, 54). "സജീവവും ഊർജസ്വലവുമായ" (ഹെബ്ര 4:12) അവിടത്തെ വചനം സ്വീകരിച്ചുകൊണ്ട്, ദൈവത്തിന്റെ ദാനത്തോടു പ്രത്യുത്തരിക്കാൻ നോമ്പുകാലത്ത് നാം ക്ഷണിക്കപ്പെട്ടിരിക്കുന്നു. നിരന്തരമുള്ള ദൈവവചനശ്രവണം നമ്മെ അവിടത്തെ പ്രവൃത്തിയോട് തുറവും വിധേയത്വവും പുലർത്താൻ ഇടവരുത്തുകയും (യാക്കോ 1:21 കാണുക) നമ്മുടെ ജീവിതങ്ങളിൽ ഫലം പുറപ്പെടുത്തുകയും ചെയ്യുന്നു. ഇതു നമുക്കു വലിയ സന്തോഷം കൊണ്ടുവരുന്നു; അതിലുപരി നമ്മെ ദൈവത്തിന്റെ സഹപ്രവർത്തകരാകാൻ ക്ഷണിക്കുന്നു (1 കോറി 3:9 കാണുക). വർത്തമാനകാലത്തെ നന്നായി പ്രയോജനപ്പെടുത്തിക്കൊണ്ട് (എഫേ 5:16 കാണുക), നമുക്ക് നന്മയുടെ വിത്തുകൾ വിതയ്ക്കാനാകും. നന്മയുടെ വിത്തുകൾ വിതയ്ക്കാനുള്ള വിളി ഒരു ഭാരമായി കണക്കാക്കാൻ പാടില്ല; അത് കൃപയാണ്; അതുവഴി സ്രഷ്ടാവ് തന്റെതന്നെ നിസ്സീമമായ നന്മയോട് സജീവമായി പങ്കുചേരാൻ നമ്മെ ക്ഷണിക്കുന്നു

കൊയ്ത്തിനെകുറിച്ച് എന്താണ് പറയേണ്ടത്? കൊയ്ത്തിനുവേണ്ടിയല്ലേ നമ്മൾ വിത്തു വിതയ്ക്കുന്നത്? തീർച്ചയായും! വിതയ്ക്കലും കൊയ്ത്തും തമ്മിലുള്ള അഭേദ്യമായ ബന്ധത്തെക്കുറിച്ച് പൗലോസ് ഇപ്രകാരം പറയുന്നു: "അല്പം വിതയ്ക്കുന്നവൻ അല്പം മാത്രം കൊയ്യും; അധികം വിതയ്ക്കുന്നവൻ അധികം കൊയ്യും" (2 കോറി 9:6). എന്നാൽ ഏതുതരം കൊയ്ത്തിനെകുറിച്ചാണ് നാം സംസാരിക്കുന്നത്? നമ്മൾ വിതയ്ക്കുന്ന നന്മയുടെ ഒരു ആദ്യഫലം നമ്മിൽത്തന്നെയും നമ്മുടെ ദൈനംദിന ജീവിതങ്ങളിലും പ്രത്യക്ഷപ്പെടുന്നു, അതായത്, നമ്മുടെ ചെറിയ ദയയുടെ പ്രവൃത്തികളിൽ. ദൈവത്തിൽ സ്നേഹത്തിന്റെ ഒരു പ്രവൃത്തിയും, അത് എത്ര ചെറുതായാലും, "ഔദാര്യപൂർവമായ ഒരു യത്നവും" ഒരിക്കലും നഷ്ടപ്പെടുകയില്ല (Evangelii Gaudium, 279 കാണുക). ഒരു വൃക്ഷത്തെ അതിന്റെ ഫലങ്ങളിൽ നിന്നു നാം തിരിച്ചറിയുന്നതുപോലെ (മത്താ 7:16.20 കാണുക), നന്മപ്രവൃത്തികളാൽ നിറഞ്ഞ ഒരു ജീവിതം പ്രകാശം പ്രസരിപ്പിക്കുകയും (മത്താ 5:1416 കാണുക) ക്രിസ്തുവിന്റെ സൗരഭ്യം ലോകത്തിലേക്കു സംവഹിക്കുകയും ചെയ്യുന്നു (2 കോറി 2:15 കാണുക). പാപത്തിൽനിന്നു മോചിതമായി ദൈവത്തെ ശുശ്രൂഷിക്കുന്നത് എല്ലാവരുടെയും രക്ഷയ്ക്കായുള്ള വിശുദ്ധീകരണത്തിന്റെ ഫലങ്ങൾ പുറപ്പെടുവിക്കുന്നു (റോമാ 6:22 കാണുക).

യഥാർഥത്തിൽ നമ്മൾ വിതയ്ക്കുന്നതിന്റെ ഒരു ചെറിയ അംശം മാത്രമാണ് നാം കാണുന്നത്; എന്തെന്നാൽ, സുവിശേഷത്തിലെ സുഭാഷിതമനുസരിച്ച്, "ഒരുവൻ വിതയ്ക്കുന്നു, മറ്റൊരുവൻ കൊയ്യുന്നു" (യോഹ 4:37). മറ്റുള്ളവരുടെ നന്മയ്ക്കായി നാം വിതയ്ക്കുമ്പോൾ, നാം ദൈവത്തിന്റെ ദയാപൂർവമായ സ്നേഹത്തിൽ പങ്കുചേരുന്നു: "നാം വിതയ്ക്കുന്ന നന്മയുടെ വിത്തുകളുടെ നിഗൂഢ ശക്തിയിൽ പ്രത്യാശ വയ്ക്കുകയെന്നത് യഥാർത്ഥത്തിൽ ശ്രേഷ്ഠമായ കാര്യമാണ്; അങ്ങനെയാണ് മറ്റുള്ളവരാൽ ഫലം കൊയ്തെടുക്കപ്പെടുന്ന പ്രക്രിയകൾ ആരംഭിക്കുന്നതും" (Fratelli Tutti, 196). മറ്റുള്ളവരുടെമേൽ ഉന്നംവച്ചുള്ള നന്മയുടെ വിതയ്ക്കൽ ഇടുങ്ങിയ സ്വാർഥ താത്പര്യത്തിൽ നിന്നു നമ്മെ സ്വതന്ത്രരാക്കുന്നു; അത് നമ്മുടെ പ്രവൃത്തികളിൽ സൗജന്യഭാവം സന്നിവേശിപ്പിക്കുന്നു; അത് നമ്മെ ദൈവത്തിന്റെ ദയാവർപ്പാർന്ന പദ്ധതിയുടെ പ്രൗഢോജ്ജ്വലമായ ചക്രവാളത്തിന്റെ ഭാഗഭാക്കാക്കുന്നു.

ദൈവവചനം നമ്മുടെ കാഴ്ചപ്പാടിനെ വിശാലമാക്കുകയും ഉയർത്തുകയും ചെയ്യും: യഥാർഥമായ കൊയ്ത്ത് യുഗാന്ത്യപരമാണെന്നു അത് നമ്മോടു പറയുന്നു; അതാണ് അസ്തമിക്കാത്ത ദിനത്തിലെ, അവസാനത്തെ കൊയ്ത്ത്. നമ്മുടെ ജീവിതങ്ങളുടെയും പ്രവൃത്തികളുടെയും പാകമായ ഫലം, "നിത്യജീവന്റെ ഫലമാണ്" (യോഹ 4:36); അത് നമ്മുടെ "സ്വർഗത്തിലുള്ള നിക്ഷേപമാണ്" (ലൂക്കാ 12: 33; 18:22). ഫലം പുറപ്പെടുവിക്കുന്നതിനായി നിലത്തുവീണ് അഴിയുന്ന വിത്തിനെകുറിച്ചുള്ള സൂചന തന്റെതന്നെ മരണത്തിന്റെയും ഉയിർപ്പിന്റെയും അടയാളമായി യേശുതന്നെയും ഉപയോഗപ്പെടുത്തുന്നുണ്ട് (യോഹ 12:24 കാണുക). വിശുദ്ധ പൗലോസാകട്ടെ, അതേ അടയാളം ശരീരങ്ങളുടെ ഉയിർപ്പിനെ സംബന്ധിച്ചു സംസാരിക്കുമ്പോൾ ഉപയോഗിക്കുന്നു: "ഇപ്രകാരം തന്നെയാണ് മരിച്ചവരുടെ ഉത്ഥാനവും. നശ്വരതയിൽ വിതയ്ക്കപ്പെടുന്നു, അനശ്വരതയിൽ ഉയിർപ്പിക്കപ്പെടുന്നു. അപമാനത്തിൽ വിതയ്ക്കപ്പെടുന്നു, മഹത്ത്വത്തിൽ ഉയിർപ്പിക്കപ്പെടുന്നു. ബലഹീനതയിൽ വിതയ്ക്കപ്പെടുന്നു, ശക്തിയിൽ ഉയിർപ്പിക്കപ്പെടുന്നു. ഭൗമികശരീരം വിതയ്ക്കപ്പെടുന്നു, ആത്മീയശരീരം ഉയിർപ്പിക്കപ്പെടുന്നു. ഭൗമികശരീരമുണ്ടെങ്കിൽ, ആത്മീയശരീരവുമുണ്ട്" (1 കോറി 15:4244). ഉത്ഥാനത്തിലുള്ള പ്രത്യാശയാണ് ഉത്ഥിതനായ ക്രിസ്തുലോകത്തിന്റെ മുമ്പിൽ കൊണ്ടുവരുന്ന വലിയ പ്രകാശം. എന്തെന്നാൽ, "ഈ ജീവിതത്തിനുവേണ്ടി മാത്രം ക്രിസ്തുവിൽ നാം പ്രത്യാശ വച്ചവരാണെങ്കിൽ, നമ്മൾ എല്ലാ മനുഷ്യരെയുംകാൾ ദയനീയരത്രേ. എന്നാൽ നിദ്രപ്രാപിച്ച എല്ലാവരുടെയും ആദ്യഫലമായി ക്രിസ്തു ഉയിർപ്പിക്കപ്പെട്ടു" (1 കോറി 15:1920). അവനുമായി സ്നേഹത്താൽ അഭേദ്യമായി ഒന്നായിത്തീർന്നതുവഴി, "അവന്റെ മരണത്തിന്റെ സാദൃശ്യത്തോട് നാം ഏകീഭവിച്ചെങ്കിൽ" (റോമാ 6:5), നിത്യജീവനുവേണ്ടിയുള്ള ഉയിർപ്പി

www.malankaralibrary.com


ലും നാം അവനോട് ഏകീഭവിച്ചിരിക്കും (യോഹ 5:29 കാണുക). "അപ്പോൾ നീതിമാന്മാർ തങ്ങളുടെ പിതാവിന്റെ രാജ്യത്തിൽ സൂര്യനെപ്പോലെ പ്രശോഭിക്കും" (മത്താ 13:43).

**2. "നന്മ ചെയ്യുന്നതിൽ നമുക്കു മടുപ്പുതോന്നാതിരിക്കട്ടെ"**

ക്രിസ്തുവിന്റെ ഉയിർപ്പ് നമ്മുടെ ഭൗമികമായ പ്രത്യാശകളോടൊപ്പം നിത്യജീവന്റെ "വലിയ പ്രത്യാശ"യെയും ചൈതന്യവത്താക്കുന്നു; അങ്ങനെ അത് നമ്മുടെ കാലത്തുതന്നെ രക്ഷയുടെ വിത്തുവിതയ്ക്കുന്നു (Benedict XVI, Spe Salvi, 3; 7). സ്വപ്നങ്ങൾ തകർക്കപ്പെട്ടതു വഴിയായുള്ള കടുത്ത ഇച്ഛാഭംഗം, നമ്മുടെ മുന്നിലുള്ള വെല്ലുവിളികളെകുറിച്ചുള്ള ഉത്കണ്ഠ, നമ്മുടെ കൈവശമുള്ള വിഭവങ്ങളുടെ ദുർഭിക്ഷംമൂലമുള്ള നിരുത്സാഹപ്പെടൽ എന്നിവ നമ്മെ സ്വാർഥകേന്ദ്രീയതയിൽ അഭയം തേടാനും അന്യരുടെ സഹനങ്ങളോട് നിസ്സംഗതയോടെ പെരുമാറാനുമുള്ള പ്രലോഭനം നമ്മിൽ ഉണർത്തിയെന്നുവരാം. എന്നാൽ നമ്മുടെ ഏറ്റവും നല്ല വിഭവശേഷിക്കുപോലും പരിമിതികൾ ഉണ്ടെന്നുള്ളതാണ് യഥാർഥ്യം: "യുവാക്കൾപോലും തളരുകയും ക്ഷീണിക്കുകയും ചെയ്തേക്കാം; ചെറുപ്പക്കാർ ശക്തിയറ്റു വീഴാം" (ഏശ 40: 30). എന്നാൽ ദൈവം "തളർന്നവന് ബലം നല്കുന്നു; ദുർബലനു ശക്തി പകരുകയും ചെയ്യുന്നു.... എന്നാൽ ദൈവത്തിൽ ആശ്രയിക്കുന്നവൻ വീണ്ടും ശക്തി പ്രാപിക്കും. അവർ കഴുകന്മാരെപ്പോലെ ചിറകടിച്ചുയരും. അവർ ഓടിയാലും ക്ഷീണിക്കുകയില്ല; നടന്നാൽ തളരുകയുമില്ല"(ഏശ 40:29,31). നമ്മുടെ വിശ്വാസവും പ്രത്യാശയും കർത്താവിലർപ്പിക്കാൻ നോമ്പുകാലം നമ്മെ ക്ഷണിക്കുന്നു (1 പത്രോ 1:21 കാണുക). എന്തെന്നാൽ, ഉത്ഥിതനായ ക്രിസ്തുവിൽ നമ്മുടെ ദൃഷ്ടി പതിപ്പിച്ചെങ്കിൽ മാത്രമേ (ഹെബ്രാ 12:2 കാണുക), "നന്മ ചെയ്യുന്നതിൽ നമുക്കു ഒരിക്കലും മടുപ്പുതോന്നാതിരിക്കാം" (ഗലാ 6:9) എന്ന അപ്പസ്തോലന്റെ ആഹ്വാനത്തിനു പ്രത്യുത്തരം നല്കാനാകൂ.

പ്രാർഥിക്കുന്നതിൽ നമുക്കു മടുപ്പുതോന്നാതിരിക്കട്ടെ. "ഭഗ്നാശരാകാതെ എപ്പോഴും പ്രാർഥിക്കണം" (ലൂക്കാ 18:1) എന്ന് യേശു നമ്മെ പഠിപ്പിച്ചു. നമുക്കു പ്രാർഥിക്കേണ്ടതുണ്ട്, കാരണം നമുക്കു ദൈവത്തെ ആവശ്യമുണ്ട്. നമുക്കുപരി നമുക്കു മറ്റൊന്നും കൊണ്ട് ആവശ്യമില്ല എന്ന് കരുതുന്നത് ഒരു അപകടകരമായ മിഥ്യാധാരണയാണ്. കോവിഡ്19 മഹാമാരി നമ്മുടെ വ്യക്തിപരവും സാമൂഹ്യവുമായ ദൗർബ്ബല്ല്യത്തെക്കുറിച്ചുള്ള ബോധം വർധിപ്പിച്ചെങ്കിൽ ഈ വർഷത്തെ തപസ്സുകാലം ദൈവത്തിലുള്ള നമ്മുടെ വിശ്വാസവും അതു സംജാതമാക്കുന്ന സമാശ്വാസവും അനുഭവിക്കാൻ ഇടവരുത്തട്ടെ; അവിടത്തെക്കൂടാതെ നമുക്കു നിവർന്നു നില്ക്കാനാവില്ലല്ലോ (ഏശ 7:9 കാണുക)! ചരിത്രത്തിന്റെ കൊടുങ്കാറ്റുകൾക്കിടയിൽ നാമെല്ലാവരും ഒരേ വഞ്ചിയിൽ ആയിരിക്കയാൽ ഒരാളും ഒറ്റയ്ക്ക് രക്ഷ പ്രാപിക്കുകയില്ല; നിശ്ചയമായും ദൈവത്തെക്കൂടാതെ ഒരാളും രക്ഷ പ്രാപിക്കുകയുമില്ല; എന്തെന്നാൽ, യേശുക്രിസ്തുവിന്റെ പെസഹാരഹസ്യം മാത്രമാണ് മരണത്തിന്റെ ഇരുണ്ട ജലപ്രവാഹത്തിന്റെമേൽ വിജയം വരിക്കുന്നത്. യഥാർഥത്തിൽ ജീവിതത്തിന്റെ ഭാരങ്ങളിലും അനർഥങ്ങളിലുംനിന്നു വിശ്വാസം നമ്മെ ഒഴിവാക്കുന്നില്ല, എന്നാൽ ക്രിസ്തുവിൽ ദൈവത്തോട് ചേർന്നുനിന്നുകൊണ്ട് അവ അഭിമുഖികരിക്കാൻ അത് നമ്മെ പ്രാപ്തരാക്കുന്നു; നമ്മെ നിരാശരാക്കാത്ത വലിയ പ്രത്യാശ വഴിയാണത്; അതിന്റെ അച്ചാരം പരിശുദ്ധാത്മാവുവഴി നമ്മുടെ ഹൃദയങ്ങളിലേക്കു ചൊരിയപ്പെട്ട ദൈവത്തിന്റെ സ്നേഹമാണ് (റോമ 5:15 കാണുക).

നമ്മുടെ ജീവിതങ്ങളിൽനിന്നു തിന്മ ദൂരീകരിക്കുന്നതിൽ നമുക്കു മടുപ്പുതോന്നാതിക്കട്ടെ. നോമ്പുകാലം ആഹ്വാനം ചെയ്യുന്ന ശാരീരികമായ ഉപവാസം പാപത്തിനെതിരേയുള്ള നമ്മുടെ പോരാട്ടത്തിൽ നമ്മുടെ ആത്മാവിനെ ബലപ്പെടുത്തട്ടെ. ദൈവം ക്ഷമിക്കുന്നതിൽ ഒരിക്കലും ക്ഷീണതനാകുന്നില്ല എന്നു അറിഞ്ഞുകൊണ്ട് പശ്ചാത്താപത്തിന്റെയും അനുരഞ്ജനത്തിന്റെയും കൂദാശയിലൂടെ പാപപ്പൊറുതി ചോദിക്കുന്നതിൽ നമുക്കു മടുപ്പുതോന്നാതിരിക്കട്ടെ. വിഷയാസക്തിക്കെതിരേ പൊരുതുന്നതിൽ നമുക്കു മടുപ്പുതോന്നതിരിക്കട്ടെ. ഈ ബലഹീനത സ്വാർഥതയെയും എല്ലാത്തരം തിന്മകളെയും പ്രോത്സാഹിപ്പിക്കുകയും സ്ത്രീപുരുഷന്മാരെ പാപത്തിലേക്കു നയിക്കാൻ ചരിത്രഗതിയിൽ വിവിധ രൂപങ്ങൾ പ്രാപിക്കുകയും ചെയ്യുന്നു (Fratelli Tutti, 166 കാണുക). അതിലൊന്നാണ് ഡിജിറ്റൽ സമ്പർക്കമാധ്യമ ആസക്തി (digital media addiction); അത് മനുഷ്യബന്ധങ്ങളുടെ ശക്തിക്ഷയിപ്പിക്കുന്നു. ഈ പ്രലോഭനങ്ങളെ ചെറുക്കാനും അവയ്ക്കുപകരമായി കൂടുതൽ സമഗ്രമായ ഒരു മാനുഷിക ആശയവിനിമയം നടത്താനും (Fratelli Tutti, 43 കാണുക), അങ്ങനെ മുഖാമുഖവും വ്യക്തികേന്ദ്രീകൃതവും "ആധികാരികവുമായ കണ്ടുമുട്ടലുകൾ" (Fratelli Tutti, 50 കാണുക) നടത്താനുമുള്ള ഒരു ഉത്തമമായ സമയമാണിത്.

അയൽക്കാരനോട് സജീവസ്നേഹം പ്രകടിപ്പിക്കുന്നതിൽ നമുക്കു മടുപ്പുതോന്നാതിരിക്കട്ടെ. ഈ നോമ്പുകാലത്ത് സന്തോഷപൂർവം നല്കികൊണ്ട് നമുക്കു ദാനധർമ്മം പരിശീലി

www.malankaralibrary.com



ക്കാം (2 കോറി 9:7 കാണുക). "വിതക്കാനരനു വിത്തും ഭക്ഷിക്കാൻ അപ്പവും കൊടുക്കുന്ന" (2 കോറി 9:10) ദൈവം നമുക്കു ഭക്ഷിക്കാൻ ആഹാരം മാത്രമല്ല നല്കുന്നത്, മറ്റുള്ളവർക്കു ഉദാരമായി നന്മ ചെയ്യാൻ നമ്മെ പ്രാപ്തരാക്കുകയും ചെയ്യുന്നു. നന്മ വിതയ്ക്കാൻ നമുക്കു ജീവിതകാലം മുഴുവൻ ഉണ്ടെന്നുള്ളതു സത്യമാണെങ്കിലും, നമ്മോട് അടുത്തബന്ധപ്പെട്ടിരിക്കുന്നവരെ പരിചരിക്കുന്നതിലും ജീവിതത്തിന്റെ വഴിയരികിൽ പരിക്കേറ്റവരായി കിടക്കുന്ന സഹോദരീ സഹോദരന്മാരിലേക്കു എത്തിനില്കുന്നതിലും (ലൂക്കാ 10, 2537 കാണുക) ഈ തപസ്സുകാലം സവിശേഷ സമയമായി നമുക്കു പരിഗണിക്കാം. ആവശ്യങ്ങളിലിരിക്കുന്നവരെ ഒഴിവാക്കാനുള്ളതല്ല മറിച്ച് കണ്ടെത്താനുള്ള അനുകൂലമായ സമയമാണ് നോമ്പുകാലം; അത് അവരെ അവഗണിക്കാനുള്ള നേരമല്ല പ്രത്യുത അവരെ സഹതാപപൂർവ്വം കേൾക്കാനും അവർക്കു ഒരു നല്ലവാക്കു നല്കാനുമുള്ളതാണ്; ഏകാന്തതയനുഭവിക്കുന്നവരെ ഉപേക്ഷിക്കാനുള്ള സമയമല്ല മറിച്ച് സന്ദർശിക്കാനുള്ള വേളയത്രേ. എല്ലാവർക്കുംവേണ്ടി നന്മ ചെയ്യാനുള്ള നമ്മുടെ വിളി നമുക്കു പരിശീലിക്കാം, അതായത്, ദരിദ്രരെയും ആവശ്യങ്ങളിലിരിക്കുന്നവരെയും ഉപേക്ഷിക്കപ്പെട്ടവരെയും തിരസ്കൃതരെയും വിവേചിക്കപ്പെട്ടവരെയും പാർശ്വവൽക്കരിക്കപ്പെട്ടവരെയും സ്നേഹിക്കാനായി നമുക്കു സമയം കണ്ടെത്താം (Fratelli tTtui, 193 കാണുക).

**3. "നാം ഉപേക്ഷ വരുത്തുന്നില്ലെങ്കിൽ, തക്കസമയത്ത് നമുക്കു കൊയ്ത്തു നടത്താം".**

'നന്മ അതോടൊപ്പം സ്നേഹം, നീതി, ഐക്യധാർഢ്യം എന്നിവ ഒറ്റയടിക്ക് നേടാവുന്നതല്ല; അവ ഒരോ ദിവസവും യാഥാർത്ഥ്യമാക്കപ്പെടേണ്ടതാണ്" (Fratelli Tutti, 11) എന്നത് ഓരോ വർഷവും നോമ്പുകാലം നമ്മെ ഓർമ്മിപ്പിക്കുന്നു. ഓരോ സമയത്ത് ഓരോ പടിവെച്ച് നന്മ ചെയ്യുന്നതിൽ നിലനില്കുന്നതിൽ കൃഷിക്കാരന്റേതുപോലുള്ള ക്ഷമ ലഭിക്കാനായി (യാക്കോ 5:7 കാണുക) നമുക്കു ദൈവത്തോടു പ്രാർത്ഥിക്കാം. നമ്മൾ വീണുപോകുന്നെങ്കിൽ, എപ്പോഴും നമ്മെ പിടിച്ചെഴുന്നേൽപ്പിക്കുന്ന പിതാവിന്റെ പക്കലേക്കു നമ്മുടെ കരം ഉയർത്താം. നമ്മൾ നഷ്ടപ്പെട്ടു പോയിട്ടുണ്ടെങ്കിൽ, ദൈവത്തിങ്കലേക്കു തിരികെ വരാൻ ശങ്കിക്കരുത്, കാരണം അവിടുന്ന് "മാപ്പു കൊടുക്കുന്നതിൽ ഉദാരമതിയാണ്" (ഏശ 55:7). മാനസാന്തരത്തിന്റെ ഈ കാലഘട്ടത്തിൽ ദൈവിക കൃപയാൽ പരിപോഷിതരായി, സഭാ കൂട്ടായ്മയിൽ ചേർന്നുനിന്നുകൊണ്ട്, നന്മ ചെയ്യുന്നതിൽ നമുക്കു പരിക്ഷീണിതരാകാതിരിക്കാം. ഉപവാസത്താലാണ് നിലം ഒരുക്കപ്പെടുന്നത്, പ്രാർത്ഥനവഴി അത് നനയ്ക്കപ്പെടുകയും ഉപവിയാൽ സമ്പുഷ്ടമാക്കപ്പെടുകയും ചെയ്യുന്നു.

"നാം ഉപേക്ഷ വരുത്തുന്നില്ലെങ്കിൽ തക്കസമയത്ത് നമുക്കു കൊയ്ത്ത് നടത്താം" എന്നു നമുക്കു ഉറപ്പായി വിശ്വസിക്കാം. അതുപോലെതന്നെ നിലനില്പിന്റെ ദാനത്താൽ വാഗ്ദാനം ചെയ്യപ്പെട്ടത് നമുക്കു ലഭ്യമാകും എന്നും ( ഹെബ്രാ 10:36 കാണുക), അത് നമ്മുടെതന്നെയും മറ്റുള്ളവരുടെയും രക്ഷയ്ക്കും ആയിരിക്കും എന്നും (1 തിമോ 4:16 കാണുക) നമുക്കു വിശ്വസിക്കാം. . എല്ലാവരോടും സഹോദരസ്നേഹം പാലിക്കുന്നതുവഴി നമുക്കുവേണ്ടി തന്റെ ജീവൻ നല്കിയ (2 കോറി 5:1415 കാണുക) ക്രിസ്തുവുമായി നാം ഐക്യപ്പെടുന്നു; അങ്ങനെ, ദൈവം "എല്ലാറ്റിലും എല്ലാം ആകുംവിധം" (1 കോറി 15:28), സ്വർഗരാജ്യത്തിന്റെ സന്തോഷത്തിന്റെ മുന്നാസ്വാദനം നമുക്കു നല്കപ്പെടുകയും ചെയ്യുന്നു.

രക്ഷകനെ തന്റെ ഉദരത്തിൽ വഹിക്കുകയും, "എല്ലാം തന്റെ ഹൃദയത്തിൽ സംഗ്രഹിച്ച് ധ്യാനിക്കുകയും" (ലൂക്കാ 2:19) ചെയ്ത കന്യകമറിയം ക്ഷമയുടെ ദാനം നമുക്കു വാങ്ങിത്തരുമാറാകട്ടെ. അവളുടെ മാതൃസഹജമായ സാന്നിധ്യംവഴി അവൾ നമ്മെ അനുയാത്ര ചെയ്യുമാറാകട്ടെ. അങ്ങനെ ഈ മാനസാന്തരത്തിന്റെ കാലം നിത്യരക്ഷയുടെ ഫലങ്ങൾ പുറപ്പെടുവിക്കുമാറാകട്ടെ.



www.malankaralibrary.com

# ഇടുക്കത്തിന്റെ ആനവാതിൽ കാലം

*ഫാ. ജോഷി മയ്യാറ്റിൽ*




**യേ**ശുവിന്റെ ഭാവനയിൽ വിരിഞ്ഞ “ഇടുങ്ങിയ വാതിൽ”പ്രയോഗം അതിസുന്ദരമായൊരു ബിംബമാണ്. സത്യത്തിൽ, ഏറെ സെക്കുലറാണ് അത്. കർക്കശമായ നിഷ്ഠകളിലൂടെ സ്വയം മെരുങ്ങുന്ന കായികാഭ്യാസിയും ഏകാന്തതയിലേക്കും നിശബ്ദതയിലേക്കും സ്വയം ഉൾവലിയുന്ന കലാസാഹിത്യപ്രതിഭകളും വായനയുടെയും പഠനത്തിന്റെയും ചിന്തയുടെയും പരീക്ഷണത്തിന്റെയും ഉൾമുറിയിലേക്കു കയറി വാതിലടയ്ക്കുന്ന ശാസ്ത്രജ്ഞരും വ്രതമെടുത്തു മലയ്ക്കുപോകുന്ന അയ്യപ്പന്മാരും ക്ലേശങ്ങളേറ്റെടുത്ത് ഹജ്ജിനു പോകുന്ന ഹാജിമാരും ‘ഇടുങ്ങിയ വാതിലി’ന്റെ സുവിശേഷം മനസ്സറിയാതെ അംഗീകരിച്ചവർതന്നെ! ഒരു പിറവിക്കായി മാസങ്ങൾ നീളുന്ന ത്യാഗങ്ങളനുഷ്ഠിക്കുന്ന അമ്മയുടെ സുവിശേഷവും ഇടുങ്ങിയ വാതിലിന്റേതുതന്നെ. ജീവിതത്തിന്റെ എല്ലാ മേഖലകളിലും ഈ ‘ഇടുങ്ങിയ വാതിലി’ന്റെ സുവിശേഷമാണ് സനാതനസത്യമായി നിലകൊള്ളുന്നത്. കനപ്പെട്ടതിലേക്കുള്ള വഴി ദുർഘടം പിടിച്ചതാണെന്ന് ഏവർക്കും അറിയാം.

*ക്രൈസ്തവജീവിതത്തിന്റെ സവിശേഷമായ ഇടുങ്ങിയ വാതിലുകളാണ് വിവിധതരം നോമ്പനുഷ്ഠാനങ്ങൾ.*

ആത്മീയജീവിതത്തിൽ നഷ്ടപ്പെടുകയോ ശുഷ്കിച്ചുപോവുകയോ ചെയ്തതെല്ലാം തിരിച്ചുപിടിക്കാനോ പരിപോഷിപ്പിക്കാനോ ഉള്ള ഇച്ഛാശക്തിയുടെ വിജയകാലമാണവ. ക്രിസ്മസ്സിനോടനുബന്ധിച്ചുള്ള ഇരുപത്തിയഞ്ചു നോമ്പും വിശുദ്ധവാരത്തോടനുബന്ധിച്ചുള്ള വലിയ നോമ്പും ഏവർക്കും പരിചിതങ്ങളാണ്. പരിശുദ്ധമറിയത്തിന്റെ ജനനത്തിരുനാളിന് ഒരുക്കമായുള്ള എട്ടു നോമ്പ്, യോനാപ്രവാചകന്റെ സ്മരണയിലുള്ള മൂന്നു നോമ്പ് തുടങ്ങി വ്യത്യസ്ത വ്യക്തിഗതസഭകൾക്ക് സവിശേഷമായ നോമ്പുദിനങ്ങളുമുണ്ട്.

### നോമ്പിന്റെ നാല്പതുദിനങ്ങൾ

‘ക്വാദ്രജേസിമ’ എന്ന ലത്തീൻ പദമാണ് (ഇറ്റാലിയനിൽ, ‘ക്വരേസിമ’) നാല്പതുനോമ്പ് അഥവാ വലിയനോമ്പ് അഥവാ ഈസ്റ്റർ നോമ്പ് എന്ന് നമ്മൾ പരിഭാഷപ്പെടുത്തുന്നത്. കോവിഡുകാലത്ത് ഏവർക്കും സുപരിചിതമായിത്തീർന്ന ‘ക്വറന്റൈൻ’ എന്ന ആംഗലേയപ്രയോഗത്തിന്റെ നിഷ്പത്തി ആത്യന്തികമായി ഈ പദത്തിൽനിന്നാണ്. നാല്പത് എന്നർത്ഥം. ആറു ഞായറാഴ്ചകൾ ഒഴിവാക്കിയാൽ കൃത്യം നാല്പതു ദിനങ്ങളാണ് വിഭൂതിബുധ



www.malankaralibrary.com

നാഴ്ച ആരംഭിക്കുന്ന വലിയനോമ്പിനുള്ളത്. നാല്പതുദിനങ്ങളിലെ നോമ്പാചരണം വിശുദ്ധഗ്രന്ഥത്തിലെ ചില നാല്പതുകളെ അനുസ്മരിപ്പിക്കുന്നുണ്ട്. നോഹയുടെ കാലത്തെ ജലപ്രളയവും (ഉത്പ 7,12) ഇസ്രായേൽജനത്തിന്റെ നാല്പതു വർഷത്തെ മരുഭൂമിവാസവും (സംഖ്യ 13,25; നിയ 8,25) മോശയുടെ ഒളിച്ചോട്ടവും (അപ്പ 7,30) നാല്പതു ദിനരാത്രങ്ങളിലെ അസാന്നിധ്യവും അതിനെത്തുടർന്നുണ്ടായ സംഭവവികാസങ്ങളും (പുറ 24,18; നിയ 9,18.25) ദൈവജനത്തിന്റെ കാനാൻദേശത്തെ ജീവിതവും (ന്യായാ 13,1; 1സാമു 17,16) പ്രവാചകന്മാരുടെ അനുഭവങ്ങളും പ്രബോധനങ്ങളും (1രാജാ 19,8; എസെ 4,6; 29,1113; യോനാ 3,4) യേശുവിന്റെ മരുഭൂമിവാസവും അതിനിടയിലെ പ്രലോഭനങ്ങളും ഉത്ഥാനാനന്തരസാന്നിധ്യവുമെല്ലാം (മത്താ 4,2; അപ്പ 1,3) അതിൽപ്പെടുന്നു.



നാല്പതുകൾ മുഖ്യമായും മരുഭൂമിക്കാലമാണ്; ഊഷരമെന്നു പൊതുവേ തോന്നാവുന്ന കാലം. സത്യത്തിൽ, അങ്ങേയറ്റം ശാദ്വലമായ കാലമാണത്; "വസ്ത്രങ്ങൾ പഴകിപ്പോവുകയോ കാലുകൾ വിങ്ങുകയോ" ചെയ്യാത്ത കാലം (നിയ 8,4); "ഉടമ്പടിയുടെ രണ്ടു കല്പലകകൾ" ലഭിക്കാനെടുത്ത കാലം (നിയ 9,11); ജനത്തിന്റെ പാപപരിഹാരത്തിനായി മോശ കർത്താവിന്റെമുമ്പിൽ പ്രണമിച്ചുകിടന്ന കാലം (നിയ 9,18); "യേശു ആത്മാവിന്റെ ശക്തിയോടുകൂടി ഗലീലിയിലേക്കു" മടങ്ങിപ്പോകാൻ എടുത്ത കാലം (ലൂക്കാ 4,14).

### അതിവിശിഷ്ടമായ ആചാരത്രയങ്ങൾ

ജീവിതത്തിന്റെ ക്ഷണികതയിലേക്കുള്ള ഒരു ഓർമക്കുറിപ്പാണ് നോമ്പുകാലം. "മനുഷ്യാ, നീ പൊടിയാകുന്നു. പൊടിയിലേക്കുതന്നെ പിന്തിരിയും" എന്ന് ഓർമപ്പെടുത്തിക്കൊണ്ട് വിശ്വാസിയുടെ ശിരസ്സിൽ പുരോഹിതൻ ചാരംപൂശുമ്പോൾ തന്റെ ക്ഷണികമായ ഈ ജീവിതകാലത്ത് നിത്യതയ്ക്കായുള്ള ഒരുക്കങ്ങൾ തീവ്രമായി നടത്താനുള്ള ക്ഷണമാണ് ഓരോ വിശ്വാസിയും ഏറ്റുവാങ്ങുന്നത്. ക്ഷണികതയെക്കുറിച്ചുള്ള അറിവ് ഒരുവന് ജീവിതയാഥാർത്ഥ്യങ്ങൾ വ്യക്തമാക്കിക്കൊടുക്കുന്നതോടൊപ്പം ചില നിലപാടുകളും സമ്മാനിക്കും.

നോമ്പുകാലത്തിലെ പ്രകടമായ ആചാരങ്ങളായ ഉപവാസം, പ്രാർത്ഥന, ദാനധർമം എന്നിവ ആത്യന്തികമായി ഈ തിരിച്ചറിവും നിലപാടുകളുമാണ് വിശ്വാസിക്കു സമ്മാനിക്കുന്നത്. ഈ ആചാരത്രയത്തിന് പഴയനിയമകാലത്തോളം പഴക്കമുണ്ട് (തോബിത്ത് 12,8). മലയിലെ പ്രസംഗത്തിൽ ഈശോ ഇവയോരോന്നിന്റെയും സൂക്ഷ്മാംശങ്ങളും പ്രാധാന്യവും വിശദമാക്കിയിട്ടുമുണ്ട് (മത്താ 6,118). ദൈവം നമ്മിൽനിന്നു പ്രതീക്ഷിക്കുന്ന മാനസാന്തരത്തിന്റെ മൂന്നു തലങ്ങളായാണ് നാം ഇവയെ മനസ്സിലാക്കേണ്ടത് എന്ന് കത്തോലിക്കാസഭയുടെ മതബോധനഗ്രന്ഥം പഠിപ്പിക്കുന്നു: "ആന്തരികമായ പ്രായശ്ചിത്തം വൈവിധ്യമാർന്ന അനേകം മാർഗങ്ങളിലൂടെ പ്രകടിപ്പിക്കാവുന്നതാണ്. വി. ഗ്രന്ഥവും സഭാപിതാക്കന്മാരും മുഖ്യമായും മൂന്നു രൂപങ്ങളിലാണ് ഊന്നൽ നല്കിയിട്ടുള്ളത് ഉപവാസം, പ്രാർത്ഥന, ദാനധർമം. ഇവ സൂചിപ്പിക്കുന്നത് തന്നിലേക്കുതന്നെയും ദൈവത്തിലേക്കും അപരരിലേക്കുമുള്ള മാനസാന്തരത്തെയാണ്" (നമ്പർ 1434).

### യുദ്ധക്കൊതികളും കെടുതികളും നിർവീര്യമാകട്ടെ!

നമ്മോടുതന്നെ യുദ്ധം ചെയ്യാനുള്ള ആർജവമാണ് നോമ്പുകാലം നമുക്കു സമ്മാനിക്കുന്നത്. അങ്ങനെ വരുമ്പോൾ ബാഹ്യമായ യുദ്ധങ്ങൾക്ക് പ്രസക്തി നഷ്ടപ്പെടും. ഉക്രയിന്റെ നൊമ്പരമാണ് ഈ നോമ്പിന്റെ നോവ്. ഈ വിഭൂതി ബുധനിൽ നാം ചെയ്യുന്ന ഉപവാസവും പ്രാർത്ഥനയും ധർമ്മദാനവുമെല്ലാം യുദ്ധത്തിന്റെ അന്ത്യത്തിനായും ജനത്തിന്റെ സമാധാനത്തിനായും സമർപ്പിക്കാനാണ് പരിശുദ്ധ പിതാവ് ഫ്രാൻസിസ് പാപ്പ നമ്മെ ആഹ്വാനം ചെയ്തിരിക്കുന്നത്. കേരള കത്തോലിക്കാ മെത്രാൻ സമിതിയുടെ ആസ്ഥാനമായ പിഒസിയിൽ ഇന്ന് ഉച്ചയ്ക്ക് പ്രന്ത്രണ്ടു മുതൽ ഒരു മണി വരെ ഈ ഉദ്ദേശ്യത്തിനായി തിരുമണിക്കൂർ ആചരിക്കപ്പെടുന്നു. കുടുംബങ്ങളിലും ഇടവകകളിലും സ്ഥാപനങ്ങളിലും

www.malankaralibrary.com

പ്രാർത്ഥനാ ശുശ്രൂഷകൾ സംഘടിപ്പിക്കുന്നതു നന്നായിരിക്കും.

**പരസ്യങ്ങൾ വേണ്ടാത്ത ഒരു മനസ്സ് സ്വന്തമാക്കുക**

പരസ്യങ്ങൾ കൊതിക്കുന്ന മനുഷ്യനുമുന്നിൽ "രഹസ്യങ്ങൾ അറിയുന്ന പിതാവിനെ" അവതരിപ്പിക്കുന്നു വി. മത്തായിയുടെ സുവിശേഷം ആറാം അധ്യായം. നോമ്പുകാലത്ത് ഈ സുവിശേഷഭാഗം പ്രത്യേകം വായിക്കപ്പെടാറുണ്ട്. ഉപവാസം, പ്രാർത്ഥന, ദാനധർമം എന്നീ മൂന്നു കാര്യങ്ങളെയും ഈശോ രഹസ്യാത്മകതയുമായി അഭേദ്യമാംവിധം കൂട്ടിക്കെട്ടിയിരിക്കുന്നു. പരമരഹസ്യമായി ദാനധർമ്മം ചെയ്യുന്നവന് "രഹസ്യങ്ങൾ അറിയുന്ന പിതാവ്" പ്രതിഫലം നല്കുമത്രേ (6,4). മുറിയിൽ കടന്ന്, കതകടച്ച്, രഹസ്യമായി പിതാവിനോട് പ്രാർത്ഥിക്കുന്നവനും "രഹസ്യങ്ങൾ അറിയുന്ന പിതാവ്" പ്രതിഫലം നല്കും (6,6). മറ്റാരും അറിയാതെ ഉപവസിക്കുന്നവന്, "രഹസ്യങ്ങൾ അറിയുന്ന പിതാവ്" പ്രതിഫലം നല്കും (6,18). ശൈലീമാറ്റത്തിനായി മനുഷ്യനുമുന്നിൽ ദൈവം ഉയർത്തുന്ന ക്ഷണമാണ് ഈ സുവിശേഷഭാഗം. നോമ്പുകാലത്തിൽ ഈ ക്ഷണത്തിന് സവിശേഷമായകരുത്തുണ്ട്.

**ഉപസംഹാരം**

'ഇടുങ്ങിയ വാതിലി'ന്റെ സുവിശേഷത്തിന് സ്ഥലകാലപരിമിതികളില്ല. മരുഭൂമിയിൽ ഇസ്രായേൽജനത്തിനുണ്ടായ പ്രലോഭനങ്ങൾ മനസ്സിലുണ്ടല്ലോ. മരുഭൂമിയിലെ നാല്പതുദിവസങ്ങൾക്കിടയിൽ യേശുവിനുണ്ടായ പ്രലോഭനങ്ങളും നമുക്ക് അജ്ഞാതമല്ല. പ്രലോഭനങ്ങളെ അതിജീവിക്കാനുള്ള കരുത്തു സമ്പാദിക്കാനുള്ളവയാണ് നോമ്പുദിനങ്ങൾ. ഉപവാസം, പ്രാർത്ഥന, ദാനധർമം എന്നീ നോമ്പുകാല ആചാരത്രയങ്ങളിലൂടെയെല്ലാം വിശ്വാസി ലക്ഷ്യംവയ്ക്കുന്നത് യേശുക്രിസ്തുവിന്റെ പെസഹാരഹസ്യങ്ങളുടെ തീവ്രമായ ധ്യാനമനനങ്ങളിലൂടെ ദൈവൈക്യവും മാനസാന്തരവും പ്രാപിക്കുക എന്നതാണ്. വിചാരവികാരസംസാരനിലപാടുപ്രവൃത്തികളെയെല്ലാം ആത്മാവിന്റെ വരുതിക്കു നിറുത്താനുള്ള മനസ്സിന്റെ ആഗ്രഹമാണ് വിഭൂതി ബുധനാഴ്ച ആരംഭിച്ച് വിശുദ്ധവാരത്തിലെത്തുന്ന നോമ്പുകാലാചരണത്തിലൂടെ വെളിവാകുന്നത്. ദൈവകൃപയോടു സഹകരിക്കാനും സ്വന്തം ഇച്ഛാശക്തിയെ ബലപ്പെടുത്താനും ദൈവൈക്യത്തിലും സഭാത്മകതയിലും സാമൂഹികപ്രതിബദ്ധതയിലും ആഴപ്പെടാനും തിന്മകളിൽ നിന്ന് അകലംപാലിക്കാനും അവയ്ക്കെതിരേ പോരാടാനുമുള്ള അതിവിശിഷ്ടമായ കാലഘട്ടമാണ് അത്.

ഉത്ഥാനപ്രഭ ജീവിതത്തിൽ ഏറ്റുവാങ്ങാനായി ഓരോ വിശ്വാസിയും തന്റെ ജീവിതത്തിന്റെ ഇരുളുകളെ തിരിച്ചറിയുന്ന കാലമാണിത്. മദ്യപാനിക്ക് മോചനംനേടാൻ ഏറ്റവും അനുയോജ്യമായ കാലം; ഏഷണിക്കാരിക്ക് വാക്കുകളുടെ ഉപവാസം പാലിക്കാൻ പറ്റിയ കാലം; അലസതയുള്ള വിദ്യാർത്ഥിക്ക് ഉണർവു സ്വന്തമാക്കാൻ കഴിയുന്ന കാലം. മിതത്വം ഇല്ലാത്ത വ്യത്യസ്ത ജീവിതമേഖലകളിൽ അതു പാലിക്കാനും ശീലിക്കാനും ഇതുപോലെ അനുകൂലമായ ഒരു കാലമില്ല. തൊട്ടതിനും പിടിച്ചതിനും ദേഷ്യപ്പെടുന്ന സ്വഭാവം നോമ്പുകാലത്തല്ലാതെ മറ്റെപ്പോഴാണ് നമ്മിൽ ശരിപ്പെട്ടുകിട്ടുക? സത്യസന്ധതയിലും ആത്മാർത്ഥതയിലും വെള്ളംചേർക്കുന്ന ദുസ്തഴക്കങ്ങളിൽനിന്ന് ഉത്ഥിതന്റെ സത്താപ്രഭയിലേക്ക് വളരാൻ നമുക്കും താത്പര്യമില്ലേ? ഇതിനെല്ലാം അനുയോജ്യമായ കാലമാണ് നോമ്പുകാലം. ജീവിതം പുഷ്പിക്കുന്ന കാലമാണത്  ശാദ്വലതയുടെ സുന്ദരകാലം. അതെ, "പുലി പതുങ്ങുന്നത് ഒളിക്കാനല്ല, കുതിക്കാനാണ്".



www.malankaralibrary.com


# വിഷയാന്തര രീതിശാസ്ത്രം സമകാലിക വിദ്യാഭ്യാസത്തിൽ

*ഫാ. ഡോ. ബിനോയ് പിച്ചളക്കാട്ട് എസ്.ജെ.*
*ഡയറക്ടർ, ലൊയോള ഇൻസ്റ്റിറ്റ്യൂട്ട്, കൊച്ചി*



**കെ**.സി.ബി.സി. വിദ്യാഭ്യാസ കമ്മീഷൻ സംഘടിപ്പിക്കുന്ന വെബിനാറിൽ നാം ചർച്ച ചെയ്യുന്നത് 'സമകാലിക വിദ്യാഭ്യാസത്തിൽ വിഷയാന്തര രീതിശാസ്ത്രത്തിൻറെ (Interdisciplinary method) പ്രസക്തി' എന്ന വിഷയമാണ്. ഈ വിഷയം തെരഞ്ഞെടുത്തതിൻറെ അടിസ്ഥാന കാരണം നിലവിലുള്ള വിദ്യാഭ്യാസ സംവിധാനത്തിലെ രീതിശാസ്ത്രപരമായ പോരായ്മകൾ ആണ്. വിദ്യാഭ്യാസമണ്ഡലവുമായി ബന്ധപ്പെട്ട ചർച്ച ആയതിനാൽ എന്താണ് വിദ്യാഭ്യാസമെന്ന് ആദ്യം ചിന്തിക്കേണ്ടിയിരിക്കുന്നു.

ഓരോ കാലഘട്ടത്തിലും മഹാരഥന്മാർ പലരും വിദ്യാഭ്യാസത്തെ നിർവചിച്ചിട്ടുണ്ട്. സാംസ്കാരിക നായകനായ പ്രൊഫ. ഡോ. എം.കെ. സാനു വിദ്യാഭ്യാസത്തിന് നൽകിയ നിർവചനം "മനുഷ്യനെന്ന ജന്തുവിൻറെ മൃഗീയവാസനകളെ സംസ്കരിച്ചെടുക്കുന്ന പ്രക്രിയ" എന്നാണ്. സമകാലിക വിദ്യാഭ്യാസത്തിലെ ജീർണതകളുടെ വെളിച്ചത്തിലാണ് അദ്ദേഹം ഇത്തരമൊരു നിർവചനം നൽകിയത്. വിദ്യാഭ്യാസത്തിൻറെ ആത്യന്തികലക്ഷ്യം മനുഷ്യവൽക്കരണമാണ്.

2021 നവംബർ മാസം ദക്ഷിണേഷ്യയിലെ ഈശോസഭയുടെ ഉന്നത വിദ്യാഭ്യാസ വിഭാഗത്തിൻറെ ആഭിമുഖ്യത്തിൽ ഭുവനേശ്വറിലെ സേവ്യർ യൂണിവേഴ്സിറ്റിയിൽവച്ച് ഒരു സെമിനാർ നടക്കുകയുണ്ടായി. ആ സെമിനാറിൽ മുഖ്യപ്രബന്ധം അവതരിപ്പിച്ച ദക്ഷിണേഷ്യൻ ജസ്യൂട്ട് പ്രൊവിൻഷ്യാൾ ഫാ. ഡോ. സ്റ്റാനി ഡിസൂസയുടെ അഭിപ്രായത്തിൽ 'വിദ്യാഭ്യാസത്തിൻറെ ലക്ഷ്യം സമഗ്രതയാണ്.' ആനുകാലിക വിദ്യാഭ്യാസത്തിലൂടെ വിദ്യാർത്ഥികൾക്ക് സമഗ്രത കൈവരിക്കാൻ കഴിയുന്നുണ്ടോ എന്ന ചോദ്യം ഇന്ന് ഏറെ പ്രസക്തമാണ്.




കഴിഞ്ഞ മൂന്ന് പതിറ്റാണ്ടുകൾക്കുള്ളിൽ വിദ്യാഭ്യാസമണ്ഡലത്തിൽ ഉണ്ടായിട്ടുള്ള പൊതു പ്രവണതകളെ ഒന്നു പരിശോധിച്ച് നോക്കാം. 1980 കളിലെ വിദ്യാർത്ഥികളിൽ ഏറിയ പങ്കും അധ്യാപകരാകാൻ ആഗ്രഹിച്ചവരാണ്. 90 കളിൽ ഡോക്ടറും എഞ്ചിനീയറും ആയിത്തീരാനുള്ള ആഗ്രഹമായി. രണ്ടായിരത്തിൻറെ ആരംഭം മുതൽ വാണിജ്യ ശാസ്ത്രത്തിനും വിവരസാങ്കേതികവിദ്യക്കും പ്രാധാന്യമേറി. കാലാന്തരത്തിൽ വിദ്യാഭ്യാസംതന്നെ വാണിജ്യവത്കരിക്കപ്പെട്ടു. മനുഷ്യവൽക്കരണത്തിൽ നിന്നും കച്ചവടവത്കരണത്തിലേക്കുള്ള മാറ്റം വിദ്യാഭ്യാസമേഖലയിൽ നടന്നു. ചുരുക്കിപ്പറഞ്ഞാൽ, വിദ്യാഭ്യാസത്തിൻറെ ലക്ഷ്യത്തിലും രീതിശാസ്ത്രത്തിലും വലിയൊരു മാർഗഭ്രംശം സംഭവിച്ചു. ഇതിൻറെ പശ്ചാത്തലത്തിലാണ് അധ്യാപകരുടെ ഉത്തരവാദിത്വത്തെ നാം മനസിലാക്കേണ്ടത്.

'അധ്യാപകർ വിദ്യാർത്ഥികളെ ജീവിക്കാൻ പഠിപ്പിക്കുന്നവരാണെന്ന്' പറഞ്ഞത് ഗ്രീക്ക് ചിന്തകനായ അരിസ്റ്റോട്ടിലാണ്. 'പ്രതിസന്ധികളിൽ നിലപാടുകളെടുക്കാൻ വിദ്യാർത്ഥികളെ സഹായിക്കുന്നവരാണ് അധ്യാപകർ' എന്ന് ഇന്ത്യയുടെ മുൻ പ്രസിഡൻറായ എസ്. രാധാകൃഷ്ണൻ ഒരിക്കൽ പറയു

www.malankaralibrary.com


കയുണ്ടായി. സാഹിത്യകാരനായ കെ.പി. അപ്പൻറെ അഭിപ്രായത്തിൽ 'പുസ്തകം വായിക്കാൻ മാത്രമല്ല ഹൃദയംകൂടി വായിക്കാൻ വിദ്യാർത്ഥിയെ പഠിപ്പിക്കുന്നവരാണ് അധ്യാപകർ.' വിദ്യാഭ്യാസവിചിക്ഷണനായ സി. രാജഗോപാലാചാരി അധ്യാപകരെ 'രാജ്യത്തിൻറെ സാംസ്കാരിക ശക്തി' എന്നാണ് വിശേഷിപ്പിച്ചത്. ദേശീയ വിദ്യാഭ്യാസനയമനുസരിച്ച് (NEP, Chapter 5), 'അധ്യാപകർ വിദ്യാർത്ഥികളുടെ ഭാവിയും ഒപ്പം രാജ്യത്തിൻറെ ഭാവിയും മെനഞ്ഞെടുക്കുന്നവരാണ്.' നിർവചനങ്ങളിലെ വൈവിധ്യംപോലെ അധ്യാപകരുടെ മുൻഗണനകൾക്കും ഓരോ കാലത്തും ഗതിമാറ്റം സംഭവിച്ചിട്ടുണ്ട്. സമകാലീന സാഹചര്യത്തിൽ അധ്യാപകൻറെ ഉത്തരവാദിത്വം ജൈവമനുഷ്യനെ സൃഷ്ടിക്കുകയെന്നതാണ്. എന്താണീ ജൈവമനുഷ്യൻ? ബുദ്ധിയുടെയും ഹൃദയത്തിൻറെയും വികാസത്തിലൂടെയാണ് ദൈവമനുഷ്യൻ രൂപപ്പെടുന്നത്. ഇവിടെയാണ് വിഷയാന്തര രീതിശാസ്ത്രത്തിൻറെ പ്രസക്തി.




ഉന്നതവിദ്യാഭ്യാസരംഗത്ത് മാത്രം ചർച്ചചെയ്യപ്പെടേണ്ട ഒന്നാണ് വിഷയാന്തര രീതിശാസ്ത്രമെന്ന് പലരും ഇന്ന് കരുതുന്നു. പ്രാരംഭഘട്ടത്തിൽ തന്നെ അധ്യാപരും വിദ്യാർത്ഥികളും ഈ രീതിശാസ്ത്രത്തിൻറെ നാനാവിധ സാധ്യതകൾ അറിയേണ്ടതുണ്ട്. ദൗർഭാഗ്യമെന്ന് പറയട്ടെ, ഇന്ന് വിദ്യാഭ്യാസമേഖലയിൽ വിഷയങ്ങൾക്കിടയിൽത്തന്നെ അതിർവരമ്പുകളാണുള്ളത്. കണക്ക് കണക്കായും ഭാഷ ഭാഷയായും ശാസ്ത്രം ശാസ്ത്രമായും വേറിട്ട് നിൽക്കുന്നു. വിദ്യാർത്ഥികൾക്ക് സമഗ്രമായ അറിവ് പകർന്നേകാൻ അധ്യാപകർക്കും കഴിയാതെ വരുന്നു. ഡോക്ടറും എഞ്ചിനീയറും ആകാൻ ആഗ്രഹിക്കുന്നവർ പലപ്പോഴും ശാസ്ത്രവിഷയങ്ങൾക്കെന്നപോലെ മാനവീക വിഷയങ്ങൾക്ക് അർഹിക്കുന്ന പ്രാധാന്യം നൽകാറില്ല. വിഷയാന്തര രീതിശാസ്ത്രത്തിൽ വിഷയങ്ങൾ തമ്മിലുള്ള ബന്ധം പ്രധാനമാണ്. വ്യത്യസ്ത വിഷയങ്ങൾ ബന്ധപ്പെടുത്തി പഠിക്കുമ്പോഴുള്ള സമഗ്രതയുടെ സാധ്യത അധ്യാപകരും വിദ്യാർത്ഥികളും തിരിച്ചറിയേണ്ടിയിരിക്കുന്നു.

വിഖ്യാത ശാസ്ത്രജ്ഞനായ ഐൻസ്റ്റയിൻ സ്കൂളിൽ പഠിക്കുമ്പോൾ ഗണിതത്തിൽ സമർത്ഥനായിരുന്നില്ല. എന്നാൽ സംഗീതത്തിൽ, പ്രത്യേകിച്ച് വയലിൻ വാദനത്തിൽ, അദ്ദേഹം വിദഗ്ധനായിരുന്നു. സംഗീതത്തിൻറെ ശ്രുതിയിലും മാത്രയിലും ചില ഗണിതീയമാനങ്ങളുണ്ട് എന്ന് അദ്ദേഹം മനസ്സിലാക്കി. ഗണിതവും സംഗീതവും തമ്മിലുള്ള ബന്ധത്തെക്കുറിച്ച് ഐൻസ്റ്റെയിനുണ്ടായ തിരിച്ചറിവ് പിൽക്കാലത്ത് ഗണിതത്തെ സ്നേഹിക്കാനും ശാസ്ത്രമേഖലയിൽ ഗവേഷണം നടത്താനും അദ്ദേഹത്തിന് പ്രചോദനമേകി.

എറണാകുളത്ത് നിന്നും പ്രസിദ്ധീകരിക്കുന്ന 'പാക്സ് ലൂമിന' (Pax Lumina) എന്ന ഇംഗ്ലീഷ് മാസികയുടെ ഡിസംബർ 2021 ലക്കത്തിൻറെ ഫോക്കസ് ബൗദ്ധികമായി വെല്ലുവിളികൾ നേരിടുന്ന കുട്ടികളുടെ ജീവിതമായിരുന്നു. അതിൽ ബാംഗ്ലൂർ ആസ്ഥാനമായുള്ള 'അമ്പ' (AMBA) എന്ന ഓർഗനൈസേഷൻറെ ഡയറക്ടർ സുഗന്ധ സുകൃതരാജുമായുള്ള ഒരു അഭിമുഖം പ്രസിദ്ധീകരിച്ചിട്ടുണ്ട്. ഏവിയേഷൻ ഡിപ്പാർട്ട്മെൻറിലെ ജോലി ഉപേക്ഷിച്ച് ബുദ്ധിമാന്ദ്യം സംഭവിച്ച കുട്ടികൾക്കായി ജീവിതം ഉഴിഞ്ഞുവച്ചിരിക്കുകയാണവർ. ബൗദ്ധികമായി പിന്നോക്കം നിൽക്കുന്ന കുട്ടികൾക്ക് കംപ്യൂട്ടർ ട്രെയിനിംഗ് നൽകുന്ന ദൗത്യമാണ് അവർ ഏറ്റെടുത്തിരിക്കുന്നത്. ഇത്തരം കുട്ടികളുടെ മനസ്സിൽ 'ദൃശ്യങ്ങൾ' (Visual) പെട്ടെന്ന് പതിയുന്നതായും ദൃശ്യങ്ങളുമായി ബന്ധപ്പെട്ട കാര്യങ്ങൾ അവർ ഓർത്തിരിക്കുന്നതായും സുഗന്ധ മനസ്സിലാക്കി. ഇതിൻറെ അടിസ്ഥാനത്തിൽ ദൃശ്യങ്ങൾ ഉൾപ്പെടുത്തി അവർ ഒരു പ്രത്യേക ലാപ്ടോപ്പ് കീബോർഡ് വികസിപ്പിച്ചെടുത്തു. അതുപയോഗിച്ച് കുട്ടികൾക്ക് ഡാറ്റാ എൻട്രിയിൽ പരിശീലനം നൽകി. ഇങ്ങനെ പരിശീലനം സിദ്ധിച്ച നൂറുകണക്കിന് പേർ എയർപോർട്ട് അടക്കം പല പ്രമുഖ കമ്പനികളിലും ഡാറ്റാ എൻട്രി ഓപ്പറേറ്റേഴ്സ് ആയി ജോലിചെയ്യുന്നു. പലപ്പോഴും പഠനത്തിൽ മോശമായ കുട്ടികളെ ബുദ്ധിശൂന്യരെന്ന് മുദ്രകുത്തി അധ്യാപകർ മാറ്റി നിർത്താറുണ്ട്. വ്യത്യസ്തമായ സമീപനങ്ങളിലൂടെയും പരിശീലനത്തിലൂടെയും എല്ലാ കുട്ടികളെയും ശാക്തീകരിക്കാൻ കഴിയുമെന്ന വലിയ പാഠമാണ് സുഗന്ധയുടെ ജീവിതവും

www.malankaralibrary.com


ദൗത്യവും.

വ്യക്തിപരമായി എനിക്ക് താല്പര്യമുള്ള മേഖലയാണ് ശാസ്ത്രവും ആദ്ധ്യാത്മികതയും തമ്മിലുള്ള ബന്ധത്തെക്കുറിച്ചുള്ള പഠനം. ശാസ്ത്രം മതത്തിനെതിരാണെന്നും, വിശ്വാസം ശാസ്ത്രത്തിനെതിരാണെന്നും പൊതുവെ ഒരു ധാരണ നിലനിൽക്കുന്നുണ്ട്. ശാസ്ത്രവും ആദ്ധ്യാത്മികതയും തമ്മിലുള്ള ബന്ധത്തെക്കുറിച്ച് അധ്യാപകർ ഇന്ന് വിദ്യാർത്ഥികളുമായി സംവദിക്കേണ്ടിയിരിക്കുന്നു. ഉദാഹരണത്തിന്, പൂജ്യം എന്ന് കേൾക്കുമ്പോൾ, അത് ഗണിതത്തിലെ 'വില കുറഞ്ഞ സംഖ്യ'യാണെന്ന് കരുതുന്നവരുണ്ട്. എന്നാൽ പ്രപഞ്ചശാസ്ത്രകാരന്മാരുടെ അഭിപ്രായത്തിൽ ഈ പ്രപഞ്ചത്തിൻറെ ഉത്ഭവം തന്നെ ഒരു പൂജ്യത്തിൽ നിന്നാണ്. അവർ അതിനെ കോസ്മളോജിക്കൽ സിംഗുലാരിറ്റി (Comoslogical Singulartiy) എന്ന് വിളിച്ചു. ശാസ്ത്രത്തിൽ മാത്രമല്ല, മതമണ്ഡലത്തിലും പൂജ്യത്തിൻറെ വിശാലമായ അർത്ഥതലങ്ങൾ കണ്ടെത്താൻ കഴിയും. ബുദ്ധമതത്തിലെ 'ശൂന്യതയും' ഹൈന്ദവദർശനത്തിലെ 'നിർവാണ'യും ക്രൈസ്തവ വിശ്വാസത്തിലെ 'കുരിശും' പൂജ്യത്തിൻറെ വ്യത്യസ്ത മാനങ്ങളായി വിശദീകരിക്കാവുന്നതാണ്. അതുപോലെ അനന്തത എന്ന ആശയത്തെയും വിശകലനം ചെയ്യാൻ കഴിയും. പല തരത്തിലുള്ള അനന്തതകളുണ്ട്. സംഖ്യകളുടെയും വസ്തുക്കളുടെയും വ്യക്തികളുടെയും പ്രപഞ്ചത്തിൻറെയും 'അനന്തതകൾ' അവയിൽപ്പെടും. എല്ലാ അന്തതകളും ചേർന്ന കേവല അനന്തതയെ (Aboslute Infintiy) ദൈവമായി ദാർശനികരും ദൈവശാസ്ത്രജ്ഞരും വിശദീകരിക്കുന്നുണ്ട്.

വിദ്യാർത്ഥികളിൽ സന്ദേഹമുണർത്തുന്ന മറ്റൊരു വിഷയമാണ് പരിണാമ സിദ്ധാന്തം (Theory of Evolution). പരിണാമത്തിലൂടെ ദൈവം ഇന്നും സൃഷ്ടികർമ്മം തുടർന്നുകൊണ്ടിരിക്കുന്നുവെന്ന് അവരെ ബോധ്യപ്പെടുത്താൻ അധ്യാപകർക്ക് കഴിയണം. ചുരുക്കത്തിൽ, ശാസ്ത്രവും ആദ്ധ്യാത്മികതയും സമന്വയിപ്പിക്കുന്നതിന്, തനത് വിഷയങ്ങൾക്കപ്പുറം ദാർശനികവും ആത്മീയവുമായ ഉൾക്കാഴ്ചകളെപ്പറ്റി അധ്യാപകർക്ക് അവബോധമുണ്ടാകണം. ശാസ്ത്ര ദർശനങ്ങൾ ഉപയോഗിച്ച് മതത്തിലെ പല അന്ധവിശ്വാസങ്ങളെയും ദൂരീകരിക്കുന്നതിനും മതദർശനങ്ങളിലൂടെ ശാസ്ത്രത്തിന് ധാർമ്മികമായ ദിശാബോധം നൽകുന്നതിനും അധ്യാപകർ സജ്ജരാകേണ്ടത് കാലഘട്ടത്തിൻറെ ആവശ്യമാണ്.

അറിവ് അർത്ഥം തേടുന്ന പ്രക്രിയയാണെങ്കിൽ പഠിക്കുന്ന വിഷയങ്ങളെ എങ്ങനെ ജീവിതസാഹചര്യങ്ങളുമായി ബന്ധപ്പെടുത്താമെന്നും ചിന്തിക്കേണ്ടതുണ്ട്. വിദ്യാഭ്യാസത്തിലെ സാമൂഹ്യ പ്രതിബദ്ധതയുടെ തലമാണത്. പ്രശസ്ത സാമൂഹ്യപ്രവർത്തകയായ ദയാബായി കഴിഞ്ഞ ഏതാനും വർഷങ്ങളായി കാസർഗോഡ് മേഖലയിലുള്ള എൻഡോസൾഫാൻ ദുരിത ബാധിതരായ കുട്ടികൾക്കുവേണ്ടിയും അവരുടെ അവകാശങ്ങൾക്കുവേണ്ടിയും പോരാടിക്കൊണ്ടിരിക്കുന്നു. അവർ ഒരിക്കൽ പറഞ്ഞു: "നിങ്ങളുടെ വിദ്യാഭ്യാസസ്ഥാപനങ്ങൾ കുറച്ചുനാൾ പൂട്ടിയിടണം. കാസർഗോട്ടെ എൻഡോസൾഫാൻ ദുരിതബാധിതരുടെ ഇടയിലേക്കൊന്ന് വരണം. അവിടെ വീടുകളിൽ ചലനരഹിതരായിരിക്കുന്ന കുഞ്ഞുങ്ങളെ കാണണം. അവരുടെ മാതാപിതാക്കളുടെ സങ്കടം കേൾക്കണം. അത് നിങ്ങളുടെ ജീവിതത്തെ മാറ്റിമറിക്കുന്ന അനുഭവമായിത്തീരും" എന്ന് അവർ പറഞ്ഞപ്പോൾ അവരുടെ കണ്ണുകൾ നനഞ്ഞിരുന്നു. ഉയർന്ന വിദ്യാഭ്യാസ യോഗ്യതയുള്ള വ്യക്തിയാണ് ദയാബായി. അവരുടെ അറി



www.malankaralibrary.com


വിൽ നീതിയും കരുണയും കലർത്തിയപ്പോൾ അത് പ്രതിബദ്ധതയായി മാറി. വിദ്യാർത്ഥികളെ സാമൂഹ്യപ്രതിബദ്ധതയുള്ളവരായി വളർത്താനുള്ള ഗൗരവമേറിയ ഉത്തരവാദിത്വം ഇന്ന് അധ്യാപകർക്കുണ്ട്. നമ്മുടെ വിദ്യാഭ്യാസസ്ഥാപനങ്ങളിൽ അധ്യാപകരുടെ നേതൃത്വത്തിൽ ധാരാളം ഉപവിപ്രവർത്തനങ്ങൾ നടത്താറുണ്ടെന്നത് അഭിമാനകരമാണ്. ഇത്തരം സേവനങ്ങളിലൂടെ ജീവിതത്തിലുടനീളം നിലനിൽക്കുന്ന പ്രതിബദ്ധതയുടെ ലോകവീക്ഷണം വിദ്യാർത്ഥികൾക്ക് പകർന്നേകാനാണ് അധ്യാപകർ ശ്രമിക്കേണ്ടത്.

ഇന്ന് ഈശോസഭയുടെ ദൗത്യത്തിലും ജസ്വിറ്റ് വിദ്യാഭ്യാസത്തിലും നാല് മുൻഗണനങ്ങൾ നിർവചിച്ചിട്ടുണ്ട്. ആത്മീയദർശനം, പരിസ്ഥിതി സംരക്ഷണം, പാർശ്വവത്കരിക്കപ്പെട്ടവരോട് പക്ഷം ചേരൽ, യുവജനങ്ങളെ അനുഗമിക്കൽ എന്നിവയാണവ. വിദ്യാഭ്യാസമണ്ഡലത്തിൽ ഇത്തരം മുൻഗണനകൾക്കനുസരിച്ച് വേണം കർമ്മപദ്ധതികൾ തയ്യാറാക്കാൻ. 2015ൽ സമാദരണീയനായ ഫ്രാൻസീസ് മാർപാപ്പ 'ലൗദാത്തോ സീ' എന്ന ചാക്രികലേഖനത്തിലൂടെ പരിസ്ഥിതി സംരക്ഷണത്തിൻറെ ആവശ്യകത ലോകത്തെ ഉദ്ബോധിപ്പിക്കുകയുണ്ടായി. എത്ര വിദ്യാലയങ്ങളിൽ ഈ ലേഖനം ചർച്ച ചെയ്യപ്പെട്ടു? ബാംഗ്ലൂർ സെൻറ് ജോസഫ്സ് കോളേജിലെ വിദ്യാർത്ഥികൾ 'ലൗദാത്തോ സീ' യോട് പ്രതികരിച്ചത് 'ഡിജിറ്റൽ ഗാർഡൻ' നിർമ്മിച്ചുകൊണ്ടാണ്. ഓരോരുത്തരും തങ്ങളുടെ ഇടങ്ങളിൽ വളരുന്ന സസ്യങ്ങളെയും മരങ്ങളെയും കുറിച്ചുള്ള ശാസ്ത്രീയ വിവരങ്ങൾ ശേഖരിച്ച് ഇൻറർനെറ്റിൽ അപ്ലോഡ് ചെയ്തു. ഇതിലൂടെ ലോകത്തിൻറെ വിവിധ ഭാഗങ്ങളിലുള്ളവർക്ക് അറിവേകുന്നതിനും പരിസ്ഥിതിബോധം വളർത്തുന്നതിനും സഹായകരമായി.

ക്രിയാത്മകമായ ചിന്തകളിലൂടെയും ആശയങ്ങളിലൂടെയും മാത്രമേ നൂതനമായ പദ്ധതികൾ ഉടലെടുക്കുകയുള്ളൂ. പഠനത്തോടൊപ്പം സമാധാനചിന്തയും സൗന്ദര്യദർശനവും കുട്ടികളിൽ രൂപപ്പെടേണ്ടതുണ്ട്. വിദ്യാഭ്യാസത്തിൻറെ ലക്ഷ്യം ജ്ഞാന നിർമ്മിതിയാണ്. ജ്ഞാനം സാധ്യമാകുന്നത് സമഗ്രതയിലാണ്. സമഗ്രമായ ജ്ഞാന നിർമ്മിതിക്ക് വിഷയാന്തര രീതിശാസ്ത്രം അനിവാര്യമാണ്.



www.malankaralibrary.com



## റവ. ഡോ. ജോജു കോക്കാട്ട്
## കെസിബിസി ബൈബിൾ കമ്മീഷൻ സെക്രട്ടറി

കെസിബിസി ബൈബിൾ കമ്മീഷൻ സെക്രട്ടറിയായി ഇരിങ്ങാലക്കുട രൂപതാംഗമായ റവ. ഡോ. ജോജു കോക്കാട്ട് ചാർജ്ജെടുത്തു. പാരീസിലെ കാത്തലിക് യൂണിവേഴ്സിറ്റിയിൽ നിന്ന് ബൈബിൾ വിജ്ഞാനീയത്തിൽ ഡോക്ടറേറ്റ് നേടിയ ഫാ. കോക്കാട്ട്, കോട്ടയം വടവാതൂർ സെമിനാരിയിലും ആലുവ സെന്റ് ജോസഫ് സെമിനാരിയിലും പ്രൊഫസറാണ്. രൂപതയിലെ ബൈബിൾ അപ്പസ്തോലറ്റ് എക്സിക്യൂട്ടീവ് ഡയറക്ടറായും തുറവൻകുന്ന് സെന്റ് ജോസഫ് ഇടവക വികാരിയായും സേവനം അനുഷ്ഠിക്കുമ്പോഴാണ് ഈ നിയമനം.

---

## ഡോ. സി. ലില്ലിസ എസ്എബിഎസ്
## കെസിബിസി ഹെൽത്ത് കമ്മീഷൻ സെക്രട്ടറി



കെസിബിസി ഹെൽത്ത് കമ്മീഷൻ സെക്രട്ടറി ആയി ആരാധനാ സന്യാസിനി സമൂഹത്തിലെ തലശ്ശേരി പ്രൊവിൻസ് അംഗമായ ഡോ. സിസ്റ്റർ ലില്ലിസ എസ്.എ.ബി.എസ്. ചാർജെടുത്തു. തലശ്ശേരി ജോസ്ഗിരി, കോഓപ്പറേറ്റീവ് എന്നീ ഹോസ്പിറ്റലുകളുടെ ഭാഗമായ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ 16 വർഷം അധ്യാപികയായും ജോസ്ഗിരി ഹോസ്പിറ്റലിൽ 6 വർഷം അഡ്മിനിസ്ട്രേറ്ററായും സേവനം ചെയ്തിട്ടുണ്ട്. കേരള യൂണിവേഴ്സിറ്റിയിൽ നിന്നും ഹോസ്പിറ്റൽ അഡ്മിനിസ്ട്രേഷനിൽ ഒന്നാം റാങ്കോടെ മാസ്റ്റർ ബിരുദം കരസ്ഥമാക്കിയിട്ടുണ്ട്.

---



## റവ. ഡോ. ക്ലീറ്റസ് കതിർപറമ്പിൽ
## കെസിബിസി ഫാമിലി കമ്മീഷൻ സെക്രട്ടറി

വിജയപുരം രൂപതാംഗമായ റവ. ഡോ. ക്ലീറ്റസ് കതിർപറമ്പിൽ കെസിബിസി ഫാമിലി കമ്മീഷൻ സെക്രട്ടറിയായി ചാർജ്ജെടുത്തു. ആലുവ, കാർമൽഗിരി, സെന്റ് ജോസഫ്സ് പൊന്തിഫിക്കൽ സെമിനാരി ഫിലോസഫി വിഭാഗം പ്രൊഫസറും, പാമ്പനാർ സേക്രട്ട് ഹാർട്ട് പള്ളി വികാരിയുമായി സേവനം ചെയ്യുമ്പോഴായിരുന്നു ഈ നിയമനം. അദ്ദേഹം ഒരു മികച്ച നാടകകൃത്തും സംവിധായകനും അഭിനേതാവും കൂടിയാണ്.

www.malankaralibrary.com



## പ്രൊഫ. മാത്യു ഉലകംതറയ്ക്ക് കെസിബിസിയുടെ പ്രണാമം

കൊച്ചി: അദ്ധ്യാപകൻ, സാഹിത്യകാരൻ, പ്രത്രപവർത്തകൻ, പ്രഭാഷകൻ തുടങ്ങി വിവിധ നിലകളിൽ മലയാളികളുടെ മനസ്സിൽ ചിരപ്രതിഷ്ഠ നേടിയ പ്രഫ. മാത്യു ഉലകംതറയുടെ വിയോഗം കേരളസമൂഹത്തിനും ക്രൈസ്തവർക്കും അതീവദുഃഖത്തിന് കാരണമായി. ക്രിസ്തുഗാഥ എന്ന മഹാകാവ്യത്തിലൂടെ ക്രിസ്തുചരിതം മലയാള സാഹിത്യത്തിൽ തങ്കലിപികൾക്കൊണ്ട് എഴുതിച്ചേർത്ത ആ സാഹിത്യകാരൻ മലയാള ഭാഷാപണ്ഡിതർക്കിടയിലെ ബഹുമുഖ പ്രതിഭയായിരുന്നു. ഒട്ടേറെ സാഹിത്യ പുരസ്കാരങ്ങൾ അദ്ദേഹം കരസ്ഥമാക്കിയിട്ടുണ്ട്. 1993ൽ കെസിബിസി സാഹിത്യ അവാർഡും 2019ൽ സിറോമലബാർ സഭയുടെ സഭാതാരം അവാർഡും നൽകി കേരളസഭ അദ്ദേഹത്തെ ആദരിച്ചിട്ടുണ്ട്. പ്രത്രപവർത്തന രംഗത്ത് വ്യക്തിമുദ്ര പതിപ്പിച്ച അദ്ദേഹം കെസിബിസിയുടെ പ്രസിദ്ധീകരണമായ താലന്തിന്റെ സഹപ്രതാധിപരും, ദീപിക ആഴ്ചപ്പതിപ്പിന്റെ പത്രാധിപരുമായിരുന്നു. കേരളസാഹിത്യ അക്കാദമി അംഗം, പാഠപുസ്തക സമിതി അംഗം എന്നിങ്ങനെ ഒട്ടേറെ പദവികൾ അലങ്കരിച്ചിരുന്ന അദ്ദേഹം അമ്പതോളം പുസ്തകങ്ങൾ രചിച്ചിട്ടുണ്ട്. മലയാള സാഹിത്യ ഗവേഷണ വിദ്യാർത്ഥികൾക്കും അധ്യാപകർക്കും അദ്ദേഹത്തിന്റെ ജീവിതം എക്കാലവും ഒരു പാഠപുസ്തകമാണെന്നതിൽ സംശയമില്ല. മഹാകവി പ്രൊഫ. മാത്യു ഉലകംതറയ്ക്ക് കെസിബിസിയുടെ പ്രണാമം അർപ്പിക്കുന്നു.

## പ്രാർത്ഥിച്ചവർക്കും കൂടെ നിന്നവർക്കും നന്ദി: കെസിബിസി

കൊച്ചി: കഴിഞ്ഞ നാല്പതിലേറെ വർഷമായി മലങ്കര കത്തോലിക്കാസഭയുടെതായിരുന്ന അംബാസമുദ്രത്തിലെ താമരഭരണിപുഴയുടെ തീരത്തെ കൃഷിഭൂമി പത്തനംത്തിട്ട രൂപത രൂപംകൊണ്ട നാൾമുതൽ രൂപതയുടെ ഉടമസ്ഥതയിൽ ആയിത്തീർന്നു. പ്രസ്തുത വസ്തുവിന്റെ മൂന്നൂറ് ഏക്കറോളം വരുന്നഭാഗം കൃഷി ചെയ്യുന്നതിനായി കോട്ടയം സ്വദേശിയായ മാനുവൽ ജോർജ് എന്നയാൾക്ക് പാട്ടത്തിനു നല്കിയിരുന്നു. പാട്ടഭൂമിയിൽ കരാറുകാരൻ പാട്ടകരാറുകൾ ലംഘിച്ച് അനധികൃത മണൽവാരൽ നടത്തിയതുമായി ബന്ധപ്പെട്ട് തമിഴ്നാട് സർക്കാർ നിയമപരമായി കേസെടുക്കുകയുണ്ടായി. പാട്ടകരാറിൽ ഏർപ്പെട്ട പത്തനംതിട്ട രൂപതാധ്യക്ഷൻ അഭിവന്ദ്യ സാമുവൽ മാർ ഐറേനിയൂസ് തിരുമേനിയെയും വികാരി ജനറാൾ ഉൾപ്പെടെ അഞ്ചു വൈദികരെയും ഇതിൽ പ്രതി ചേർത്ത് തമിഴ്നാട് സിബി സിഐഡി അറസ്റ്റു ചെയ്ത് ജയിലിൽ അടയ്ക്കുകയും ചെയ്തു. സഭാംഗങ്ങൾക്കും തിരുമേനിയെ അറിയാവുന്ന മറ്റുള്ളവർക്കും ഇത് അതീവ ദുഃഖത്തിന് കാരണമായി. അന്നുമുതൽ അദ്ദേഹത്തിനും വൈദികർക്കുംവേണ്ടി പ്രാർത്ഥിക്കുകയും അവരുടെ മോചനത്തിനായി നിയമപരമായി പ്രവർത്തിക്കുകയും ചെയ്ത എല്ലാവരോടും കെസിബിസി ഹൃദയപൂർവം നന്ദി പ്രകാശിപ്പിക്കുന്നു.

## സാമൂഹ്യമാധ്യമങ്ങളിലൂടെയുള്ള അതിക്രമങ്ങളും വ്യാജ പ്രചാരണങ്ങളും: നടപടികളുമായി സന്യസ്തർ മുന്നോട്ട്

അസഹനീയമാം വിധത്തിൽ സന്യസ്തർക്കും സന്യാസത്തിനുമെതിരെയുള്ള ദുഷ്പ്രചാരണങ്ങളും വ്യക്തിഹത്യകളും തുടരുന്ന പശ്ചാത്തലത്തിൽ ശക്തമായ നടപടികൾ സ്വീകരിക്കാനുറച്ച് സന്യസ്തർ. ഇതിനകം നിരവധി പരാതികൾ വിവിധ കേസുകളുമായി ബന്ധപ്പെട്ട് പോലീസിനും മറ്റ് അധികാരികൾക്കും നൽകിക്കഴിഞ്ഞു. കെസിബിസി ജാഗ്രത കമ്മീഷന്റെയും, കെസിഎംഎസിന്റെയും മേൽനോട്ടത്തിൽ പ്രവർത്തിക്കുന്ന *വോയ്സ് ഓഫ് നൺസ്* ആണ് നടപടികൾക്ക് നേതൃത്വം നൽകുന്നത്.

തികച്ചും വാസ്തവ വിരുദ്ധമായ ഉള്ളടക്കത്തോടെ സന്യസ്തരെ അവഹേളിച്ചുകൊണ്ട് വീഡിയോ റെക്കോർഡ് ചെയ്ത് പ്രചരിപ്പിച്ച ജോളി അടിമത്ര എന്ന വ്യക്തിക്കും, പ്രസ്തുത വീഡിയോ സാമൂഹ്യ മാധ്യമങ്ങളിൽ പ്രചരിപ്പിച്ച ജോബ് ജി ഉമ്മൻ എന്ന വ്യക്തിക്കും, അത് വാർത്തയാക്കി പുനഃപ്രസിദ്ധീകരിച്ച ശ2ശ ന്യൂസ് എന്ന യൂട്യൂബ് ചാനലിനെതിരെയും ആദ്യഘട്ടത്തിൽ വിവിധ പോലീസ് സ്റ്റേഷനുകളിൽ പരാതി നൽകുകയുണ്ടായി. രണ്ടു സന്യാസിനികളെ സ്വവർഗ്ഗ പ്രണയിനികളായി ചിത്രീകരിച്ച് ഫോട്ടോഷൂട്ട് നടത്തി സോഷ്യൽമീഡിയയിലൂടെ പ്രചരിപ്പിച്ച യാമി എന്ന ഫോട്ടോഗ്രാഫർക്കെതിരെയും സമാനമായ നടപടികളുമായി മുന്നോട്ടുപോകുന്നു. അനീഷ് ഓമന രവീന്ദ്രൻ എന്ന വ്യക്തി പലപ്പോഴായി ഫേസ്ബുക്കിലൂടെ കത്തോലിക്കാ സന്യാസത്തെ അവഹേളിക്കുന്നതും തികച്ചും അവാസ്തവവുമായ പോസ്റ്റുകൾ അനുഭവങ്ങൾ എന്ന വ്യാജേന പ്രചരിപ്പിക്കുകയുണ്ടായിരുന്നു. ആ വ്യക്തിക്കും എതിരായി അധികൃതർക്ക് സന്യസ്തർ പരാതികൾ നൽകിയിട്ടുണ്ട്.

www.malankaralibrary.com



# കേരള സഭാനവീകരണം 2022 - 2025
# കെസിബിസി പുറപ്പെടുവിക്കുന്ന സർക്കുലർ

ആഗോള കത്തോലിക്കാസഭയിൽ 2021 ആഗസ്റ്റ് മുതൽ 2023 ഒക്ടോബർ വരെയുള്ള കാലഘട്ടം സിനഡാത്മകതയ്ക്കുവേണ്ടിയുള്ള സിനഡിൻറെ ഒരുക്കത്തിൻറെ നാളുകളാണല്ലോ. 2023 ഒക്ടോബറിൽ വത്തിക്കാനിൽ നടക്കുന്ന ആഗോള സിനഡ് തീർത്ഥാടകസഭയിൽ കൂട്ടായ്മയുടെയും സമവായത്തിൻറെയും പുതിയനാളുകൾ സമ്മാനിക്കുമെന്ന് പ്രത്യാശിക്കാം. അതിനായി നമുക്ക് ഏകമനസ്സോടെ പ്രാർത്ഥിക്കുകയും പ്രവർത്തിക്കുകയും ചെയ്യാം.

2021 ഡിസംബറിൽ നടന്ന കേരള കത്തോലിക്കാ മെത്രാന്മാരുടെ സമ്മേളനം ആഗോള സിനഡിൻറെ പശ്ചാത്തലത്തിൽ കേരളസഭയിലാകമാനം സ്ഥായിയായ ഒരു നവീകരണം ആവശ്യമുണ്ട് എന്ന ബോധ്യത്തിലെത്തിച്ചേർന്നു. കോവിഡുകാലം മനുഷ്യജീവിതത്തിൻറെ സമസ്ത മേഖലകളിലും സൃഷ്ടിച്ച മരവിപ്പും, കൂടാതെ ഇക്കാലത്ത് സഭ നേരിടുന്ന പ്രതിസന്ധികളും വെല്ലുവിളികളും തരണം ചെയ്ത് മുന്നേറാൻ ആന്തരിക നവീകരണത്തിൻറെയും ശക്തീകരണത്തിൻറെയും പുതിയ പാതകൾ സഭയിൽ രൂപപ്പെടണമെന്ന് കൗൺസിൽ നിർദേശിക്കുകയും അതിനായി ഒരു കമ്മിറ്റിക്ക് രൂപം നല്കുകയും ചെയ്തു. കെസിബിസിയുടെ കരിസ്മാറ്റിക്, ഡോക്ട്രൈനൽ, ബൈബിൾ, ഫാമിലി, അല്മായ കമ്മീഷനുകളുടെ നേതൃത്വത്തിലാണ് നവീകരണ പരിപാടികൾ ആസൂത്രണം ചെയ്യുന്നത്. 2022 ജൂൺ 5 പെന്തക്കോസ്താ തിരുനാൾ മുതൽ 2025 ജൂൺ 8 പെന്തക്കോസ്താ തിരുനാൾ വരെയായിരിക്കും കേരളസഭയിൽ നവീകരണ കാലഘട്ടമായി ആചരിക്കുന്നത്.

**സഭ: ക്രിസ്തുവിൽ പണിയപ്പെട്ടുകൊണ്ടിരിക്കുന്ന ഭവനം**

കേരളസഭാനവീകരണത്തിന് കെസിബിസി സ്വീകരിച്ചിരിക്കുന്ന ആപ്തവാക്യം 'സഭ: ക്രിസ്തുവിൽ പണിയപ്പെട്ടുകൊണ്ടിരിക്കുന്ന ഭവനം' എന്നാണ്. വിശുദ്ധ പൗലോസ് അപ്പോസ്തലൻ എഫേസൂസു കാർക്കെഴുതിയ ലേഖനം 2:2022 ൽ പറയുന്ന കാര്യങ്ങളാണ് ഈ ആപ്തവാക്യത്തിന് ആധാരം. അപ്പോസ്തലൻ ഇപ്രകാരം എഴുതുന്നു:

'അപ്പോസ്തലന്മാരും പ്രവാചകന്മാരുമാകുന്ന അടിത്തറമേൽ പണിതുയർത്തപ്പെട്ടവരാണ് നിങ്ങൾ; ഈ അടിത്തറയുടെ മൂലക്കല്ല് ക്രിസ്തുവാണ്. ക്രിസ്തുവിൽ ഭവനമൊന്നാകെ സമന്വയിക്കപ്പെട്ടിരിക്കുന്നു; കർത്താവിൽ പരിശുദ്ധ ആലയമായി അതു വളർന്നുകൊണ്ടിരിക്കുകയും ചെയ്യുന്നു. പരിശുദ്ധാത്മാവിൽ ദൈവത്തിൻറെ വാസസ്ഥലമായി നിങ്ങളും അവനിൽ പണിയപ്പെട്ടുകൊണ്ടിരിക്കുന്നു.'

ദൈവത്തിൻറെ ഭവനവും ക്രിസ്തുവിൻറെ ശരീരവും യേശുക്രിസ്തുവിൻറെ രക്തത്താൽ വീണ്ടെടുക്കപ്പെട്ട് ഒന്നുചേർക്കപ്പെട്ടവരുടെ സമൂഹമായ സഭ ക്രിസ്തുവിൻറെ മൗതികശരീരവും ദൈവത്തിൻറെ ഭവനവുമായി പരി. ആത്മാവിൽ പണിയപ്പെട്ടുകൊണ്ടിരിക്കുന്നു. സഭയെ നിരന്തരം നയിക്കുന്ന ദൈവാത്മാവിൻറെ സ്വരത്തിന് കാതോർത്താണ് പ്രാരംഭകാലം മുതൽ സഭ യാത്രചെയ്തിട്ടുള്ളത്. പരിശുദ്ധാത്മപ്രകാശത്തിൽ കാലത്തിൻറെ അടയാളങ്ങളെ വ്യാഖ്യാനിക്കുകയും ദൈവിക പദ്ധതിയുടെ ശുശ്രൂഷകൾക്കായി പിൻചെല്ലേണ്ട പാതകൾ നിർണയിക്കുകയും ചെയ്യുക എന്നത് സഭയുടെ എക്കാലത്തെയും വെല്ലുവിളിയും ദൗത്യവുമാണ്.

**എൻറെ സഭ, എൻറെ ഭവനം**

സഭാംഗങ്ങൾ വ്യത്യസ്ത വ്യക്തികളാണെങ്കിലും (റോമാ 12:5) എല്ലാവരും അനാദിയിലേ ക്രിസ്തുവിൽ തെരഞ്ഞെടുക്കപ്പെട്ടവരും (എഫേ 1:4) അവിടത്തെ മരണത്തിലും ഉത്ഥാനത്തിലും പങ്കുപറ്റുന്നവരും പരിശുദ്ധാത്മാവിനെ അവകാശമായി ലഭിക്കുന്നവരും (1 കോറി 12:13) യേശുവിൻറെ രണ്ടാമത്തെ വരവിന് സാക്ഷ്യംവഹിക്കുന്നവരുമാണെന്ന് പൗലോസ് അപ്പോസ്തലൻ പഠിപ്പിക്കുന്നു. ശരീരത്തിൽ പല അവയവങ്ങളുണ്ടെങ്കിലും അവയെല്ലാം ചേർന്ന് ക്രിസ്തുവിൽ ഏക ശരീരമായിത്തീരുന്നു (1 കോറി 12:1226) എന്നതുകൊണ്ട് സഭാംഗങ്ങളെല്ലാവരും വിളി സ്വീകരിച്ചവരും വിളിക്കനുസൃതമായ ദൗത്യം നിർവഹിക്കാൻ കടപ്പെട്ടവരുമാണ്.

ഇപ്രകാരം 'യേശുക്രിസ്തുവിൻറെ സ്വന്തമാകാൻ വിളിക്കപ്പെട്ടവരായ' (റോമ 1, 6) നാമെല്ലാവരും സഭയുടെ ഭാഗമാണ്, സ്വന്തമാണ് എന്ന ബോധ്യമുണ്ടാകണം. 'എൻറെ സഭ, എൻറെ ഭവനം' എന്ന വികാരം സഭാംഗങ്ങൾക്കെല്ലാവർക്കും ഉണ്ടാകണം. ഓരോ വ്യക്തിയുടെയും വ്യക്തി സ്വാതന്ത്ര്യം പ്രധാനപ്പെട്ടതാണ്, അത് വിലമതിക്കപ്പെടണം. എന്നാൽ ജ്ഞാനസ്നാനം സ്വീകരിച്ച് സഭയുടെ സന്താനമായി മാറിയ വ്യക്തിയുടെ സ്വാതന്ത്ര്യം എന്നതാകണം ക്രിസ്തുവിശ്വാസിയുടെ വ്യക്തി സ്വാതന്ത്ര്യത്തെക്കുറിച്ചുള്ള കാഴ്ചപ്പാട്. അമ്മയായ സഭയോടുള്ള സ്നേഹം ക്രിസ്തുവിനോടുള്ള സ്നേഹത്തിൻറെ ഭാഗമാണ്. സഭ എൻറെ അമ്മ അഥവാ എൻറെ കുടുംബം എന്ന

www.malankaralibrary.com



നിലയിൽ എത്രമാത്രം സ്നേഹിക്കപ്പെടുന്നുവെന്ന് ഓരോരുത്തരും വിലയിരുത്തണം. എൻറെ സഭയെ സംരക്ഷിക്കാൻ എനിക്കും കടമയുണ്ട് എന്ന അവബോധത്തിൽ ക്രിസ്തുവിശ്വാസികൾ വളരുന്നിടത്താണ് പൊതു സമൂഹത്തിൽ സഭ ക്രിസ്തുവിൻറെ മുഖവും ഗാത്രവുമായി അവതരിക്കപ്പെടുന്നത്.

**നവീകരണമേഖലകളും പ്രക്രിയകളും**

യഥാർത്ഥവും സുദൃഢവുമായ മാനസാന്തരമാണ് സമഗ്രനവീകരണത്തിന് അടിസ്ഥാനമായിട്ടുള്ളത്. സഭാ ശുശ്രൂഷകളുടെ സമസ്ത മേഖലകളിലും ഈ മാനസാന്തരം സംഭവിക്കണം. അതിൽ ഏറ്റവും പ്രധാനപ്പെട്ടത് സഭയുടെ മിഷനറി സ്വഭാവത്തെ ഏറ്റെടുക്കുക എന്നതാണ്. ഫ്രാൻസിസ് പാപ്പാ ഓർമ്മിപ്പിക്കുന്നതുപോലെ, 'സഭയെ സംബന്ധിച്ച ഒരു ഐച്ഛിക വിഷയമല്ല പ്രേഷിതപ്രവർത്തനം, കാരണം സഭ പ്രേഷിതയാണ്.' സഭയുടെ പ്രേഷിത പ്രവർത്തനങ്ങളുടെയും അജപാലന ദൗത്യങ്ങളുടെയും മേഖലയിൽ മാനസാന്തരം സംഭവിക്കണം.

വിശ്വാസികളുടെ സമൂഹമായ സഭ ദൈവജനത്തിൻറെ കൂട്ടായ്മയാണ്. അതുകൊണ്ട് സഭയെ സ്ഥാപനവത്കരിക്കുന്ന പ്രവണതകൾ പ്രോത്സാഹിപ്പിക്കപ്പെടരുത്. നിലനില്ക്കുന്ന സംവിധാനങ്ങൾക്കപ്പുറം നമുക്ക് ഒന്നും ചെയ്യാനില്ല എന്ന കാഴ്ച്ചപ്പാടുകൾ മാറണം. യേശുക്രിസ്തുവിൽ കേന്ദ്രീകൃതമായതും എപ്പോഴും സജീവവുമായ സുവിശേഷചൈതന്യം സഭയുടെ സ്ഥാപനങ്ങളിലും പ്രവർത്തനങ്ങളിലും നിറഞ്ഞു നില്ക്കണം

വിശ്വാസ പരിശീലനം സഭയുടെ സുപ്രധാന ദൗത്യങ്ങളിൽ ഒന്നാണ്. കാലോചിതവും ക്രിസ്തു സാക്ഷ്യത്തിന് ഉപകരിക്കുന്നതുമായ വിശ്വാസപരിശീലനം കുട്ടികൾക്കും യുവജനങ്ങൾക്കും ലഭിക്കത്തക്കവിധം മതബോധന സംവിധാനങ്ങൾ പരിഷ്കരിക്കേണ്ടതുണ്ട്. ജ്ഞാനസ്നാനത്തിൻറെ ഫലങ്ങളെ മുറുകെപ്പിടിച്ച് യേശുവിനെ രക്ഷകനും നാഥനുമായി ഏറ്റുപറഞ്ഞ് ജീവിക്കാനും ദൈവസ്നേഹത്തിലും പരസ്നേഹത്തിലും ഊന്നിയ പ്രേഷിതചൈതന്യത്തിൽ വളർന്നുവരാനും സഹായിക്കുന്ന വിധമാകണം വിശ്വാസപരിശീലനം. വൈദികസന്ന്യസ്തഅല്മായയുവജന പരിശീലന മേഖലകളും അപ്രകാരം തന്നെയാകണം.

കോവിഡു കാലം സൃഷ്ടിച്ച മുറിവുകളാൽ തളർന്നുപോയ ധാരാളം കുടുംബങ്ങളുണ്ട് 'ഹോം മിഷൻ' ഉൾപ്പെടെയുള്ള സഭയുടെ കുടുംബ പ്രേഷിത ശുശ്രൂഷകൾ സജീവമാകണം. അജപാലനപരമായ 'സന്ദർശന'ത്തിനപ്പുറത്ത് ആത്മീയ 'സ്ഥിരം സാന്നിധ്യ'ത്തിലേക്ക് ഉയരാൻ ശുശ്രൂഷാനേതൃത്വത്തിനു കഴിയണം.

ദിവ്യബലിയിലുള്ള പങ്കാളിത്തമാണ് ക്രൈസ്തവ സമൂഹത്തിൻറെ കേന്ദ്രം. ദൈവവചനപ്രഘോഷണം കൂദാശ കളുടെ പരികർമ്മം, പ്രാർത്ഥനകൾ, ധ്യാനങ്ങൾ, എന്നിവയിലെല്ലാം സഭാംഗങ്ങളെ മുഴുവൻ പങ്കാളികളാക്കുന്നതിന് അവസരങ്ങളൊരുക്കണം. ക്രിസ്തീയ ആനന്ദത്തോടും പ്രത്യാശയോടും കൂടെ ജീവിക്കാനും ക്രിസ്തുവിനു സാക്ഷ്യം വഹിക്കാനും ആദ്ധ്യാത്മിക മേഖലയിൽ ഉണർവുണ്ടാകുക എന്നത് ഒഴിച്ചുകൂടാനാവാത്ത കാര്യമാണ്.

ദരിദ്രരും പാർശ്വവത്കരിക്കപ്പെട്ടവരും അനാഥരും വിധവകളും രോഗികളും നിരാലംബരും വൃദ്ധജനങ്ങളും ഭവനരഹിതരും പീഡന ങ്ങൾ ഏല്ക്കുന്നവരും കുഞ്ഞുങ്ങളുമെല്ലാം എക്കാലവും സഭയുടെ പ്രേഷിത ശുശൂഷകളിൽ പ്രഥമ പരിഗണന അർഹിക്കുന്നവരാണ്. 'ദരിദ്രൻറെ വിലാപം സഭയുടെ പ്രത്യാശയുടെ വിലാപമാണ്' എന്ന് ഫ്രാൻസിസ് പാപ്പാ സഭാമക്കളെ ഓർമ്മിപ്പിക്കുന്നു. 'ക്രിസ്തുവിൻറെ സ്നേഹം ഞങ്ങൾക്ക് ഉത്തേജനം നൽകുന്നു' (2 കോറി 5:14) എന്ന പൗലോസിൻറെ മനോഭാവമാണ് സാമൂഹ്യ ശുശ്രൂഷകളിലും പരിസ്ഥിതി സംരക്ഷണത്തിലും എന്നും സഭ പുലർത്തിപോന്നിട്ടുള്ളത്.

കേരള സഭാനവീകരണത്തിൻറെ ഭാഗമായി നടക്കുന്ന ഒരുക്ക പരിപാടികൾക്ക് സംസ്ഥാനതലത്തിലും രൂപതാ തലത്തിലും ഇടവക തലത്തിലുമൊക്കെ ടീമുകളെ രൂപപ്പെടുത്തേണ്ടതുണ്ട്. ഓരോ രൂപതയിലെയും പ്രത്യേകസാഹചര്യങ്ങൾ കൂടി കണക്കിലെടുത്തുകൊണ്ടാണ് നവീകരണ പ്രക്രിയകൾ നടക്കേണ്ടത്. ആഗോള സിനഡ് ലക്ഷ്യംവയ്ക്കുന്നതുപോലെ, കേരളസഭയിലും സംവാദത്തിൻറെയും പരസ്പരമുള്ള ശ്രവിക്കലിൻറെയും സമവായത്തിൻറെയും കൂട്ടായ്മയുടെയും സംസ്കാരം ശക്തിപ്രാപിക്കണം. എല്ലാ സംഭാഷണങ്ങളുടെയും കൂടിച്ചേരലുകളുടെയും സഹഗമനത്തിൻറെയും ലക്ഷ്യം അവയിലൂടെയെല്ലാം വെളിപ്പെടുന്ന പരിശുദ്ധാത്മാവിൻറെ സ്വരത്തിന് കാതുകൊടുക്കുന്നതും അതനുസരിച്ചുള്ള നടപടികൾ സ്വീകരിക്കുന്നതുമായിരിക്കണം. ഓരോരുത്തരുടെയും വിളിക്കനുസൃതമായ ശുശ്രൂഷയുടെ അരൂപിയിൽ സഭാംഗങ്ങളുടെ കൂട്ടായഉത്തരവാദിത്തം വളർത്തപ്പെടണം. ഇതര മതങ്ങളോടും ഇതര സമുദായങ്ങളോടും സഭ എന്നും പുലർത്തിപോന്നിട്ടുള്ള സാഹോദര്യത്തിൻറെയും സംവാദത്തിൻറെയും ശൈലികൾ കൂടുതൽ പരിപോഷിപ്പിക്കപ്പെടണം. അങ്ങനെ കേരളസഭയിൽ ആരംഭിക്കുന്ന ഈ നവീകരണ കാലഘട്ടം കൂടുതൽ ഊർജസ്വലതയോടെ ക്രിസ്തുവിന് സാക്ഷ്യം നൽകാൻ നമ്മെ ശക്തരാക്കട്ടെ.

www.malankaralibrary.com



# മുപ്പതാമത് ലോക രോഗീദിനത്തോടനുബന്ധിച്ച് പരിശുദ്ധ പിതാവ് ഫ്രാൻസിസ് പാപ്പ നല്കുന്ന സന്ദേശം

**'നിങ്ങളുടെ പിതാവ് അനുകമ്പയുള്ളവനായിരിക്കുന്നതുപോലെ നിങ്ങളും അനുകമ്പയുള്ളവരായിരിക്കുവിൻ' (ലൂക്കാ 6:36). ഉപവിയുടെ പാതയിലായിരുന്നുകൊണ്ട് സഹിക്കുന്നവരുടെ ചാരെ നില്ക്കുക.**

**പ്രിയ സഹോദരീസഹോദരന്മാരേ,**

മുപ്പതു വർഷം മുമ്പ് വിശുദ്ധ ജോൺപോൾ രണ്ടാമൻ പാപ്പാ സ്ഥാപിച്ചതാണ് ലോകരോഗീദിനം. രോഗികളായവരോടും അവരെ ശുശ്രൂഷിക്കുന്നവരോടും വർദ്ധിതമായ താത്പര്യത്തോടെ പെരുമാറുന്നതിന് ദൈവജനത്തെയും കത്തോലിക്കാ ആരോഗ്യപരിപാലന സ്ഥാപനങ്ങളെയും സാധാരണ പൗരസമൂഹത്തെയും പ്രോത്സാഹിപ്പിക്കാനായിരുന്നു അത്.

ലോകത്തെമ്പാടുമുള്ള പ്രാദേശികസഭകളിൽ ഈ മേഖലയിൽ ഉണ്ടായിട്ടുള്ള പുരോഗതിയെകുറിച്ച് നമ്മൾ കർത്താവിനോട് കൃതജ്ഞതാനിർഭരരാണ്. ഏറെ പുരോഗതി ഉണ്ടായിട്ടുണ്ട്; എന്നാൽ, എല്ലാ രോഗികൾക്കും, പ്രത്യേകിച്ച് വലിയ ദാരിദ്ര്യത്തിൻറെയും പാർശ്വവത്കരണത്തിൻറെയും ഇടങ്ങളിലും സാഹചര്യങ്ങളിലും വസിക്കുന്നവർക്ക്, ആവശ്യകമായ ആരോഗ്യപരിരക്ഷയും അവരുടെ രോഗാവസ്ഥയിൽ ക്രൂശിതനും ഉത്ഥിതനുമായ ക്രിസ്തുവുമായി അനുരൂപപ്പെടാൻ സഹായകമായ അനുഭവവും നല്കുന്ന അജപാലന ശുശ്രൂഷ നല്കുന്നതിൽനിന്ന് ഇനിയും നാം ഒരുപാട് വിദൂരത്താണ്. മുപ്പതാമത് ലോകരോഗീദിനം രോഗികളോടും അവരുടെ കുടുംബാംഗങ്ങളോടും ഉള്ള അടുപ്പത്തിലും ശുശ്രൂഷയിലും വളരുന്നതിന് സഹായകമാകട്ടെ. അതിൻറെ ഉപസംഹാരച്ചടങ്ങ്, കോവിഡ്19 മഹാമാരിമൂലം, മുമ്പ് തീരുമാനിച്ചിരുന്നതുപോലെ പെറുവിലെ ആരെകിപ്പായിൽവച്ചു നടത്താൻ സാധിക്കാതെ വന്നതിനാൽ, ഈ പ്രാവശ്യം വത്തിക്കാനിൽ വിശുദ്ധ പത്രോസിൻറെ ബസിലിക്കായിൽ വച്ച് ആയിരിക്കും നടക്കുന്നത്.

**1. പിതാവിനെപ്പോലെ കരുണാമയൻ**

ഈ രോഗീദിനത്തിനായി തിരഞ്ഞെടുത്തിരിക്കുന്ന, 'നിങ്ങളുടെ പിതാവ് അനുകമ്പയുള്ളവനായിരി ക്കുന്നതുപോലെ നിങ്ങളും അനുകമ്പയുള്ളവരായിരിക്കുവിൻ' (ലൂക്കാ 6:36) എന്ന പ്രമേയം 'കരുണാസമ്പന്നനായ' (എഫേ 2:4) ദൈവത്തിലേക്കു നമ്മുടെ ദൃഷ്ടികൾ തിരിക്കാൻ നമ്മെ പ്രേരിപ്പിക്കുന്നു; തൻറെ മക്കൾ തന്നിൽനിന്നു പിന്തിരിഞ്ഞുപോകുമ്പോഴും ഒരു പിതാവിൻറെ സ്നേഹത്തോടെ അവിടന്ന് അവരെ കാത്തുപാലിക്കുന്നു. ദൈവത്തിൻറെ ഏറ്റവും ഉചിതമായ പേര് കരുണ എന്നാണ്; ഈ കരുണയെന്നത് ചിലപ്പോൾ ഉണ്ടാകുന്ന വികാരപരമായ ഒരു സഹാനുഭാവം എന്ന നിലയിലല്ല മനസ്സിലാക്കേണ്ടത്. പ്രത്യുത, ദൈവത്തിൻറെ സ്വഭാവത്തോടുതന്നെ ചേർന്നിരിക്കുന്ന, സദാ സന്നിഹിതമായിരിക്കുന്ന, ഒരു സജീവഭാവമായിട്ടാണ്. അത് ശക്തിയും ആർദ്രതയും ഉൾച്ചേർക്കുന്നു. അക്കാരണത്താൽ, പിതൃഭാവവും മാതൃഭാവവും (ഏശ 49:15 കാണുക) ഒരുപോലെ ഉൾക്കൊള്ളുന്ന ഒന്നാണ് ദൈവത്തിൻറെ കരുണയെന്ന് അതിശയത്തോടും കൃതജ്ഞതയോടുംകൂടി നമുക്ക് പറയാനാകും. ഒരു പിതാവിൻറേതായ ശക്തിയോടെയും മാതാവിൻറേതായ ആർദ്രതയോടെയും ദൈവം നമ്മോടു കരുണാപൂർവം പെരുമാറുന്നു; പരിശുദ്ധാത്മാവിൽ നമുക്കു നിരന്തരം പുതുജീവൻ നല്കാൻ അവിടന്ന് ആഗ്രഹിക്കുന്നു.

**2. യേശു, പിതാവിൻറെ കരുണാഭാവം**

രോഗികളോടുള്ള പിതാവിൻറെ കരുണാർദ്രസ്നേഹത്തിൻറെ ഉത്തമസാക്ഷി പിതാവിൽനിന്നു ജാതനായ ഏകപുത്രനാണ്. വ്യത്യസ്ത രോഗങ്ങളാൽ വലഞ്ഞ ജനങ്ങളെ എത്രയോ പ്രാവശ്യം യേശു കണ്ടുമുട്ടിയതായാണ് സുവിശേഷങ്ങൾ വിവരിക്കുന്നത്! 'അവൻ അവരുടെ സിനഗോഗുകളിൽ പഠിപ്പിച്ചും രാജ്യത്തിൻറെ സുവിശേഷം പ്രഘോഷിച്ചും ജനങ്ങളുടെ എല്ലാ രോഗങ്ങളും വ്യാധികളും സുഖപ്പെടുത്തിയും ഗലീലിമുഴുവൻ ചുറ്റിസഞ്ചരിച്ചു' (മത്താ 4:23). യേശു രോഗികളോട് അത്രമാത്രം താത്പര്യം കാണിക്കാൻ കാരണമെന്തെന്നു നാം ചോദിക്കേണ്ടതാണ്. സുവിശേഷം പ്രസംഗിക്കാനായി തൻറെ അപ്പസ്തോലന്മാരെ അയച്ചുകൊണ്ട് രോഗികളെ സുഖപ്പെടുത്തുന്നത് (ലൂക്കാ 9:2 കാണുക) അവരുടെ ദൗത്യത്തിൻറെ അടിസ്ഥാനഭാഗമായി യേശു കരുതിയത് എന്തുകൊണ്ടാണ്?

www.malankaralibrary.com



ഇരുപതാം നൂറ്റാണ്ടിലെ ഒരു തത്ത്വചിന്തകൻ ഇതിന് ഇപ്രകാരമൊരു ഉത്തരം നല്കുന്നു: 'വേദന ഒരാളെ പൂർണമായും ഒറ്റപ്പെടുത്തുന്നു. പരമമായ ആ ഒറ്റപ്പെടൽ അപരനിലേക്കു സഹായമഭ്യർത്ഥിക്കാൻ, അപരനെ വിളിക്കാൻ കാരണമാകുന്നു.' വ്യക്തികൾ രോഗംമൂലം തങ്ങളുടെ ശരീരത്തിൽ ബലഹീനതയും വേദനയും അനുഭവിക്കുമ്പോൾ അവരുടെ ഹൃദയം ഭാരമുള്ളതാകുന്നു, ഭയം വർദ്ധിക്കുന്നു, അനിശ്ചിതത്വങ്ങൾ പെരുകുന്നു, അവരുടെ ജീവിതങ്ങളിൽ സംഭവിക്കുന്നവയുടെ അർഥംതേടൽ അടിയന്തിരപ്രാധാന്യം അർഹിക്കുന്നതായി മാറുന്നു. മഹാമാരിയുടെ ഇക്കാലത്ത്, തങ്ങളുടെ ഈ ലോകജീവിതത്തിൻറെ അവസാനഭാഗം തങ്ങളുടെ പ്രിയപ്പെട്ടവരുടെയും തങ്ങളുടെ ജീവിതത്തിലെ പ്രധാനപ്പെട്ടവരുടെയും പക്കൽനിന്നകന്ന് ഏകാന്തതയിൽ കഴിച്ചുകൂട്ടിയവരെ അവർ തീവ്രപരിചരണവിഭാഗത്ത് വിശാലമനസ്കരായ ആരോഗ്യപ്രവർത്തകരുടെ സഹായത്തോടെയാണു ചെലവിട്ടതെങ്കിലും നമുക്ക് എങ്ങനെ മറക്കാനാകും? പിതാവിൻറെ കരുണാഭാവമായിരുന്ന യേശുവിൻറെ മാതൃക സ്വീകരിച്ചുകൊണ്ട്, രോഗികളുടെ മുറിവുകളിൽ സാന്ത്വനത്തിൻറെ ലേപനം പുരട്ടുകയും പ്രത്യാശയുടെ വീഞ്ഞ് ഒഴിക്കുകയും ചെയ്യുന്ന ദൈവസ്നേഹസാക്ഷികളുടെ സാന്നിധ്യം എത്രമാത്രം പ്രാധാന്യമർഹിക്കുന്നുവെന്നു കാണാൻ ഇതു നമ്മെ സഹായിക്കുന്നു.

### 3. ക്രിസ്തുവിൻറെ സഹിക്കുന്ന ശരീരത്തെ സ്പർശിക്കൽ

പിതാവിനെപ്പോലെ കരുണയുള്ളവരായിരിക്കുവിൻ എന്ന യേശുവിൻറെ ആഹ്വാനം ആരോഗ്യ പ്രവർത്തകർക്ക് ഏറെ പ്രധാനപ്പെട്ടതാണ്. രോഗവിവശരെ പരിചരിക്കുന്ന ഡോക്ടർമാർ, നേഴ്സുമാർ, ലബോറട്ടറി ടെക്നീഷ്യന്മാർ, സഹായികളായ സ്റ്റാഫ് അംഗങ്ങൾ, രോഗികളുടെ കൂട്ടിരിപ്പുകാർ, തങ്ങളുടെ വിലപ്പെട്ട സമയം രോഗികൾക്കായി ചെലവഴിക്കാൻ തയ്യാറാകുന്ന സന്നദ്ധസേവകർ എന്നിവരെയെല്ലാം ഞാൻ ഓർക്കുന്നു. പ്രിയ ആരോഗ്യപ്രവർത്തകരേ, സ്നേഹവും കഴിവുംകൊണ്ടും രോഗികളുടെ ചാരേ നിങ്ങൾ നടത്തുന്ന ശുശ്രൂഷ നിങ്ങളുടെ തൊഴിലിൻറെ പരിധിക്കുപരി ഒരു പ്രേഷിതദൗത്യമായി മാറുകയാണു ചെയ്യുന്നത്. ക്രിസ്തുവിൻറെ സഹിക്കുന്ന ശരീരത്തെ സ്പർശിക്കുന്ന നിങ്ങളുടെ കരങ്ങൾ കരുണാമയനായ പിതാവിൻറെ കരുണാമയമായ കരങ്ങളുടെ അടയാളമായിരിക്കും. ആകയാൽ നിങ്ങളുടെ തൊഴിലിൻറെ വലിയ മാഹാത്മ്യവും അതു പേറുന്ന ഉത്തരവാദിത്വവും നിങ്ങൾ മനസ്സിലാക്കുവിൻ.

വൈദ്യശാസ്ത്ര രംഗത്ത് ഉണ്ടായിട്ടുള്ള, പ്രത്യേകിച്ച് ഈ അടുത്ത കാലത്തുണ്ടായ, പുരോഗതിയെ ഓർത്ത് നമുക്കു കർത്താവിനു കൃതജ്ഞതയർപ്പിക്കാം; രോഗികൾക്ക് ഏറെ സഹായകമായ ചികത്സകൾ തയ്യാറാക്കുന്നതിൽ പുതിയ സാങ്കേതിക വിദ്യകൾ നമ്മെ സഹായിച്ചിട്ടുണ്ട്. പഴയതും പുതിയതുമായ രോഗങ്ങളെ ഉന്മൂലനം ചെയ്യുന്നതിനു ഗവേഷണങ്ങൾ വിലപ്പെട്ട സംഭാവനകളാണ് നല്കിക്കൊണ്ടിരിക്കുന്നത്; പുനർശക്തീകരണമരുന്നുകൾ പ്രാഗത്ഭ്യവും കഴിവും തെളിയിച്ചുകഴിഞ്ഞു. അതേസമയം, ഇവയൊന്നും ഓരോ രോഗിയുടെയും വ്യതിരിക്തതയും അവൻറെയും അവളുടെയും മാഹാത്മ്യവും ബലഹീനതകളും വിസ്മരിക്കാൻ നമുക്ക് ഇടവരുത്തരുത്. രോഗത്തെക്കാൾ പ്രധാനം രോഗികളാണ്; അക്കാരണത്താൽ രോഗിയെ കേൾക്കുന്നതിൽനിന്ന്, പ്രത്യേകിച്ച് അവൻറെയും അവളുടെയും ചരിത്രവും ഉൽക്കണ്ഠകളും ഭയങ്ങളും ശ്രവിക്കുന്നതിൽനിന്ന്, ഒരു ചികത്സാസമീപനവും പിന്നാക്കം പോകാൻ പാടില്ല. സുഖപ്പെടുത്തൽ അസാധ്യമായിരുന്നാൽപ്പോലും, ശുശ്രൂഷയുടെയും സാന്ത്വനത്തിൻറെയും സാമീപ്യത്തിൻറെയും അനുഭവം പകരാൻ എപ്പോഴും സാധ്യമാണ്. രോഗത്തെക്കാൾ തന്നെ പരിഗണിക്കുന്നു എന്ന അനുഭവമായിരിക്കണം രോഗിക്കു ലഭിക്കേണ്ടത്. അതിനാൽ ആരോഗ്യപ്രവർത്തകർക്കു നല്കുന്ന പരിശീലനം മറ്റുള്ളവരെ ശ്രവിക്കുന്നതിനും മറ്റുള്ളവരോടു ബന്ധപ്പെടുന്നതിനും അവരെ കൂടുതൽ പ്രാപ്തരാക്കുന്നതായിരിക്കും എന്നു ഞാൻ പ്രത്യാശിക്കുന്നു.

### 4. ശുശ്രൂഷാകേന്ദ്രങ്ങൾ 'കരുണയുടെ ഭവനങ്ങൾ' ആകുമ്പോൾ

ശുശ്രൂഷാ കേന്ദ്രങ്ങളിലേക്കു നമ്മുടെ ശ്രദ്ധ തിരിക്കാൻ ഉതകുന്ന ഒരു നല്ല അവസരംകൂടിയാണ് ലോകരോഗീദിനം. രോഗികളോട് കരുണ പ്രദർശിപ്പിക്കുന്നതിൻറെ ഭാഗമായി അസംഖ്യം 'നല്ല സമരിയാക്കാരൻറെ സത്രങ്ങൾ' തുറക്കാൻ ക്രൈസ്തവസമൂഹം നൂറ്റാണ്ടുകളായി പ്രേരിതമായിട്ടുണ്ട്. അവിടെയാണ് പലതരം രോഗങ്ങളാൽ വലയുന്നവർക്ക് സ്നേഹവും പരിചരണവും നല്കാൻ കഴിയുന്നത്, ഏറെ പ്രത്യേകിച്ച് ദാരിദ്ര്യത്താലും സാമൂഹ്യബഹിഷ്കരണത്താലും ചില രോഗങ്ങളോടു ചേർന്നുള്ള ബുദ്ധിമുട്ടുകളാലും വലഞ്ഞതുമൂലം തങ്ങളുടെ ആരോഗ്യപ്രശ്നങ്ങൾക്കു പ്രതിവിധി കണ്ടെത്താൻ കഴിയാത്തവർക്ക്. ഇത്തരത്തിലുള്ള സാഹചര്യങ്ങളിൽ കുട്ടികളും വൃദ്ധരും ദുർബലരുമാണ് പലപ്പോഴും അതിൻറെ വിലകൊടുക്കുന്നവർ. പിതാവിനെപ്പോലെ അനുകമ്പാർദ്രരായിരുന്നുകൊണ്ട് അസംഖ്യം മിഷന

www.malankaralibrary.com



റിമാർ തങ്ങളുടെ സുവിശേഷ പ്രഘോഷണത്തിൻറെ ഭാഗമായി ആശുപത്രികളും ചികത്സാലയ ങ്ങളും ശുശ്രൂഷാകേന്ദ്രങ്ങളും നിർമിച്ചിട്ടുണ്ട്. ക്രൈസ്തവ ഉപവി പ്രകാശിതമായിത്തീർന്ന ഏറെ അമൂല്യമായ ഉപാധികളാണിവ. ക്രിസ്തുശിഷ്യർ സാക്ഷ്യപ്പെടുത്തിയ ക്രിസ്തുസ്നേഹം കൂടുതൽ വിശ്വസനീയമായത് അവ വഴിയാണ്. നമ്മുടെ ഈ ഭൂമിയുടെ ഏറ്റവും ദരിദ്ര മായ ഭാഗങ്ങളിൽ വസിക്കുന്നവരെക്കുറിച്ചാണ് ഞാൻ ചിന്തിക്കുന്നത്; പരിമിതമായ സൗക ര്യങ്ങൾ മാത്രം നല്കാൻ സാധിക്കുന്ന ചികത്സാകേന്ദ്രങ്ങൾ അന്വേഷിച്ച് അവർക്ക് ഏറെ ദൂരം സഞ്ചരിക്കേണ്ടിവരുന്നു. ആകയാൽ, നമുക്ക് ഇനിയും ഒരുപാട് ദൂരം യാത്ര ചെയ്യാനുണ്ട്! ചില രാജ്യങ്ങളിൽ ശരിയായ രോഗീപരിചരണം അപ്രാപ്യമായ ഒരു ആഡംബരമാണ്. ദരിദ്ര രാഷ്ട്രങ്ങളിൽ കോവിഡ്19ന് എതിരേയുള്ള കുത്തി വയ്പുസാധ്യതയുടെ ദൗർലഭ്യം ഇതിന് ഒരുദാഹരണമാണ്. എന്നാൽ അതിലുപരി, ലളിതമായ മരുന്നുകൾകൊണ്ട് ചികത്സിക്കാവുന്ന രോഗങ്ങൾക്കുപോലും അവിടെ പ്രതിവിധിയില്ല!

ഈ പശ്ചാത്തലത്തിൽ, കത്തോലിക്കാ ആരോഗ്യ പരിപാലന സ്ഥാപനങ്ങളുടെ പ്രാധാന്യം ഞാൻ ആവർത്തിച്ചുറപ്പിക്കാൻ ആഗ്രഹിക്കുന്നു. അവ സംരക്ഷിക്കപ്പെടേണ്ട തും സൂക്ഷിക്കേണ്ടതുമായ വിലപ്പെട്ട നിധികളാണ്. അവയുടെ സാന്നിധ്യം സഭയുടെ ചരിത്രം വിശിഷ്ടമാക്കിയിട്ടുണ്ട്. അവ വഴിയാണ് രോഗികളോടും ദരിദ്രരോടും മറ്റുള്ളവർ അവഗണിച്ച സാഹചര്യങ്ങളോടും സഭ തൻറെ സാമീപ്യം അറിയിച്ചിട്ടുള്ളത്. അല്പം മാത്രം ശുശ്രൂഷിക്കപ്പെടുകയും അല്ലെങ്കിൽ ഒട്ടും ശുശ്രൂഷ ലഭിക്കുകയും ചെയ്തിട്ടി ല്ലാത്ത സഹോദരീസഹോദരന്മാരുടെ നിലവിളി കേൾക്കുകയും അവർക്കായി തങ്ങളുടെ പരമാവധി ശുശ്രൂഷ നല്കുകയും ചെയ്തിട്ടുള്ള എത്രയെത്ര സന്യാസകുടുംബങ്ങളുടെ സ്ഥാപ കരാണ് സഭയിൽ ഉണ്ടായിട്ടുള്ളത്? ഇന്ന് ഏറെ പുരോഗമിച്ചിട്ടുള്ള രാജ്യങ്ങളിൽപോലും ഇപ്രകാ രമുള്ള സമൂഹങ്ങളുടെ സാന്നിധ്യം ഒരു അനുഗ്രഹമാണ്. കാരണം, ശരീരത്തെ ആവശ്യകമായ പ്രാഗത്ഭ്യത്തോടെ പരിചരിക്കുന്നതോടൊപ്പം അവർ ഉപവിയുടേതായ സമ്മാനവും നല്കുന്നു. അതായത്, അവർ രോഗികളായ വ്യക്തികളെത്തന്നെയും അവരുടെ കുടുംബങ്ങളെയും ഉന്നംവ ച്ചു പ്രവർത്തിക്കുന്നു. 'പ്രയോജനരഹിതത്വത്തിൻറെ സംസ്കാരം' (culurte of waset) വ്യാപക മായിരിക്കുന്ന ഇന്നത്തെ സാഹചര്യത്തിൽ, അതായത് ജീവൻ എപ്പോഴും സ്വാഗതം ചെയ്യപ്പെ ടേണ്ടതും ജീവിക്കേണ്ടതും ആണെന്ന് അംഗീകരിക്കാത്ത സാഹചര്യത്തിൽ, 'ദയാഭവനങ്ങൾ' പോലുള്ള സംവിധാനങ്ങൾ ജീവനെ സംരക്ഷിക്കുന്നതിലും ശുശ്രൂഷിക്കുന്നതിലും അതും ഏറ്റവും ബലഹീനമായ ജീവിതം അതിൻറെ ആരംഭംമുതൽ സാധാരണയായുള്ള അവസാ നംവരെ മാതൃകാപരമായവയാണ്.

**5. അജപാലന കരുണ: സാന്നിധ്യവും സാമീപ്യവും**

ഇക്കഴിഞ്ഞ മുപ്പതുവർഷമായി, അജപാലനപരമായ ആരോഗ്യപരിചരണം അനിവാ ര്യമായ ഒരു ശുശ്രൂഷയായി പരക്കെ അംഗീകരിക്കപ്പെട്ടിട്ടുണ്ട്. ദരിദ്രർ ആരോഗ്യത്തിൽ ദരി ദ്രരായ രോഗികളുൾപ്പെടെയുള്ളവർ അനുഭവിക്കുന്ന ഏറ്റവും കടുത്ത വിവേചനം ആധ്യാ ത്മികമായി അവരോടുള്ള ശ്രദ്ധക്കുറവാണ്. അതിനാൽ ദൈവത്തിൻറെ സാമീപ്യം, അതായത് അവിടത്തെ അനുഗ്രഹവും അവിടത്തെ വചനവും കൂദാശകളുടെ ആചരണവും വിശ്വാസത്തിൽ വളരാനും പാകപ്പെടാനുമുള്ള അവസരമൊരുക്കലും, അവർക്കു നിഷേധിക്കാൻ നമുക്ക് ഇടയാ വാതെനോക്കണം. ഇക്കാര്യത്തിൽ ഒരു വസ്തുത ഞാൻ എല്ലാവരെയും ഓർമ്മപ്പെടുത്തുന്നു: കൃത്യമായി നിർണയിച്ചിട്ടുള്ള ശുശ്രൂഷകരുടെ മാത്രം ചുമതലയല്ല രോഗികളോടുള്ള സാമീ പ്യവും അവരുടെ അജപാലന ശുശ്രൂഷയും; രോഗികളെ സന്ദർശിക്കാനുള്ള ക്രിസ്തുവിൻറെ ആഹ്വാനം തൻറെ എല്ലാ ശിഷ്യരോടും ഉള്ളതാണ്. കേവലം ഒരു സന്ദർശനം പ്രതീക്ഷിച്ച് എത്രയെത്ര രോഗികളും മുതിർന്നവരും ആണ് തങ്ങളുടെ ഭവനങ്ങളിൽ ആയിരിക്കുന്നത്? 'ഞാൻ രോഗിയായിരുന്നു, നിങ്ങൾ എന്നെ സന്ദർശിച്ചു' (മത്താ 25:36) എന്ന യേശുവചനം അനുസ്മരിച്ചാൽ ആശ്വാസദായകത്വത്തിൻറെ ശുശ്രൂഷ ജ്ഞാനസ്നാനം സ്വീകരിച്ച ഓരോ വ്യക്തിയുടെയും കടമയാണെന്നു വ്യക്തമാകും.

പ്രിയ സഹോദരീസഹോദരന്മാരേ, രോഗികളെയും അവരുടെ കുടുംബങ്ങളെയും 'രോഗികളുടെ ആരോഗ്യമായ' മറിയത്തിൻറെ മാധ്യസ്ഥ്യത്തിനായി ഞാൻ സമർപ്പിക്കുന്നു. ലോകത്തിൻറെ വേദന വഹിക്കുന്ന ക്രിസ്തുവിനോടു ചേർന്നുകൊണ്ട് അവർ അർഥവും ആശ്വാസവും അഭയവും കണ്ടെത്തട്ടെ. എല്ലായിടങ്ങളിലുമുള്ള ആരോഗ്യപ്രവർത്തകർക്കുവേണ്ടി ഞാൻ പ്രാർത്ഥിക്കുന്നു; കരുണയിൽ സമ്പന്നരായിരുന്നുകൊണ്ട് രോഗികളോട് ഉത്തമമായ പരി ചരണവും അതോടൊപ്പം സാഹോദരതുല്യമായ സാമീപ്യവും നല്കാൻ അവർക്ക് ഇടവരട്ടെ.

*എല്ലാവർക്കും ഞാൻ ഹാർദമായി എൻറെ അപ്പസ്തോലിക ആശീർവാദം നല്കുന്നു.*

www.malankaralibrary.com



## കാത്തലിക് ടീച്ചേഴ്സ് ഗിൽഡ് പ്രതിനിധി സമ്മേളനം നടത്തി

കൊച്ചി: കേരള കാത്തലിക് ടീച്ചേഴ്സ് ഗിൽഡ് സംസ്ഥാന പ്രതിനിധി സമ്മേളനം പാലാരിവട്ടം പിഒസിയിൽ കെസിബിസി വിദ്യാഭ്യാസ കമ്മീഷൻ ചെയർമാൻ ബിഷപ് ജോഷ്വാ മാർ ഇഗ്നാത്തിയോസ് ഉദ്ഘാടനം ചെയ്തു. സംസ്ഥാന പ്രസിഡൻറ് ബിജു ഓളാട്ടുപുറം അധ്യക്ഷത വഹിച്ചു.

കെസിബിസി ഡെപ്യൂട്ടി സെക്രട്ടറി ഫാ. ജേക്കബ് പാലയ്ക്കാപ്പിള്ളി മുഖ്യസന്ദേശം നൽകി. ജനറൽ സെക്രട്ടറി സി.ടി. വർഗീസ് വിഷയാവതരണം നടത്തി. ഡയറക്ടർ ഫാ. ചാൾസ് ലെയോൺ, ട്രഷറർ മാത്യു ജോസഫ്, റോബിൻ മാത്യു ജി. ബിജു, ജെയ്സി എന്നിവർ പ്രസംഗിച്ചു, കേരളത്തിലെ 32 രൂപതകളിൽ നിന്നു 62 പ്രതിനിധികൾ പങ്കെടുത്തു. *(ദീപിക, 10/02/2022)*

## വിവിധ സാമൂഹിക വിഷയങ്ങൾ ചർച്ച ചെയ്ത് കെആർഎൽസിസി 38-ാം ജനറൽ കൗൺസിൽ

ആലപ്പുഴ: ഇന്ത്യയിൽ ക്രൈസ്തവർക്കെതിരേ നടക്കുന്ന ആക്രമണങ്ങൾ പിന്നിൽ ഭൂരിപക്ഷ വർഗീയതയുടെ സംഘാത ശ്രമങ്ങളാണെന്ന് കേരള റീജിയൻ ലാറ്റിൻ കാത്തലിക് കൗൺസിൽ (കെആർഎൽസിസി) 38-ാം ജനറൽ കൗൺസിൽ. ഭരണകൂടങ്ങളുടെ സഹായത്തോടെയാണ് ആക്രമണങ്ങൾ അരങ്ങേറുന്നെന്നത് ഗൗരവമായി കാണണം. ക്രൈസ്തവർ നിർബന്ധിതമതപരിവർത്തനം നടത്തുന്നുവെന്ന വ്യാജേന ബിജെപി കർണാടക നിയമസഭയിൽ ശബ്ദവോട്ടോടെ പാസാക്കിയ മതപരിവർത്തന നിരോധന ബില്ല് ഭരണഘടനാ വിരുദ്ധമാണ്. മതസ്വാതന്ത്ര്യം, വൈവാഹിക വ്യക്തിസ്വാതന്ത്ര്യം എന്നിവയിലുള്ള കടന്നു കയറ്റമാണിത്.

മൗലികാവകാശങ്ങൾ ഉറപ്പാക്കി സമാധാനത്തിലും സഹവർത്തിത്വത്തിലും ജീവിക്കാനുള്ള സാഹചര്യമൊരുക്കാൻ സർക്കാരുകൾ അടിയന്തിര നടപടികൾ സ്വീകരിക്കണം. കേരളത്തിലെ നിർദിഷ്ട ക്രൈസ്തവ വിവാഹ നിയമം വഴി കൂദാശകളുടെ പരികർമത്തിൽ അനാവശ്യ ഇടപെടൽ കമ്മീഷൻ നടത്തിയിട്ടുണ്ട്. ഈ നിയമം സ്വീകാര്യമല്ല. സിൽവർ ലൈൻ പദ്ധതിയെക്കുറിച്ച് കേരളസമൂഹം ഉയർത്തുന്ന ചോദ്യങ്ങൾക്ക് സർക്കാർ മറുപടി പറയണം. വിശദമായ പദ്ധതി രൂപരേഖ ജനങ്ങൾക്കു മുന്നിൽ വയ്ക്കണം. സാമൂഹിക, സാമ്പത്തിക, പാരിസ്ഥിതികാഘാത പഠനം നടത്തിയേ മുന്നോട്ടു പോകാനാകൂ.

മത്സ്യസംഭരണം, വിപണനം, ഗുണപരിപാലനം എന്നിവയുമായി ബന്ധപ്പെട്ട നിയമത്തിൽ മത്സ്യത്തൊഴിലാളികളുടെ അഭിപ്രായം സർക്കാർ നിരസിച്ചിരിക്കുകയാണ്. ട്രേഡ് യൂണിയനുകൾക്ക് അമിത പ്രാധാന്യം നൽകി നിർമിച്ചിട്ടുള്ള ഈ നിയമം പിൻവലിക്കണം.
ഗാഡ്ഗിൽ-കസ്തൂരിരംഗൻ റിപ്പോർട്ടുകളുടെ ഭാഗമായി ഇഎസ്എ വില്ലേജുകൾ നിർണയിച്ചതിലെ അപാകത പരിഹരിക്കണം. പരിവർത്തിത ക്രൈസ്തവർക്ക് സംവരണ അവകാശങ്ങൾ നിഷേധിക്കരുത്. ഇക്കാര്യത്തിൽ കോടതിയും സർക്കാരും കാണിക്കുന്ന നിസംഗത പ്രതിഷേധാർഹമാണ്. *(ദീപിക, 10/01/2022)*

## ആയിരത്തിലേറെ പേരെ ബോംബാക്രമണത്തിൽനിന്നു രക്ഷപ്പെടുത്തിയ ആകാശ് ബഷീർ ദൈവദാസൻ

ലാഹോർ: ആയിരത്തിലേറെ കത്തോലിക്കാ വിശ്വാസികളെ ചാവേർ ആക്രമണത്തിൽനിന്നു രക്ഷപ്പെടുത്താനായി മരണം വരിച്ച പാക്കിസ്ഥാൻകാരൻ ആകാശ് ബഷീറിനെ ദൈവദാസനായി പ്രഖ്യാപിച്ചു. പാക്കിസ്ഥാനിൽനിന്ന് ദൈവദാസപദവിയിലെത്തുന്ന ആദ്യത്തെയാളാണ്, ഇരുപതു വയസുള്ളപ്പോൾ രക്തസാക്ഷികയായ ആകാശ് ബഷീർ.

2015 മാർ 15നാണ് ലാഹോറിലെ സെൻറ് ജോൺസ് കത്തോലിക്കാ പള്ളിയിൽ ചാവേർ ആക്രമണത്തിനു ഭീകരനെത്തിയത്. ആ സമയം ആയിരത്തിലേറെ വിശ്വാസികൾ പള്ളിയിലുണ്ടായിരുന്നു. വോളൻറിയർ സുരക്ഷാ ഗാർഡായ ആകാശ് ഭീകരനെ തടഞ്ഞു. "ഞാൻ മരിച്ചേക്കും എന്നാൽ നിങ്ങളെ അകത്തേക്കു പോകാൻ അനുവദിക്കില്ല" - എന്നായിരുന്നു ഭീകരനോട് ആകാശ് പറഞ്ഞത്. തുടർന്നു ഭീകരൻ നടത്തിയ സ്ഫോടനത്തിൽ ആകാശും മറ്റു 16പേരും മരിച്ചു. എഴുപതോളം പേർക്കു പരിക്കേറ്റു. ആകാശിൻറെ ധീരോചിത ഇടപെടലാണ് നിരവധി ജീവൻ രക്ഷിച്ചത്. കത്തോലിക്കാ പള്ളിക്കു തൊട്ടടുത്തുള്ള ചർച്ച് ഓഫ് പാക്കിസ്ഥാൻറെ കീഴിലുള്ള ക്രൈസ്റ്റ് ചർച്ചിലും ഭീകരർ ആക്രമണം നടത്തി. തെഹ്രീക്-ഇ-താലിബാൻ പാക്കിസ്ഥാൻ ജമാത്തുൾ അഹ്രാർ(ടിടിപി-ജെഎ) എന്ന ഭീകരസംഘടന ആക്രമണത്തിൻറെ ഉത്തരവാദിത്വം ഏറ്റെടുത്തിരുന്നു.

ആകാശിനെ ദൈവദാസനായി വത്തിക്കാൻ അംഗീകരിച്ചുവെന്നു ലാഹോർ ആർച്ചുബി

www.malankaralibrary.com


ഷപ് സെബാസ്റ്റ്യൻ ഷാ പ്രഖ്യാപിച്ചു. പാക്കിസ്ഥാനിലെ കത്തോലിക്കാസഭയെ സംബന്ധിച്ച് മഹത്തായ ദിനമെന്നാണു ലാഹോർ അതിരൂപത വികാരി ജനറൽ ഫാ. ഫ്രാൻസിസ് ഗുൽസാർ പ്രതികരിച്ചത്.*(ദീപിക, 03/2/2022)*

### ഡോ. തോമസ് ജെ. നെറ്റോ തിരുവനന്തപുരം ലത്തീൻ ആർച്ചുബിഷപ്

തിരുവനന്തപുരം: തിരുവനന്തപുരം ലത്തീൻ അതിരൂപതാ ആർച്ചുബിഷപ്പായി ഡോ. തോമസ് ജെ നെറ്റോയെ ഫ്രാൻസിസ് മാർപാപ്പ നിയമിച്ചു. ആർച്ചുബിഷപ്പ് ഡോ. എം സൂസപാക്യം വിരമിക്കുന്ന ഒഴിവിലേക്കാണു നിയമനം. സ്ഥാനാരോഹണം ഈ മാസം 19ന് നടക്കും. തിരുവനന്തപുരം പാളയം സെൻറ് ജോസഫ്സ് കത്തീഡ്രലിൽ 2.2.2022 വൈകുന്നരം 4.30ന് ആർച്ചുബിഷപ് ഡോ. എം സൂസപാക്യം നിയമന ഉത്തരവ് വായിച്ചു. ഇതേസമയം, വത്തിക്കാനിലും അറിയിപ്പുണ്ടായി, ഡോ. ജെ. ക്രിസ്തുദാസ് സഹായമെത്രാനായി തുടരും.

പാളയം സെൻറ് ജോസഫ്സ് കത്തീഡ്രലിൽ കോവിഡ് മാനദണ്ഡങ്ങൾ പാലിച്ച് നടന്ന ദിവ്യബലി മധ്യേയായിരുന്നു. ആർച്ചുബിഷപ്പിൻറെ നിയമനം പരസ്യപ്പെടുത്തിയത്. മലങ്കര കത്തോലിക്കാ സഭാ മേജർ ആർച്ചുബിഷപ്പ് കർദിനാൾ മാർ ബസേലിയോസ് ക്ലീമിസ് കതോലിക്കാ ബാവ, ബിഷപ്പ് ഡോ. പോൾ ആൻറണി മുല്ലശേരി, ബിഷപ്പ് ഡോ. സിൽവിസ്റ്റർ പൊന്നുമുത്തൻ, തിരുവനന്തപുരം അതിരൂപതാ സഹായമെത്രാൻ ഡോ. ജെ ക്രിസ്തുദാസ്, സെൻറ് ജോസഫ്സ് കത്തീഡ്രൽ വികാരി മോൺ. ടി. നിക്കോളാസ്, മോൺ. സി. ജോസഫ്, മോൺ. യൂജിൻ എച്ച്. പെരേര തുടങ്ങിയവർ സന്നിഹിതരായിരുന്നു. നിയുക്ത ആർച്ചുബിഷപ്പിനെ സ്ഥാനമൊഴിയുന്ന ആർച്ചുബിഷപ് ഡോ. എം. സൂസപാക്യം സ്ഥാനചിഹ്നങ്ങൾ അണിയിച്ചു. *(ദീപിക, 03/02/2022)*

### മതനിന്ദ: പാക്കിസ്ഥാനിൽ മധ്യവയസ്കനെ കല്ലെറിഞ്ഞുകൊന്നു കെട്ടിത്തൂക്കി

ലാഹോർ: പാക്കിസ്ഥാനിൽ ഖുറാനെ അപമാനിച്ചു എന്നാരോപിച്ച് മധ്യവയസ്കനെ കല്ലെറിഞ്ഞു കൊന്നശേഷം മൃതദേഹം മരത്തിൽ കെട്ടിത്തൂക്കി. മുഷ്താഖ് അഹമ്മദ് എന്നയാളാണു പഞ്ചാബ് പ്രവിശ്യയിലെ ജംഗിൾ ദേരാവാല ഗ്രാമത്തിൽ കൊല്ലപ്പെട്ടത്. മാനസികാസ്വാസ്ഥ്യം പ്രകടിപ്പിച്ചിരുന്ന ഇയാൾ വീട്ടിലെത്താറില്ലായിരുന്നുവെന്നാണ് റിപ്പോർട്ട്.

ഖുറാൻറെ പേജുകൾ കീറിക്കളഞ്ഞു എന്നതിനെക്കുറിച്ച് അന്വേഷിക്കാൻ സ്ഥലത്തെത്തിയ പോലീസ് ഇയാളെ കസ്റ്റഡിയിലെടുത്തിരുന്നു. എന്നാൽ ഗ്രാമത്തിലെ മസ്ജിദിൽ കൂടിയ മുന്നൂറിലധികം വരുന്ന ജനം പോലീസിൽനിന്ന് ഇയാളെ പിടിച്ചെടുത്ത് മരത്തിൽ കെട്ടിയിട്ടുകല്ലെറിയുകായായിരുന്നു. ഇയാളെ രക്ഷിക്കാനുള്ള ശ്രമം ഫലിച്ചില്ലെന്നാണു പോലീസ് പറഞ്ഞത്. മൃതദേഹം താഴെയിറിക്കാനും സമ്മതിച്ചില്ല. മൃതദേഹം കത്തിച്ചുകളയാനായിരുന്നു ജനക്കൂട്ടത്തിൻറെ ശ്രമം. കൂടുതൽ പോലീസെത്തിയാണു മൃതദേഹം മോർച്ചറിയിലേക്കു മാറ്റിയത്.

കല്ലെറിയുന്നതിൻറെയും മൃതദേഹം കെട്ടിത്തൂക്കുന്നതിൻറെയും ദൃശ്യങ്ങൾ സോഷ്യൽ മീഡിയയിൽ വ്യാപകമായി പ്രചരിച്ചു. മൂന്നൂറിലധികം പേർക്കെതിരേ കേസെടുത്ത പോലീസ് 62 പേരെ അറസ്റ്റ് ചെയ്തു. സംഭവത്തിൽ പ്രധാനമന്ത്രി ഇമ്രാൻഖാൻ കടുത്ത ദുഃഖം പ്രകടിപ്പിച്ചു. പഞ്ചാബ് പോലീസിൽനിന്നു റിപ്പോർട്ട് ആവശ്യപ്പെട്ടു. കൃത്യത്തിൽ പങ്കെടുത്തവർക്കും കൃത്യനിർവഹണത്തിൽ വീഴ്ച വരുത്തിയ പോലീസിനും എതിരെ നടപടി എടുക്കുമെന്നും ഇമ്രാൻ പറഞ്ഞു. *(ദീപിക, 14/2/2022)*

### മാൾട്ട സന്ദർശനം ഏപ്രിലിൽ

വത്തിക്കാൻ സിറ്റി: ഫ്രാൻസിസ് മാർപാപ്പ ഏപ്രിൽ രണ്ട്, മൂന്ന് തീയതികളിൽ മെഡിറ്ററേനിയൻ ദ്വീപ് രാജ്യമായ മാൾട്ട സന്ദർശിക്കും. കോവിഡ് വ്യാപനത്തിൻറെ പശ്ചാത്തലത്തിൽ രണ്ടു വർഷം മുമ്പ് മാറ്റിവച്ച സന്ദർശനമാണിത്. മാൾട്ടയിലെ വെലെറ്റ, റബാത്ത്, ഫ്ലോറിയാന നഗരങ്ങളും ഗോസോ ദ്വീപും മാർപാപ്പ സന്ദർശിക്കുമെന്ന് വത്തിക്കാൻ അറിയിച്ചു.

ഈ വർഷം മാർപാപ്പയുടെ മറ്റു സന്ദർശന പരിപാടികൾ പ്രഖ്യാപിച്ചിട്ടില്ല. ദക്ഷിണ സുഡാൻ, കോംഗോ രാജ്യങ്ങൾ സന്ദർശിക്കാൻ മാർപാപ്പയ്ക്ക് ആഗ്രഹമുണ്ടെന്നാണ് റിപ്പോർട്ടുകൾ. ലബനൻ സന്ദർശിക്കാനുള്ള ആഗ്രഹം മാർപാപ്പ മുമ്പു പ്രകടിപ്പിച്ചിട്ടുണ്ട്. 20202-ൽ ഇന്തോനേഷ്യ, കിഴക്കൻ ടിമൂർ, പാപുവ ന്യൂഗിനിയ രാജ്യങ്ങൾ സന്ദർശിക്കാൻ അദ്ദേഹം ആഗ്രഹിച്ചിരുന്നെങ്കിലും കോവിഡ് വ്യാപനത്തിൻറെ പശ്ചാത്തലത്തിൽ ഉപേക്ഷിക്കുകയാണ് ഉണ്ടായത്. *(ദീപിക, 11/2/2022)*

www.malankaralibrary.com



### പിന്നാക്ക ക്രൈസ്തവരെ പിന്നാക്ക ന്യൂനപക്ഷമായി പ്രഖ്യാപിക്കണം : കെആർഎൽസിബിസി

ആലപ്പുഴ: ലത്തീൻ കത്തോലിക്കർ ഉൾപ്പെടെയുള്ള പിന്നാക്ക ക്രൈസ്തവരെ പിന്നാക്ക ന്യൂനപക്ഷമായി പ്രഖ്യാപിക്കാൻ ശുപാർശ ചെയ്യണമെന്ന് ക്രിസ്ത്യൻ ന്യൂനപക്ഷ കമ്മീഷനോട് കേരള റീജനൽ ലത്തീൻ കത്തോലിക്കാ മെത്രാൻ സമിതി (കെആർഎൽസിബിസി) അധ്യക്ഷൻ ബിഷപ് ഡോ. ജോസഫ് കരിയിൽ ആവശ്യപ്പെട്ടു.

ന്യൂനപക്ഷ സ്കോളർഷിപ് വിതരണം നീതിപൂർവമാണെന്ന് ഉറപ്പാക്കണമെന്നും മെത്രാൻ സമിതിയുടെ യോഗത്തിൽ പങ്കെടുത്ത കമ്മീഷൻ അംഗങ്ങളോട് അദ്ദേഹം പറഞ്ഞു. കേരളത്തിൽ പിന്നാക്കം നിൽക്കുന്ന ലത്തീൻ കത്തോലിക്കർ, ദളിത് ക്രൈസ്തവർ, മത്സ്യത്തൊഴിലാളികൾ, മലയോരകർഷകർ, എന്നിവരുടെ പ്രശ്നങ്ങൾ പ്രത്യേകമായി പഠിച്ച് സർക്കാരിനെ ബോധ്യപ്പെടുത്താൻ കമ്മീഷന് ഉത്തരവാദിത്തമുണ്ടെന്ന് കമ്മീഷൻ അധ്യക്ഷൻ റിട്ട. ജസ്റ്റിസ് ജെ.ബി. കോശി പറഞ്ഞു. (മലയാള മനോരമ, 08/01/2022)

### ക്രൈസ്തവരുടെ പ്രശ്നങ്ങൾ സർക്കാരിനെ ബോധ്യപ്പെടുത്തും: ന്യൂനപക്ഷാവകാശ കമ്മീഷൻ

ആലപ്പുഴ: കേരളത്തിലെ ക്രൈസ്തവസമൂഹങ്ങളിൽ ലത്തീൻ കത്തോലിക്കർ, ദലിത് ക്രൈസ്തവർ, മത്സ്യത്തൊഴിലാളികൾ, മലയോര കർഷകർ എന്നിവരുടെ പ്രശ്നങ്ങൾ പ്രത്യേകമായി പഠിച്ച് സർക്കാരിനെ ബോധ്യപ്പെടുത്തുമെന്ന് ക്രൈസ്തവ ന്യൂനപക്ഷാവകാശ കമ്മീഷൻ ചെയർമാൻ ജസ്റ്റീസ് ജെ.ബി. കോശി.

കേരളത്തിലെ ലത്തീൻ രൂപതകളിലെ മെത്രാൻമാരുമായി കമ്മീഷൻ അംഗങ്ങളായ ജസ്റ്റീസ് ജെ.ബി. കോശി, ഡോ. ജേക്കബ് പുന്നൂസ്, ഡോ. ക്രിസ്റ്റി ഫെർണാണ്ടസ് എന്നിവർ നടത്തിയ ചർച്ചയിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം. പ്രശ്നങ്ങളെ ആഴത്തിലും പരപ്പിലും ഗൗരവത്തോടെയാണ് കമ്മീഷൻ പഠിക്കുന്നതെന്ന് അദ്ദേഹം പറഞ്ഞു. ലത്തീൻ കത്തോലിക്കരെ ക്രൈസ്തവർക്കിടയിലെ പിന്നാക്ക ന്യൂനപക്ഷമായി പ്രത്യേകം പരിഗണിക്കണമെന്ന് കെആർഎൽസിബിസി പ്രസിഡൻറ് ബിഷപ്പ് ഡോ. ജോസഫ് കരിയിൽ ആവശ്യപ്പെട്ടു. പിന്നാക്ക ക്രൈസ്തവർക്കുള്ള സ്കോളർഷിപ്പ് നീതിപൂർവകമായി നൽകണം. പുതുതതായി കൊണ്ടുവരുന്ന ക്രിസ്ത്യൻ വിവാഹനിയമത്തിൽ ആശങ്കയുണ്ട്. അതിൻറെ ഉദ്ദേശ്യം എന്തെന്നു മനസിലാകുന്നില്ല. പ്രഫഷണൽ സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ ലത്തീൻ കത്തോലിക്കാ പെൺകുട്ടികൾക്ക് സ്കോളർഷിപ്പ് ലഭ്യമാക്കണമെന്നും ബിഷപ് ഡോ. ജോസഫ് കരിയിൽ ആവശ്യപ്പെട്ടു. ആർച്ചുബിഷപ്പുമാരായ ഡോ. എ. സൂസപാക്യം, ജോ. ജോസഫ് കളത്തിപ്പറമ്പിൽ, ഡോ. ഫ്രാൻസിസ് കല്ലറയ്ക്കൽ, ബിഷപ്പുമാരായ ഡോ. സെൽവിസ്റ്റർ പൊന്നുമുത്തൻ, ഡോ. സെബസ്റ്റ്യൻ തെക്കത്തെച്ചേരിൽ, ഡോ. വിൻസൻറ്സാമുവൽ, ഡോ. വർഗീസ് ചക്കാലക്കൽ ഡോ. അലക്സ് വടക്കുതല, ഡോ. ആർ ക്രിസ്തുദാസ്, ഡോ. ജയിംസ് ആനാപറമ്പിൽ, ഫാ. തോമസ് തറയിൽ, ജോസഫ് ജൂഡ്, മോൺ. ജോയി പുത്തൻവീട്ടിൽ, പുഷ്പ ക്രിസ്റ്റി തുടങ്ങിയവർ പങ്കെടുത്തു. (ദീപിക, 08/02/2022)

### തൊഴിലാളികളെ സർക്കാർ പിന്തുണയ്ക്കണം: ബിഷപ്പ് ഡോ. അലക്സ് വടക്കുംതല

കൊച്ചി: കോവിഡ് പ്രത്യാഘാതങ്ങൾ കൂടുതലായി ഏറ്റെടുക്കേണ്ടി വരുന്നത് തൊഴിലാളികളാണെന്ന് കെസിബിസി ലേബർ കമ്മീഷൻ ചെയർമാൻ ബിഷപ്പ് ഡോ. അലക്സ് വടക്കുതല. കേന്ദ്ര സംസ്ഥാന സർക്കാരുകളും തൊഴിലാളി, സാമൂഹ്യസന്നദ്ധ സംഘടനകളും ക്രിയാത്മക പദ്ധതികളിലൂടെ ഇവരെ പിന്തുണക്കാൻ തയ്യാറാകണമെന്നും കേരള കത്തോലിക്ക സഭയുടെ തൊഴിലാളി പ്രസ്ഥാനമായ കേരള ലേബർ മൂവ്മെൻറിൻറെ വാർഷിക ജനറൽ കൗൺസിൽ എറണാകുളം പിഒസിയിൽ ഉദ്ഘാടനം ചെയ്തുകൊണ്ട് അദ്ദേഹം പറഞ്ഞു. കെഎൽഎം ഓറിയൻറൽ ഇൻഷുറൻസ് കമ്പനിയുമായി ചേർന്നു നടത്തുന്ന കനിവ് എന്ന പ്രത്യേക ഇൻഷറൻസ് പദ്ധതിയുടെ ഉദ്ഘാടനവും ബിഷപ്പ് നിർവ്വഹിച്ചു. (ദീപിക, 14/2/2022)

### രോഗികളെ ഒറ്റപ്പെടുത്തരുത്: ഫ്രാൻസിസ് മാർപാപ്പ

വത്തിക്കാൻസിറ്റി: രോഗികളുമായി ആത്മീയമായും ശാരീരികമായും അടുപ്പത്തിലിരിക്കണമെന്ന് ഫ്രാൻസിസ് മാർപാപ്പ. കത്തോലിക്കാ സഭ രോഗികൾക്കു വേണ്ടിയുള്ള ദിനം ആചരി

www.malankaralibrary.com



ക്കുന്ന പശ്ചാത്തലത്തിൽ സന്ദേശം നല്കുകയായിരുന്നു അദ്ദേഹം.

പ്രതിവാര പൊതുദർശന പരിപാടിക്കിടെ നല്കിയ സന്ദേശത്തിൽ, രോഗികൾ ഒറ്റപ്പെടൽ നേരിടരുതെന്ന് മാർപാപ്പ പറഞ്ഞു. രോഗിയെ കേൾക്കണം. ചികിത്സയിൽ, രോഗത്തേക്കാൾ രോഗിക്കാണു പ്രാധാന്യം നല്കേണ്ടത്. രോഗമുക്തി സാധ്യമല്ലാത്ത സാഹചര്യത്തിൽ പരിചരണത്തിൽ വീഴ്ചപാടില്ല. കോവിഡ് മഹാവ്യാധിയുടെ കാലത്ത് ഒറ്റപ്പെടൽ നേരിടേണ്ടിവന്ന രോഗികളെ മാർപാപ്പ പ്രത്യേകം അനുസ്മരിക്കുകയും, രോഗികളായ സഹോദരീസഹോദരങ്ങൾ, അവരുടെ കുടുംബാംഗങ്ങൾ, ആരോഗ്യപ്രവർത്തകർ, ജീവകാരുണ്യപ്രവർത്തകർ, രോഗികളെ പരിചരിക്കുന്ന മറ്റുള്ളവർ എന്നിവർക്കായി പ്രാർത്ഥിക്കുകയും ചെയ്തു.

1992-ൽ വിശുദ്ധ ജോൺപോൾ രണ്ടാമൻ മാർപാപ്പയാണ് രോഗികളെ അനുസ്മരിക്കാനായി ആഗോളദിനാചരണം തുടങ്ങിയത്. നിങ്ങളുടെ പിതാവ് കരുണയുള്ളവനായിരിന്നതുപോലെ നിങ്ങളും കരുണയുള്ളവരായിരിക്കുവിൻ എന്ന് ബൈബിൾ വാക്യമാണ് ഈ വർഷത്തെ തീം.

### വൈദികൻ ദൈവത്തോട് അടുക്കണം: ഫ്രാൻസി മാർപാപ്പ

വത്തിക്കാൻ സിറ്റി: വൈദികർ ദൈവത്തോടും മെത്രാൻമാരോടും സഹവൈദികരോടും ജനങ്ങളോടും ചേർന്ന് പ്രർത്തിക്കണമെന്ന് ഫ്രാൻസിസ് മാർപാപ്പ. വത്തിക്കാനിലെ പോൾ ആറാമൻ ഹാളിൽ ആരംഭിച്ച മൂന്നു ദിവസത്തെ അന്താരാഷ്ട്ര ദൈവശാസ്ത്ര പഠനശിബിരം ഉദ്ഘാടനം ചെയ്തു പ്രസംഗിക്കുകയായിരുന്നു മാർപാപ്പ.

"ടുവേർഡ് എ ഫണ്ടമെൻറൽ തിയോളജി ഓഫ് പ്രീസ്റ്റ്ഹുഡ്" എന്ന വിഷയത്തെ അടിസ്ഥാനമാക്കി നടക്കുന്ന സിമ്പോസിയത്തിൽ പൗരോഹിത്യ ബ്രഹ്മചര്യം തുടങ്ങിയ വിഷയങ്ങളിലാണ് ചർച്ചകൾ നടക്കുന്നത്. ഒരു മണിക്കൂറോളം നീണ്ടുനിന്ന മാർപാപ്പയുടെ ഉദ്ഘാടന പ്രസംഗത്തിൽ മാമ്മോദീസയെ സംബന്ധിച്ചും അജപാലന പൗരോഹിത്യ ബന്ധങ്ങളെ പറ്റിയും പാപ്പ സംസാരിച്ചു. സീറോ മലബാർ സഭയെയും ഇന്ത്യയിലെ ദൈവശാസ്ത്ര പഠനകേന്ദ്രങ്ങളിലെ അധ്യാപകരെയും പ്രതിനിധീകരിച്ച് കോട്ടയം വടവാതൂർ സെമിനാരിയിലെ റവ. സെബാസ്റ്റ്യൻ ചാലക്കലും സിബിസിഐ ദൈവശാസ്ത്ര കമ്മീഷൻ സെക്രട്ടറി റവ. ഡോ.തോമസ് വടക്കേലും പങ്കെടുത്തു. (ദീപിക, 18/2/2022)

### എസ്.ഐ.യു.സി ഒഴികെയുള്ള ക്രിസ്തുമത വിഭാഗത്തിൽപ്പെടുന്ന നാടാർ സമുദായത്തെ സംസ്ഥാന ഒ.ബി.സി പട്ടികയിൽ ഉൾപ്പെടുത്താൻ സർക്കാർ തീരുമാനം

തിരുവനന്തപുരം: എസ്.ഐ.യു.സി ഒഴികെയുള്ള ക്രിസ്ത്യൻ നാടാർ വിഭാഗത്തെ സംസ്ഥാന ഒ.ബി.സി പട്ടികയിൽ പെടുത്തി 2021 ഫെബ്രുവരി 6 ന് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. എന്നാൽ സംസ്ഥാനങ്ങൾക്ക് ഒ.ബി.സി പട്ടികയിൽ സമുദായങ്ങളെ ഉൾപ്പെടുത്തുന്നതിന് അധികാരമില്ലെന്നും അതു റദ്ദാക്കണമെന്നും ആവശ്യപ്പെട്ട് ഹൈക്കോടതിയിൽ ഹർജി ഫയൽ ചെയ്തതിനെത്തുടർന്ന് സർക്കാർ ഉത്തരവ് സ്റ്റേ ചെയ്ത് ഹൈക്കോടതി ഉത്തരവ് പുറപ്പെടുവിച്ചു. ഭരണഘടനയുടെ 127 ാമത് ഭേദഗതി ബില്ല് പാർലമെന്റ് പാസ്സാക്കിയതിനെ തുടർന്ന് സമൂഹത്തതിൽ പിന്നാക്കം നിൽക്കുന്ന സമുദായങ്ങളെ ഒ.ബി.സി ലിസ്റ്റിൽ ഉൾപ്പെടുത്താനുള്ള അധികാരം സംസ്ഥാനങ്ങൾക്ക് തിരികെ ലഭിച്ച സാഹചര്യത്തിലാണ് പുതിയ തീരുമാനം. (മാതൃഭൂമി, 23/2/2022)

### ലോക സമാധാനത്തിനായി പ്രാർത്ഥിക്കാൻ ആഹ്വാനം


കൊച്ചി: റോമിലെ റഷ്യൻ സ്ഥാനപതി കാര്യാലയത്തിലെത്തി യുക്രെയിനു മേൽ റഷ്യ നടത്തുന്ന അധിനിവേശത്തിൽ തനിക്കും ലോകജനതയ്ക്കുമുള്ള ആശങ്ക അറിയിച്ച മാർപാപ്പാ യുദ്ധം എത്രയുംവേഗം അവസാനിപ്പിക്കാനുള്ള ശ്രമമുണ്ടാകണമെന്നു അഭ്യർത്ഥിച്ചു. യുദ്ധത്തിന്റെ ഭീകരത അനുഭവിക്കുന്ന യുക്രെയിൻ ജനതയ്ക്കുവേണ്ടി പ്രാർത്ഥിക്കാൻ ഫ്രാൻസിസ് പാപ്പാ ആഹ്വാനം ചെയ്തു. മാർപാപ്പായുടെ ആഹ്വാനത്തോടു ചേർന്ന് കെസിബിസി പ്രസിഡന്റ് കർദിനാൾ മാർ ജോർജ് ആലഞ്ചേരി കേരളത്തിലെ ക്രൈസ്തവ സമൂഹത്തോടും സമാധാനത്തിനായി പ്രാർത്ഥിക്കാൻ ആഹ്വാനം ചെയ്തു. മാർച്ച് 2 ന് ആഗോള സഭ പ്രത്യേക പ്രാർത്ഥനാ ദിനമായി ആചരിക്കുകയും വിവിധ ദേവാലയങ്ങളിൽ ഈ നിയോഗത്തിനായി ആരാധനകളും ദിവ്യബലികളും അർപ്പിക്കപ്പെടുകയും ചെയ്തു.

www.malankaralibrary.com

# പ്രാർത്ഥനാശംസകൾ



**മാർ ജോസഫ് പാംപ്ലാനി**
**തലശേരി അതിരൂപതയുടെ പുതിയ ആർച്ച് ബിഷപ്പ്**



**റവ. ഡോ. തോമസ് ജെ നെറ്റോ**
**തിരുവനന്തപുരം അതിരൂപതയുടെ**
**നിയുക്ത ആർച്ച് ബിഷപ്പ്**



**മാർ പീറ്റർ കൊച്ചുപുരയ്ക്കൽ**
**പാലക്കാട് രൂപതയുടെ പുതിയ ബിഷപ്പ്**

www.malankaralibrary.com

“മാനസാന്തരത്തിലേക്ക്, അഥവാ മനോഭാവ വ്യത്യാസത്തിലേക്ക്, നോമ്പുകാലം നമ്മെ ക്ഷണിക്കുന്നു; അങ്ങനെ ജീവിതത്തിന്റെ സത്യവും സൗന്ദര്യവും എന്നത് സ്വന്തമാക്കുന്നതിലുപരി നല്കുന്നതിലാണെന്നും, കുന്നുകൂട്ടുന്നതിലുപരി വിതയ്ക്കുന്നതിലും നന്മ പങ്കുവയ്ക്കുന്നതിലും ആണെന്നു നാം കണ്ടെത്തുന്നു.”

*Pope Francis*



**KCBC SOCIAL HARMONY AND VIGILANCE COMMISSION**

**Chairman:** Rt. Rev. Dr. Joseph Kariyil
**Vice Chairmen:** Abp. Mar Andrews Thazhath, Bp. Mar Pauly Kannookkadan
**Secretary:** Rev. Dr. Michael Pulickal CMI

**Pastoral Orientation Centre (POC), Palarivattom**
**Vennala PO, Kochi - 28**
**Email: kcbcshvc@gmail.com, Website: www.kcbcjagratha.com**

Published by: Fr Michael Pulickal CMI, Secretary,
KCBC Commission for Social Harmony and Vigilance